www.malankaralibrary.com

ജി. ചേടിയത്ത്

# മാർ അപ്രേം
# ഉപവാസഗീതങ്ങൾ

കോട്ടയം
2009

www.malankaralibrary.com

ജി. ചേടിയത്ത്

മാർ അപ്രേം

# ഉപവാസഗീതങ്ങൾ

(On Fasting, Abraham Qidunaya, Julianos Saba, Epiphany)

OIRSI
No. 318

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2009

www.malankaralibrary.com

**G.CHEDIATH, MAR APREM,** **Upavasageethangal (Hymns on Fasting: Hymns on Fasting, Abraham Qidunaya, Julianos Saba, Epiphany)**

A Publication of the Oriental Institute of Religious studies, P. B. No.10. Vadavathoor, Kottayam, 686010. Kerala. India.

© G. Chediath, 2009

Printed at : Bethany Press, Kalathipady, Kottayam - 686010
Ph. 0481 - 2571355

Price : 75/-

ISBN : 978-81-88456-43-7

www.malankaralibrary.com

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| ആമുഖം | - | 5 |
| മാർ അപ്രേം | - | 6 |
| ഗ്രന്ഥസൂചിക | - | 7 |
| **ഉപവാസഗീതങ്ങൾ** | - | 9 |
| ഗീതം 1 | - | 9 |
| ഗീതം 2 | - | 12 |
| ഗീതം 3 | - | 13 |
| ഗീതം 4 | - | 15 |
| ഗീതം 5 | - | 18 |
| ഗീതം 6 | - | 20 |
| ഗീതം 7 | - | 22 |
| ഗീതം 8 | - | 25 |
| ഗീതം 9 | - | 26 |
| ഗീതം 10 | - | 29 |
| അനുബന്ധം 1 | - | 32 |
| അനുബന്ധം 2 | - | 33 |
| അനുബന്ധം 3 | - | 35 |
| അനുബന്ധം 4 | - | 37 |
| **അബ്രഹാം കീദൂനായാ** | - | 38 |
| ഗീതം 1 | - | 38 |
| ഗീതം 2 | - | 41 |
| ഗീതം 3 | - | 44 |
| ഗീതം 4 | - | 46 |
| ഗീതം 5 | - | 50 |
| ഗീതം 6 | - | 53 |
| ഗീതം 7 | - | 56 |
| ഗീതം 8 | - | 58 |
| ഗീതം 9 | - | 60 |
| ഗീതം 10 | - | 62 |
| ഗീതം 11 | - | 65 |
| ഗീതം 12 | - | 67 |
| ഗീതം 13 | - | 69 |

www.malankaralibrary.com




| | | |
|---|---|---|
| ഗീതം 14 | - | 71 |
| ഗീതം 15 | - | 73 |
| **ജൂലിയാനോസ് സാബാ** | - | **76** |
| ഗീതം 1 | - | 76 |
| ഗീതം 2 | - | 78 |
| ഗീതം 3 | - | 81 |
| ഗീതം 4 | - | 83 |
| ഗീതം 5 | - | 85 |
| ഗീതം 6 | - | 86 |
| ഗീതം 7 | - | 88 |
| ഗീതം 8 | - | 90 |
| ഗീതം 9 | - | 91 |
| ഗീതം 10 | - | 93 |
| ഗീതം 11 | - | 94 |
| ഗീതം 12 | - | 96 |
| ഗീതം 13 | - | 97 |
| ഗീതം 14 | - | 98 |
| ഗീതം 15 | - | 99 |
| ഗീതം 16 | - | 101 |
| ഗീതം 17 | - | 102 |
| ഗീതം 18 | - | 103 |
| ഗീതം 19 | - | 107 |
| ഗീതം 20 | - | 109 |
| ഗീതം 21 | - | 111 |
| ഗീതം 22 | - | 114 |
| ഗീതം 23 | - | 116 |
| ഗീതം 24 | - | 118 |
| **സ്നാനഗീതങ്ങൾ** (എപ്പിഫനി ഗീതങ്ങൾ) | - | 120 |
| ഗീതം 1 | - | 120 |
| ഗീതം 2 | - | 122 |
| ഗീതം 3 | - | 127 |
| ഗീതം 4 | - | 134 |
| ഗീതം 5 | - | 137 |
| ഗീതം 6 | - | 139 |
| ഗീതം 7 | - | 141 |
| ഗീതം 8 | - | 145 |
| ഗീതം 9 | - | 151 |
| ഗീതം 10 | - | 153 |
| ഗീതം 11 | - | 156 |
| ഗീതം 12 | - | 158 |
| ഗീതം 13 | - | 159 |

www.malankaralibrary.com

# ആമുഖം

ഭാഗ്യവാനായ മാർ അപ്രേമിന്റെ നാല് ഗീതങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം: 1. ഉപവാസത്തേപ്പറ്റി. 2. അബ്രഹാം കീദൂനായായെപ്പറ്റി, 3. ജൂലിയാനോസ് സാബായെപ്പറ്റി. 4. സ്നാനഗീതങ്ങൾ (ദനഹാഗീതങ്ങൾ).

ഇതിനോടകം മാർ അപ്രേമിന്റെ പന്ത്രണ്ട് കൃതികൾ എട്ട് വാല്യങ്ങളിലായി ദൈവകൃപയാൽ ഞാൻ പ്രസിദ്ധീകരിച്ചു. ഇത് ഒൻപതാം വാല്യമായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. "ഉറവിടങ്ങളിലെക്കു മടങ്ങുക" എന്ന ആഹ്വാനമാണല്ലോ രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകിയിരിക്കുന്നത്. സുറിയാനിസഭകളെ സംബന്ധിച്ച് മാർ അപ്രേമിന്റെ കൃതികൾ ദൈവശാസ്ത്രത്തിന്റെ നല്ലൊരുറവിടമാണ്. ഈ നാല് കൃതികളുടെ കർതൃത്വത്തെപ്പറ്റി ചിലർ സംശയിക്കുന്നുണ്ട്. ഈ കൃതികളിൽ ജനം (ആമോ) എന്നു കാണുന്നതെല്ലാം ഇസ്രായേൽക്കാരെയും ജനതകൾ (ആമേ) എന്നത് ഇസ്രായേൽക്കാർ അല്ലാത്തവരെയും കുറിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ച എല്ലാവരെയും നന്ദിപൂർവം ഓർക്കുന്നു. ഇത് പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയ പ്രസിദ്ധീകരണം ഡയറക്ടർ ബ. മേക്കാട്ടുകുന്നേൽ അച്ചനും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേഔട്ട് ഭംഗിയായി നിർവഹിച്ച ഷാനിക്കും ബഥനി പ്രസിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. സന്തോഷപൂർവം ഇത് സഹൃദയസമക്ഷം സമർപ്പിക്കുന്നു.

ജി.ചേടിയത്ത്

സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച്,
കാട്ടാക്കട, ചൂണ്ടുപലക തിരുവനന്തപുരം. 695572.
സെപ്റ്റംബർ 4, 2009.

www.malankaralibrary.com

# മാർ അപ്രേം (306-373)

മാർ അപ്രേം മെസൊപ്പൊട്ടേമിയായിലെ നിസിബിസ് പട്ടണത്തിലോ, അതിനടുത്തോ ആണ് ജനിച്ചത്. ബാല്യം മുതൽ അദ്ദേഹത്തിന്റെ വിശ്വാസ പരിശീലനം നിസിബിസിലെ മാർ യാക്കോബിന്റെ (303-338) കീഴിലായിരുന്നു. അദ്ദേഹം അപ്രേമിനെ ഡീക്കനാക്കി, നിസിബിസിലെ മതപഠനശാലയിൽ 326-നോടടുത്ത് പ്രധാനാധ്യാപകനായി നിയമിച്ചു. ബൈബിൾ വ്യാഖ്യാനമായിരുന്നു മുഖ്യജോലി. മാർ യാക്കോബിന്റെ പിൻഗാമികളായ മാർ ബാബോവായ് (338-350), മാർ വൊളൊഗേസ് (350-361), മാർ അബ്രഹാം (361-?) എന്നീ മെത്രാന്മാരുടെ കീഴിലാണ് മാർ അപ്രേം പ്രവർത്തിച്ചത്. പേർഷ്യൻ രാജാവായ ഷപ്പൂർ രണ്ടാമൻ (309-379) 338,346,350 എന്നീ വർഷങ്ങളിൽ നിസിബിസ് ആക്രമിച്ചു. പേർഷ്യൻ സൈന്യം മൂന്നു തവണയും പരാജയപ്പെട്ട് പിന്മാറി. എന്നാൽ 363-ലെ റോമൻ പരാജയത്തിനുശേഷം റോമാക്കാർ പേർഷ്യാക്കാർക്ക് നിസിബിസ് വിട്ടുകൊടുത്തു. മാർ അപ്രേം ഉൾപ്പെടെയുള്ള ക്രിസ്ത്യാനികളെല്ലാം തദവസരം എഡേസ്സായിലേക്ക് കുടിയേറി. ക്രി.വ. 371/2-ൽ പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ട് എഡേസ്സയിൽ അനേകർ മരിച്ചു. അപ്പോൾ സേവനസന്നദ്ധനായി മാർ അപ്രേം മുന്നോട്ടിറങ്ങി. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ സാമൂഹ്യസേവനം അദ്ദേഹത്തിന്റെ ആരോഗ്യം തകർത്തു. 373 ജൂൺ 9-ന് അദ്ദേഹം മരിച്ചു.

സുറിയാനി സഭയിലെ ഏറ്റവും വലിയ സഭാപിതാവ്, സുപ്രസിദ്ധ പട്രിസ്റ്റിക് കവി, ആരാധനക്രമത്തോട് വിശ്വസ്തത കാട്ടിയ വ്യക്തി, എല്ലാവർക്കും കാരുണ്യം വർഷിച്ച ഡീക്കൻ എന്നീ നിലകളിൽ മാർ അപ്രേം പ്രശസ്തനാണ്. കത്തോലിക്കാസഭ 1920-ൽ അദ്ദേഹത്തെ സാർവത്രിക സഭാമൽപ്പാൻ എന്നു വിളിച്ചു. 'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന മാർ അപ്രേം നിരവധി വിഷയങ്ങളെപ്പറ്റി വളരെയധികം എഴുതി. തനിഗദ്യം (തുർഗാമാ), ഗദ്യപദ്യമിശ്രിതം (മെമ്രാ), പദ്യം (മദ്റാശാ) എന്നീ ഭാഷാരൂപങ്ങൾ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ മിക്ക കൃതികളും പദ്യരൂപത്തിലാണ്. മാർ അപ്രേമിനെപ്പറ്റി കൂടുതലറിയാൻ: ജി. ചേടിയത്ത്, *സുറിയാനിസഭാസാഹിത്യം,* തിരുവനന്തപുരം, 2008, പേജ്, 8-32 കാണുക.

www.malankaralibrary.com



## രീതികൾ

അക്കാലത്തെ മനുഷ്യർക്ക് മനസ്സിലാകുന്ന സാധാരണരീതികളാണ് മാർ അപ്രേം തന്റെ കൃതികളിൽ സ്വീകരിച്ചിട്ടുള്ളത്. ആളുകൾ ആ ഗീതങ്ങൾ പാടി അവയിലെ ആശയങ്ങൾ സ്വായത്തമാക്കിയിരുന്നു. ഇവിടെ ഗദ്യ രൂപത്തിലാണ് വിവർത്തനം നടത്തിയിരിക്കുന്നത്.

1. "ഇതാണ് അനുഗൃഹീത നീസാൻ": ഉപവാസഗീതം, 1-5.
2. "എന്റെ കർത്താവേ, നീ രേഖപ്പെടുത്തിയിരിക്കുന്നു": ഉപവാസഗീതം, 6.
3. "ദൈവം തന്റെ കാരുണ്യത്താൽ": ഉപവാസഗീതം, 7-10. ദനഹാഗീതം, 5.8
4. "ഇതാണ് മാസം": ഉപവാസഗീതം അനുബന്ധം 1; ദനഹാഗീതം 1.
5. "എല്ലാ കന്യകകളേക്കാളും വെടിപ്പുള്ളവൾ": ഉപവാസം. അനുബന്ധം, 2.
6. "മെസോപ്പൊട്ടേമിയായിലെ എഡേസ്സ": ഉപവാസഗീതം. അനുബന്ധം, 3.
7. "പറുദീസാരാഗം": ഉപവാസഗീതം: അനുബന്ധം, 4.
8. "വിശ്വാസസാക്ഷികൾ": അബ്രഹാം കീദൂനായാ, ഗീതം 1-5.
9. "ദാവീദിലൂടെ ആത്മാവ് സംസാരിച്ചു": അബ്രഹാം കീദൂ. ഗീതം, 6.
10. "ഓ, എന്റെ കർത്താവേ, നിന്നിൽ ഞാൻ അഭയം തേടുന്നു":അബ്രഹാം, 7-15; ജൂലിയാനോസ്,1-4. 24.
11. "നീ പ്രത്യാശ വയ്ക്കുന്ന ദൈവം": ജൂലിയാനോസ് ഗീതം, 5-17.
12. "നല്ല പിതാവും സൃഷ്ടികർത്താവും": ജൂലിയാനോസ് ഗീതം, 18-23.
13. "ആർക്കു പറയാൻ കഴിയും:" ദനഹാഗീതം 2.
14. "അവൻ തന്റെ സ്നേഹത്താൽ നമ്മുടെ പക്കലേക്കു വന്നു:" ദനഹാഗീതം 4.
15. "എന്റെ കർത്താവേ നീ സഹിച്ചവയെല്ലാം അത്ഭുതമുളവാക്കുന്നു:" ദനഹാഗീതം 6.
16. "വെളിച്ചം മുന്നോടിയെപ്പോലെയായി:" ദനഹാഗീതം 12.

## ഗ്രന്ഥസൂചിക

Beck, E., *Des heiligen Ephraem des Syrers Hymnen auf Abraham Kidunaya und Julianos Saba (CSCO 322/323, Syr.140/141) Louvain, 1972. On Abraham Qidunaya, p.1-35; On Julianos Saba, p.36-87.**

Beck, E., *Des heiligen Ephraem des Syrers Hymnen de Jejunio* (CSCO 246/247, Syr. 106/107), Louvain, 1964.*

Beck, E., *Des heiligen Ephraem des Syrers Hymnen de Nativitate (Epiphania)* (CSCO 186/187.Syr.82/83), Louvain 1958,p.144-191.*

www.malankaralibrary.com



Botha, P. J., 'Theological progress and artistic regress in the Hymns on Abraham Kidunaya attributed to St. Ephrem,' in *Acta Patristica et Byzantina*, I (1990),77-98.

Brock, S. P., *The Harp of the Spirit,* London, 1983: English tr. of the Hymn nr.6 on Fasting; Hymn nr.3 on Fasting, in: *A Garland of Hymns from the Early Church,* McLean (Virg.) 1989; nr.3 also in: *A Brief Outline of Syriac Literature*, Kottayam, 1997.

Cassingena, F., *Ephrem le Syrien. Hymnes sur l'Epiphanie*: Hymnes baptismales de l'Orient Syrien (Spiritualite Orientale-70) Begrolles en Mauge,1997(French translation).

Cerbelaud, D., *S. Ephrem, Hymnes sur le Jeune,* Begrolles en Mauge, 1997.

J.Gwynn, J., *Selections translated into English from the Hymns and Homilies of Ephraim the Syrian*... (A Select Library of Nicene and post-Nicene Fathers of the Church, Second Series,vol.13/2) Oxford, 1898, p.265-289.

Obeid, J., *L'onction baptismale d'apres HdE III de saint Ephrem*: in Parole de l'Orient 17(1992)7-36.

Rouwhorst, G.A.M., *Ephrem de Syrier. Hymnen voor de viering van het kerkelijk jaar.* Kampen, 1991(contains the Dutch tr. of the Hymns 1.5 on Fasting).

Schedl,C., *Der Herr der Mysterien. Untersuchung zum Christusbild Ephraems auf Grund der Epiphanie Hymnen,*Tuebingen, 1947.

Schiwierz, S., *Das morgenlaendische Moenchtum, III,* Moedling bei Wien, 1938 (on Abrham Qidunaya: 'Der Einsiedler Abraham Kidunaya, Zeitgenosse des hl. Ephraem', p.166-179).

* വിവർത്തനത്തിന് ഈ ടെക്സ്റ്റുകളാണ് ഉപയോഗിച്ചിരിക്കുന്നത്.

www.malankaralibrary.com

## മാർ അപ്രേം

# ഉപവാസഗീതങ്ങൾ

## 1

1. ആദ്യജാതന്റെ ശ്രേഷ്ഠകർമങ്ങളുടെ ആരംഭമായ ഉപവാസം ഇതാകുന്നു. അതിന്റെ ആഗമനത്തിൽ ഞങ്ങൾ സന്തോഷിക്കുന്നു. എല്ലാറ്റിനെക്കൊണ്ടും വിജയിക്കാൻ കഴിവുള്ള അവൻ ഉപവാസത്തിലൂടെ വിജയിച്ചു. എല്ലാറ്റിനെയും കീഴടക്കുന്ന ഉപവാസത്തിൽ നിഗൂഢമായിരിക്കുന്ന ശക്തി അവൻ നമ്മെ കാണിച്ചു. കാരണം, പഴത്തിലൂടെ ആദത്തെ കീഴടക്കുകയും അത്യാർത്തിയോടെ വിഴുങ്ങുകയും ചെയ്തവനെ മനുഷ്യൻ അതിനാൽ കീഴടക്കുന്നു. ബലഹീനരായ നമുക്ക് ഉപവാസത്തിന്റെ മഹാകോട്ട സ്ഥാപിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

*പ്രതിസ്തോത്രം: ഉപവാസത്താലും പ്രാർഥനയാലും ജാഗരണത്താലും വിശുദ്ധ സഭയെ അലങ്കരിച്ച രാജാവ് വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ചെറിയവരെ ഉയർത്താനായി ആദ്യജാതനിൽ നിന്നുദിച്ച ശ്രേഷ്ഠമായ ഉപവാസം ഇതാകുന്നു. താൻ എത്രമാത്രം ഉയർത്തപ്പെടുമെന്ന് കാണുന്നതിനാൽ, വിവേകിക്ക് സന്തോഷിക്കാനുള്ള അടിസ്ഥാനം ഉപവാസത്തിലുണ്ട്. ആത്മാവ് ദൈവത്തെ വീക്ഷിക്കുകയും അവന്റെ ദർശനത്താൽ ഉയർത്തപ്പെടുകയും ചെയ്യുന്നതുവഴി ഉപവാസം നിഗൂഢമായി അതിനെ ശുദ്ധീകരിക്കുന്നു. എന്തുകൊണ്ടെന്നാൽ ധരയിൽനിന്നുള്ള ഭാരം അതിനെ ധരയിലേക്ക് കീഴമർത്തുന്നു. തന്റെ പക്കലേക്ക് പറന്നുയരാൻ വെടിപ്പുള്ള ചിറകുകളാകുന്ന ഉപവാസം നമുക്കു നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

www.malankaralibrary.com



3. ഉപവാസം പ്രകാശമാനമാണ്; ദൈവത്തെ ദർശിക്കാൻ പ്രകാശിതരാകുന്നവർക്ക് അത് ചേർന്നതുമാണ്. ഏതെങ്കിലും കൊണ്ട് മങ്ങലുണ്ടായവന് പ്രശോഭിതനെ കാണാനാകില്ല. അവനെ കാണാൻ നമുക്ക് അനുവദിക്കപ്പെട്ടിടത്തോളം, അവനെ കാണാൻ തെളിഞ്ഞ നയനമുള്ളവന് കഴിയും. എല്ലാം കലക്കുന്ന ദുഷ്ടനെ ഉപവാസത്താൽ കീഴടക്കിയ പ്രശോഭിതനെ കാണാൻ, വീഞ്ഞിന്റെ സംസ്ക്കരണത്തിനു പകരം ആത്മാവിനെ സംസ്ക്കരിക്കാം.

4. അത്യാർത്തിയുള്ളവൻ മലമുകളിൽ ജനതകളെ ഛർദിച്ചത് ഈ ഉപവാസത്താലാണ്! ആദിമാതാപിതാക്കളെ ഭക്ഷണത്തിൽ പൊതിഞ്ഞ അത്യാർത്തിയുള്ളവനെ ഉപവാസത്തിൽ പൊതിഞ്ഞവൻ കീഴടക്കി. ജേതാക്കളുടെ കർത്താവ് നമുക്ക് തന്റെ ആയുധം നൽകുകയും നമ്മുടെ പോരാട്ടം കാണാനായി സ്വർഗത്തിലേക്ക് കരേറുകയും ചെയ്തു. ഏതുകൊണ്ട് ജയിച്ചോ, ആ ആയുധത്തിലേക്ക് ആരാണ് ഓടാത്തത്? എന്റെ സഹോദരരേ, കീഴടക്കുകയും സൃഷ്ടിയെ മുഴുവൻ കീഴടക്കാൻ കഴിയുകയും ചെയ്യുന്ന ആയുധം കൊണ്ട് പരാജിതരാകുന്നത് കളങ്കമാണ്.

5. നമ്മുടെ ശത്രു അദൃശ്യനാകയാൽ, നമ്മൾ അവനെ കാണുന്നെന്ന് അവന് തോന്നാൻ നമുക്ക് നമ്മുടെ ആത്മാക്കളെ പവിത്രീകരിക്കാം. കാരണം, തന്നെ കാണുന്നില്ലെന്ന് അവന് തോന്നുന്നവനിൽ നിന്ന് അവന്റെ ആത്മാവിനെ മോഷ്ടിക്കാൻ അവനു കഴിയും. ആത്മാവ് ഉപവാസത്തിന് തന്നെത്തന്നെ സമർപ്പിക്കുമ്പോൾ, ഉപവാസം ശത്രുവിൽ നിന്ന് ആത്മാവിനെ ബലമായി പിടിച്ചെടുത്ത് ഉപവാസകന് നല്കുന്നു. കാഴ്ചക്കാർക്ക് മറവായിരുന്ന മൂർച്ചയുള്ള അമ്പുകൾ എവിടെ നിന്നാണ് വരുന്നതെന്ന് അദൃശ്യനയനം കാണുന്നതിന് ഉപവാസത്തിന്റെ ഓളങ്ങളിൽ അത് തന്നെത്തന്നെ വെണ്മയുള്ളതാക്കുന്നു.

6. എങ്ങനെ പോരാട്ടം നടത്തണമെന്ന് യോദ്ധാക്കളെ പഠിപ്പിക്കുന്ന ഗുരുവായ ഉപവാസം ഇതാകുന്നു. അതിന്റെ പക്കലേക്ക് വന്ന് വിവേകപൂർവകമായ പോരാട്ടം അഭ്യസിക്കുവിൻ! നമ്മുടെ വായും നമ്മുടെ ഹൃദയവും ഉപവസിക്കണമെന്ന് അത് നിർദേശിക്കുന്നു. അപ്പത്തിൽ നിന്ന് ഒഴിഞ്ഞിരുന്നിട്ട്, മാരകവിഷം ഒളിഞ്ഞിരിക്കുന്നവയെപ്പറ്റി നമ്മുടെ മനസ്സ് ചിന്തിക്കാതിരിക്കട്ടെ. നാം പരിഗണിക്കാനായി ജീവവചനം നമുക്ക് നൽകിയ ആദ്യജാതന് ഉപവാസം കൊണ്ട് നമുക്ക് നന്ദിപറയാം.

7. നമ്മുടെ ഉപവാസം തിരുലിഖിതങ്ങളിൽ കാണുന്നതിന് അവ നമുക്ക് ഒരു കണ്ണാടിപോലെ ആയിരിക്കട്ടെ. കാരണം, തിരുലിഖിതങ്ങൾ ഉപവാസവും ഉപവാസവും തമ്മിലും, പ്രാർഥനയും പ്രാർഥനയും തമ്മിലും വേർതിരിവുണ്ടാക്കിയിരിക്കുന്നു. അത് ഒരുപവാസം തെരഞ്ഞെടുക്കുകയും മറ്റത് തിര

www.malankaralibrary.com



സ്ക്കരിക്കുകയും ചെയ്തു; അത് ഒരുപവാസകന് ദൈവവുമായുള്ള അനുരഞ്ജനം വാഗ്ദാനം ചെയ്യുന്നു; മറ്റൊരുവന് ദൈവക്രോധവും. ഒരു പ്രാർഥന പാപകരവും മറ്റത് ജീവൗഷധവുമാണ്. എന്റെ സഹോദരരേ, തന്റെ സ്വന്തം ഉപവാസത്തിൽ നമ്മുടെ കർത്താവ് സംപ്രീതനായിരുന്നതുപോലെ, നമ്മുടേതിലും സംപ്രീതനാകാൻ ഇടയാകട്ടെ.

8. ഏതിനാൽ പരിശുദ്ധൻ താണിറങ്ങി പ്രകാശിച്ചുവോ, ആ ഉപവാസം അവന് അശുദ്ധമായിരുന്നില്ല. ഉപവാസം ശുദ്ധമാണെങ്കിലും, അന്യമായ കൂട്ടിക്കലർത്തൽ അതിനെ അശുദ്ധമാക്കുന്നു. പ്രകൃതിയെ നിരീക്ഷിക്കുക. കേടായ ഫലങ്ങളുടെ ഇടയിൽ നല്ലവ ചീത്തയാകില്ലേ? അത് എത്ര കഴുകിയാലും നമ്മുടെ മനസ്സ് അത് വേണ്ടെന്നുവയ്ക്കും. എല്ലാ അനുതാപികളും നൽകുന്ന സദ്ഫലങ്ങൾ സ്വീകരിക്കുന്ന വെണ്മയുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

9. കലക്കുന്നവൻ, നമ്മുടെ ആദ്യഫലവും പ്രാർഥനയും ഉപവാസവും ദൈവസമക്ഷം നിന്ദ്യമാക്കാൻ, എളിയവരായ നമ്മിൽ മാലിന്യം കൂട്ടിക്കലർത്തുന്നു. അവന്റെ അസൂയമൂലം നമ്മുടെ അർപ്പണം കുറ്റകരമാകാം. നിങ്ങളുടെ ഉപവാസത്തിൽ നിന്ന് വഞ്ചന എടുത്തുമാറ്റുവിൻ, നിങ്ങളുടെ സങ്കീർത്തനങ്ങളിൽ നിന്ന് പരിഹാസം അകറ്റുവിൻ, വ്യാജത്തിൽ നിന്ന് നിങ്ങളുടെ ഗീതങ്ങളും വായ്കളും കഴുകി വെടിപ്പാക്കുവിൻ. നാം നമ്മുടെ മനസ്സിൽ നിന്ന് അദൃശ്യ കുറ്റിച്ചെടികൾ പിഴുതുകളയുന്നതിന് തന്റെ കാരുണ്യത്താൽ ആദ്യജാതൻ നമുക്ക് കൃപ നൽകിയിരിക്കുന്നു.

10. ഉപവാസകരെ കലക്കുന്ന അസൂയാലുവിനെതിരെ, വിവേകികളായ നിങ്ങൾ കരുതലോടെ ഇരിക്കണം. കാരണം, ഒരാൾ ഭക്ഷണം ഉപേക്ഷിക്കുന്നതായി കാണുമ്പോൾ, അവൻ ക്രോധം കൊണ്ട് അവനെ നിറയ്ക്കുന്നു. ഒരാൾ പ്രാർഥിക്കുന്നതായി കാണുമ്പോൾ, മറ്റുചിന്തകളാൽ അവനെ വ്യതിചലിപ്പിക്കുന്നു. അവന്റെ അധരഫലത്തിൽ നിന്ന്, അവന്റെ ഹൃദയം നിഗൂഢമായി പിടിച്ചകറ്റുന്നു. ഓ, ഞങ്ങളുടെ കർത്താവേ, അവൻ എങ്ങനെ വഞ്ചനാപൂർവം സത്യം കവർന്നെടുക്കുന്നെന്ന് കാണാൻ ഞങ്ങൾക്ക് കണ്ണു തരണമെ.

11. എന്റെ സഹോദരരേ, വന്ന് ഒന്നിച്ചുകൂടുവിൻ, ദുഷ്ടൻ എത്ര നിന്ദ്യനാണെന്ന് ഉപവാസത്തിൽ ചർച്ചചെയ്ത് ആശ്ചര്യഭരിതരാകാം! അവൻ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നു. തന്റെ ദാനംകൊണ്ട് അവൻ നമ്മെ ദരിദ്രരാക്കുന്നു. നമ്മുടേതുകൊണ്ട് അവൻ സമ്പന്നനാകുന്നുമില്ല. അവൻ കട്ടെടുത്ത സത്യം അവനുപകരിക്കുന്നില്ല. നമുക്ക് അവൻ തന്ന വഞ്ചന ഫലിക്കുന്നുമില്ല. നമുക്കും അവനും പ്രയോജനമില്ലാത്ത, അവന്റെ സഖിയായ വേശ്യയ്ക്ക് തുല്യനാണവൻ. എന്റെ കർത്താവേ, ഞങ്ങൾക്കും

www.malankaralibrary.com



അവനും ഇടയിൽ ന്യായം വിധിക്കണമെ. കാരണം, രണ്ടു വേശ്യകൾക്കിടയിൽ സോളമൻ നിന്നാൽ ന്യായം വിധിച്ചു.

12. നമുക്ക് സത്യത്തിന്റെ കാൽപ്പാടുകൾ ഉപവാസത്തിൽ തേടുകയും അതിലൂടെ അഭയസ്ഥാനപാതയിലേക്ക് പോകുകയും ചെയ്യാം. കാരണം, അന്ധരായ ജനം ഉപവാസദിവസം അഹന്തയുടെയും തെറ്റിന്റെയും പാതയിലൂടെ ഓടി: വായിൽ ഉപവാസം, ഹൃദയത്തിൽ വിഗ്രഹം; അധരങ്ങളിൽ പ്രാർഥന, ഉള്ളിൽ മന്ത്രവാദം; ഉള്ളിൽ ഭക്ഷണരാഹിത്യം, എന്നാൽ നിറയെ നുണ. അവർ അനുദിനം കൈകൾ കഴുകുന്നു, എന്നാൽ അദൃശ്യരക്തം അവർക്കെതിരെ അവയിൽ നിലവിളിക്കുന്നു.

13. സഹിക്കുകയും നിരന്തരം അധ്വാനിക്കുകയും വിജയിക്കുകയും വിജയകിരീടത്താൽ തന്റെ ശിരസ്സ് ബഹുമാനിതമാകുകയും കടപ്പത്രദാതാവിനെപ്പോലെ സന്തോഷത്തോടെ തന്റെ പണം കടംകൊടുക്കാൻ കഴിയുകയും ചെയ്ത ഭാഗ്യവാൻ! ഉപവസിക്കാൻ മടിയുള്ളവനും ജാഗരണത്തിന് അലസനും കീഴടങ്ങാൻ ഒന്നാമനുമായ ഞാൻ അവനു തുല്യനല്ല. എന്റെ എതിരാളി വളരെ സൂത്രശാലിയാണ്. എന്നെ വീഴ്ത്തിയശേഷം, എന്നെ വീണ്ടും ഉരുട്ടിയിടാൻ വേണ്ടി, എഴുന്നേൽക്കാൻ അവൻ അനുവദിക്കുന്നു. ഓ, കരുണക്കടലേ, എന്റെ കടപ്പത്രം നിന്റെ കരുണനിറഞ്ഞ കരത്താൽ കീറിക്കളയാൻ എനിക്ക് കൈനീട്ടിത്തന്നാലും.

# 2

1. ഉപവാസകരെ കുറ്റപ്പെടുത്താനായി അവൻ ആ വാഗ്വൈഭവമുള്ള ഏശായായെ അറിയിപ്പുകാരനാക്കി. "ഉച്ചത്തിൽ വിളിച്ചുപറയുക".[1] കാരണം, ഈ ജനത്തിന്റെ കാത് അടഞ്ഞിരിക്കുന്നു. നാണയക്കിലുക്കത്തിനു മാത്രം അത് തുറന്നിരിക്കുന്നു. അനാഥരെ വിഴുങ്ങുന്ന നീ ഉപവസിക്കേണ്ട; ഒപ്പം വിധവകളുടെ വസ്ത്രം കവർന്നെടുക്കുന്ന നീ അനുതാപവസ്ത്രം ധരിക്കേണ്ട;[2] സ്വതന്ത്രരെ നുകത്തിൻ കീഴിലെത്തിക്കുന്ന നീ നിന്റെ കഴുത്തു കുനിക്കേണ്ട. ഞെരുക്കുകയും കീഴമർത്തുകയും ചെയ്യുന്ന ഉപവാസം, അതിന്റെ ഒരിക്കലും തൃപ്തിവരാത്ത അത്യാർത്തിയിൽ മറഞ്ഞിരിക്കുന്ന വിഗ്രഹങ്ങൾ വെളിപ്പെടുത്തുന്നു.

*പ്രതിസ്തോത്രം: അത്യാർത്തിയുടെ ഉറവ വറ്റിക്കുന്ന ഉപവാസം ഞങ്ങൾക്കു തന്ന ആദ്യജാതൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

1. ഏശാ.58,1. 2. ഏശാ.58,5ff.

www.malankaralibrary.com



2. ദൈവസുതന്മാർക്കായി[3] കായേനും തന്റെ പെൺമക്കളെ പുഷ്പങ്ങളെപ്പോലെ അലങ്കരിച്ചു.[4] എഴുതപ്പെട്ടിരിക്കുന്നതുപോലെ, കായേന്റെ രണ്ട് പുത്രന്മാർ ഗാനങ്ങളും വാദ്യോപകരണങ്ങളും കണ്ടുപിടിച്ചു. തൂബാൽ കായേൻ മനോഹരമായ സിംബൾ നിർമിച്ചു; യൂബാൽ മനോഹരമായ കിന്നരം ഉണ്ടാക്കി.[5] ഇടത്തുവശം അവ പാടി; അതുപയോഗിച്ച് അവർ വലത്തുവശത്തുള്ളവരെ പിടികൂടി. ശേതിന്റെ പുത്രന്മാർ വഴിതെറ്റിവീണു; മനുഷ്യപുത്രിമാർ നിമിത്തം അവരുടെ പ്രശസ്തനാമം അവർക്ക് നഷ്ടപ്പെട്ടു.[6]

3. പാപത്തിന്റെ വലിപ്പവും പ്രകൃതവും അൽപ്പമാത്രമായെങ്കിലും ആര് ചിത്രീകരിക്കും? ജനത്തിന്റെ അസംഖ്യവും മാധുര്യരഹിതവും മാരകവുമായ നാവുകൊണ്ട് അത് അവരെ കീറിമുറിച്ചു. താഴ്വരകളിലെ മൃഗങ്ങളെ അത് അവഗണിച്ചു. ദാനിയേൽ കണ്ട് ആ മൃഗങ്ങളെ കൊണ്ട് അത് വിജാതിയർക്ക് മഹാനാശമുണ്ടാക്കി. ആകാശത്തിന്റെ നാലു കോണുകളിലേക്കും അത് ചുറ്റിത്തിരിയുന്നു; അതിന്റെ ഉപദ്രവത്തിൽ നിന്ന് സ്വർഗീയൗന്നത്യം മാത്രമേ സംരക്ഷിക്കപ്പെടുന്നുള്ളു.

4. ഏകൻ മാത്രമേ പോരാട്ടത്തിൽ മേൽക്കോയ്മ നേടി പ്രശസ്ത വിജയം വരിച്ചുള്ളു. അവൻ വെടിപ്പുള്ളവനായി നിലനിന്നതും തന്റെ മാലിന്യം അവനെ സ്പർശിക്കാതിരുന്നതും കണ്ടപ്പോൾ, പാപം ലജ്ജിക്കുകയും വേദനിക്കുകയും ചെയ്തു. അത് അതിന്റെ പല്ലും നഖവും കൊണ്ട് മുറിവേൽപ്പിച്ചു. എല്ലാ ശരീരങ്ങളിലും അതിന്റെ വായിൽ നിന്നുള്ള ശ്വാസം പതിച്ചു. ലാഘവത്വമുള്ളവൻ തന്റെ വാസം ഭാരമുള്ളവന്റെ ഇടത്താക്കി, പാപത്തിനു മുകളിൽ അതിനെ ഉയർത്തി. ആദത്തെ ധരിക്കുകയും കുരിശുമരത്താൽ അവനെ പറുദീസായിലേക്ക് വഹിച്ച് കടത്തുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

# 3

1. ആദത്തെയും ഹവ്വായെയും ആര് കണ്ടിട്ടുണ്ട്? ഹൃദയത്തിൽ വഞ്ചനയും അധരങ്ങളിൽ സമാധാനാശംസയുമുള്ള കൗശലക്കാരനായ സർപ്പം! അത് എപ്രകാരം ഉത്കണ്ഠാപൂർവം പ്രവർത്തിക്കുകയും അനുനയിക്കുകയും ചെയ്തു! ആദം പരിചയസമ്പത്തില്ലാത്തവനും ഹവ്വാ ഋജുമാനസ്സയും ആയിരുന്നു. മരം പുഷ്പിച്ചിരുന്നു, ഫലം പ്രശോഭിതമായിരുന്നു. പാപം ഗൗരവ

3. ഏലോഹിമിന്റെ മക്കൾ

4. ഉൽപ്പ. 6,2.

5. ഉൽപ്പ.4,21–22.

6. ഉൽപ്പ. 6,2.

www.malankaralibrary.com



മേറിയതും നീതി ഉഗ്രവും പാവനവും ആയിരുന്നു. തന്റെ നീതിപൂർവകമായ വിധിയിൽ കാരുണ്യത്തിന്റെ ഓളം കലർത്തുകയും കടക്കാരോട് കരുണ കാണിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

2. പെട്ടെന്ന് നഗ്നരായിത്തീർന്ന ഉന്നതർ ഇരുവരുടെയും നോട്ടം സഹിക്കാൻ ആർക്കു കഴിയും? സന്തുഷ്ടിയുള്ള കാഴ്ചക്കാരനെപ്പോലെ ദുഷ്ടൻ നിന്നു; നല്ലവൻ കാണുകയും അവനെ ശ്രദ്ധിക്കുകയും ചെയ്തു. തന്റെ നഗ്നത മറയ്ക്കാൻ ഇലകൾ കൂട്ടിത്തുന്നിയ വെടിപ്പുള്ളവന്റെ-താഴ്ത്തപ്പെട്ട സുശക്തനായ ആദത്തിന്റെ-കാഴ്ചയിൽ ആരാണ് ദുഃഖിക്കാത്തത്? ഇലകൾ കൊണ്ടുള്ള വസ്ത്രത്തിൽ അവനോട് കരുണ കാണിക്കുകയും അവന്റെ നഗ്നതയ്ക്ക് മഹത്വവസ്ത്രം അവന് അയച്ചുകൊടുക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. അന്വേഷകനെ വഴിതെറ്റിക്കുന്ന ഈ മരം വിശദീകരിക്കാൻ ആർക്കു കഴിയും? കണ്ണുകൾക്ക് അദൃശ്യവും വില്ലാളികളെ ക്ഷീണിപ്പിക്കുന്നതുമായ, മറഞ്ഞിരിക്കുന്ന ഒരടയാളമാണത്. അത് അറിവിന്റെയും അതേസമയം അജ്ഞതയുടെയും വൃക്ഷമാണ്. കാരണം, നഷ്ടപ്പെട്ട സമ്മാനം എന്താണെന്നും അതിനു ലഭിച്ച ശിക്ഷ എന്താണെന്നും മനുഷ്യർ അതിലൂടെ തിരിച്ചറിഞ്ഞു. മർത്യരിൽ ജീവവൃക്ഷം കലർത്തിയതിന്, വിജ്ഞാനമാകുന്ന ഫലം വാഴ്ത്തപ്പെട്ടതാകുന്നു.

4. സർപ്പം പറുദീസായിൽ പ്രാവിനെ നോക്കിക്കണ്ടു....പൂർണമായി ദുഷ്ടനായ ആ വ്യാളം പ്രാവിന്റെ പക്കലേക്ക് തിരിഞ്ഞു.....പ്രാവ് തന്റെ ഒരു ഭാഗമാകാനായി, സർപ്പം പ്രാവിന്റെ ഭാഗമായി. അത് തന്റെ നിന്ദ്യത ധരിക്കാനായി, സർപ്പം പ്രാവിന്റെ നിറമെടുത്തു. അത് ചിലച്ചുകൊണ്ട് ചുറ്റിത്തിരിയാനായി, അത് പ്രാവിന് ഒരു സന്തുഷ്ടഗാനം പാടി. താഴേക്കിറങ്ങിവന്ന് സാന്ത്വനപ്പെടുത്തുകയും നമ്മുടെ അമ്മയുടെ ദുഃഖം നീക്കിക്കളയുകയും ചെയ്ത പിതൃസ്വരം വാഴ്ത്തപ്പെട്ടതാകുന്നു.

5. നമ്മുടെ ഉപവാസം നമ്മുടെ സഹമനുഷ്യരെ കടിച്ചുകീറുന്ന, ദുഷ്ടനുള്ള വിരുന്നാകാതിരിക്കട്ടെ. അത്തരമൊരുപവാസം പ്രഖ്യാപിക്കപ്പെടുകയും അതിലൂടെ നാബോത് കല്ലെറിയപ്പെടുകയും ചെയ്തു. അവരുടെ ഉപവാസത്തിൽ ദുഷ്ടൻ സന്തുഷ്ടനായിരുന്നു. ഓ, ഈ ഉപവാസകർ! അപ്പത്തിനു പകരം അവർ മനുഷ്യമാംസം തിന്നു. അവരുടെ ഉപവാസത്തിൽ അവർ രക്തം രുചിച്ചു. മനുഷ്യമാംസം ഭക്ഷിച്ചതിനാൽ, അവർ നായ്ക്കൾക്ക് തീറ്റിയായിത്തീർന്നു. രോഷാകുലമായ നമ്മുടെ വായ് കടിച്ചുകീറുന്നതിൽ നിന്നു പിന്മാറാൻ, തന്റെ ശരീരം തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. ആത്മാവ് അഗാധഗർത്തത്തിൽ നിപതിച്ചിരിക്കുന്നത് കാരുണ്യവാൻ

www.malankaralibrary.com



നോക്കിക്കാണുകയും അവിടെ നിന്ന് അതിനെ വലിച്ചുകയറ്റാൻ ഒരു വഴി കാണുകയും ചെയ്തു. അതിനെ രക്ഷിക്കാൻ തന്റെ ആംഗ്യം മാത്രം മതിയായിരുന്നെങ്കിലും, അവിടുന്ന് തന്റെ സ്നേഹം അതിന്മേൽ മുദ്രകുത്തി: അവൻ മനുഷ്യപ്രകൃതി ധരിച്ചു, അവരെ വിജ്ഞാനത്തിലേക്ക് നയിക്കാൻ അവരുടെ അജ്ഞത സ്വന്തമാക്കി. അവർ ഔന്നത്യത്തിലേക്കു വരാൻ അവൻ തന്റെ കിന്നരത്തിൽ ഗാനങ്ങൾ ശാന്തമായി പാടി. ഹവ്വായുടെ മക്കൾക്ക് സ്വർഗീയന്റെ പക്കലേക്ക് കയറാൻ കഴിയുന്നതിന് ഉന്നതത്തിൽ അവൻ തന്റെ കുരിശുയർത്തി നാട്ടി.

## 4

1. സൗഖ്യദായകമായ ഉപവാസം ഇതാകുന്നു. നമുക്ക് തന്റെ സഹായങ്ങളെ സ്നേഹിക്കുകയും തന്റെ മരുന്നുകളിൽ സന്തോഷിക്കുകയും ചെയ്യാം. ദൈവക്രോധത്താൽ പ്രഹരിക്കപ്പെട്ട പാളയത്തിലേക്ക് സീനായ് മലയിൽ നിന്ന് ഉപവാസം ഇറങ്ങിവരികയും ആത്മാവിന്റെ നിഗൂഢരോഗങ്ങൾ സുഖപ്പെടുത്തുകയും മനസ്സിന്റെ ഗുരുതരമായ മുറിവുകൾ വച്ചുകെട്ടുകയും ചെയ്തു. ഉപവാസം മരുഭൂമിയിൽ ആ ജനത്തിന്റെ വീഴ്ച തടഞ്ഞു. കാരുണ്യത്തിന് നമുക്ക് സ്തുതിയർപ്പിക്കാം. കാരണം, നല്ല ഉപവാസം നമുക്കൊരു മരുന്നായിത്തീർന്നു.

*പ്രതിസ്തോത്രം: ആദ്യജാതനു നമുക്ക് സ്തുതിയർപ്പിക്കാം; അവന്റെ അജഗണം സ്തുത്യർഹ മേച്ചിൽപ്പുറമായ തിരുലിഖിതങ്ങളിൽ വ്യാപൃതരായിരിക്കുന്നു.*

2. ഇതാ, സമ്പന്നരാക്കുന്ന ഉപവാസം! നമുക്ക് അതിന്റെ നിക്ഷേപത്തിൽ നിന്ന് സ്വീകരിക്കുകയും അതിന്റെ മൂലധനത്തിലൂടെ സമ്പന്നരാകുകയും ചെയ്യാം. ആദം ആരംഭത്തിൽ ഭക്ഷണം നിമിത്തം നഷ്ടം വരുത്തി ദരിദ്രനായിത്തീർന്നു. ഉപവാസം നമ്മെ സമ്പന്നരാക്കുന്നു; അത് ആദത്തിന്റെ കടം കൊടുത്തുവീട്ടുന്നു. അത് ഉദരം ശൂന്യമാക്കുന്നു, എന്നാൽ ജീവന്റെ നിക്ഷേപങ്ങൾ കൊണ്ട് ആത്മാവിന്റെ ഭണ്ഡാരം നിറയ്ക്കുന്നു. നമുക്ക് ആദ്യജാതന് സ്തുതിയർപ്പിക്കാം. കാരണം, അവന്റെ നല്ല ഉപവാസം ബലഹീനരായ നമുക്ക് അരപ്പട്ടയാണ്.

3. ഇതാ, സ്വതന്ത്രരാക്കുന്ന ഉപവാസം! ഭക്ഷിക്കുന്നവനെ അത് അത്യാർത്തിയുടെ നുകത്തിൽ നിന്ന് വിമുക്തനാക്കുന്നു. കാരണം, വയറിന്റെ കനം ക്ഷീണിപ്പിക്കുന്നതും ദുഃഖിപ്പിക്കുന്നതുമാണ്. അത് സ്വാതന്ത്ര്യത്തിന്

www.malankaralibrary.com



ചേർന്നതുമല്ല. വയറിനുള്ള സേവനം നിർത്തിവയ്ക്കുകയും സജീവവചനത്താൽ ആത്മാവിനെ സേവിക്കുകയും ചെയ്യുക!....അപ്പോൾ നിന്റെ ഉദരം ആത്മാവിന്റെ ഭക്ഷണമായ പ്രബോധനത്താൽ നിറഞ്ഞിരിക്കും. നമുക്ക് ആദ്യജാതന് സ്തുതിയർപ്പിക്കാം. അവന്റെ അജഗണം സ്തുത്യർഹ മേച്ചിൽപ്പുറമായ തിരുലിഖിതങ്ങളിൽ വ്യാപൃതരായിരിക്കുന്നു.

4. ഇതാ, പ്രബോധകനായ ഉപവാസം! നാമെഴുന്നേറ്റ് വിജയികളാകാൻ അത് നമ്മെ ശാന്തമായി ക്ഷണിക്കുന്നു. ചാക്കുവസ്ത്രം പടച്ചട്ടയും അതേസമയം കവചവും എളിമ ആയുധവുമാണ്. അദൃശ്യവ്യാളമായ താഴ്ന്നതരം സുഖസന്തോഷങ്ങളെ തകർക്കാനും ചവിട്ടിമെതിക്കാനും മൃദുവായ ഉപ്പൂറ്റിയെ അത് ഉത്സവരീതികളിൽ പൊതിയുന്നു. ഉപവാസംകൊണ്ട് സർപ്പത്തേയും അത്യാർത്തിയേയും കീഴടക്കാൻ, ഹവ്വായ്ക്ക് ഉപവാസം നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

5. ഇതാ, ജേതാവായ ഉപവാസം! കാരണം, പൈതങ്ങളും കുട്ടികളും അപ്പം തിന്നുന്ന ശീലം മാറ്റി. ഓ, ദുഷ്ടന്റെ അപമാനം! കാരണം, അവനോട് പെൺകുട്ടികളും പോരാട്ടം നടത്തുന്നു. ഇതാ, ഉപവാസം അദൃശ്യകിരീടങ്ങൾ വഹിക്കുകയും നിലനിർത്തുകയും ഉപവാസകരുടെ നിരകൾക്ക് പങ്കിട്ടുകൊടുക്കുകയും ചെയ്യുന്നു. ഇതാ, വെടിപ്പുള്ള പാളയത്തിന്റെ ദർശനത്തിൽ ദുഷ്ടൻ നിലവിളിക്കുന്നു. ഉപവാസത്താൽ ജേതാവാകുകയും തന്റെ യോദ്ധാക്കളെ വിജയിപ്പിക്കുകയും ചെയ്ത ആദ്യജാതന് സ്തുതിയർപ്പിക്കാം.

6. ഇതാ, അലങ്കാരമായ ഉപവാസം! നിന്ദ്യരായ നമ്മെ സുന്ദരരാക്കാൻ തന്റെ അലങ്കാരം നമ്മെ വിളിക്കുന്നു. നമ്മുടെ മാലിന്യം കഴുകിക്കളയാനും നമ്മുടെ കളങ്കം കഴുകി വെടിപ്പാക്കാനുമായി അതിന്റെ കണ്ണീര് പ്രവഹിക്കുന്നു. അതിന്റെ ചാക്കുവസ്ത്രത്തിൽ മഹത്വവസ്ത്രം മറഞ്ഞിരിക്കുന്നു. അതിന്റെ ചാരത്തിൽ നിന്ന് ജീവന്റെ ഗന്ധം അടിക്കുന്നു. നിന്ദ്യരായ നിങ്ങൾ വന്ന്, അതിന്റെ അലങ്കാരം സൗജന്യമായി വാങ്ങി നിങ്ങളെത്തന്നെ അലങ്കരിക്കുവിൻ! സംശുദ്ധമായ ഉപവാസത്തിന്റെ വെടിപ്പുള്ളതും ഉന്നതവുമായ പെരുന്നാളിന് നമ്മെ വിളിക്കുകയും ക്ഷണിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. അഹങ്കാരികളായ സ്ത്രീകളേ, പുഷ്പംപോലെ വിടരുന്ന അലങ്കാരവും ദേഹപുഷ്ടിയും ഉപവാസത്തിൽ നിന്ദിക്കുവിൻ. എസ്തേറിന് രാജകീയാലങ്കാരങ്ങൾ ഉണ്ടായിരുന്നിട്ടും, അവ വെറും ഭൗമികമാണെന്നു കണ്ട് അവൾ ഉപവാസത്തിലേക്കോടി. ഉപവാസം അവളെ താഴേക്കു കൊണ്ടുവരികയും സ്വർഗീയസൗന്ദര്യവും ആത്മീയമുഖഭാവവും നൽകുകയും ചെയ്തു. അവൾ അതോടൊപ്പം അകത്തുകടന്ന്, മരണത്തിനു വിധിക്കപ്പെട്ടവർക്കുവേണ്ടി രാജാവിനോട് ജീവൻ കേണപേക്ഷിച്ചു. ഉപവാസവും പ്രാർഥനയും

www.malankaralibrary.com



ജാഗരണവും കൊണ്ട് വിശുദ്ധ സഭയെ അലങ്കരിച്ച രാജാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

8. അനുതാപവസ്ത്രം ധരിക്കുന്നവരുടെ വസ്ത്രത്തെപ്രതി നാം ലജ്ജിക്കുന്നില്ല. കാരണം, അത് വിജയിയായ ഒരായുധമാണ്. ചാക്കുവസ്ത്രം ധരിച്ചവൻ, എല്ലാറ്റിനെയും കീഴടക്കുന്ന വിനയത്തിന്റെ പരിശോധനകളും പരീക്ഷണങ്ങളും വഹിച്ചു. ആ വിനയാന്വിതന്റെ മുമ്പിൽ അഹങ്കാരിയായ ഹാമാനെ അനുതാപവസ്ത്രം തട്ടിമറിച്ചിട്ടു.[7] നിശ്ശബ്ദനായ ഉപവാസകന്റെ പ്രയോജനത്തിനായി, ഉപവാസം ഹാമാന്റെ അത്യാർത്തിയുള്ള വായ്കൊണ്ട് അപേക്ഷ മുന്നോട്ടുവച്ചു. തനിക്കെതിരെ ഹാമാൻ തന്റെ സ്വന്തം വായ് കൊണ്ട് പോരാടാൻ ഇടയാക്കിയ ഉപവാസം നമുക്കു തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

9. ഓ, യുവാക്കളേ, നിങ്ങളുടെ ഉപവാസകാലത്ത് ശരീരത്തിന്റെ അലങ്കാരത്തെ നിന്ദിക്കുവിൻ! കാരണം, ബാബേലിൽ മൂന്നു യുവാക്കൾക്ക് എല്ലാവിധ അലങ്കാരങ്ങളാലും അലംകൃതരാകാൻ കഴിയുമായിരുന്നു. അവർ സ്വർണത്തെ വെറുത്തതിനാൽ, കള്ളൻ അവരെ സ്വർണമെന്നപോലെ വലിയ മൂശയിലേക്കെറിഞ്ഞു. സംസ്ക്കരിക്കപ്പെട്ട സ്വർണംപോലെ ഉപവാസകർ അഗ്നിയിൽ സുന്ദരരായിക്കഴിഞ്ഞു. അത്യാർത്തിയുടെ കീടം നമ്മുടെ ഉള്ളിൽ നിന്നകലാൻ, നമുക്ക് ഉപവാസം തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

10. ഇതാ, സന്തുഷ്ടമായ ഉപവാസം! കാരണം, അതിന് ബലപ്രയോഗത്തെ അനുനയിപ്പിക്കാൻ കഴിയും. ഒരു വിസ്താരസ്ഥലത്തെന്നപോലെ യോനാ വിളിച്ചുകൂകുകയും നിനവേയെ ശപിക്കുകയും ചെയ്തു. അതിനുള്ള പരിഹാരം അറിഞ്ഞിരുന്ന നിനവേ ഉപവാസം തെരഞ്ഞെടുത്തു. വിവേകിയായ വക്കീൽ കടന്നുവന്ന് സംസാരിക്കുകയും വിജയിക്കുകയും യോനായെ നിശ്ശബ്ദനാക്കുകയും ചെയ്തു. അത് രാജാവിന്റെ വിധിവാചകം മാറ്റിക്കുറിച്ചു. അനുതാപികൾക്കുവേണ്ടി ഉപവാസത്തിന്റെ ആന്തരികവായ് കൊണ്ട് അപേക്ഷിക്കുന്ന കാരുണ്യത്തിന് സ്തുതി!

11. ഇതാ, നമ്മുടെ അനുഗൃഹീതകർത്താവും മോശയും ഏലിയാവും ഉപവാസപാതയിലൂടെ സഞ്ചരിച്ചു. അവർ ബലഹീനരുടെ പാതയ്ക്ക് അതിരുവയ്ക്കുകയും ക്രമീകരിക്കുകയും ചെയ്തെങ്കിലും, അവർ തന്നെ അളവു കൂടാതെ അതിലൂടെ സഞ്ചരിച്ചു. കാരണം, അവർക്ക് പ്രകൃത്യതീതശക്തി ഉണ്ടായിരുന്നു. അവർ അപ്പവും സ്വാഭാവിക ഭക്ഷണവും ഉയർത്തിപ്പിടിച്ചില്ല. ശക്തരായ അവർ വഴിയും അതിലെ അഭയസ്ഥാനങ്ങളും ചാടിക്കടന്നു. ബലഹീനരായ നമുക്ക് ആയുധം തന്ന കാരുണ്യത്തിന് ഉപവാസത്തിൽ സ്തുതി കരേറ്റാം.

---

7. എസ്തേർ, 6,7ff.

www.malankaralibrary.com



12. തന്റെ ഉദരത്തെ കീഴ്പ്പെടുത്തിയവന് കൂടുതലായി എന്തു മാപ്പാണ് നൽകാൻ കഴിയുക! കാരണം, ഒരുദിവസത്തെ ഉപവാസം ഒരു ചെറിയ മൈലാണ്. എന്നാൽ അതിന്റെ പ്രതിഫലം വലുതാണ്. അധ്വാനശീലർ ഉപവാസപാതയിൽ ആഴ്ച മുഴുവനും യാത്ര ചെയ്യുമ്പോൾ, ഇടയ്ക്കുള്ളവർ പകുതിദൂരം സഞ്ചരിക്കുമ്പോൾ, ബലഹീനർ ചെറിയദൂരം ഒഴിഞ്ഞുമാറാൻ പാടില്ല. ഓരോ അളവിൽ ഓരോ മനുഷ്യനെയും രക്ഷിക്കാൻ ആഗ്രഹിക്കുന്ന ആദ്യജാതന് സ്തുതി കരേറ്റാം.

# 5

1. രാജാവിന്റെ വധുവിനെ ആനയിക്കാൻ ഉപവാസത്തിന്റെ ഗൗരവമേറിയ സമയം ഇതാ, സംജാതമായിരിക്കുന്നു. സ്നാനപ്പെട്ട് പ്രകാശിതയാകുന്ന തൂവെള്ളപ്പെരുന്നാളിന് ആഘോഷപൂർവം അകമ്പടി സേവിക്കപ്പെട്ട് അവൾ ആഗതയാകട്ടെ. അവളുടെ പുഷ്പമാലകൾ നല്ല ജീവിതചര്യയാലും അവളുടെ അലങ്കാരം ഉപവാസത്താലും നിലനിൽക്കട്ടെ. ഓശാന വിളികൾക്കിടയിൽ അവൾ ആഗതയാകട്ടെ. എണ്ണ നിറഞ്ഞ വിളക്ക് അവളുടെ മുമ്പിൽ പ്രകാശിക്കട്ടെ. ആദ്യജാതന്റെ വധു അവന്റെ പ്രകാശമണവറയിലേക്ക് വരുന്നതിന് അയക്കപ്പെടുകയും അവളെ ആഘോഷപൂർവം ആനയിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

*പ്രതിസ്തോത്രം: ഉപവാസത്താലും പ്രാർഥനയാലും ജാഗരണത്താലും തന്റെ വിശുദ്ധ സഭയെ അലങ്കരിച്ച പുത്രന് സ്തുതി!*

2. ഇതാ, ധൈര്യം നൽകുന്ന ഉപവാസം! അത്യാർത്തിയുള്ളവനുമായി പോരാടാൻ അത് സൈന്യത്തെ ശേഖരിക്കുന്നു. ഭക്ഷണം കൊണ്ട് അവൻ ആ യോദ്ധാവിനെ കീഴടക്കി. അവന്റെ ശക്തിയെ ഭക്ഷണം കീഴ്പ്പെടുത്തി. അവസാനത്തവനെയും ജയിക്കാനായി, അവൻ ആദ്യത്തെയാളെ പരീക്ഷിച്ചു. അവസാനത്തവനെ പരീക്ഷിക്കാനും അവൻ അടുത്തുകൂടി. അവന്റെ ഉപവാസത്തിന്റെ ഗന്ധം അവന്റെ മേൽ ആഞ്ഞടിക്കുകയും അവൻ അമ്പരക്കുകയും ചെയ്തു. അത്യാർത്തിയുടെ ഉറവ വറ്റിക്കാനായി ഞങ്ങൾക്ക് ഉപവാസം തന്ന നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. ഇതാ, ദുഷ്ടന്റെ വില്ല് പോരാട്ടത്തിന് കുലച്ചിരിക്കുന്നു! എല്ലാവരും ആയുധം ധരിക്കണം. ആത്മീയപടച്ചട്ടയ്ക്ക് അവന്റെ കൂർത്തുമൂർത്ത അമ്പിന്റെ മുനയൊടിക്കാൻ കഴിയും. അതിലൊന്ന് തറയ്ക്കാൻ ഇടയായാൽ, ഭയചകിതരാകണം. കാരണം, മുറിവേറ്റവനിൽ അതിന്റെ അഗ്നി അവശേ

www.malankaralibrary.com



ഷിക്കും. ആ മധുരമുള്ള അഗ്നിയുടെ കത്തൽ സുഖപ്രദമായി തോന്നാം. ദുഷ്ടന്റെ അഗ്നിക്കനൽ അണയ്ക്കാൻ നമുക്ക് ഉപവാസം തന്ന നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. ബലഹീനർ സ്വാതന്ത്ര്യത്തെ കീഴടക്കുന്നില്ല. അവരുടെ ആയുധം അവരുടെ സ്വന്തം ഇച്ഛയാണ്. യോജിച്ചിരിക്കുന്നവരെ ജയിക്കാൻ വിഭജിതരായവർക്ക് കഴിയില്ല. അവരുടെ കൂട്ടായ്മയാണ് അവരുടെ ഉറപ്പ്. യോജിപ്പുള്ള വിഭാഗം മഹാസമുദ്രമാണ്. യോജിച്ചിരിക്കുന്നവൻ ശക്തനാണ്. വേർപെട്ടിരിക്കുന്നവൻ പരാജയപ്പെടും. ഐക്യം തകർന്നാൽ, നശിച്ചുപോകും. വിഭജിതരായ ജനതകൾ അവിഭക്തജനമായി തീരാൻ അവരെ ഒന്നിച്ചുചേർത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

5. നമുക്കൊരു ദൃഷ്ടാന്തം തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. നാം അത് സൂക്ഷിച്ചുനോക്കുമ്പോൾ നമ്മുടെ അദൃശ്യയോജിപ്പിന് നമുക്ക് അതൊരു കണ്ണാടി ആയിത്തീരുന്നു. സഹോദരങ്ങളേ, നമുക്ക് ദൃശ്യപ്രതീകങ്ങളിൽ നോക്കാം. നമുക്ക് തൈരിന്റെ ഉറ പരിശോധിക്കാം. അത് അയഞ്ഞ പാലിൽ ഒഴിക്കുമ്പോൾ, പാൽ അയഞ്ഞ് നിലനിൽക്കാതെ, ഒന്നിച്ചുചേർന്ന് കട്ടിയുള്ളതായി തീരുന്നു. നമ്മുടെ ബലഹീനതയിൽ ഒരദൃശ്യശക്തി കലർത്തിയ സ്നേഹം നമുക്കു നല്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. വരുവിൻ, വിഡ്ഢികൾ തങ്ങളുടെ ഉപവാസകാലത്ത് ചെയ്തത് എന്താണെന്ന് ഉപവാസത്തിൽ നമുക്ക് ചിന്തിക്കാം. വിശുദ്ധൻ നമ്മുടെ വായിലും നമ്മുടെ കാതുകളിലും എത്തിച്ച ശകാരം ഭീതികരമാണ്. അവർ പെസഹാപ്പെരുന്നാളിൽ പെസഹായുടെ കർത്താവിനെ കൊന്നു. പെരുന്നാളിൽ പെരുന്നാളിന്റെ കർത്താവിനെ അവർ കശാപ്പുചെയ്തു. അവർ ദൈവത്തെ കുരിശിൽ തറച്ചു. അവർ ഉയർത്തുകയും പ്രകോപിപ്പിക്കുകയും ചെയ്തു. "അവനെ ക്രൂശിക്കുക" എന്ന് അക്രോശിച്ച വായ്[8] തിരുലിഖിതങ്ങൾ വായിക്കാൻ പെസഹാപ്പെരുന്നാളിൽ എഴുന്നേറ്റു.

7. ഈജിപ്തിൽ കുഞ്ഞാടിനെ കൊന്ന നാളിലേപ്പോലെ, പെസഹാപ്പെരുന്നാളിൽ അവർ വായിച്ചു. ഗ്രഹിക്കാതെ അവർ വായിച്ചു. തിരിച്ചറിയാതെ വിശദീകരിച്ചു. അവർ ഗ്രന്ഥങ്ങളിൽ വായിച്ചു. അവർ കുരിശിൽ തറച്ചു. അവർ സത്യകുഞ്ഞാടിനെ കുരിശിൽ തറച്ച് ഉയർത്തി. അവർ കമ്പിയിൽ കോർത്ത് വറുത്തു. കമ്പിയിൽ മൂകമായി കോർക്കപ്പെട്ട കുഞ്ഞാട്, ക്രൂശിൽ തറയ്ക്കപ്പെട്ട കുഞ്ഞാട് അതിന്റെ പൂർത്തീകരണമാണെന്ന് സാക്ഷ്യം വഹിച്ചു.

---

8. മർക്കോ. 15,13.

www.malankaralibrary.com



8. അസൂയയാൽ മത്തുപിടിച്ച് ഉന്മത്തരായ അന്ധർ കർത്താവിനെ കുരിശിൽ തറച്ചു. ആദ്യജാതൻ നിയമം ലംഘിച്ചെന്നു പറഞ്ഞ് അവർ അവനെ തള്ളിപ്പറഞ്ഞു. അങ്ങനെ അവർ കല്പ്പന പൂർത്തിയാക്കി. എന്നാൽ തങ്ങളുടെ പ്രവൃത്തികളാൽ അതിനെ നശിപ്പിച്ചു. അവരുടെ സ്വന്തം വായ് അവരെ കുറ്റപ്പെടുത്തി. അവരുടെ കൈ കടത്തിൽ ഒപ്പിട്ടു. വായ് നിഷേധിച്ചു. പെസഹാവിവരണം നിർദേശിച്ചവ വിഡ്ഢികൾ തള്ളിക്കളയുകയും ലംഘിക്കാൻ ധൃതിപ്പെടുകയും ചെയ്തു.

9. ദൃശ്യകുരിശിൻ കീഴിൽ ഒരാത്മീയകൂട്ടം അദൃശ്യമായി കൂടിനിന്നു. ആദ്യജാതന് ചുറ്റും ദുഷ്ടപിശാച് അവന്റെ ശകാരങ്ങളോടും നിബിയന്മാർ അവരുടെ ഗ്രന്ഥങ്ങളോടും കൂടെ നിന്നു. നെഞ്ചത്ത് വടിവച്ചുകൊണ്ട് മോശ വിരിച്ചുപിടിച്ച കൈകളുമായി നിന്നു.[9] മലമുകളിൽ ഒരത്ഭുതം: വിരിച്ചുപിടിച്ച കൈകളും ഉയർത്തപ്പെട്ട വടിയും. ഗോഗുൽതായിലെപ്പോലെ! അവരിൽ നിന്നുള്ള സാക്ഷ്യം അവർക്കെതിരെ വിളിച്ചുപറയുന്നു: ഈ പ്രതീകം അമാലേക്കിനെ കീഴടക്കി.

10. മോശയുടെ നിയമം ഒരു കണ്ണാടിപോലെയാണ്. അത് നമ്മുടെ കർത്താവിനെ നോക്കി. വിവേകികൾ അവിടെയും ഇവിടെയും നോക്കി; അവിടെ സ്വരത്തിൽ പ്രതീകം കാണുകയും ഇവിടെ യാഥാർഥ്യത്തിൽ സത്യം കാണുകയും ചെയ്തു. ഓ, അന്ധനും ആർത്തുവിളിക്കുന്ന സത്യത്തെപ്പറ്റി: "ഞാനാണിവിടെ". അന്ധർ അതു സ്പർശിച്ച് കാഴ്ചയുള്ളവരാരായി. പ്രകാശത്തെ ക്രൂശിച്ചതിനാൽ കാഴ്ചയുള്ളവർ അന്ധരായിത്തീർന്നു.

## 6

1. ഉപവാസകാലത്ത് ഒന്നിച്ചുകൂടി കച്ചവടക്കാർ ആയിരിക്കുവിൻ! ദൈവത്വത്തിന്റെ കലവറയാണ് തിരുലിഖിതങ്ങൾ; സ്വരത്തിന്റെ ആ വിശുദ്ധ താക്കോൽ കൊണ്ട് ശ്രോതാക്കളുടെ മുമ്പിൽ അവ തുറക്കപ്പെടും. തന്റെ ആവശ്യക്കാർക്ക് തന്റെ നിക്ഷേപം തുറന്ന രാജാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

2. വിരുന്നിനു ക്ഷണിക്കപ്പെട്ടവർക്കുള്ള വസ്ത്രം തിരുലിഖിതങ്ങളിലുണ്ട്. എല്ലാ അനുതാപികൾക്കുമുള്ള ചാക്കുവസ്ത്രവും കണ്ണുനീരും അവയിലുണ്ട്. യോദ്ധാക്കൾക്കുള്ള ആയുധങ്ങളും അവയിലുണ്ട്. അവർക്ക് എല്ലാ സഹായങ്ങളും ലഭിക്കുന്നു. എല്ലാവർക്കും എല്ലാ സഹായങ്ങളും ഒരുക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

9. പുറ.17,8-16.

www.malankaralibrary.com



3. അതുകൊണ്ട്, എന്റെ സഹോദരങ്ങളേ, തുറന്ന് വിവേകപൂർവം അതിൽ നിന്നെടുക്കുവിൻ! കാരണം, എല്ലാ മനുഷ്യർക്കുമുള്ള ഭണ്ഡാരമാണത്. ഒരു കലവറക്കാരനെപ്പോലെ,എല്ലാവർക്കും അതിന്റെ താക്കോലുണ്ട്. അപ്പോൾ, ധനവാനാകാൻ ആഗ്രഹിക്കാത്തവൻ ആരാണ്? നമ്മുടെ അലസതയുടെ കാപട്യം നീക്കിക്കളഞ്ഞവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. അന്ധരായ നമ്മുടെ മുമ്പിൽ എറിഞ്ഞു തന്നിരിക്കുന്ന ദാനം വലുതാണ്. നമുക്കെല്ലാം രണ്ടു കണ്ണുകൾ ഉണ്ടെങ്കിലും, ഈ ദാനം എന്താണെന്നും ആരിൽനിന്നു വന്നെന്നും കണ്ടവർ കുറച്ചുപേരേയുള്ളു. ഓ, കർത്താവേ, ധനംമാത്രം കാണുന്ന അന്ധരോട് കരുണ കാണിക്കണമെ.

5. ബർതിമെയുസിന്റെ കണ്ണിനു കാഴ്ച നൽകിയ യേശു![10] അന്ധനായിരുന്ന അവന്റെ കണ്ണുകൾ, അവൻ ആവശ്യപ്പെടാതെ തന്നെ നീ തുറന്നു. നിന്റെ കൃപ വർദ്ധിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിച്ചതിനാൽ, എന്റെ കർത്താവേ, ഞങ്ങൾ കുരുടാക്കിയ കണ്ണുകൾ തുറക്കണമെ. നീ ഞങ്ങളുടെ സ്രഷ്ടാവിന്റെ പുത്രനാണെന്ന് എന്റെ കർത്താവേ, നീ എടുത്ത ചേറ് പഠിപ്പിക്കുന്നു.[11]

6. ഞങ്ങളുടെ മുഖത്തെ ബഹുമാനിക്കുന്ന നിന്നെപ്പോലെ ആരുണ്ട്? ഞങ്ങളുടെ രൂപത്തെ ബഹുമാനിക്കാൻ നീ മുഖത്തല്ല, തറയിലാണ് തുപ്പിയത്.[12] എന്റെ കർത്താവേ, ഞങ്ങളുടെ മുഖത്തു തുപ്പി, ഞങ്ങളുടെ സ്വാതന്ത്ര്യം അടച്ചുകളഞ്ഞ നയനങ്ങൾ തുറന്നാലും! ഞങ്ങൾ കുരുടാക്കിയ, ആത്മീയനയനം തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. ആദത്തിന്റെ കണ്ണുകൾ തുറന്നതിനെപ്പറ്റി ആരാണ് ആശ്ചര്യപ്പെടാത്തത്? കാരണം, ആദത്തിന്റെ കണ്ണുകൾ തുറന്നത് അവനു വലിയ നഷ്ടം വരുത്തിവച്ചു. എന്നാൽ നമുക്ക് കണ്ണുകളുടെ തുറക്കൽ വളരെ പ്രയോജനകരമാണ്. കാരണം, ദുഷ്ടൻ അവ അടച്ചുകളഞ്ഞു. സഹായിക്കാനായി കണ്ണുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. നമ്മെ നശിപ്പിക്കുന്ന എതിരാളിയെ ശപിക്കാത്തവൻ ആരാണ്? അസൂയയാൽ അവൻ ആദത്തിന്റെ കണ്ണു തുറക്കുകയും അവൻ തന്റെ നഗ്നത കാണുകയും ചെയ്തു. നാം നമ്മുടെ മഹാനഗ്നത കാണാതിരിക്കാൻ, അവൻ പ്രശംസയാൽ നമ്മുടെ കണ്ണുകൾ അടച്ചു. നീ എല്ലാറ്റിനും ഉപരി സ്തുതിക്കപ്പെടാനായി, എന്റെ കർത്താവേ, എല്ലാറ്റിനേക്കാളും കൂടുതലായി അവനെ ശപിച്ചാലും!

---

10. മർക്കോ.10,46.

11. യോഹ.9,6.

12. യോഹ.9,6.

www.malankaralibrary.com



# 7

1. ഇതാ, നമ്മുടെ സ്തുത്യർഹമായ ഉപവാസം! നമുക്ക് സന്തോഷപൂർവം അതിനെ എതിരേൽക്കാം. അത് ബുദ്ധിമാന്മാർക്ക് തുറന്ന ഭണ്ഡാരവും വിവേകികൾക്ക് ഹൃദയനവോന്മേഷവും ജ്ഞാനികൾക്ക് ആത്മീയഭോജനവുമാണ്. ബുദ്ധിയുള്ള ആത്മാവും കടന്നുപോക്ക് നോക്കിക്കണ്ട വിവേകമുള്ള അരൂപിയും ഉപവാസത്തിലൂടെ കൂടുതൽ പ്രകാശിക്കുന്നു. കാരണം, ഒരു മോശയുടെയും ഏലിയായുടെയും ആ ആയുധങ്ങൾ ഉപവാസം അവനു നേടിക്കൊടുക്കുന്നു.

*പ്രതിസ്തോത്രം: നിങ്ങളുടെ ഉപവാസത്തിലൂടെ വിജയിച്ച നിങ്ങൾക്ക് ഭാഗ്യം!*

2. പറവകളിൽ മാംസത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക. അത് കട്ടികൂടിയ മാംസം തിന്നുകഴിയുമ്പോൾ, ക്ഷീണിക്കുകയും അതിന്റെ ചിറകുകളെ ഭാരപ്പെടുത്തുകയും നേരത്തെയുള്ളതുപോലെ പറക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. എല്ലാറ്റിനേക്കാളും ഉയരത്തിൽ പറക്കുന്ന കഴുകൻ അമിതമായി തിന്നുകഴിയുമ്പോൾ, മുമ്പിലത്തേപ്പോലെ ഉയർന്നുപറക്കാൻ കഴിവില്ലാതെ വരുന്നു. ഭാരം കുറഞ്ഞ കഴുകൻ മാംസത്തിലൂടെ ക്ഷീണിക്കുന്നെങ്കിൽ, ഭാരമുള്ള മനുഷ്യൻ മാംസം ഭക്ഷിക്കുമ്പോൾ എത്ര മാത്രം ക്ഷീണിക്കുകയില്ല!

3. ബാബേലിൽ വച്ച് സസ്യാഹാരം മാത്രം ഭക്ഷിച്ചതിനാൽ, ദാനിയേലും അവന്റെ സഖികളും കൊഴുത്തവരും സുന്ദരരും ആയിത്തീർന്നു.[13] ഇടത്തുവശത്തിന്റെ തലവനായ ആ മർത്യരാജാവിന്റെ ഭക്ഷണത്താൽ അവരുടെ യുവസഖികൾ തിന്നുകുടിച്ച് വിഹരിച്ചു. വലത്തുവശത്തെ മക്കളുടെ മനസ്സും ഹൃദയവും വീഞ്ഞുകൊണ്ട് തീ പിടിപ്പിക്കാൻ അവൻ ആഗ്രഹിച്ചു. ഉപവാസത്തിലൂടെ ചെറുപ്പക്കാർ രാജകീയഭക്ഷണത്തിൽ നിന്ന് തങ്ങളുടെ വായകറ്റി.

4. രാജാവിന്റെ മേശയിൽ നിന്നു ഭക്ഷിച്ച യുവാക്കളുടെ ഹൃദയം പ്രബോധനത്തിൽ വിലക്ഷണമായി. പരിശോധനയിൽ ഉപവാസകർക്ക് സമമാകാൻ അവർക്കു കഴിഞ്ഞില്ല.[14] ആഹാരത്താൽ ഭാരപ്പെട്ടതിനാൽ, മത്സരത്തിൽ അവർ പരാജിതരായി. കാരണം, യുവ ഉപവാസകർ അവരെ വേഗത്തിൽ കീഴ്പ്പെടുത്തി. രാജകീയഭക്ഷണത്തിന്മേലും വിശിഷ്ടഭോജനത്തിന്മേലും ഉപവാസവും സസ്യാഹാരവും വിജയിച്ചു.

---

13. ദാനി.1,12.15.

14. ദാനി.1,18ff.

www.malankaralibrary.com



5. വെടിപ്പുള്ളവരെ നിശ്ശബ്ദമായി വഞ്ചിക്കുന്ന വീഞ്ഞ് ദാനിയേലും അവന്റെ സഖികളും വെറുത്തു. അതിനെ സ്നേഹിക്കാത്തവർ വലിയ വിവേകികളാണ്. അതിൽ തഴങ്ങുന്നവരുടെ വിവേകം കെട്ടുപോകുന്നു. സീയോൻപുത്രന്മാരായ ദേവദാരുക്കൾ[15] വെള്ളംകുടിച്ചു പുഷ്ടി പ്രാപിച്ചു. അവരുടെ തണലിൽ ജനം ബാബേലിൽ ജീവിച്ചു. പ്രാവ് ഒലിവുമരത്തിലെന്നപോലെ[16] പരിശുദ്ധാത്മാവ് താണിറങ്ങിവന്ന് അവയുടെ ശിഖരങ്ങളിൽ വസിച്ചു.

6. ഈജിപ്തിൽ നിന്നുള്ള ആ മുന്തിരിവള്ളിയും[17] രാജാക്കന്മാരുടെയും പുരോഹിതന്മാരുടെയും മേൽ ശാഖപരത്തി. മുന്തിരിച്ചെടിയെ വഹിച്ച ദേവദാരുക്കളോട് തിരുലിഖിതം അവരെ താരതമ്യപ്പെടുത്തി. ഈജിപ്തിൽ നിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന മുന്തിരച്ചെടിയെ ബാബേൽ തന്റെ വിജാതിയത്വത്തിന്റെ പുകകൊണ്ട് ശ്വാസം മുട്ടിച്ചു. അവിടെ ദാനിയേലിന്റെ സഖികൾ ദേവദാരുക്കളായിത്തീർന്നു. ഈജിപ്തിൽ മോശയും അഹറോനും എന്നപോലെ, ബാബേലിൽ അവർ മുന്തിരിത്തണ്ടു വഹിച്ചു.

7. വീണുകിടന്ന മുന്തിരിവള്ളിയെ താങ്ങിയ ദേവദാരുവിൽ ബാബേൽ അസൂയാലുവായി. അവരെ ദഹിപ്പിക്കാനായി അത് അവരെ തീയിലേക്കെറിഞ്ഞു. ജ്വാലയുടെ മധ്യത്തിൽ അവർ തളിർക്കുകയും പടരുകയും ചെയ്തു. ബാബേലിൽ വച്ച് മത്തുപിടിപ്പിക്കുന്ന മദ്യം അവർ ഉപേക്ഷിച്ചതിനാൽ, അവിടെ അഗ്നിയിൽ അവർ വിജയിച്ചു. അവിടെ അവർ ഉപവാസത്തെ സ്നേഹിച്ചതിനാൽ, അവർക്ക് ശക്തികിട്ടി. വീഞ്ഞ് തങ്ങളിൽ നിന്ന് മാറ്റിയ ഉപവാസകരുടെ മേൽ അഗ്നിച്ചൂളയിൽ പനിമഞ്ഞ് ഇറ്റിറ്റുവീണു.

8. അഗ്നി ഉപവാസകരുടെ മാംസത്തെ സ്പർശിച്ചെങ്കിലും ആ വെടിപ്പുള്ളവർക്ക് അത് തിരികെ നൽകി. അവരുടെ ഉപവാസശക്തിയുടെ ഗന്ധം അടിച്ചപ്പോൾ അഗ്നിയുടെ അത്യാർത്തിക്ക് അവരുടെ ശരീരം അഗമ്യമായിതീർന്നു. ഉപവാസകരിൽ അത് ഉപവസിക്കുകയും തിന്നുകൊഴുത്തവരിൽ സന്തുഷ്ടി കണ്ടെത്തുകയും ചെയ്തു. ഭക്ഷിച്ചവരെ അത് ഭക്ഷിച്ചു, ഉപവാസകരെ അത് സംരക്ഷിച്ചു. വന്യമൃഗങ്ങൾ ദാനിയേലിനോടൊപ്പം ഉപവസിച്ചു;[18] അത്യാർത്തിയുള്ളവരെ അത് ഭക്ഷിച്ചു.

9. രാജാവിന്റെ മേശയും അവന്റെ സമൃദ്ധിയും ഭാഗ്യവാന്മാരായ യുവാക്കൾ വെറുക്കുകയും നിന്ദിക്കുകയും ചെയ്തു. രാജാവിന്റെ വിശിഷ്ടഭോജനം അവർ സ്പർശിക്കാതിരുന്നതിനാൽ, അഗ്നി അവരുടെ ശരീരത്തെ സ്പർശിച്ചില്ല. അവർ അപ്പവും ഉപേക്ഷിച്ചു. അവർ സസ്യാദികൾമാത്രം

15. ദാനിയേലും സഖികളും
16. ഉൽപ്പ.8,11.
17. സങ്കീ.80,9.
18. ദാനി.6,23ff.

www.malankaralibrary.com



ഭക്ഷിക്കുകയും തങ്ങളുടെ സ്വഭാവം മാറ്റുകയും ചെയ്തു. അതുപോലെ അഗ്നിയും അതിന്റെ സ്വഭാവം മാറ്റി. അതിന്റെ ഉള്ളിലുള്ള മനുഷ്യരെ വിഴുങ്ങുന്നതിനു പകരം പുറത്തു നിന്നവരെ അത് വിഴുങ്ങിക്കളഞ്ഞു.

10. മൂന്നുപേരാണ് തീയിൽ എറിയപ്പെട്ടത്. അവർ വർധിച്ച് അതിനുള്ളിൽ നാലായിത്തീർന്നു.[19] അഗ്നി അനേകരെ വിഴുങ്ങി. അതിന്റെ അത്യാർത്തിക്കുള്ളിൽ കുറച്ചുപേർ വർധിച്ചു. കവർച്ചക്കാരനും നീതിരഹിതനും ഒരിക്കലും മുതലും പലിശയും തിരികെ നൽകാത്തവനുമായ അഗ്നിയുടെ അത്യാർത്തി കീഴടക്കപ്പെട്ടു. കാരണം, അത് മുതലും പലിശയും തിരികെ നൽകി.

11. അഗ്നി, വിത്തിനായി നിശ്ചയിക്കപ്പെട്ടതും ഒരുക്കപ്പെട്ടതുമായ നിലത്തിന് തുല്യമായി. വിത്തിനായി വീണ്ടും വീണ്ടും നിലം ഉഴുതുമറിക്കുന്നതുപോലെ, ഏഴുവട്ടം ഉജ്ജ്വലിപ്പിച്ചതായിരുന്നു ആ ജ്വാല.[20] തങ്ങളുടെ ഉപവാസാവസരം സസ്യാഹാരം ഭുജിച്ചവരെ അവർ അതിൽ വിതച്ചു. സസ്യാഹാരം കഴിച്ച് ഉപവസിച്ചതിനാൽ, അഗ്നിയിൽ അവർ വിത്തുപോലെ വർധിച്ചു. എന്നാൽ അതിൽ തന്നെ അനേകർ കുറഞ്ഞുപോയി.

12. ഏലിയാ താഴേക്കിറക്കിയ ആ അഗ്നിയും മലമുകളിൽ അനേകരെ നശിപ്പിച്ചു.[21] ഉപവാസകൻ തന്റെ കൽപ്പനയാൽ അത് താഴേക്കിറക്കി. അത് തീറ്റിമാടന്മാരെയും ഭോജനപ്രിയരെയും തിന്നുതീർത്തു. ഉപവാസകന്റെ നിന്ദനത്തിന്റെ പ്രതികാരമായിരുന്നു ആ അഗ്നി. ഉദരത്തിലൂടെ ദുഷിച്ചവരും നിഷ്ക്കളങ്കരെ സത്യത്തിൽ നിന്ന് വ്യതിചലിപ്പിച്ചവരും അത്യാർത്തിയുള്ളവരുമായ പ്രവാചകന്മാരെ അവൻ തന്റെ ഇറക്കത്താൽ നിഗ്രഹിച്ചു.[22]

13. ഭക്ഷണത്തിന്റെ വിലയ്ക്ക് വാങ്ങപ്പെട്ടവരായിരുന്നു ആ പ്രവാചകന്മാർ. നുണയർ അവരുടെ അത്യാർത്തിയാൽ ദുഷിച്ചുപോയി. അവർ സത്യനാമം ധരിച്ച്, അനുദിനാഹാരത്തിനായി സത്യം വിറ്റുകളഞ്ഞു. വായ് നിറയെ സ്വീകരിച്ചവർ നിറവായോടെ വിളിച്ചുപറഞ്ഞു. തന്റെ വായ് ദുഷിപ്പിക്കാതിരുന്ന ഉപവാസകൻ ഭാഗ്യവാൻ. എന്റെ സഹോദരങ്ങളേ, ഉദരമേധാവിത്വം നിങ്ങളെ കീഴടക്കാതിരിക്കാൻ ഭയത്തോടെ ശ്രദ്ധിക്കുവിൻ.

14. തന്റെ മൂന്നു സഖികളോടൊപ്പം ദാനിയേലും തീച്ചൂളയിൽ എറിയപ്പെട്ടിരുന്നെങ്കിൽ, അഗ്നിയിൽ കാണപ്പെട്ട നാലാമൻ അവനാകുമായിരുന്നു. അവൻ തന്റെ ദേവന്റെ ശോഭയാണെന്ന് ഏകാധിപതി കരുതുമായിരുന്നു. കാരണം, അവൻ തന്റെ ദേവന്റെ നാമം കപടമായി ദാനിയേലിനു നൽകിയിരുന്നു. അതുകൊണ്ട് തന്റെ ദേവനെ നാണംകെടുത്താൻ ആഗ്രഹിക്കാതിരു

19. ദാനി.3,24. 20. ദാനി.3,19.
21. 1രാജാ.1,9. 22. 1രാജാ.18,38.

www.malankaralibrary.com



ന്നതിനാൽ, ബഹുമാനിതനാകാനായി, അവൻ സത്യത്തിന് അവസരം നൽകി.

15. ഒരുവശത്ത് പരാജയപ്പെട്ട ആ തെറ്റ്, മറ്റൊരു വശത്ത് ജയിക്കാൻ ദൈവം ഇടം നൽകിയില്ല. കാരണം, ദാനിയേലിൽ രക്ഷിക്കപ്പെട്ട ദേവന്റെ ശോഭയാണതെന്ന് മനുഷ്യർ വിശ്വസിച്ചിരുന്നെങ്കിൽ, കീഴമർത്തപ്പെട്ട തെറ്റിന് വീണ്ടും വിജയിക്കാൻ കഴിയുമായിരുന്നു. അതു വിഗ്രഹത്തിൽ ലജ്ജിക്കുകയും തീച്ചൂളയിൽ വിജയിക്കുകയും ചെയ്യുമായിരുന്നു. എല്ലായിടത്തും അതിനുള്ള സാധ്യത ഒഴിവാക്കി എന്നതിൽ സത്യം അതിനെ ലജ്ജിപ്പിച്ചു.

# 8

1. ഓ, സത്യം തീച്ചൂളയിൽ നശിപ്പിക്കാനായി അതിനെ ഉജ്ജ്വലിപ്പിച്ച പാപത്തെപ്പറ്റി! സത്യത്തിന്റെ മനോഹാരിത ബഹുമാനിക്കപ്പെടേണ്ടതിനായി തീച്ചൂള നിർമിച്ചത് സത്യമാണെന്ന് അത് മനസ്സിലാക്കിയില്ല. അഗ്നി അതിന്റെ അറിയിപ്പുകാരെ പിടികൂടുകയും അത് ലജ്ജിക്കുകയും ചെയ്തു. കാരണം, തീച്ചൂളയുടെ വെളിയിൽ നിന്ന, പാപത്തിന്റെ അനുയായികൾ അഗ്നിയും ചാരവുമായിത്തീർന്നു. സത്യമാകട്ടെ, മൂവരിൽ വിജയിക്കുകയും സ്വർണം പോലെ മനോഹരരായി അതിൽനിന്ന് പുറത്തുവരികയും ചെയ്തു.

*പ്രതിസ്തോത്രം: ബാബേലിൽ യുവാക്കളിൽ വിജയിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. അമ്പലവും തന്നത്താൻ ഉയർത്തിയ രാജാവിന്റെ രാജ്യവും ദുർബലമായി. അജ്ഞാനികളുടെ മാതാവായ മേദ്യ, കൽദായരുടെ മാതാവായ ബാബേലിനെ കീഴ്പ്പെടുത്തി. സരളരും ഋജുമാനസ്സരുമായ മേദ്യർ, ജോത്സ്യരെയും ആഭിചാരകരെയും കൽദായരെയും മന്ത്രവാദികളെയും കീഴടക്കി. ബാബേലിന്റെ സന്തതികൾ അപമാനിതരായി. ഒരേയൊരു മരണം അവരെയെല്ലാം കൂട്ടിക്കൊണ്ടുപോയി.

3. തങ്ങളുടെ പ്രിയപ്പെട്ടവരുടെ മരണം മുൻകൂട്ടി പ്രവചിക്കാതിരുന്ന കൽദായിസം വളരെ ലജ്ജിച്ചു. തന്നെത്തന്നെ രക്ഷിക്കാൻ കഴിയാഞ്ഞ മന്ത്രവാദം ക്രോധവിധിയിൽ ശിക്ഷിക്കപ്പെടുകയും ലജ്ജിക്കുകയും ചെയ്തു. അവൾ എല്ലാ രാജാക്കന്മാർക്കും ക്രോധത്തിന്റെ പാനപാത്രം നൽകി. ആ പാനപാത്രത്തിലെ മട്ട് അവൾക്കു തന്നെ കുടിക്കാൻ അവശേഷിച്ചു.[23] കാരണം, ആദ്യമുണ്ടായിരുന്നവരെ കുടിപ്പിച്ച അവൾക്ക് അവസാനം ആ മട്ടു ലഭിച്ചു.

---

23. സങ്കീ.75,9.

www.malankaralibrary.com



4. കൽദായർക്കുവേണ്ടി എഴുതപ്പെട്ട വിധിവാചകം ഉപവാസകൻ വായിച്ചു വിശദീകരിച്ചു. ഭിത്തിയിലെ കുമ്മായത്തിന്മേൽ സ്വർഗീയകരം അതെഴുതി.[24] അവൻ വ്യക്തമാക്കാനായി അത് ഉപമാരൂപത്തിൽ എഴുതി. എഴുത്തു കണ്ട അതിഥികൾ പെട്ടെന്ന് സ്തംഭിച്ചു പോകുകയും വായിച്ച് അമ്പരക്കുകയും ചെയ്തു. കാരണം, മനസ്സിലാകാതെ അവർ അത് വായിച്ചു. അത്യാർത്തിയുള്ളവരും വിജ്ഞാനികളും ലജ്ജിതരായി. കാരണം, ഉപവാസകൻ അകത്തു കടന്ന് വായിക്കുകയും വിശദീകരിക്കുകയും ചെയ്തു.[25]

5. ലെഗിയോൻ പങ്കെടുത്ത ഒരു വിരുന്നായിരുന്നു അത്. പാനീയബലിയിലൂടെ അവർ സാത്താനെ പ്രീണിപ്പിച്ചു. അവൻ അവിടേക്ക് ഓടിവന്ന് അവരുടെ പാനപാത്രങ്ങളുടെ മുകളിൽ വട്ടമിട്ടു പറന്നു. കാരണം, അവരുടെ പാനപാത്രങ്ങൾ ദൈവനിന്ദ വരച്ചുകാട്ടിയിരുന്നു.[26] പരന്ന കൈ അവരുടെ വിഭാഗത്തെ സംഭ്രമിപ്പിക്കുകയും[27] അവരുടെ പാനപാത്രങ്ങളെ വഞ്ചിക്കുകയും ചെയ്തു. അവരുടെ മേശയ്ക്കിരിക്കാഞ്ഞ ഉപവാസകർ കടന്നുവന്ന് വായനയിലൂടെ അവരുടെ കിരീടങ്ങൾ നശിപ്പിച്ചുകളഞ്ഞു.

6. ഏതുതരത്തിൽ നോക്കിയാലും സത്യം വിജയിക്കാനും ദൈവം എല്ലാറ്റിനും ഉപരിസ്ഥനും എല്ലാറ്റിലും സന്നിഹിതനും ആണെന്നുള്ളത് സുസ്പഷ്ടമാക്കാനുമായി, തീച്ചൂളയിൽ എറിയപ്പെടാഞ്ഞ സന്തുഷ്ടനായ ഉപവാസകൻ സിംഹക്കൂട്ടിലേക്ക് എറിയപ്പെട്ടു.[28] കാരണം, വിഗ്രഹവും അതിന്റെ നാമവും തകർന്നുപോയതിനാൽ, അത്യാർത്തിയുള്ളവർ ഉപവാസകനെ മൃഗങ്ങൾക്ക് എറിഞ്ഞുകൊടുത്തു. അതിലൂടെ ജേതാവിന്റെ രക്ഷകൻ ബഹുമാനിക്കപ്പെടാനായിരുന്നു അത്.

7. ഉപവാസകൻ മൃഗങ്ങൾക്ക് എറിയപ്പെട്ടു. അവന്റെ ഉപവാസത്തിന്റെ ഗന്ധം സിംഹക്കൂട്ടിൽ വ്യാപിച്ചു. സിംഹത്തിന്റെ ഭീകരാലർച്ചയെ നിശ്ശബ്ദമായ പ്രാർഥനാമന്ത്രം കീഴടക്കി. യാചനാരൂപത്തിലുള്ള നെടുവീർപ്പ് ആ അലർച്ചയെ ഫലരഹിതമാക്കി. വിനീതന്റെ സ്വരം ശക്തനായ സിംഹത്തെ ബലഹീനനാക്കി. ദാനിയേലിന്റെ ഉപവാസത്താലും താഴ്മയാലും വന്യമൃഗങ്ങൾ ലജ്ജിതരായി.

## 9

1. ഇതാ, ശരീരത്തെയും ആത്മാവിനെയും അലങ്കരിച്ചു എന്നതിൽ ഉപവാസം രണ്ട് മനോഹാരിതകൾ സമ്മാനിച്ചു. അത് മാലാഖമാരുടെ

24. ദാനി.5,5. 25. ദാനി.5,8. 26. ദാനി.5,3.
27. ദാനി.5,24. 28. ദാനി.6,12.

www.malankaralibrary.com



മുമ്പാകെ ആത്മാവിന് മഹനീയത നൽകി, ശാരീരികരുടെ മുമ്പാകെ ശരീരത്തിന് ശോഭ പ്രദാനം ചെയ്തു. സുന്ദരരുടെ സൗന്ദര്യം വിശപ്പുകൊണ്ട് വാടിപ്പോകുന്നു. എന്നാൽ ഈ യുവാക്കൾ[29] ഉപവാസത്താൽ സമ്പൂർണരും സുന്ദരരും ആയിത്തീർന്നു. അവർ മോശയെ നോക്കി: അവന്റെ ഉപവാസത്തിൽ അവൻ മലയിൽ നിന്നിറങ്ങി, അവന്റെ മുഖകമലം പ്രശോഭിതമായിരുന്നു.[30]

*പ്രതിസ്തോത്രം: നിന്റെ ഉപവാസത്താൽ നീ അവരെ പ്രകാശിപ്പിച്ചതിനാൽ നിനക്കു സ്തുതി.*

2. വഹിക്കാൻ ഭാരമാണെങ്കിൽ പോലും, ഹൃദയസന്തോഷം നൽകുന്നത് സുഖപ്രദമാണ്. എന്നാൽ ആഹാരം തേനാണെങ്കിൽപോലും ദുഃഖമുളവാക്കുന്നതാണെങ്കിൽ, കയ്പ്പുള്ളതാണ്. സന്തുഷ്ടമായ ഉപവാസത്താൽ ഹൃദയം പ്രകാശിക്കുന്നു; അതിൽ ആത്മാവ് ആനന്ദതുന്ദിലമാകുന്നു. ആ യുവാക്കൾ തങ്ങളുടെ ഉപവാസത്തിൽ സന്തുഷ്ടരായിരുന്നു, അവരുടെ ശോഭ തിളങ്ങി.

3. വിശിഷ്ടഭോജനത്തിൽ അത്യാർത്തിയുള്ളവൻ എന്നപോലെ, ഉപവാസത്തിൽ ദാനിയേൽ വളരെ രുചി കണ്ടെത്തി. അവൻ അതിന് ഇടനൽകിയപ്പോൾ, അതിൽ മുന്നോട്ടുള്ള പോക്കിലും അവൻ വിജയിച്ചു. കാരണം, തഴക്കം തനിയെ നിർത്താനാവില്ല. തന്റെ ഒറ്റ പ്രാവശ്യത്തെ മുലകുടി നിർത്തലിലൂടെ കുട്ടി അമ്മയുടെ പാൽ മറക്കുന്നു. എന്നാൽ യൗവനത്തിലെ ഉപവാസം തന്റെ വാർധക്യത്തിൽ പോലും നിർത്താൻ ദാനിയേലിന് കഴിഞ്ഞില്ല എന്നത് ആശ്ചര്യകരം തന്നെ.

4. വീഞ്ഞു നിമിത്തമുള്ള ദാഹം ആളിക്കത്തുന്നതുപോലെ, ദാനിയേൽ ഉപവാസം വളരെ കൂടുതലായി കൊതിച്ചു. അവൻ ഉപവാസത്തെപ്പറ്റി ഓർക്കുകയും യുവത്വം ധരിക്കുകയും ചെയ്തു. മൂന്നാഴ്ച തുടർച്ചയായി അവൻ ഉപവസിച്ചു.[31] വാർധക്യത്തിൽ സൗന്ദര്യം വാടിയെങ്കിലും, അവൻ തന്റെ ഉപവാസത്തിൽ സന്തുഷ്ടനായിരുന്നു.[32] കാരണം, അവന്റെ വാർധക്യം ഉപവാസത്തിലൂടെയും യൗവനം സസ്യാഹാരത്തിലൂടെയും സന്തുഷ്ടമായിരുന്നെന്ന് അറിയുന്നതിന്, ഗബ്രിയേൽ അവനെ 'സന്തുഷ്ടൻ' എന്നു വിളിച്ചു.

5. യുവാക്കൾ ഒറ്റ ദിവസംകൊണ്ട് ക്ഷീണിച്ചു പിന്മാറുന്നിടത്ത് ആ വൃദ്ധൻ ആഴ്ച മുഴുവൻ ഉപവസിച്ചിരുന്നു. തന്റെ വസ്തുവകകൾ തന്റെ ചുമലിലേറ്റിയ ആ കച്ചവടക്കാരൻ, മുട്ടുകുത്തി മൂന്നു ചുമടുകൾ എടുത്തു. ഭൂരിപക്ഷംപേരും ഇഷ്ടപ്പെടുന്ന, സന്തുഷ്ടി പകരുന്ന അപ്പം അവൻ നിരസിച്ചു.[33] അക്കാരണത്താൽ അവൻ സ്വർഗവാസികൾക്ക് അഭിഗാമ്യനായി.

---

29. ദാനിയേലും സഖികളും. 30. പുറ.34,29. 31. ദാനി.10,2.
32. ദാനി.9,23. 33. ദാനി.10,3.

www.malankaralibrary.com



ഭൗമികർ ഇഷ്ടപ്പെടുന്നത് അവൻ നിന്ദിച്ചതിനാൽ, സ്വർഗീയർക്ക് അവ നിൽ പ്രിയംതോന്നി.

6. ശരീരംപോലെ ആ യുവാക്കളുടെ നാമവും പവിത്രമായിരുന്നു. അവർക്ക് മനുഷ്യർ പേരിട്ടു.[34] ബഹുമാന്യവും വിശുദ്ധവുമായ നാമങ്ങളോട് അവർ വിജാതിയ നാമങ്ങൾ കൂട്ടിച്ചേർത്തു. കാരണം, "ദൈവത്തിന്റെ ന്യായ വിധി" എന്നാണ് ദാനിയേൽ എന്ന നാമത്തിന്റെ അർഥം. അവൻ അവരെ വിധിക്കുമെന്ന്, ഈ നാമത്തിന്റെ മുമ്പിൽ ബാബേൽ ഭയപ്പെട്ടു. വാസ്തവ ത്തിൽ, അവൻ അവരെ വിധിക്കുകയും അവരുടെ രാജ്യം മേദ്യർക്കും പേർഷ്യാക്കാർക്കുമായി നൽകുകയും ചെയ്തു.

7. ദാനിയേലിന്റെ നാമത്തിലുള്ള ഭയജനകമായ മഹത്വം നിമിത്തം ജേതാവായ ദൈവത്തെ വിഗ്രഹം കീഴ്പ്പെടുത്താനായി, ദാനിയേലിന്റെ നാമ ത്തോടുകൂടെ ഒരു ബലഹീന ദേവവിഗ്രഹനാമം പാപം സൂത്രത്തിൽ ഉൾപ്പെ ടുത്തി. എന്നാൽ ആ മഹാനാമത്തെ അടിച്ചമർത്താൻ ശ്രമിച്ചപ്പോഴും അത് അതിന്റെ ശക്തി കാട്ടി. പീഡിപ്പിക്കുന്നവനെ തടവിലാക്കപ്പെട്ടവന്റെ മുമ്പിൽ വച്ച് തറയിൽ തള്ളിയിടാനും പുരോഹിതൻ സുഗന്ധധൂപം പരത്തുന്നതു പോലെ ചിതറിക്കാനും ആ നാമം നിർബന്ധിതമായി.[35]

8. 'ഏൽ' എന്ന ആരാധ്യനാമം ദൈവം പ്രതീകാത്മകമായി ദാനിയേ ലിനു നൽകി. പീഡിപ്പിക്കുന്നവനെ തന്റെ വിജയം കാണിക്കാൻ, തനിക്ക് അവകാശപ്പെട്ട ആരാധന അവൻ ബാബേലിൽ നിന്ന് ആവശ്യപ്പെട്ടു. താൻ പരിശുദ്ധസ്ഥലം അഗ്നിക്കിരയാക്കി, ആരാധകരെ നശിപ്പിച്ചു എന്ന് ബാബേൽരാജാവ് കരുതിയതിനാൽ, ആരാധ്യന്റെ നാമം ചേർന്നിരുന്ന തട വുകാരനെ തന്റെ സ്വന്തം നാട്ടിൽ ആരാധിക്കേണ്ടിയിരുന്നു.

9. 'ഏൽ' ചേർത്ത് മറ്റൊരു ആരാധ്യനാമം അവൻ പ്രതീകാത്മക മായി മിഷായേലിനു നൽകി. അവൻ താണുവീണ് വിഗ്രഹത്തെ ആരാധി ക്കാനായി, പാപം ആരാധ്യനാമത്തിനെതിരെ കപടപൂർവം മുന്നേറി. എന്നാൽ മിഷായേൽ, തനിക്ക് നൽകപ്പെട്ട നാമം ശ്രദ്ധിച്ചു. ആരാധ്യനാമം എങ്ങനെ വിഗ്രഹത്തെ ആരാധിക്കും? അവർ തെറ്റിന്റെ വിഗ്രഹത്തെ ആരാധിക്കാഞ്ഞ തിനാൽ, വഴിതെറ്റിയവർ അവനോടൊപ്പം സത്യത്തെ ആരാധിച്ചു.

10. പ്രതീകാത്മകമായി ഉപവാസകർക്കു നൽകിയ നാമം നമുക്ക് ഇപ്പോൾ അവഗണിക്കാം. കാരണം, അവരുടെ നാമത്തെപ്പറ്റി വിവരിക്കാനുള്ള സമയമല്ലിത്. അവരുടെ സസ്യാഹാരത്തെപ്പറ്റി സംസാരിക്കാനുള്ള സമയ മാണിത്. താക്കോലായിത്തീർന്ന അവരുടെ ഉപവാസം നമുക്ക് പരിഗണി ക്കാം. അത് പരിശുദ്ധാത്മാവിന്റെ മഹാഭണ്ഡാരം തുറന്നു. സ്വപ്നത്തിന്റെ വെളിപ്പെടുത്തലും അതിന്റെ അർഥവും വിശദീകരണവും അത് തുറന്ന് അതിൽ നിന്നെടുത്തു.

34. ദാനി.1,7. 35. ദാനി.2,46.

www.malankaralibrary.com



11. സാത്താൻ തന്റെ രാജ്യത്തിൽ വിഭജിതനാണ്. അവൻ തന്റെ സ്വന്തം അനുയായികളെ കുറ്റപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. വഞ്ചന തന്റെ സ്വന്തം സ്നേഹിതരെ വിധിച്ചിരിക്കുന്നു. തന്റെ സ്വന്തം ദാസരിൽ പാപം വിഭജിതമാണ്. തെറ്റും ശരിയും തമ്മിൽ ഒരു മത്സരം തുടങ്ങിയിരിക്കുന്നു. തെറ്റ് ബുദ്ധിമാന്മാരിൽ ലജ്ജിതമായി തറപറ്റി.[36] എന്നാൽ സത്യം യുവാക്കളാൽ കിരീടം ധരിപ്പിക്കപ്പെട്ടു. സത്യം അവരെയും കിരീടം ധരിപ്പിച്ചു.

12. ഇതാ, സീയോന്റെ താപസർ തങ്ങളുടെ സസ്യാഹാരംകൊണ്ട് ബാബേലിനെ ഭോജനപ്രിയത്തിൽ നിന്ന് രക്ഷപെടുത്തി വിടുവിച്ചു. ജ്ഞാനികളെ കൊല്ലാൻ അതു വാളുയർത്തി. എന്നാൽ ഹനനിയായുടെ സഖികളുടെ ഉപവാസത്താൽ അത് മൂർച്ചയില്ലാതായി. ഉദരസേവ ചെയ്യുന്നവരോട് ഉപവാസകർ കരുണ കാട്ടി. തന്റെ സ്വന്തം വക്താക്കളെ തട്ടിമറിച്ചിട്ട തെറ്റ് ഭ്രാന്തുപിടിച്ചതായിരുന്നു. തന്റെ സ്വന്തം ആളുകളോട് പോരാടാൻ താൻ തിരിഞ്ഞിരിക്കുകയാണെന്ന് തെറ്റ് മനസ്സിലാക്കിയില്ല.

13. അറിയോക്[37] രോഷാകുലനായി പുറപ്പെട്ട് കുറ്റന്മാരെയും കറുത്തവരെയുമെല്ലാം നശിപ്പിക്കുമായിരുന്നു. ഇടത്തുവശത്തുള്ളവരുടെ നിരകൾ സംഭ്രമിച്ചു. കാരണം, ഉറപ്പില്ലാത്ത സ്നേഹമുള്ള അമ്മയായിരുന്നു അത്. വലത്തുവശത്തെ കുഞ്ഞാടുകൾ ധൃതിപ്പെട്ട് ക്രോധവിധി തടഞ്ഞു. പ്രാർഥനയാൽ ആകാശം അടയ്ക്കുകയും തുറക്കുകയും ചെയ്ത വിജയികളായ മോശയുടെയും ഏലിയായുടെയും ആയുധമായിരുന്ന ഉപവാസം അവർ വേഗത്തിൽ ധരിച്ചു.

# 10

1. ഫറവോയുടെ മകളുടെ മടിയിൽ വളർന്നവൻ ഈജിപ്തിന്റെ തഴക്കങ്ങൾ ഉപേക്ഷിച്ചു. രാജകീയസമൃദ്ധിയിൽ അവൾ അവനെ വളർത്തി. അവൻ തേനിലും പാലിലും നീന്തി. നൈലിൽ നിന്ന് അവനെ വലിച്ചെടുത്ത[38] രാജകുമാരിയെ അവൻ ഉപേക്ഷിക്കുകയും യാക്കോബിന്റെ മകളെ സ്നേഹിക്കുകയും ചെയ്തു. അവളാകട്ടെ തന്റെ വിഭ്രാന്തിയിൽ അവനെ നിന്ദിച്ചു. എല്ലാവരെയും സമ്പന്നരാക്കുന്ന നിക്ഷേപത്തിൽ ശ്രദ്ധിച്ചതിനാൽ, അവൻ രാജകുമാരിയുടെ നിക്ഷേപങ്ങൾ വെറുക്കുകയും ദൂരെ എറിയുകയും ചെയ്തു.

*പ്രതിസ്തോത്രം: ജേതാക്കളായ ഉപവാസകരേ, നിങ്ങൾക്കു ഭാഗ്യം!*

2. ഉപവാസകരുടെ തലവനായ മോശ, ഫറവോയുടെ പുത്രിയുടെ സമൃദ്ധമായ മേശയെ നിന്ദിച്ചു.രാജകീയാരമനയിലെ സമൃദ്ധി അവൻ

---

36. ദാനി.2,12. 37. ദാനി.2,14. 38. പുറ.2,10.

www.malankaralibrary.com



തന്നിൽനിന്ന് ദൂരെയെറിഞ്ഞു. അവൻ ഉപവസിക്കുകയും പ്രശോഭിക്കുകയും ചെയ്തു.[39] അവൻ പ്രാർഥിക്കുകയും വിജയിക്കുകയും ചെയ്തു. തന്റെ സ്വാഭാവികശോഭയിൽ അവൻ മുകളിലേക്ക് കയറി. മറ്റൊരു ശോഭയിൽ താഴേക്കിറങ്ങി. ഭൗമികശോഭ മുകളിലേക്ക് കയറി, സ്വർഗീയശോഭയിൽ പൊതിഞ്ഞ് താഴേക്കിറങ്ങി.

3. ഇതാ, ഉപവാസത്തിന്റെ നീസാൻ മലമുകളിൽ! മോശ അവിടെ കയറി തിന്നുകൊഴുത്തു. കാരണം, ഉപവാസം അവനു ഭക്ഷണവും, പ്രാർഥന സജീവജലത്തിന്റെ ഉറവയും ആയിത്തീർന്നു. അവൻ വിവേകമുള്ള മനുഷ്യനായിരുന്നു. അവന്റേത് പാപപരിഹാരപ്രദമായ ഉപവാസമായിരുന്നു. അവൻ താഴേക്കിറങ്ങിയപ്പോൾ ജനത്തിന്റെ ഇടയിൽ കാളക്കുട്ടി നിൽക്കുന്നതായി കണ്ടു. പാപത്തിന്റെ നിഷ്ക്രിയ കാളയ്ക്കെതിരെ അധ്വാനിക്കുന്ന കാളക്കുട്ടി ആവേശഭരിതനായി.

4. മോശ മലയിൽ പ്രാർഥിച്ചപ്പോൾ, അന്ധരായ ആ ജനം ആർത്തുല്ലസിച്ചു. മോശയ്ക്ക് പാപപരിഹാരപ്രദമായ ഉപവാസം! ജനങ്ങൾക്ക് വിജാതിയ ഉത്സവം! മോശ അത്യുന്നതനോടൊത്ത്, ജനം കാളക്കുട്ടിയോടൊത്ത്. മോശയിൽ ആത്മാവ്, ജനത്തിൽ ലെഗിയോൻ! കാളക്കുട്ടി നിമിത്തം മുറിവേറ്റ, വഴിതെറ്റിയവർക്ക് ഉപവാസം മരുന്നായിത്തീർന്നു.

5. വാർത്തുണ്ടാക്കിയ, ചലനരഹിത കാളക്കുട്ടി പാളയത്തിൽ ആപത്തുണ്ടാക്കി. കാരണം, വിജാതിയത്വത്തിന്റെ അദൃശ്യകൊമ്പുകൊണ്ട് അത് അതിന്റെ ആരാധകരെ നിഗൂഢമായി കുത്തിത്തുളയ്ക്കുകയും കൊല്ലുകയും ചെയ്തു. ആത്മാക്കളുടെ മരണത്തെപ്പറ്റി ശരീരങ്ങളെ പഠിപ്പിക്കാൻ മോശ വാൾ കൊണ്ട് അതിന്റെ ആരാധകരെ കുത്തിത്തുളച്ചു. വാളിലൂടെ അവർ കാളക്കുട്ടിയുടെ നിഗൂഢസ്വഭാവം മനസ്സിലാക്കി. ദൃശ്യമായതിലൂടെ അവൻ അവരെ അദൃശ്യമായത് കാണിച്ചു.

6. ഈജിപ്തിലെ മരുന്നുകൾ വിശിഷ്ടങ്ങളായിരുന്നു; അവിടുത്തെ വൈദ്യന്മാർ വിദഗ്ദ്ധരായിരുന്നു. എന്നാൽ മോശ മരുന്നുകളുടെ നിക്ഷേപം നിന്ദിച്ചു. കാരണം, അവൻ ശാരീരികവേദനയല്ല, ആത്മീയ വേദനയാണ് പരിഗണിച്ചത്. അവൻ ദൈവത്തിന്റെ മലയായ സീനായ് മലയിൽ കയറി. അവൻ അവിടെ കൂടുതൽ സമയം ചെലവഴിക്കുകയും അദൃശ്യമാംവിധം ആത്മാവിനെ സുഖപ്പെടുത്തുന്ന ആത്മീയ പച്ചമരുന്നുകൾ ശേഖരിച്ച് താഴേക്ക് കൊണ്ടുവരികയും ചെയ്തു.

7. ഭോജനപ്രിയരുടെ നിന്ദ്യമായ ശീലം, രുചി കെടുത്തുന്ന ഒരു രോഗമാണ്. മധുരമുള്ള സാധാരണഭക്ഷണം അവരുടെ വായിൽ ഈ ശീലം ദുഷി

39. പുറ.34,29.

www.malankaralibrary.com



പ്പിക്കുന്നു. അത്യാർത്തിയുള്ളവർ മുറുമുറുത്തുകൊണ്ട് തിന്നുന്ന ശീലമുള്ളവരാണ്. അവർ വിദ്വേഷത്തോടെ കുടിക്കുന്നു. ക്ഷമയില്ലാത്തവൻ രോഗിയാണ്. പുതിയതിനുവേണ്ടി ദാഹിക്കുന്നതിനാൽ, അവന്റെ ആവശ്യം അടക്കാനാവില്ല.

8. സ്വർഗീയമന്നാ മുറുമുറുപ്പോടെ തിന്ന ആ ജനത്തെ നോക്കുക. അതിന്റെ നിറം ഗോമേദകം പോലെയും അതിന്റെ രുചി തേൻപോലെയും ആയിരുന്നു.[40] മന്നായുടെ ശ്രേഷ്ഠത ശ്രോതാക്കളിൽ ചിത്രീകരിക്കാൻ, നിരവധി ഉപമകളിലൂടെ അവൻ ഒരു ചിത്രം നൽകി. വായിലെ ദൃശ്യവസ്തുവിലൂടെ അതിന്റെ മറഞ്ഞിരുന്ന രുചി അവൻ അറിയിച്ചു.

9. അതിന്റെ നിറത്തിൽ അത് പ്രകാശത്തെ ഉല്ലംഘിക്കുന്നതാണെന്നു പഠിപ്പിക്കാൻ അവൻ അതിന്റെ നിറത്തെ ഗോമേദകത്തോട് ഉപമിച്ചു. അതിന് രുചിയും മണവും കുറവാണെന്ന് ഗ്രഹിപ്പിക്കാൻ അവൻ അതിനെ കൊത്തമ്പാലരിയോടുപമിച്ചു.[41] അവൻ അതിനെ എണ്ണയോടും തേനിനോടും താരതമ്യപ്പെടുത്തി. അത് സമ്പുഷ്ടിയുടെ ഉറവയാണെന്ന് പഠിപ്പിക്കാൻ എണ്ണയോട് താരതമ്യപ്പെടുത്തി.[42] അത് മാധുര്യത്തിന്റെ ഉറവയാണെന്ന് ഗ്രഹിപ്പിക്കാൻ തേനിനോട് സാദൃശ്യപ്പെടുത്തി.

10. ഇത്തരം നിറത്തിലും മണത്തിലും രുചിയിലും പൊതിയപ്പെട്ട ഈ മന്നാ രോഗികളെപ്പോലെ ക്ഷമാരഹിതമായി, തങ്ങളുടെ അത്യാർത്തിയിൽ തീറ്റിപ്പണ്ടാരങ്ങൾ തിന്നു. കയ്പുചീരയും പുളിപ്പില്ലാത്തതും ഓർക്കാനായി[43] അവർ അതിൽ നിന്നു ഭക്ഷിച്ചു. ഈജിപ്തിലെ വെളുത്തുള്ളിയിൽ പരിചയിച്ച ഭൂമിയിലെ പെരുച്ചാഴികൾ സ്വർഗീയമന്നാ മുറുമുറുപ്പോടെ തിന്നു.

11. തന്റെ സ്വന്തം ഇഷ്ടപ്രകാരം തന്റെ വായ് ഭക്ഷണത്തിൽ നിന്നകറ്റിയ ഉപവാസകനെപ്പറ്റി ആർക്കു ഗ്രഹിക്കാനാകും! അവനു വിശന്നു; ഭക്ഷണം കണ്ടെങ്കിലും, അവൻ അത് ഇച്ഛിച്ചില്ല. അവനു ദാഹിച്ചു; ജലം കണ്ടെങ്കിലും അവൻ അതാഗ്രഹിച്ചില്ല. കാരണം, അവനു ഭക്ഷിക്കാൻ കഴിയുമായിരുന്നിട്ടും, ഉപവാസം അവനെ സന്തുഷ്ടനാക്കി. അവന് കുടിക്കാൻ കഴിയുമായിരുന്നിട്ടും ദാഹം അവന് നവോന്മേഷം പകർന്നു. എല്ലാറ്റിനും പ്രതിഫലം നൽകുകയും തന്റെ രാജ്യത്തിലെ മേശയിൽ അവനെ സന്തോഷിപ്പിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

---

40. സംഖ്യ, 11,7.പുറ.16,31.

41. സംഖ്യ,11,7.

42. സംഖ്യ,11,8.

43. പുറ.12,8.

www.malankaralibrary.com



## അനുബന്ധം

# 1

1. മനുഷ്യവിദ്വേഷിയും ആദത്തെ കീഴ്പ്പെടുത്തിയവനും അവന്റെ മക്കളെ ദ്വേഷിച്ചവനുമായ സാത്താനോട് പോരാടാൻ നമുക്ക് ആയുധം തന്ന രാജസുതൻ വാഴ്ത്തപ്പെട്ടവനാകുന്നു. ആദ്യജാതന്റെ ശക്തിയിൽ അവനെ കീഴ്പ്പെടുത്താൻ, ഉപവാസംകൊണ്ട് അവനെതിരെ നമുക്കു പോരാടാം!

*പ്രതിസ്തോത്രം: സാത്താനോടു പോരാടാൻ നമുക്ക് ആയുധം തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ഉപവാസം ഒരായുധമാണ്; അതിൽ നിന്ന് ദുഷ്ടനെതിരെ അമ്പുകൾ പായുന്നു. ജേതാക്കളുടെ നായകനായ ക്രിസ്തു അതിനാൽ ദൈവത്തെപ്പോലെ കാഠിന്യത്താലല്ല, നൈയാമിക പോരാട്ടത്തിലൂടെ സാത്താനെ കീഴടക്കി.

3. സർപ്പത്തിന്റെ കൗശലത്തിലൂടെ പറുദീസായിൽ പരാജിതമായ ആദത്തിന്റെ ആ ശരീരം കൊണ്ടുതന്നെ ക്രിസ്തു വിജയിച്ചു. ആരംഭത്തിൽ ആഹാരത്തിലൂടെ അത് അവനെ വഴിപിഴപ്പിച്ചു. അക്കാരണത്താൽ, ദൈവമായിരുന്നിട്ടും ക്രിസ്തു മനുഷ്യനായി. അവൻ ഉപവാസംകൊണ്ട് പോരാടുകയും ദുഷ്ടനെ ജയിക്കുകയും ചെയ്തു.

4. അവൻ മനുഷ്യരെപ്രതി തന്നെത്തന്നെ താഴ്ത്തി മനുഷ്യനായിത്തീർന്നതിനാൽ, ദൈവമായിരുന്നിട്ടും മനുഷ്യരെപ്പോലെ ഉപവസിക്കുകയും തന്റെ സംശുദ്ധ ഉപവാസത്താൽ ദുഷ്ടനെ പരാജയപ്പെടുത്തുകയും എല്ലാ പരിശ്രമശാലികളും തനിക്കു തുല്യരാകാൻ ഒരു മാതൃക നൽകുകയും ചെയ്തു.

5. സർവശക്തനായ ദൈവത്തോടെന്നപോലെയല്ല, പിന്നെയോ, ഒരു മനുഷ്യനോടെന്നപോലെ, ഒരു സാധാരണക്കാരനോട് എന്നപോലെയാണ് ശപ്തൻ അവനോട് പോരാടിയത്. മറിച്ചായിരുന്നെങ്കിൽ, അവനോടുള്ള പോരാട്ടത്തിൽ നിന്ന് എങ്ങനെ രക്ഷപെടാൻ കഴിയുമെന്ന് അറിയാത്തതിനാൽ, അവൻ ഭയചകിതനാകുമായിരുന്നു.

6. അവൻ അവനെ മനുഷ്യനായി മാത്രം കണ്ടു; അതിനാൽ പോരാട്ടത്തിൽ നിന്ന് തനിക്ക് എന്ത് അന്ത്യമാണ് ഉരുത്തിരിയുന്നതെന്ന് ദുഷ്ടന് വ്യക്തമല്ലാതിരുന്നിട്ടും, അവനുമായി പോരാട്ടം നടത്താൻ അവൻ തുനിഞ്ഞു. അങ്ങനെ അവൻ സാഹസികനായിരുന്നു; എന്നാൽ പരാജിതനായി കീഴമർത്തപ്പെട്ടു.

www.malankaralibrary.com



7. ഏദനിൽ ആദാം പരാജയപ്പെട്ട അതേ ആയുധം കൊണ്ട് നമ്മുടെ കർത്താവ് വിജയിച്ചു. പഴത്തോടുള്ള ആഗ്രഹത്തിലൂടെ ആദം പരാജിതനായി. ആഹാരത്തിൽ നിന്ന് അകന്നിരുന്ന ഉപവാസത്തിലൂടെ, ആഹാരത്തിലൂടെ വഴിപിഴപ്പിക്കാൻ കഴിഞ്ഞ ദുഷ്ടനെ ക്രിസ്തു കീഴടക്കി.

8. ഉപവാസത്തിലൂടെയും ജാഗരണത്തിലൂടെയും ശരീരം ബലഹീനമാകുന്നു; അതോടൊപ്പം, ശരീരത്തിൽ ചുറ്റിക്കയറുന്ന എല്ലാ വികാരങ്ങളും പുകപോലെ ശമിക്കുന്നു. ഉപവാസത്തിലൂടെ അവ അടങ്ങുകയും ശാന്തമാകുകയും നിശ്ശബ്ദമാകുകയും ചെയ്യുന്നു.

9. തീയും ജ്വാലയും ഉജ്ജ്വലിപ്പിക്കുന്ന വിറകുപോലെ, ഭക്ഷണപാനീയങ്ങളാൽ, ശരീരം പുകപോലെ ഉജ്ജ്വലിക്കുന്നു. അതിന്റെ വികാരാവേശങ്ങൾ ചുറ്റിപ്പടരുകയും അതിന്റെ ദുർഗന്ധത്താൽ ബുദ്ധി മന്ദീഭവിക്കുകയും ചെയ്യുന്നു.

10. എന്റെ സഹോദരരേ, നമുക്ക് ഉപവാസത്തെ സ്നേഹിക്കാം. അത് വെടിപ്പുള്ള ഫലം സമൃദ്ധമായി പുറപ്പെടുവിക്കുന്നു. കാരണം, ഉപവാസത്താൽ ബുദ്ധിയും മനസ്സും പ്രകാശിതമാകുന്നു. ചിന്ത വെടിപ്പുള്ളതായി തീരുന്നു. ഉപവാസത്തിലൂടെ സദ്വികാരങ്ങൾ ഹൃദയത്തിൽ ഭരിക്കാൻ ഇടയാകുന്നു.

11. വിവേകപൂർവം ഉപവാസത്തെ സ്നേഹിക്കുന്നവന് അത് നല്ലതാണ്. കാരണം, ഉപവാസത്തിലൂടെ ആത്മാവിന്റെ സൗന്ദര്യം വർധിക്കുന്നു. ശരീരത്തിന് നന്മകൾ വർധിക്കുന്നു. ജീവന്റെ മണവറയിലേക്ക് എല്ലാവരെയും അത് ക്ഷണിക്കുന്നു.

12. ഓ, നല്ലവനേ, വെടിപ്പുള്ള ഉപവാസത്തിലൂടെ ഞങ്ങൾക്ക് ഹൃദയനൈർമല്യവും ഹൃദയത്തിന്റെ ശുദ്ധചിന്തകളും തന്നാലും. അങ്ങനെ എന്റെ കർത്താവേ, ആത്മശരീരങ്ങൾ ഏകയോഗമായി നിന്റെ ദാനത്തിന് നിനക്ക് നന്ദി പറയാൻ ഇടയാകട്ടെ.

## അനുബന്ധം

# 2

1. വിജയപ്രദമായ ആയുധമാണ് ഉപവാസം; അതിനാൽ പരിശ്രമശാലികൾ എപ്പോഴും അതുവഴി വിജയിക്കുന്നു: തീച്ചൂളയിൽ അതിന്റെ അത്ഭുതം, സിംഹക്കുഴിയിൽ അതിന്റെ വിജയം. സിംഹങ്ങളും അഗ്നിജ്വാ

www.malankaralibrary.com



ലയും അതിനു കീഴ്പ്പെട്ടു. അതേപ്പറ്റി യോഗ്യമാംവിധം പറയാൻ ആർക്കു കഴിയും?

*പ്രതിസ്തോത്രം: എന്റെ കർത്താവേ, നിനക്കു സ്തുതി. എന്തുകൊണ്ടെന്നാൽ നിന്റെ ഉപവാസത്താൽ നീ പരിശ്രമശാലികളെ പ്രകാശിപ്പിക്കുന്നു.*

2. അസൂയയാൽ ഒരുപവാസകൻ വന്യമൃഗങ്ങളുടെ കുഴിയിലേക്ക് എറിയപ്പെട്ടു.[44] അവന്റെ ഉപവാസത്തിന്റെ ഗന്ധത്താൽ സിംഹങ്ങൾ ഭയപ്പെടുകയും സ്നേഹപൂർവം അവന്റെ പാദം ചുംബിക്കാൻ തങ്ങളുടെ തലകൾ കുനിക്കുകയും ചെയ്തു.

3. കൊലയ്ക്കായി അലറുന്ന നിഷ്ഠൂരരും ബലിഷ്ഠരുമായ സിംഹങ്ങൾ ഉപവാസകരുടെ മാളത്തിൽ ഉപവസിക്കാൻ പഠിച്ചു. എളുപ്പം പരിശീലിപ്പിക്കാവുന്ന അർഥികളെപ്പോലെ, ഗുരുവിന്റെ രീതികളിലൂടെ അവ അവനെ ബഹുമാനിച്ചു.

4. തീറ്റിപ്രിയരെ കുറ്റപ്പെടുത്താൻ മൃഗങ്ങൾ ഉപവാസം അഭ്യസിച്ചു. കാരണം, ദാനിയേലിനോടൊപ്പം സിംഹങ്ങൾ ഉപവസിച്ചപ്പോൾ, വിവേകികൾ എപ്രകാരം ക്രിസ്തുവിന്റെ ഉപവാസത്തെ ബഹുമാനിക്കണം!

5. ഏകാധിപതിയുടെ ശക്തിയെ കീഴ്പ്പെടുത്താൻ ഉപവാസത്തിനു കഴിയുമെന്ന് കാണിക്കാനായി, യുവതിയായ എസ്തേർ ഉപവസിക്കുകയും ഹാമാനെ കഴുമരത്തിലും നാശത്തിലും എത്തിക്കുകയും ചെയ്തു.[45] സമ്പൂർണസ്നേഹത്തോടുകൂടെ സകല മനുഷ്യരും അതിലേക്ക് ഓടാൻ ഇടയാകട്ടെ.

6. ശക്തരുടെ ഔന്നത്യം ഉപവാസം താഴ്ത്തി എന്നതിൽ, ബാബിലോണിയാക്കാരെ ദാനിയേലും എസ്തേറും മർദോക്കായിയും ഉപവാസം പഠിപ്പിച്ചു. അവർ എല്ലാ തലമുറകൾക്കും ജനങ്ങൾക്കും നല്ല മാതൃകകളായിത്തീർന്നു.

7. അത് അഗ്നിയെ കീഴടക്കി; അതിന്റെ ദർശനത്തിൽ ജ്വാല താണുപോയി; അതുപോലെ സിംഹങ്ങളും ദുഷ്ടനായ ഹാമാനും! ഉപവാസത്തെ സ്നേഹിക്കുന്നവരെല്ലാം അതിൽ സന്തോഷിക്കാൻ, ഉന്നതശക്തികൾ താഴ്ത്തപ്പെട്ടു.

8. തീച്ചൂളയും സിംഹക്കുഴിയും വെടിപ്പുള്ള കന്യകകളുടെ മണവറയും സുഗന്ധധൂപത്തിന്റെ വിശിഷ്ട ധൂപകലശങ്ങളായിത്തീർന്നു. അവയിൽ നിന്ന് ശക്തി സംഭരിച്ച ഉപവാസകർ വിജയിച്ചു; അവരുടെ ആയുധം ഇന്നും ലോകത്തിൽ വിജയിക്കുന്നു.

44. ദാനി.6,17.
45. എസ്തേർ,4,16.

www.malankaralibrary.com



9. മനുഷ്യർ ത്രിയേകത്താൽ പൂർണരാക്കപ്പെടുന്നതിനാൽ, മൂന്നുപേർ തീച്ചൂളയിൽ നിന്നു: ആത്മാവ്, അരൂപി, മൂന്നാമത്തേതായി ശരീരം. ഉപവാസകൻ അധ്വാനിക്കുമ്പോൾ, അവന്റെ സഹായത്തിന് നാലാമൻ അയക്കപ്പെട്ടു.[46]

10. ഈ ലോകം തീച്ചൂള പോലെയാണെന്നു കാണുക; അത്യാർത്തിയെ അഗ്നിയുമായി താരതമ്യപ്പെടുത്തുക. യോജിച്ചിരുന്നാൽ ഈ മൂന്നിനെ കീഴ്പ്പെടുത്താൻ അത്യാർത്തിക്ക് കഴിയുകയില്ല. അയക്കപ്പെട്ട ശ്രേഷ്ഠനായ നാലാമൻ ആശ്വാസപ്രദനാണ്!

11. ഉപവാസകനേ, എഴുന്നേൽക്കുക; മാർഗഭ്രംശത്തിൽ നിന്നും എല്ലാത്തരം വിഭജനങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുക. നിന്റെ കർത്താവിന്റെ ദാനം നിന്നെ താങ്ങിനിർത്താൻ, നിന്റെ ശരീരവും ആത്മാവും അരൂപിയും ബാഹ്യമായും ആന്തരികമായും ഏകയോഗമായിരിക്കട്ടെ.

12. ശരീരത്തിന് സംശുദ്ധതയും ആത്മാവിന്റെ ഔന്നത്യത്തിന് സ്നേഹവും നൽകുക. നിന്നെ ദൈവം പൂർണമായി ഇഷ്ടപ്പെടാൻ സത്പ്രവൃത്തികളിൽ നിന്റെ ആത്മാവിനെ താഴ്മയുള്ളതാക്കുക. അപ്പോൾ നിന്റെ സമ്പൂർണതയിൽ നിനക്ക് രക്ഷകനെ അയച്ചുതരും.

13. അൽപ്പാഹാരം കൊണ്ട് പക്ഷിക്ക് ഉയർന്നു പറക്കാൻ കഴിയും, അതിന്റെ ചിറകുകൾ ഭാരപ്പെടുകയില്ല. കാരണം, അതിന്റെ തീറ്റി അതിനെ താഴേക്ക് വലിക്കുന്നില്ല. ചരടുകൂടാതെ ഉന്നതത്തിലേക്ക് പറക്കാൻ കഴിയുന്നതിന് ഓ, ഉപവാസകാ, കുറച്ചു മാത്രം ഭക്ഷിക്കുക.

## അനുബന്ധം

## 3

1. ഉപവാസകരുടെ നിരയെ സ്തുതിക്കുന്നതിനും ആഘോഷിക്കുന്നതിനും ഭോജനപ്രിയരുടെ നിരയെ കുറ്റപ്പെടുത്തുന്നതിനും നമ്മുടെ കർത്താവ് നമ്മുടെ വായ് തുറക്കാൻ നമുക്ക് അവനെ ഏറ്റുപറയാം.

*പ്രതിസ്തോത്രം: സാത്താനെ ജയിക്കാൻ നമുക്ക് ആയുധം തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. എന്റെ സഹോദരരേ, ഭോജനപ്രിയരെയും അത്യാർത്തിക്കാരെയും ഉപവാസകരാക്കുന്നതിന് പ്രേരിപ്പിക്കാൻ ഞാൻ ഉപവാസത്തെപ്പറ്റി നന്നായി

46. ദാനി.3,25.

www.malankaralibrary.com



സംസാരിക്കുകയും എന്റെ കഴിവനുസരിച്ച് അതിനെ പ്രകീർത്തിക്കുകയും ചെയ്തു.

3. ഒറ്റ ഒരു സാധനം കൊണ്ട് ഒരു വീട് പണിയാനാവില്ല. ഉടമസ്ഥന് വിശ്രമത്തിനും താമസത്തിനും വേണ്ടി വ്യത്യസ്ത വസ്തുക്കൾകൊണ്ടാണ് ഭവനത്തിന്റെ അലങ്കാരം ക്രമീകരിക്കുക.

4. ഉപവാസകൻ ഉപവാസം കൊണ്ടുമാത്രം പൂർണനാകുന്നില്ല. യേശു അവനിൽ സംപ്രീതനാകാനും അവനിൽ വസിക്കാനും ഉപവാസത്തോടൊപ്പം മറ്റ് അലങ്കാരങ്ങൾ അവശ്യാവശ്യമാണ്.

5. തന്റെ നല്ല ജീവിതചര്യകളുടെ മനോഹാരിതയിലൂടെ പിതാവിനും പുത്രനും വെടിപ്പുള്ള വാസസ്ഥലമായി തീർന്നവൻ ഭാഗ്യവാൻ. ആലയത്തിലേപ്പോലെ അവൻ തന്റെ ആത്മാവിൽ ദൈവത്തെ സ്വീകരിക്കുന്നു.

6. ബുദ്ധിപൂർവവും വിവേകപൂർവവും വിജ്ഞാനത്തിൽ നിന്റെ ആത്മാവിന്റെ വിശുദ്ധസ്ഥലം പണിയാൻ, ഓ, ഉപവാസകനേ, നീ പഠിക്കുക. കാരണം, അവൻ നിന്നിൽ വസിക്കാൻ, ഇപ്രകാരം ഒരാലയമായി തീരാൻ നിനക്ക് കഴിയും.

7. ആത്മാവിന്റെ താഴ്മയും നമ്മുടെ കർത്താവിനോടും എല്ലാ മനുഷ്യരോടുമുള്ള സ്നേഹവും ഉണ്ടെങ്കിൽ, എല്ലാം പരിശോധിക്കുന്നവന് ഉപവാസം വളരെ സ്വീകാര്യമായിരിക്കും.

8. ദുഷ്ടൻ അഹങ്കാരപാതയിൽ നിന്നെ തന്റെ പക്ഷത്താക്കി, നിന്റെ അധ്വാനം നിഷ്ഫലമാകാതിരിക്കാൻ, ഓ, ഉപവാസകാ, കരുതലോടിരിക്കുക. കാരണം, സൂത്രശാലി ഉപവാസകനെ നശിപ്പിക്കാൻ ഇങ്ങനെ കിണഞ്ഞു പരിശ്രമിക്കും.

9. ഭക്ഷിക്കുന്ന നിന്റെ സഹോദരനെതിരെ നിന്നെ ഉയർത്താൻ, നീ ഉപവസിക്കുമ്പോൾ, ദുഷ്ടൻ നിന്നെ വഴിപിഴപ്പിക്കാതിരിക്കട്ടെ. ഇതിനായി നിന്നെ കുറ്റപ്പെടുത്തുകയും ശാസിക്കുകയും ചെയ്യുന്ന പൗലോസിനെ ഭയപ്പെടുക.

10. ഭക്ഷിക്കാത്തവൻ ഭക്ഷിക്കുന്നവനെ വിധിക്കാതിരിക്കട്ടെ.[47] ഓ, ഉപവാസകനേ, നീ വിധിക്കാനുള്ള ചുമതല ഏറ്റെടുക്കാതെ, നിന്നിൽ ദൈവസാദൃശ്യം കാട്ടുക.

47. റോമ.14,3.

www.malankaralibrary.com



## അനുബന്ധം

# 4

1. ഉപവാസത്തെ സ്വന്ത ഇഷ്ടത്താൽ സ്നേഹിക്കുന്നവന്, താൻ സ്നേഹിക്കുന്നതു കൂടാതെ കഴിയാനാവില്ല. എന്നാൽ പരപ്രേരണയാലും ബാഹ്യമാത്രമായും ഉപവസിക്കുന്നവന്റെ ഉപവാസം, അവനെതിരാണ്; അതവനെ ക്ലേശിപ്പിക്കുകയും ചെയ്യും. കാരണം, അവൻ തന്റെ ഹൃദയത്തിൽ ഉപവാസം ഇഷ്ടപ്പെടുന്നില്ല.

*പ്രതിസ്തോത്രം: ദുഷ്ടനോടു പോരാടാൻ നമുക്ക് ഉപവാസം തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. യഥാർഥത്തിൽ ഉപവാസം ഇഷ്ടപ്പെടുന്നവന് ഭക്ഷിക്കുമ്പോഴും ഉപവസിക്കാനാകും. എന്നാൽ നിർബന്ധത്താലോ, ബാഹ്യമാത്രമായോ ഉപവസിക്കുന്നെന്നു കാട്ടുന്നവൻ തന്റെ ഉപവാസത്തിലും ഭക്ഷണത്തിൽ നിന്ന് അകന്നിരിക്കുന്നില്ല. സ്വേച്ഛയായുള്ള ഉപവാസം സ്വീകരിക്കപ്പെടും. അത് നിലനിൽക്കും.

3. അപ്പം വർജിക്കുന്നതിലല്ല ഉപവാസം അടങ്ങിയിരിക്കുന്നത്. ദുഷ്ടതയിൽ നിന്നുള്ള വർജനയാണ് ശരിയായ ഉപവാസം. ഒരേസമയം അപ്പവും അനീതിയും വർജിക്കണം. ഉപവാസത്തിൽ പാപം വർധിക്കാൻ പാടില്ല. നീതിരഹിതർ നാബോതിനെ ഉപവാസത്തിൽ കൊന്നു.[48] ഉപവാസത്തിന്റെ പേരിൽ അവർ തങ്ങളുടെ ഹൃദയത്തിന്റെ അത്യാർത്തിയെ തൃപ്തിപ്പെടുത്തി.

4. മനുഷ്യർ സ്വാഭാവികമായി ഭക്ഷിച്ച് പോഷണം നേടുന്നു. മിതമായി ഭക്ഷിക്കുന്നവൻ പാപം ചെയ്യുന്നില്ല. ഭക്ഷിക്കുക എന്നത് സ്വാഭാവികമാണ്. ഉപവസിക്കുക എന്നത് ഇച്ഛാനുസൃതമാണ്. ഉപവാസത്തിൽ ഉന്മേഷവും അധ്വാനവുമുണ്ട്. അമിത ഭക്ഷണത്തിൽ ഉന്മേഷരഹിതമായ അധ്വാനം മാത്രം; വിവേകപൂർണമായ ഉപവാസത്തിൽ അധ്വാനവും പ്രതിഫലവും.

5. ഉപവാസത്തിന്റെ നേട്ടങ്ങൾ കൊള്ളയടിക്കപ്പെടാതിരിക്കാൻ, എന്റെ സഹോദരരേ, നാം ഭോജനപ്രിയത്താൽ ബന്ധിതരാകരുത്. ഉപവാസത്തിനുള്ള പ്രതിഫലം കരുതിവച്ചിരിക്കുന്നു, അത്യാർത്തിയുള്ളവന്റെ വിധി കുറിച്ചിട്ടിരിക്കുന്നു. കാരണം, ഇരുലോകങ്ങളിലും അവൻ ശിക്ഷിക്കപ്പെടും. ഭോജനപ്രിയൻ തന്റെ അത്യാർത്തിയാൽ ഉദരത്തിന്റെ അടിമയാണ്; ആ മറ്റേ ലോകത്തിൽ തന്റെ മനസ്സാക്ഷിക്കുത്തിന്റെ അടിമയും.

48. 1രാജാ.21,12

www.malankaralibrary.com

## മാർ അപ്രേം

# അബ്രഹാം കീദൂനായായെപ്പറ്റി

## 1

1. ജേതാവായ ഏൽ ദൈവം, എല്ലാറ്റിനെയും കീഴടക്കുന്ന മരണത്തെ അയച്ചു. അത് കടന്നുവന്ന്, ഇവിടെ വച്ചിരുന്ന കണ്ണാടി നമ്മുടെ ഇടയിൽ നിന്നെടുത്തു; നമ്മുടെ ജനം അതിൽ നോക്കിയാണ് തങ്ങളെത്തന്നെ അലങ്കരിച്ചിരുന്നത്.

*പ്രതിസ്തോത്രം: നിന്റെ വാർധക്യത്തെ കിരീടം ധരിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. അവനിൽ ഓരോരുത്തരും തങ്ങളെത്തന്നെ ദർശിച്ചു; അവനിൽ ഓരോരുത്തരും തങ്ങളെത്തന്നെ കുറ്റപ്പെടുത്തി. നിന്റെ വാർധക്യം കണ്ണാടിയായിരുന്നു. അതിൽ നോക്കുകയും എന്നാൽ തന്നെത്തന്നെ അലങ്കരിക്കാതിരിക്കുകയും ചെയ്യുന്നവന്റെ വൈരൂപ്യം അതിൽ കുറ്റപ്പെടുത്തപ്പെട്ടു.

3. എന്റെ നാഥാ, അലസർ നിന്നെ കണ്ടു; നിന്റെ ഉത്സാഹത്താൽ അവർ ലജ്ജിതരാകും. നിഷ്ക്രിയരും നിന്നെ കണ്ടു; നിന്റെ സ്ഥിരോത്സാഹം അവരെ കുറ്റപ്പെടുത്തും. കുഴിമടിയന്മാർക്ക് നിന്റെ സ്ഥിരോത്സാഹം ശകാരമായിരിക്കും.

4. നോമ്പുകാലത്ത് നീ ജേതാവായി കാണിക്കുന്നു; ജാഗരണാവസരം നീ നവീകരിക്കപ്പെടുന്നു; അധ്വാനാവസരം നീ പൗരുഷമായി പെരുമാറുന്നു. അത്യാർത്തിയുടെ ശകാരം നിന്നെ സമീപിച്ചില്ല. സംശുദ്ധതയാണ് നിന്റെ മഹാകീർത്തി.

www.malankaralibrary.com



5. നിന്റെ ദൈവത്തേയും നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന രണ്ട് പ്രശോഭിതനിയമങ്ങൾ നുകത്തിൻ കീഴിലെന്നപോലെ നീ ഒന്നിച്ചു കെട്ടുന്നു. ദൈവത്തിനും മനുഷ്യർക്കുമിടയിൽ നീ നല്ല ഈടു വയ്ക്കുന്നു.

6. പ്രവർത്തിക്കാനായി നീ ശ്രവിക്കുന്നു. വായ്പ കൊടുക്കാനായി നീ പ്രവർത്തിക്കുന്നു. വിശ്വസിക്കാനായി നീ വായ്പ കൊടുക്കുന്നു. സ്വീകരിക്കാനായി നീ വിശ്വസിക്കുന്നു. സ്വന്തമാക്കാനായി നീ സ്വീകരിക്കുന്നു.

7. നിന്റെ ദാനധർമങ്ങളും പ്രാർഥനകളും എല്ലായിടത്തും വായ്പ കൊടുക്കുന്നതായി കാണപ്പെടുന്നു. അവ സ്വീകരിക്കുന്നവരെ അവ സമ്പന്നരാക്കുന്നു. എന്നാൽ മുതലും പലിശയും നിന്റേതാകുന്നു. നീ വായ്പ കൊടുത്തത് നിനക്ക് നൽകപ്പെടും.

8. നീതിമാൻ നൽകുന്ന വായ്പയ്ക്ക് തുല്യമാണ് ദാതാവിന്റെ ദാനധർമം. കാരണം, വായ്പ വാങ്ങുന്നവനും വായ്പ കൊടുക്കുന്നവനും മുഴുവനായിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, കൊടുക്കുന്നവന് തിരികെ കിട്ടുന്നത് അതിന്റെ പലിശയോടുകൂടിയാണ്.

9. മണ്ണിനുള്ളിൽ വിതയ്ക്കപ്പെടുകയും ചിതറപ്പെട്ട് കാണാതാകുകയും ചെയ്യുന്ന വിത്തുകൾ, പിന്നീട് കർഷകൻ കളപ്പുരയിൽ ശേഖരിക്കുന്നു. നീ എല്ലായിടത്തും വിതച്ച വിത്ത്, ഉത്ഥാനത്തിൽ നിന്നിലേക്ക് മടങ്ങിയെത്തും.

10. നിന്റെ പ്രാർഥന ഒരദൃശ്യവാഹനമാണ്. അത് ആകാശത്തിനും ഭൂമിക്കും ഇടയിൽ പറക്കുന്നു. ഏലിയാ തന്റെ സ്വർഗീയനാഥന്റെ കവാടത്തിലേക്ക് ദൃശ്യമാംവിധം കരേറിയതുപോലെ, അതിൽ നീ അദൃശ്യമാംവിധം ഉയരത്തിലേക്ക് കരേറി.

11. ഒരു മനുഷ്യനും എത്തിപ്പിടിക്കാൻ കഴിയാത്ത ഉയരത്തിലേക്ക്, മനുഷ്യൻ പ്രാർഥനയിൽ ഉയരത്തിലേക്ക് കയറുന്നു. മനുഷ്യന്റെ മരണം ആസ്വദിക്കാനായി, തന്റെ സ്നേഹത്താൽ സജീവൻ താഴേക്കിറങ്ങിവന്നു. ഒരാൾ താഴേക്കിറങ്ങിവരികയും അനേകരെ ഉന്നതത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

12. ബുദ്ധിശൂന്യൻ തന്റെ ശരീരത്തിനു പുറമേ തന്റെ സമ്പത്തും മറ്റുള്ളവർക്കായി പിന്നിൽ അവശേഷിപ്പിക്കുന്നു. നീയാകട്ടെ നിന്റെ നിക്ഷേപം നിന്നിൽതന്നെ നിക്ഷേപിക്കുന്നു. അങ്ങനെ ഭൗമികസമ്പത്ത് പിന്നിൽ അവശേഷിക്കുമ്പോൾ, നിന്റെ സമ്പത്ത് നിന്റേകൂടെ വരുന്നു.

13. നിന്റെ ശരീരം എല്ലും തോലുമായി. അത് കുളിയോ, തൈലം

www.malankaralibrary.com



പൂശലോ അറിഞ്ഞിരുന്നില്ല. നിന്റെ ശരീരത്തിൽ പറ്റിപ്പിടിച്ച പൊടി, സമൃദ്ധി നിറഞ്ഞ ജീവിതത്തിൽ നിന്നുളവാകുന്ന മാലിന്യത്തിൽ നിന്ന് നിന്റെ ആത്മാവിനെ ശുദ്ധീകരിച്ചു.

14. ശരീരശുദ്ധീകരണത്തിലൂടെ ആത്മാവിൽ മാലിന്യം കടന്നുകൂടുന്നു. ഒരാൾ തൊലിയുടെ നിറം നിമിത്തം കഴുകുന്നു. അപരൻ അധ്വാനം മൂലമുള്ള വിയർപ്പുനിമിത്തം കഴുകുന്നു. നിന്റെ വാർധക്യം രണ്ടിനെയും അതിശയിക്കുന്നു.

15. കള്ളൻ ഇരുട്ടിൽ ഉണർന്നിരിക്കുകയും മറ്റുള്ളവരുടെ സമ്പാദ്യം കവർച്ചചെയ്യുകയും ചെയ്യുന്നു. നിന്റെ ജാഗരണം നിന്റെ സമ്പത്ത് സംരക്ഷിച്ചു. നിഷ്ക്രിയർ നിദ്രകൊള്ളുന്ന പകൽ നിന്റെ അധ്വാനം നിന്റെ സമ്പത്ത് വർധിപ്പിച്ചു.

16. വിതയ്ക്കുന്നതിൽ നിന്ന് മഞ്ഞോ, നടുന്നതിൽ നിന്ന് ചൂടോ നിന്നെ തടഞ്ഞില്ല. കാരണം, നീ വാർധക്യത്തിലും ചുറുചുറുക്കുള്ളവൻ ആയിരുന്നു. നിന്റെ ഉപവാസം വിതയ്ക്കുകയും നടുകയും ചെയ്തപ്പോൾ, നിന്റെ നിശാജാഗരണത്തിന്റെ കണ്ണുനീർ ധാരധാരയായി ഒഴുകി.

17. ഓ, വൃദ്ധാ, നിന്നെ അലസനായി ആരും ഒരിക്കലും കണ്ടിട്ടില്ല. കാരണം, യുവാക്കൾ ഉറങ്ങിയപ്പോൾ നീ ദിവസം മുഴുവൻ പൂമാല കോർത്തു.

18. നിന്റെ ജീവിതം കോർത്ത മാലകൾ നിന്റെ മരണം അതോടൊപ്പം വഹിച്ചു. ഇതാ, നിന്റെ അവയവങ്ങളിൽ നിന്റെ മാലകൾ! ഇതാ, ഞങ്ങളുടെ ഇടയിൽ നിന്റെ പോരാട്ടങ്ങൾ! ഇതാ, ഈറയരുടെ ഇടയിൽ നിന്റെ സ്തുതിപ്പുകൾ!

19. അലസരായ യുവാക്കളുടെ ഇടയിൽ വൃദ്ധൻ അധ്വാനത്താൽ പ്രശോഭിച്ചെന്നു കാണുകയാൽ ഈറയർ നിന്നെ പ്രകീർത്തിച്ചു. യുവാക്കൾ ദൂരെയെറിഞ്ഞ ഭാരം ഓ, വൃദ്ധാ, നീ വഹിക്കുന്നു.

20. കുട്ടികൾക്ക് നാണക്കേട്, യുവാക്കൾക്ക് കുറ്റപ്പെടുത്തൽ: രണ്ടു കൂട്ടരും നിന്നെ കണ്ട് ലജ്ജിതരായി. നിന്റെ നരച്ച മുടികളെപ്പോലെ, ഓ, വൃദ്ധാ, നീ എണ്ണമറ്റ ക്ലേശങ്ങൾ സഹിച്ചു.

21. വിഡ്ഢികളെ ഭരിക്കുന്ന മാമോൻ, ഓ, വൃദ്ധാ, നിനക്ക് ദാസനായിത്തീർന്നു. അത്യാർത്തിയുള്ളവർ അതിനാൽ കുറ്റക്കാരാകുന്നു. അതിനെ ദൂരെക്കളയുന്നവർ അതിനാൽ കിരീടധാരികളാകുന്നു. നിന്റെ ദാനധർമങ്ങൾ അതിനാൽ കിരീടം ധരിപ്പിക്കപ്പെടുന്നു.

www.malankaralibrary.com



# 2

1. സാമുവേൽ നിന്റെ സത്യത്തെ അലങ്കരിച്ചു: അവന്റെ വായ് ജനത്തിനു സാക്ഷ്യം നൽകി; അവൻ കൈക്കൂലിയിൽ നിന്ന് വിമുക്തനാണെന്ന് ജനം അവനെപ്പറ്റി ഉറക്കെ പറഞ്ഞു.[1] നിന്റെ വായ് മൂകമാണ്. എങ്കിലും നിന്റെ സത്യം നിനക്കുവേണ്ടി ഉച്ചത്തിൽ വിളിച്ചുപറയുന്നു.

*പ്രതിസ്തോത്രം: നിന്റെ വാർധക്യത്തെ അലങ്കരിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. നിന്റെ സത്യം സാമുവേലിന്റേതുപോലെയാണ്. നിന്റെ ശാസന ഏലിയായുടേതുപോലെയാണ്. നിന്റെ സംശുദ്ധത ഏലീശായുടേതുപോലെയാണ്. നീതിമാന്മാരുടേതിൽ നിന്ന് അവയവം അവയവമായി നിന്റെ അവയവവുമായി ചേർത്തിണക്കി വച്ചിരിക്കുന്നു.

3. നീ ഹൃദയനയനങ്ങൾകൊണ്ട് പ്രവാചകന്മാരെയും ശ്ലീഹന്മാരെയും നോക്കി. നിന്റെ അവയവങ്ങളിൽ നീ അവരെ പകർത്തി. നിന്നെ നോക്കിയവരൊക്കെ നിന്നിൽ അവരെയും കണ്ടു.

4. നീ അവരുടെ സംശുദ്ധത നിന്നിൽ പകർത്തി. അവരുടെ അടക്കം നിന്നിൽ പ്രകടമായി. അവരുടെ ദാരിദ്ര്യത്തിൽ നീ പൊതിയപ്പെട്ടു. അവരുടെ ഉപവാസവസ്ത്രം നിന്റെ ശരീരം വഹിച്ചു. നിന്റെ വായിൽ നിന്ന് അവരുടെ പ്രാർഥനകൾ പ്രവഹിച്ചു.

5. ഇപ്രകാരം ജേതാവായിരുന്ന മനുഷ്യനെ പറ്റിയുള്ള വേദന അവന്റെ പ്രിയപ്പെട്ടവർ അനുഭവിക്കുന്നു! ഇത്തരം നിക്ഷേപങ്ങളുള്ള മനുഷ്യനെപ്പറ്റി അവന്റെ സഹോദരങ്ങൾക്ക് എങ്ങനെ കരയാതിരിക്കാൻ കഴിയും! കാരണം, എന്തുതരം നിക്ഷേപമാണ് അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നത്!

6. ദുഃഖത്തിന്റെയും സമാശ്വാസത്തിന്റെയും ഇടയ്ക്ക്, വേദനയുടെയും വിജയത്തിന്റെയും ഇടയ്ക്ക്, നിന്റെ മക്കളും നിന്റെ ശിഷ്യരും നിൽക്കുന്നു. എങ്കിലും അവർ ദുഃഖം അതിജീവിച്ചു കഴിയുമ്പോൾ, വിജയത്തിൽ സന്തോഷിക്കുന്നു.

7. ഇതാ, നിന്നെപ്പറ്റിയുള്ള മാധുര്യമേറിയ വിവരണത്തിന്റെ അലയടികൾ എന്നെ കുറേശ്ശ കുറേശ്ശ വഹിച്ചുകൊണ്ടുപോകുന്നു. ഞാൻ ഓളങ്ങളിൽ നിപതിക്കുകയും ചുഴറ്റി എറിയപ്പെടുകയും ചെയ്തു. എന്നാൽ വിവരണം നടത്താതെ ഞാൻ അതിൽ നിന്ന് മുന്നോട്ടുപോയില്ല.

---

1. 1സാമു. 12,4ff.

www.malankaralibrary.com



8. കൊല്ലന്റെ തീച്ചൂളയ്ക്ക് ഞാൻ തുല്യനായി. അത് കാറ്റിന് ഒരിടനാഴിയാണ്. അത് സദാ പൂർണവും ശൂന്യവുമാണ്. അത് സദാ കാറ്റ് പിടിക്കുന്നു, എന്നാൽ അതിനാൽ പിടിക്കപ്പെടുന്നില്ല.

9. നിന്റെ ഭണ്ഡാരത്തിലെ നിക്ഷേപങ്ങൾ കൊണ്ട് കണ്ണുകൾക്ക് വഴി തെറ്റാൻ, അവിടെ വീണ്ടും കടക്കാൻ ഞാനാഗ്രഹിക്കുന്നു. കാരണം, നിന്റെ നിക്ഷേപങ്ങളെല്ലാം എന്നെ വിളിക്കുന്നു. എന്നാൽ അവയ്ക്കെല്ലാം ഞാൻ മതിയായവനല്ല. വഴി കണ്ടെത്താനായി ആദ്യം കാണുന്നത് ഞാനെടുക്കട്ടെ.

10. ആദ്യമായി ജീവൗഷധം എനിക്കെതിരെ വരുന്നു. അതെടുത്ത് ആവശ്യക്കാർക്കു കൊടുക്കാൻ ഞാനാഗ്രഹിക്കുന്നു. എന്റെ നാഥാ, നിന്റെ സത്യവിശ്വാസമാണ് ജീവൗഷധം. യഥാർഥമായ ഏക അസ്തിത്വത്തോടൊപ്പം[2] നീ മറ്റൊരുസത്ത[3] വച്ചിട്ടില്ല.

11. നിനക്ക് വളരെയധികം അറിയാം, നീ ധാരാളം പഠിപ്പിക്കുകയും ചെയ്യുന്നു: മറ്റൊരു ശക്തി ഉണ്ടായിരുന്നെങ്കിൽ, "ഞാനാണ്, എനിക്കു പുറമേ മറ്റൊരാളില്ല"[4] എന്ന് സ്രഷ്ടാവ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞപ്പോൾ, അതിന് മറഞ്ഞിരിക്കാൻ കഴിയുമായിരുന്നില്ല!

12. നീ നന്നായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു. അത് ഉണ്ടായിരിക്കുകയും മറഞ്ഞിരിക്കുകയും ചെയ്തെങ്കിൽ, എന്തു കാര്യത്തിനാണ് അത് ഒളിച്ചിരുന്നത്? ഒരു ശക്തി മറ്റതിനെ നേരിട്ട് കാണുന്നതിന്, അക്കാലത്തുതന്നെ അത് എത്തുമായിരുന്നു.

13. നമുക്ക് ഞൊടിയിട നേരത്തേക്ക് ഇപ്രകാരം സങ്കൽപ്പിക്കാം: "ഒരന്യശക്തിയുണ്ട്, വെല്ലുവിളിയുടെ ആ സമയത്ത് വെളിച്ചത്തുവരാൻ അതിഷ്ടപ്പെട്ടില്ല. എന്നാൽ അന്ത്യത്തിൽ അത് സ്വയം പ്രദർശിപ്പിച്ചിരിക്കുന്നു."

14. അപ്പോൾ, അതിന്റെ മറഞ്ഞിരിപ്പ് വളരെ ബലഹീനമാണ്. അതിന്റെ വരവ് വഞ്ചനാത്മകമാണ്. പോരാട്ടാവസരം അത് ഒളിഞ്ഞിരിക്കുന്നു. കൊള്ളമുതലിന്റെ അവസരം അത് പുറത്തേക്ക് കടന്നുവരുന്നു. അതിന്റെ പ്രഘോഷകരും അപ്രകാരം തന്നെ!

15. എന്നാൽ ഒരു നുണയൻ ഇപ്രകാരം പറയുമെന്നിരിക്കട്ടെ: "ദുഷ്ടനെപ്പോലെ പോരാട്ടത്തിനല്ല അവൻ വന്നത്. നല്ലവനായി കുരിശിനുവേണ്ടിയാണ് അതെത്തിയത്." -എങ്കിൽ, കുരിശെന്ന ആയുധംകൊണ്ട് അത് ഒരു ഭീകരപോരാട്ടമാണ് നടത്തിയത്!

---

2. ഈസ്യാ 3. ഈസൂസാ

4. പുറ.20,2

www.malankaralibrary.com



16. അവൻ ആകാശത്തിൽ സൂര്യനെ അന്ധകാരമയമാക്കി. അവൻ ദൈവാലയത്തിലെ തിരശ്ശീല കീറി. നുണയർ പറയുന്നതുപോലെ, "ഒരാൾ തന്റെ ആഗമനം തെളിയിക്കുമ്പോൾ, അത് പൂർണമായും മുഴുവനായും പോരാട്ടങ്ങളുടെ ഉറവിടമാണ്."

17. മുറിക്കുള്ളിലെ വസ്ത്രം ധരിച്ചവൻ നുണയനും കുഴപ്പക്കാരനുമാണ്. നമ്മെ നമ്മുടെ മുറിയിൽ നിന്ന് തന്റെ മുറിയിലേക്ക് വഴിതെറ്റിക്കാൻ, മുറിയുടെ ഉടമസ്ഥന്റെ അറിവുകൂടാതെ ഗോപ്യമായി അകത്തു കടന്നവനാണവൻ.

18. പരസ്യമായി സീനായ് മലയിൽ താണിറങ്ങിവന്ന് തന്റെ ജനത്തോട്, "ഞാനാണ്, ഞാനല്ലാതെ മറ്റൊരാളില്ല" എന്നു പ്രഘോഷിച്ച നിന്റെ കർത്താവിനെ നിന്റെ വായ് പ്രകീർത്തിച്ചു. അവന്റെ സൃഷ്ടി അവന്റെ മുറിയിൽ അവനെ അംഗീകരിച്ചു.

19. മല അതിന്റെ ജ്വാലയോടുകൂടെയും കടൽ അതിന്റെ പിളർത്തലോടു കൂടെയും അവനു സാക്ഷ്യം വഹിച്ചു. അമാലേക്കുമായുള്ള പോരാട്ടം അവനു സാക്ഷ്യം വഹിച്ചു. മോശ തന്റെ കരങ്ങളുയർത്തി അവരെ താഴ്ത്തി.[5] ഉയരാഴങ്ങളിൽ നീയാണെന്ന് അവൻ സാക്ഷ്യം നൽകി.

20. ജനത്തെ ഈജിപ്തിൽ നിന്നു രക്ഷിച്ചതുപോലെ, വന്ന് ജനതകളെ രക്ഷിക്കാൻ അവൻ തന്റെ പുത്രനെ കരുണാപൂർവം അയച്ചു. മുൻകാലത്ത് അവിടുത്തേക്ക് സാക്ഷ്യം വഹിച്ചതുപോലെ, സൃഷ്ടി തന്റെ നാഥന്റെ പുത്രന് സാക്ഷ്യം വഹിച്ചു.

21. കടൽ അടങ്ങിയും കല്ലറകൾ പിളർന്നും സ്വർഗം തുറന്നും അവനു സാക്ഷ്യം നൽകി.[6] ഉയരാഴങ്ങളിൽ സൂര്യൻ ഇരുണ്ടുപോയി. "ഉയരങ്ങളിൽ നീയാണ്" എന്ന് അത് സാക്ഷ്യം നൽകി.

22. കാരണം, ആഴത്തിലെന്നപോലെ ഉയരത്തിലും ഒരേഒരു അസ്തിത്വമേയുള്ളു.[7] ആഴത്തിലെന്നപോലെ ഉയരത്തിലും ഒരേഒരു ഏകജാതനേയുള്ളു. ഏകഅസ്തിത്വം ഏകജാതനു സാക്ഷ്യം വഹിച്ചു.

23. ഇപ്രകാരം നീ പഠിച്ചു, ഇപ്രകാരം നീ പഠിപ്പിച്ചു. കുറച്ചുവാക്കുകളിൽ നിന്നെന്നപോലെ, അനേകം പ്രവൃത്തികളാൽ നീ എല്ലാവരെയും പഠിപ്പിച്ചു.

24. നീ നിന്റെ ചിന്ത വിപുലമാക്കി, എന്നാൽ അഭിപ്രായം മിതപ്പെടുത്തി. സത്യത്തിന്റെ തിരമാല നിന്നിൽ അലയടിച്ചു. എങ്കിലും അബദ്ധോപദേശത്തിന്റെ കയ്പ് സ്വീകരിക്കാൻ നിന്നിൽ ഇടമില്ലായിരുന്നു.

---

5. പുറ.27,11 6. മത്താ.8,26;27,52.45 7. ഈസ്യാ

www.malankaralibrary.com



25. മാരകവിഷത്തിൽ ഞവിടിക്കുഴച്ച തെറ്റിന്റെ മാധുര്യം ബുദ്ധിയെ വേഗത്തിൽ വഞ്ചിക്കുന്നു. ഒരാൾ അത് രുചിക്കുകയും തെറ്റിദ്ധരിച്ച് വിഴുങ്ങുകയും ചെയ്യുന്നു. അപരൻ പരിശോധിച്ചിട്ട് തുപ്പിക്കളയുകയും ദൂരെ എറിയുകയും ചെയ്യുന്നു.

26. എന്റെ എല്ലാ സമ്പാദ്യങ്ങളും കൊള്ളയടിക്കപ്പെട്ടു. എന്റെ സത്യവിശ്വാസംമാത്രം എന്നിൽ നിലനിൽക്കുന്നു. ന്യായവിധിയുടെ നാളിൽ ഞാൻ ഇതിലൂടെ ജീവന്റെ സമ്പാദ്യം കണ്ടെത്താൻ, എനിക്ക് അന്ന് മധ്യസ്ഥനായിരുന്നാലും!

# 3

1. ഓ, ജനത്തിനിടയിൽ തന്റെ സമ്പത്ത് കച്ചവടം ചെയ്യുകയും ഇപ്പോൾ വേർപെട്ട് ഇവിടെനിന്ന് കടന്നുപോകുകയും ചെയ്ത സ്വർഗീയ കച്ചവടക്കാരൻ! ജീവന്റെ തുറമുഖത്തേക്ക് പോയപ്പോൾ, തന്റെ മരണത്തിലുള്ള ദുഃഖം നമുക്കായി അവൻ അവശേഷിപ്പിച്ചു.

*പ്രതിസ്തോത്രം: നിന്റെ വിജയം ഗംഭീരമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. പോരാട്ടത്തിൽ പരാജയപ്പെട്ടെന്നു കണ്ട നമ്മുടെ ശത്രു പമ്പ കടന്ന് ഗർവിൽ ഒളിച്ചിരുന്നു. ശുഷ്കാന്തിയുള്ളവരെ അഹന്തയാൽ കീഴടക്കാൻ, ഒരായുധം പോലെ അവനതു ധരിച്ചു.

3. നിന്റെ നേട്ടങ്ങൾ നിരന്നുകിടക്കുന്നു. നിക്ഷേപങ്ങൾ നിരന്നു കിടക്കുകയും അവയുടെയെല്ലാം സൗന്ദര്യത്താൽ കണ്ണഞ്ചിപ്പോകുകയും ചെയ്യുന്ന രാജകീയ ഭണ്ഡാരത്തിലെന്നപോലെ, അവ ആത്മീയ നയനങ്ങളെ അമ്പരപ്പിക്കുന്നു.

4. നിന്റെ ഏത് നിക്ഷേപമാണ് ഞാൻ ശ്രദ്ധിക്കേണ്ടത്? അവ ഒന്നിച്ച് എന്നെ ക്ഷണിക്കുന്നു. ഓരോന്നും എന്നെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. ദരിദ്രനായ എന്നെ നിന്റെ ഭണ്ഡാരത്തിലെ ആത്മീയ നിക്ഷേപങ്ങൾ അമ്പരപ്പിക്കുന്നു.

5. നിന്റെ പക്കലും ഞങ്ങളുടെ പക്കലുമുള്ള നിന്റെ നിക്ഷേപങ്ങൾ എണ്ണാൻ ആർക്കാണ് കഴിയുക? മൃതലോകത്തേക്ക് അവ നിന്നെ അനുഗമിക്കുന്നു. ജീവിക്കുന്നവരുടെ ഇടയിലും അവ ഒരുപോലെ നേട്ടങ്ങൾ നേടുന്നു. അവ ഇവിടെ തങ്ങുന്നു, നിന്നോടൊപ്പം വരികയും ചെയ്യുന്നു.

www.malankaralibrary.com



6. ഓ, മൃതരുടെ ഇടയിലെ നിക്ഷേപം! ജീവനുള്ളവർ നിന്നോടൊപ്പം അതിന് അവകാശികളാകുന്നു. നിന്റെ നിക്ഷേപം നിന്നോടൊപ്പമുണ്ട്, അതേ സമയം നിന്റെ പുത്രന്മാരോടും പുത്രിമാരോടുമൊപ്പവും! നീ അവ വഹിച്ചു കൊണ്ടുപോകുന്നു; നീ അവ അവശേഷിപ്പിക്കുകയും ചെയ്യുന്നു.

7. ഒരു മഹാത്ഭുതം! നീ അത് സ്വന്തമാക്കിയിരിക്കുന്നു. അതേ സമയം നിന്നോടൊപ്പം അനേകരും അത് സ്വന്തമാക്കിയിരിക്കുന്നു. നിന്റെ ശരീരത്തിൽ നീ അവ സംരക്ഷിക്കുന്നു. സ്വർഗത്തിൽ നിന്റെ കർത്താവിന്റെ പുത്രന്റെ പക്കലും അവ സംരക്ഷിക്കപ്പെടുന്നു.

8. മുൻകാലത്തുള്ള നീതിമാന്മാരുടെ നിക്ഷേപങ്ങൾ പൂർണമായി അവരോടൊപ്പം കടന്നുപോയി. എന്നാൽ അതേസമയം അവരുടെ മക്കൾക്കായി പൂർണമായി അവശേഷിപ്പിക്കുകയും ചെയ്തു. കാരണം, ഉടമസ്ഥനോടു കൂടെ പോകുകയും പ്രിയപ്പെട്ടവരോടുകൂടെ നിലനിൽക്കുകയും ചെയ്യുന്ന ഒരു നിക്ഷേപമാണത്!

9. മോശ മലയിൽവച്ച് മരിച്ച് വേർപെട്ടു.[8] അവൻ തന്റെ നിക്ഷേപങ്ങൾ തന്നോടൊപ്പം എടുത്തു. അതേസമയം തന്റെ ശിഷ്യന് അവശേഷിപ്പിക്കുകയും ചെയ്തു. തന്റെ ഗുരുവിന്റെ മാതൃകകളിൽ നിന്നും ദൃഷ്ടാന്തങ്ങളിൽനിന്നും അവന്റെ ശിഷ്യൻ തന്റെ നിക്ഷേപങ്ങൾ നിറച്ചു.

10. തന്റെ ഗുരുവിന്റെ നിക്ഷേപങ്ങളിൽനിന്ന് തന്റെ ഗുരുവിനെപ്പോലെ അവൻ ഒരു പ്രാർഥന പുറത്തെടുത്തു. ആഖാൻ മോഷ്ടിച്ചപ്പോൾ, ജനം യുദ്ധത്തിൽ പരാജയപ്പെട്ടു. അവൻ പ്രാർഥിച്ചപ്പോൾ, ജനം വിജയം വരിച്ചു.[9]

11. സ്വർഗത്തിലേക്ക് എടുക്കപ്പെട്ട ഏലിയായും തന്നോടൊപ്പം തന്റെ സമ്പത്ത് എടുത്തു. അതോടൊപ്പം തന്റെ ശിഷ്യന് അവൻ ഇരട്ടിയായി നൽകുകയും ചെയ്തു. ഗുരു തന്റെ നിക്ഷേപം തന്നോടൊപ്പം എടുത്തുകൊണ്ടുപോയി. എന്നാൽ ഇരട്ടിയായി തന്റെ ശിഷ്യന് അവശേഷിപ്പിച്ചു.[10]

12. പൂർണമായി ഗുരുവിനോടൊപ്പവും പൂർണമായി തന്റെ ശിഷ്യനോടൊപ്പവും നിലനിന്ന നിക്ഷേപം ആർക്ക് എണ്ണാൻ കഴിയും? അത് ഗുരുവിനോടൊപ്പം ഉന്നതത്തിലേക്ക് കരേറി; അത് ഭൂമിയിൽ തന്റെ ശിഷ്യനോടൊപ്പവും നിലനിന്നു.

13. ആടുകൾക്ക് കാണാനായി അവയുടെ മുമ്പിൽ യാക്കോബ് വച്ച കമ്പുകൾ അവയുടെ അലങ്കാരങ്ങൾ നീക്കിയില്ല. ആടുകൾ അവയുടെ പൊട്ടുപുള്ളിയും വരയും ധരിക്കാൻ അവൻ അവയുടെ മുമ്പിൽ അവ നിരത്തിവച്ചു.[11]

---

8. ആവ.34,1 9. ജോഷ്വാ, 7,1ff. 10. 2രാജാ.2,9-11 11. ഉൽപ്പ.30,38.

www.malankaralibrary.com



14. കമ്പുകൾ അറിയാതെ, തങ്ങളിൽ നിന്ന് ഒരു സംഗതി കൊടുക്കാതെ, തങ്ങൾക്കുള്ളത് സമ്മാനിക്കുന്നു. അവ നേരത്തെയുള്ളതുപോലെ, തങ്ങൾക്കുള്ള നിക്ഷേപം വഹിക്കുന്നു. അതേസമയം ആടുകളും അവയുടെ നിക്ഷേപം വഹിക്കുന്നു.

15. എങ്കിൽ, എത്രയധികമായി നീതിമാന്മാരുടെ ആത്മാക്കൾ, തങ്ങൾ കാട്ടിയ സന്മാതൃകയിലൂടെ, സ്വീകരിക്കുന്നവരെ സമ്പന്നരാക്കുന്ന നിക്ഷേപങ്ങൾ കൊണ്ട് ക്രിസ്തുവിന്റെ അജഗണത്തെ സമ്പന്നമാക്കുകയില്ല...

16. ഓ, പിതാവേ, യാക്കോബ് ചെത്തിയൊരുക്കിയ കമ്പുകൾക്കു പകരം നീ എല്ലാത്തരം അലങ്കാരങ്ങൾകൊണ്ടും നിന്നെത്തന്നെ അലങ്കരിച്ചു. നിന്റെ അലങ്കാരം നിന്നോടു ചേർന്നിരിക്കുന്നു. അതേസമയം എല്ലാവരിലും വിരിക്കപ്പെട്ടിരിക്കുന്നു.

17. കമ്പുകളിലെ പൊട്ടുകൾപോലെ, ഇതാ, നിന്റെ അലങ്കാരം നിന്റെ അവയവങ്ങളിൽ കിടക്കുന്നു. ആടുകളെ അലങ്കരിച്ച കമ്പുകൾപോലെ, അവ ഉരിഞ്ഞുകളയാതെ തന്നെ, നിന്റെ അലങ്കാരം ഞങ്ങളുടെ അജഗണത്തിനു നീ നൽകി.

18. നിന്റെ നിക്ഷേപങ്ങൾ നിന്നിൽ കിടക്കുന്നു, അവ സ്വർഗത്തിലും സ്ഥിതിചെയ്യുന്നു. അവ സഭയിൽ കിടക്കുന്നു, അവ ആത്മാക്കളിൽ കിടക്കുന്നു. എന്റെ നാഥാ, നിന്റെ സമ്പത്ത് വിതറപ്പെട്ടിരിക്കുന്നു, ഒപ്പം കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു.

19. നിന്റെ നിക്ഷേപങ്ങൾ നിനക്ക് തുല്യമാണ്: നീ എല്ലായിടത്തും ചിതറിക്കിടക്കുന്നു, എന്നാൽ പൂർണമായി ഏകനിൽ ചേർന്നിരിക്കുന്നു. എല്ലാവരോടുമൊപ്പം നീ ഓടുന്നു, അതേസമയം കർത്താവിൽ നിന്ന് നീ മാറുന്നുമില്ല.

20. നീ രണ്ടു പോരാട്ടങ്ങൾ നടത്തി. നിന്റെ നോട്ടം അത്യാർത്തിയെ നിന്ദിച്ചു. അത് പകലിൽ നിന്റെ നോട്ടത്തെ വിജയിപ്പിച്ചു. രാത്രിയിൽ നിന്റെ ജാഗരണം വിജയകരമായിരുന്നു. എല്ലാറ്റിലും നിന്നെ പൂർത്തീകരണത്തിൽ എത്തിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

## 4

1. ജേതാവായി പ്രശോഭിക്കുന്ന വൃദ്ധാ, നിനക്ക് ഭാഗ്യം! നിന്റെ ഉപവാസം സഹായങ്ങളുടെ ഭണ്ഡാരവും നിന്റെ പ്രാർഥന മരുന്നുകളുടെ ശേഖരവും ആയിരുന്നു. നിന്റെ ഇരുനയനങ്ങളും നിനക്ക് ഒരു പരിഹാരസ്നാനമായിത്തീർന്നു.

www.malankaralibrary.com



*പ്രതിസ്തോത്രം: നിന്റെ അനുസ്മരണകൾ വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. സത്യമായും കളങ്കങ്ങൾ വെണ്മയാക്കാനുള്ള മാമോദീസാ ഒന്നു മാത്രമേയുള്ളു. എങ്കിലും ഇരുനയനങ്ങളും കണ്ണുനീരാൽ നിറയുമ്പോൾ, അത് അവയവങ്ങൾക്കൊരു സ്നാനമാണ്.

3. ഓരോ നാഴികയും നമ്മിൽ നിരവധി പാപങ്ങൾ ഉണ്ടാകുമെന്നും ഒരേ ഒരു സ്നാനമേ ഉള്ളുവെന്നും സ്രഷ്ടാവ് മുൻകൂട്ടി അറിഞ്ഞിരുന്നതിനാൽ, അവിടുന്ന് ഏകശരീരത്തിൽ രണ്ട് പരിഹാരസ്നാനങ്ങൾ സ്ഥാപിച്ചു.

4. ഓ, കണ്ണുകളിൽ കാഴ്ചയും കണ്ണീരും ഒന്നിച്ചുവച്ച നല്ലവനെപ്പറ്റി: കണ്ണിന്റെ കാഴ്ച പാപത്തിലേക്കു നയിക്കുമ്പോൾ, കണ്ണീർ കടന്നുവന്ന് ശരീരത്തെ പവിത്രീകരിക്കുന്നു. മുറിവും മരുന്നും അടുത്തടുത്ത് കെട്ടിവച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു!

5. എന്നാൽ നിന്റെ കാഴ്ച പകൽ നിനക്ക് ദാനധർമത്തിനുള്ള സാധ്യത നൽകി. രാത്രിയിലെ പ്രാർഥനയിൽ കരച്ചിലും നിനക്കൊരായുധമായിരുന്നു. രണ്ടായുധങ്ങൾകൊണ്ടും നീ ജേതാവായി.

6. നിന്റെ വായ് ഭക്ഷണത്തെ നിന്ദിച്ചു. നിനക്കെല്ലാം വെടിപ്പുള്ളതായിരുന്നെങ്കിലും, നീ എല്ലാറ്റിൽ നിന്നും ഒഴിഞ്ഞുനിന്നു. നിന്റെ ഭക്ഷണം ദരിദ്രമായിരുന്നു, നിന്റെ ചിന്ത വെടിപ്പുള്ളതായിരുന്നു.

7. നിനക്കെതിരെ തെറ്റുചെയ്ത മനുഷ്യനുവേണ്ടിയുള്ള സമ്പൂർണ മാപ്പപേക്ഷ ആയിരുന്നു നിന്റെ പ്രാർഥന. ഒരു മനുഷ്യനിലൂടെ നിനക്കെതിരെ തെറ്റുചെയ്ത ദുഷ്ടശത്രുവിനെതിരെയുള്ള സമ്പൂർണ തിരിച്ചുനൽകൽ ആയിരുന്നു നിന്റെ പ്രാർഥന. നീ ഒരേസമയം ക്ഷമിക്കുന്നവനും പ്രതികർത്താവുമായിരുന്നു.

8. കാരണം, ശത്രുവായ ദുഷ്ടനോട് തെറ്റിന് നീ പ്രതികാരംചെയ്യുന്നു; മനുഷ്യൻ ക്രിസ്തുവിന്റെ അവയവമാകയാൽ, നീ തെറ്റ് ക്ഷമിക്കുന്നു. ക്ഷമിക്കുമ്പോഴും പ്രതികാരം ചെയ്യുമ്പോഴും നീ കിരീടധാരിയാകുന്നു.

9. നിന്റെ ഭവനത്തിന് ഒരു കതകേ ഉള്ളുവെങ്കിലും നിന്റെ ഭവനം മുഴുവൻ കതകുകളാണ്. കാരണം, നീ എല്ലാവശങ്ങളിൽ നിന്നും സ്വീകരിക്കുന്നു; പുറത്തുനിന്നു വിളിക്കുന്ന വിശക്കുന്നവർക്കെല്ലാം തൃപ്തികരമായ മറുപടി അകത്തുനിന്നു ലഭിക്കുന്നു.

10. തന്റെ പക്കലണയുന്ന ദാഹാർത്തർക്ക് ഒരിക്കലും ജലം നിഷേധിക്കാത്ത ഉറവപോലെയാണ് നിന്റെ ഭക്ഷണമേശ. വിശക്കുന്നവർക്ക് നീ ഭൂമി

www.malankaralibrary.com



യിൽ നിന്റെ ഭക്ഷണമേശ ഒരുക്കിയതിനാൽ, ഇതാ, നിന്റെ മേശ സ്വർഗ ത്തിൽ!

11. തനിക്കു ലഭിച്ചതുപോലെ അബ്രഹാമിന്റെ മേശ നൽകിയില്ല. കാരണം, അവൻ ദൃശ്യഭക്ഷണം നൽകി, അദൃശ്യവാഗ്ദാനം പ്രാപിച്ചു. അവൻ കാലികമായതു സമ്മാനിച്ചു, നിത്യമായതു നേടി.

12. വിദൂരത്തിൽ നിന്റെ സൽപ്പേര് പഠിപ്പിക്കുന്നു; സമീപത്ത് നിന്റെ സത്കർമങ്ങളും. തങ്ങളെത്തന്നെ അലങ്കരിക്കാൻ ആഗ്രഹിക്കുന്ന ദൂരസ്ഥർക്കും സമീപസ്ഥർക്കും നീ ഒരു കണ്ണാടി ആയിരുന്നു. നിന്റെ സൽപ്പേര് നിക്ഷേപങ്ങൾ സമാഹരിച്ചു.

13. ദൂരസ്ഥരെ നിന്റെ സൽപ്പേരും സമീപസ്ഥരെ നിന്റെ സത്കർമങ്ങളും സഹായിച്ചു. നിന്റെ ശാസന സാധാരണക്കാരെ സഹായിച്ചു, നിന്റെ പ്രബോധനം സമ്പൂർണരെയും നിന്റെ താങ്ങ് കാലിടറിയവരെയും സഹായിച്ചു.

14. നിന്റെ പ്രശംസ ക്ഷീണിതരെയും നിന്റെ ഭീഷണി അലസരെയും സഹായിച്ചു. നീ വിജ്ഞാനത്തിൽ സ്നേഹം ഒളിച്ചുവച്ചു. നിന്റെ അധരങ്ങളിൽ കുറ്റപ്പെടുത്തൽ ഉണ്ടായിരുന്നപ്പോൾ, ഉള്ളിൽ ശാന്തി പുലർന്നു. ബാഹ്യമായി മാത്രമേ ഭീഷണി ഉണ്ടായിരുന്നുള്ളൂ.

15. കാരണം, ഭീഷണി വടിക്കു തുല്യമാണ്. അലസന്റെയും ധിക്കാരിയുടെയും മേൽ അതിന്റെ നിഴൽ വീണില്ലെങ്കിൽ, അലസൻ വേഗത കൂട്ടുകയില്ല, ധിക്കാരി തന്റെ കാഠിന്യം കുറയ്ക്കുകയുമില്ല!

16. നീ എല്ലായിടത്തും ദൃഷ്ടാന്തം നൽകുന്നു; അങ്ങനെ അവ കാണുന്നവർ അവ അനുകരിക്കുന്നു. അപ്രകാരം ചെയ്യുന്നവരിൽ നീ സന്തോഷിക്കുന്നു; ചെയ്യാത്തവരോട് കോപിക്കുകയും ചെയ്യുന്നതിനായി പ്രാർഥിക്കുകയും ചെയ്യുന്നു.

17. എല്ലാവർക്കും എല്ലാമായിത്തീർന്ന ശ്ലീഹാ,[12] എല്ലാവർക്കും എല്ലാമായിത്തീരാൻ നിന്നെ പഠിപ്പിച്ചു. ശക്തരോടൊപ്പം നിന്റെ അളവ് വളരുന്നു, ചെറിയവരോടൊപ്പം അത് ചെറുതായിരിക്കും. നിന്നോടൊപ്പം വളരാൻ നീ അവനോടൊപ്പം ചെറുതാകുന്നു.

18. നിന്റെ നയനങ്ങളിൽ നിന്ന് കണ്ണീർപ്രവാഹം, നിന്റെ വായിൽ നിന്ന് സുശിക്ഷിതത്വമുള്ള ചിരി! സന്മനസ്സുള്ള വഴിതെറ്റിപ്പോയവർക്ക് ഉന്മേഷവും കുറ്റപ്പെടുത്തപ്പെടേണ്ടവർക്ക് നല്ല മ്ലാനതയും ഈ രണ്ട് നിക്ഷേപങ്ങളിൽനിന്നും നീ കൊണ്ടുക്കൊടുക്കുന്നു.

12. 1കൊറി.9,22

www.malankaralibrary.com



19. ഇരുലോകങ്ങളിലും നിന്റെ സ്തുതിപ്പ്! കാരണം, യൗവനം മുതൽ വാർധക്യംവരെ നിന്റെ ഓട്ടം വർദ്ധിച്ചു. വൃദ്ധന്റെ ഓട്ടം ശക്തി നിറഞ്ഞതായിരുന്നു. കാരണം, വിജയപുഷ്പമാലയോടുള്ള താല്പര്യം അവനെ ഉത്തേജിപ്പിച്ചു.

20. അവന്റെ ബലഹീനത ബലമുള്ളതായി; അവന്റെ വാർധക്യം യുവത്വം പൂണ്ടു. കാരണം, അവൻ പുഷ്പമാല ദർശിക്കുകയും യുവത്വം ആർജിക്കുകയും ചെയ്തു. പുഷ്പമാല മാത്രം ദർശിച്ചതിനാൽ, അവന് ഓട്ടത്തിൽ ആയാസം തോന്നിയില്ല.

21. നേട്ടം പരിഗണിക്കുന്ന കച്ചവടക്കാർ യാത്രാക്ലേശം കാണുന്നില്ല. പുഷ്പമാല പരിഗണിക്കുന്ന മല്ലന്മാർ പോരാട്ടത്തിന്റെ വേദന കാണുന്നില്ല. അവർ എല്ലാം മറിച്ചാണ് കാണുക!

22. പിശാചുക്കളോടുകൂടെ വ്യഭിചാരികളും കുടിയന്മാരും ഉണർന്നിരിക്കുന്നതിനു പകരം, ഓ, വൃദ്ധാ, നീയൊരു സ്രാപ്പേ ആയിരുന്നു. "പരിശുദ്ധൻ" എന്നു പാടുന്നതിനും മാലാഖമാരുടെ ഭവനാംഗം ആകുന്നതിനും നീ നിന്നെത്തന്നെ വിശുദ്ധീകരിച്ചു.

23. രക്തസാക്ഷികളും വിശുദ്ധരും സ്രാപ്പേന്മാരുടെ ശരിപ്പകർപ്പാണ്. രാത്രികളിൽ ആശ്രമങ്ങളും, അഗ്നിമയരും ആത്മീയരുമായ സ്രാപ്പേന്മാരും ആകാശത്തിലും ഭൂമിയിലും "പരിശുദ്ധൻ" എന്നു പാടുന്നു.

24. നിന്റെ ശരീരത്തിലെ അത്യാർത്തിയുടെ ചങ്ങലയ്ക്കുള്ള എല്ലാ ചരടുകളും ഉപവാസത്തിന്റെ കത്തികൊണ്ട് നിന്റെ ശരീരത്തിൽ നിന്ന് നിന്റെ യൗവനം വെട്ടിനീക്കി. നിന്റെ ശരീരം അതിനൊരു കാരാഗൃഹമായിത്തീർന്നു.

25. ഓ, വൃദ്ധാ, നീ നിന്റെ ശരീരത്തിൽ നിന്ന് വീഞ്ഞുകുടി നീക്കിക്കളഞ്ഞു. അങ്ങനെ നിന്റെ ശരീരം ഉണങ്ങി വരണ്ട്, അനേകരെ കുരിശിൽ തറച്ച, അവയവങ്ങളിലുള്ള അത്യാർത്തിയെ കുരിശിൽ തറച്ചു.

26. നിന്നെപ്പറ്റിയുള്ള സ്തുതിപ്പ് എന്റെ കിന്നരം അവസാനിപ്പിക്കുന്നു. എങ്കിലും, ഗ്രന്ഥങ്ങൾ തുറക്കപ്പെടുകയും 'ഹാ, കഷ്ടം' പാപികളുടെ മേൽ നിപതിക്കുകയും ചെയ്യുന്ന നാളിൽ നീ എന്റെ മധ്യസ്ഥനാകുന്നതിന്, നിന്നോടപേക്ഷിക്കാൻ നീയെന്നെ നിർബന്ധിക്കുന്നു.

27. ശിഷ്യരിൽ ഒരുവന് ഒരു പാത്രം വെള്ളം കുടിക്കാൻ കൊടുക്കുന്നവന് ശപഥത്തിൻ കീഴിൽ പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുമ്പോൾ, നിന്റെ വീഞ്ഞ് എന്റെ മക്കൾക്ക് കുടിക്കാൻ കൊടുത്ത ബലഹീനന് ദയവായി പ്രതിഫലം നൽകാതിരിക്കരുതേ!

www.malankaralibrary.com



# 5

1. ഇതാ, എന്റെ നാഥാ, നിന്റെ ക്ലേശങ്ങളുടെയും നിന്റെ വിജയങ്ങളുടെയും ഇടയിൽ ഞങ്ങൾ ഒരു പോരാട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നു. കാരണം, നിന്റെ ക്ലേശം ഞങ്ങളെ പീഡിപ്പിക്കുമ്പോൾ, നിന്റെ വിജയം ഞങ്ങളെ വീണ്ടും സന്തോഷിപ്പിക്കുന്നു. നിന്റെ നാമം നിന്റെ ക്ലേശത്തെ കീഴടക്കിയിരിക്കുന്നു.

*പ്രതിസ്തോത്രം: നിന്റെ അന്ത്യത്തെ പൂമാല അണിയിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. എല്ലാ മനുഷ്യരും മരിക്കും; എന്നാൽ എല്ലാവർക്കും സൽപ്പേര് ലഭിക്കുന്നില്ല. എല്ലാവർക്കും മടക്കിക്കൊടുക്കപ്പെടും; എന്നാൽ ഒരാൾ ജീവിതത്തിൽ നിന്ന് തന്റെ ശേഖരവുമായി പുറപ്പെടും; അത് ചിലരിൽ മാത്രമേ കാണുകയുള്ളു.

3. ധനവാനും ലാസറും മരിച്ചു. അവരുടെ മരണം തികച്ചും ഒരുപോലെ ആയിരുന്നു; എങ്കിലും തികച്ചും വ്യത്യസ്തവുമായിരുന്നു. ധനവാൻ തന്റെ കടങ്ങൾ തന്റെകൂടെ വഹിച്ചു; ദരിദ്രൻ തന്റെ നേട്ടങ്ങളും![13]

4. ധനവാൻ തന്റെ സമ്പദ്സമൃദ്ധമായ ജീവിതവും ദരിദ്രൻ തന്റെ ദുരിതങ്ങളും ഉരിഞ്ഞുകളഞ്ഞു. അവർ കാലികമായത് ഉരിഞ്ഞുകളഞ്ഞ് നിത്യമായത് ധരിച്ചു. നിന്റെ ശരീരം കാലികാധ്വാനം ഉരിഞ്ഞുകളഞ്ഞ്, കടന്നുപോകാത്ത മഹത്വം ധരിച്ചു.

5. ഒരു നാഴികയിലെ സുഖത്തിന്റെ വിലയായി മനുഷ്യർ നിത്യദുരിതം സമ്പാദിക്കുന്നു. കാലിക ദുരിതത്തിന്റെ വിലയായി വൃദ്ധൻ നിത്യജീവൻ വിലയ്ക്കുവാങ്ങി. ഇല്ലായ്മകൊണ്ട് അവൻ എല്ലാം കരസ്ഥമാക്കി!

6. വിഡ്ഢികൾ നിത്യനിന്ദനം അവകാശമാക്കുന്നവകൊണ്ട് നീ നിത്യനാമം അവകാശമാക്കി. അവന്റെ ജീവിതം പാപത്തിനു മരിച്ചതായിരുന്നതിനാൽ, അവന്റെ മരണം ദൈവത്തിനായി ജീവിച്ചു.

7. നല്ലവരെ നന്മയ്ക്കായി അനുസരിക്കാനും ദുഷ്ടരെ ദുഷ്ടതയ്ക്കായി തിരിക്കാനും സൃഷ്ടികൾക്കു കഴിയും. ഒരാൾ അതിലൂടെ കടങ്ങൾ മായിക്കുന്നു. അപരൻ അതിലൂടെ പാപങ്ങൾ വർദ്ധിപ്പിക്കുന്നു.

8. ഭാഷ വായ്കൾക്കെല്ലാം മൂലധനമാണ്. അതുകൊണ്ട് ഒരാൾ നഷ്ടമുണ്ടാക്കുന്നു. മറ്റൊരാൾ സമ്പത്തുണ്ടാക്കുന്നു. വായ് അതുകൊണ്ട് നന്മകൾ നേടുന്നു. യഥാർഥത്തിൽ അപൂർവമായ നേട്ടമാണത്!

13. ലൂ.16,22

www.malankaralibrary.com



9. യൂദജനം വാക്കുകൾ കൊണ്ട് നുണപറയുകയും അവർക്ക് വഴി തെറ്റിപ്പോകുകയും ചെയ്തു. ക്രിസ്തുവിനെ ഏറ്റുപറഞ്ഞ ജനങ്ങൾ വാക്കുകളിലൂടെ ജീവൻ കണ്ടെത്തി. കോറായും ദാഥാനും വാക്കുകൾ മൂലം മരിച്ചു.[14] സർപ്പം അതിന്റെ വാക്കുകൾ മൂലം ശപിക്കപ്പെട്ടു. ഒരു വാക്കിലൂടെ കള്ളൻ ജീവൻ കണ്ടെത്തി.[15]

10. ഒരൊറ്റ വാചകംകൊണ്ട് ഞാൻ നിന്നെ പഠിപ്പിക്കാം: പാപിക്ക് ദോഷവും നഷ്ടവും വരുത്തുന്നവയെല്ലാം നല്ലവന് മൂലധനമാണ്. അതുകൊണ്ട് അവൻ പലിശയുണ്ടാക്കുന്നു.

11. പാപകരമായ ശരീരത്തിലൂടെ അവൻ തന്നെത്തന്നെ നീതിമാനാക്കി. അനീതിയുടെ മാമോനായിലൂടെ അവൻ കർതൃത്വത്തിലെത്തി.[16] നിന്ദ്യമായ ലോകത്താൽ അവൻ സ്വയം അലങ്കരിച്ചു. ഇളകിമറിയുന്ന കടലിലൂടെ യാത്രചെയ്ത് അവൻ വ്യാപാരംചെയ്തു. മരണത്തിലുടെ അവൻ തുറമുഖത്തണഞ്ഞു.

12. പാപികൾ തങ്ങളുടെ ജീവിതത്തിലൂടെ മരണത്തിലെത്തി. എന്നാൽ നീ ജീവനിലൂടെ ജീവൻനേടി; കടന്നുപോകുന്ന ജീവിതത്തിലൂടെ നീ നിത്യജീവൻ കണ്ടെത്തി.

13. നീ തീക്ഷ്ണനായി ശെമയോനെ അനുകരിച്ചു. തന്റെ അജഗണത്തിലെ ആടുകളെയും കുഞ്ഞാടുകളെയും മേയിക്കാൻ കർത്താവ് അവനെ ഭരമേൽപ്പിച്ചു. നിന്റെ സ്നേഹം ആടുകളെയും നിന്റെ സംശുദ്ധത കുഞ്ഞാടുകളെയും മേയിച്ചു.

14. നിന്റെ പ്രാർഥന ഒരു കപ്പലായിരുന്നു: അത് വായുവിന്റെ കടലിനെ എല്ലാനേരത്തും പിളർത്തി ഉന്നതത്തിലേക്ക് കരേറി; നിന്റെ നിക്ഷേപങ്ങൾ അവിടെയെത്തിച്ച്, എല്ലാവരിലും ഭയം ജനിപ്പിക്കുന്ന സ്വർഗത്തിൽ നിക്ഷേപിച്ചു.

15. നീ നിന്റെ നിക്ഷേപം നീതിമാന്മാരോടുകൂടെ വച്ചിരിക്കുന്നു. അവർ ഉത്ഥാനംചെയ്ത് ഇപ്രകാരം ശ്രവിക്കും: "പാതാളത്തിൽ നീതിരഹിതമായി പ്രതിഫലം പിടിച്ചുവയ്ക്കപ്പെട്ട നിങ്ങൾ വന്ന് നിങ്ങളുടെ ജാമ്യവസ്തു എടുക്കുവിൻ. നിങ്ങൾ അകത്തു കടക്കുവിൻ. നിങ്ങൾ മാലാഖമാരുടെ ഇടയിൽ പ്രകീർത്തിക്കപ്പെടും."

16. ഉത്ഥാനകാഹളം മുഴങ്ങുമ്പോൾ നഗ്നരായി ഉത്ഥാനം ചെയ്യാതിരിക്കാൻ, തങ്ങളുടെ വസ്ത്രം ശരീരത്തിൽ ഒളിച്ചുവച്ച ഭൗമികരുടെ വിജ്ഞാനത്തെ സ്വർഗീയർ പ്രകീർത്തിക്കും.

---

14. സംഖ്യ.16,3 15. ലൂ.23.42 16. ലൂ.16,9

www.malankaralibrary.com



17. ഉത്ഥാനത്തിൽ ശരീരങ്ങൾ ഉയിർത്തെഴുന്നേൽക്കും. അലങ്കാരങ്ങളോ, മാലിന്യങ്ങളോ ആയി, ബാഹ്യമായി തങ്ങളുടെ പ്രവൃത്തികളുടെ വസ്ത്രം അവർ ധരിച്ചിരിക്കും. നല്ലവർ പ്രശോഭിതരായി വസ്ത്രം ധരിക്കും! ദുഷ്ടർ അതുപോലെ തങ്ങളുടെ മാലിന്യവും ധരിക്കും!

18. ഒരു താക്കോൽ കൊണ്ടെന്നപോലെ, എന്റെ നാഥാ, നിന്റെ കർത്താവിന്റെ സ്വരത്താൽ ക്ഷണനേരംകൊണ്ട് നിന്നിൽ മറഞ്ഞിരിക്കുന്ന നിക്ഷേപങ്ങൾ തുറക്കപ്പെടുകയും നിന്റെ നിക്ഷേപത്തിൽനിന്ന് വിവാഹവിരുന്നിനുള്ള മഹത്വവസ്ത്രം പുറത്തേക്കു വരികയും ചെയ്യും.

19. വിവാഹവിരുന്നിന് വിവാഹവസ്ത്രം കരുതാത്തവന്റെ നാണക്കേടിന്റെ സമയത്ത്, നിന്റെ ശുഭ്രവസ്ത്രം തിളങ്ങുമ്പോൾ, വസ്ത്രത്തെപ്രതി നിന്റെ ഹൃദയം അഭിമാനം കൊള്ളും.

20. നിന്റെ അവയവങ്ങളിലെ അലങ്കാരം അവയെ മൂടിയിരിക്കുന്നു. പുഷ്പങ്ങളെപ്പോലെ അവ മുമ്പോട്ട് കൂട്ടമായി തള്ളിനിൽക്കുന്നു. വൃദ്ധനായ നിന്നിൽ നിന്ന് അനശ്വരവും കാമ്യവുമായ സൗന്ദര്യം ഒഴുകും.

21. നിന്റെ കർത്താവ് ഉയിർപ്പിക്കുകയും മരണക്കൂടായ കല്ലറകളിൽ നിന്ന് ശരീരങ്ങൾ മേഘങ്ങളിലൂടെ ജീവന്റെയും സമാധാനത്തിന്റെയും മണവറയിലേക്ക് പറക്കുകയും ചെയ്യുമ്പോൾ,[17] ആത്മീയചിറകുകളിൽ ഉന്നതത്തിലേക്ക് പറക്കാൻ നിനക്കിടയാക്കും.

22. അതോടൊപ്പം നിന്റെ വിജയം പൂവണിയും: ജാഗരണം നിന്റെ ഉപവാസത്തെ അലങ്കരിച്ചു; പ്രാർഥന നിന്റെ ദാനധർമത്തെയും. രോഗീസന്ദർശനത്തോടൊപ്പം ആരോഗ്യമുള്ളവരുടെ ബോധനവും നടന്നു.

23. ദരിദ്രർക്ക് അവനെ അലങ്കരിക്കാൻ കഴിയുന്നതിനും, നല്ലവൻ തന്നെത്തന്നെ അലങ്കരിക്കുമ്പോൾ, ദൈവം മോശയ്ക്കു തന്റെ മഹത്വം വായ്പകൊടുത്തതുപോലെ ദൈവികശോഭയിൽ നിന്നുള്ള അലങ്കാരം കടമെടുക്കുന്നതിനും, അത്യുന്നതൻ തന്റെ അലങ്കാരം ദരിദ്രമാക്കി.

24. നമ്മുടെ അധരങ്ങളുടെ സ്തുതിപ്പ് അവനെ അലങ്കരിക്കുന്നു. നമ്മുടെ പ്രാർഥന അവനെ ബഹുമാനിക്കുന്നു. അവയ്ക്ക് നമ്മെ അലങ്കരിക്കാനുള്ള ശക്തി കിട്ടാൻ അവൻ അവയെടുത്ത് തന്റെ സത്യത്തിൽ വയ്ക്കുന്നു.

25. അവന്റെ സൗന്ദര്യത്തിൽ വയ്ക്കാത്ത അലങ്കാരമെല്ലാം നിന്ദ്യമാണ്. നുണയർ പ്രാർഥിക്കുകയും ഉപവസിക്കുകയും ചെയ്യുന്നെങ്കിലും അവരുടെ അലങ്കാരം നിന്ദ്യമാണ്. എന്തുകൊണ്ടെന്നാൽ അവരുടെ സൗന്ദര്യം അവന് അന്യമാണ്!

---

17. 1തെസ്സ.4,16

www.malankaralibrary.com



26. മോശ തന്റെ അലങ്കാരം ആ ശോഭയിൽ വയ്ക്കുകയും അത് അവന്റെ മുഖത്തെ പ്രകാശിപ്പിക്കുകയും ചെയ്തതുപോലെ, ഉപവാസം, ജാഗരണം, ദാനധർമം തുടങ്ങി നിന്റെ എല്ലാ അലങ്കാരങ്ങളും അവന്റെ സത്യത്തിൽ നീ വച്ചിരിക്കുന്നു.

27. ഇതാ, എന്റെ മുമ്പിൽ നിന്റെ വിജയങ്ങൾ പ്രവഹിക്കുന്നു. അവയെ അവതരിപ്പിക്കുന്ന എന്റെ വായ് അന്ത്യം കാണുന്നില്ല. കാതിന്റെ കവാടത്തെ കുടിപ്പിക്കുന്ന നാവ് മാതൃമുലസമാനമാണ്. അത് അമിതമായി പ്രവഹിച്ചാൽ, കാതിനെ അത് വീർപ്പുമുട്ടിക്കും.

28. എന്റെ കർത്താവേ, സാധാരണജലം ഭരണികളിൽ ഒഴിക്കപ്പെടുകയും വീഞ്ഞായിത്തീരുകയും ചെയ്തതുപോലെ[18] എന്റെ ബലഹീനവാക്കുകളും ഒരു ഭരണിയിലെന്നപോലെ നിന്റെ യോദ്ധാവിന്റെ സ്തുതിക്കായി കാതുകളിൽ വളരട്ടെ.

29. നീസാനിൽ പുഷ്പങ്ങൾ മുളപൊട്ടി വിടരാൻ അനുവദിച്ചവൻ, അവകൊണ്ട് ജേതാവ് പുഷ്പമാല ചാർത്തപ്പെടാൻ ഇടയാക്കട്ടെ. ചൂടുകാലം തണുപ്പുകാലത്തേയും വിശപ്പടക്കി തൃപ്തിവരുത്തൽ വിശപ്പിനേയും പ്രകാശം അന്ധകാരത്തേയും കീഴടക്കിയിരിക്കുന്നു.

30. നിന്റെ യോദ്ധാവിനെ മാലചാർത്താൻ എന്റെ ദരിദ്രപറമ്പ് സംസാരശക്തിയുള്ള കുസുമങ്ങൾ നൽകിയിരിക്കുന്നു. നിനക്ക് തന്റെ വിജയങ്ങൾ മെനയുന്നവന് ഞാൻ സ്തുതിയോടെ വാക്കുകൾ കോർക്കുന്നു.

31. ലക്ഷ്യത്തിലെത്തിച്ചേർന്ന അവന്റെ ഓട്ടത്തിനും സമ്പത്ത് നേടിയ അവന്റെ ഉത്സാഹത്തിനും വിജയിച്ച അവന്റെ ഉപവാസത്തിനും പ്രകാശിക്കുന്ന അവന്റെ ജാഗരണത്തിനും ഞാൻ പൂമാല കോർക്കുന്നു.

32. രാജാവിന് ഒരു പൂമാല നൽകുന്നവന് രാജകീയസമ്മാനം ലഭിക്കുന്നു. എന്റെ കർത്താവേ, നിന്റെ പ്രതികാരം എന്നെ പിടികൂടാൻ ഇടയാകരുതേ. നിന്റെ ദാസനുവേണ്ടി ഞാൻ മാലകോർത്തതിനാൽ, നിന്റെ ദാസന്റെ കടച്ചീട്ട് കീറിക്കളഞ്ഞാലും!

## 6

1. നിന്നെ പൂർണമായി ഗ്രഹിക്കുന്നതിന്, ഞാൻ സംസാരിക്കുന്നതിനേക്കാൾ, നിശ്ശബ്ദമായിരിക്കുകയാണ് കൂടുതൽ ഉചിതമായിട്ടുള്ളത്. കാര

18. യോഹ.2,1ff.

www.malankaralibrary.com



ണം, ഞാൻ നിന്നിൽ നിന്ന് വളരെ അകലെയാണ്. ഈ ഉൾക്കാഴ്ച അനുസരിച്ച് ഞാൻ നിശ്ശബ്ദനായിരുന്നാൽ, ഓ, മഹനീയനേ, നിന്നെ ഞാൻ ശ്രേഷ്ഠമാക്കുകയല്ല ചെയ്യുക. ഞാൻ തന്നെയും ഉൾക്കാഴ്ചയോടുകൂടെ വളർന്നെങ്കിലും, നിന്നോട് മഹാപരാധമായിരിക്കും ചെയ്യുക.

*പ്രതിസ്തോത്രം: തന്റെ പൂർണതയുടെ വിജയം തന്നിൽതന്നെ കാണിച്ചവന് സ്തുതി!*

2. എന്റെ നാഥാ, നിന്നെ മനസ്സിലാക്കാൻ എനിക്കുവേണ്ടി പ്രാർഥിച്ചാലും. കാരണം, നിന്റെ മാധ്യസ്ഥ്യം കൂടാതെ നിന്നെപ്പറ്റി വിവരിക്കാൻ ഞാൻ വളരെ ചെറിയവനാണ്. നിന്റെ പ്രാർഥനാകരം കൂടാതെ നിന്റെ വിജയം അവതരിപ്പിക്കാൻ ആർക്കു കഴിയും! നിന്റെ മാധ്യസ്ഥ്യം എന്നിൽ ഒരുറവ ആയിരിക്കട്ടെ. എന്റെ കഴിവനുസരിച്ച് നിന്നെപ്പറ്റി ഞാൻ വിവരിക്കും.

3. പ്രകാശത്തിൽ നാം പ്രകാശം കാണുന്നു.[19] സൂര്യനെ അതിന്റെ രശ്മികളിലും ചന്ദ്രനെ അതിന്റെ തിളക്കത്തിലും കാണുന്നു. അവയിൽ നിന്നു വരുന്ന ദാനത്താൽ കാഴ്ചക്കാരന് അവയെ കാണാൻ കഴിയുന്നു. നിന്റെ സഹായത്തിന്റെ അദൃശ്യ രശ്മികളിൽ എന്റെ മനസ്സിനു നിന്നെ കാണാൻ കഴിയുന്നു.

4. ഇരുട്ടിലുള്ള ഒരു വിളക്കിന്റെ മങ്ങിയ വെളിച്ചം കൂടാതെ അതിന്റെ ശോഭ കാണാൻ കഴിയുകയില്ലെങ്കിൽ, ദൈവത്തിൽ പൂർണമായി മുങ്ങിയിരിക്കുന്ന നിന്റെ ആന്തരികമനുഷ്യന്റെ സൗന്ദര്യം കാണാൻ നിന്റെ പ്രാർഥനയുടെ കിരണങ്ങളിൽ കൂടി മാത്രമേ സാധ്യമാകൂ.

5. ദൈവകൃപയുടെ പ്രകാശം കൂടാതെ ദൈവത്തെ കാണാൻ ആർക്കു കഴിയും! അവന്റെ സമ്മാനകിരണത്തിലൂടെ മാത്രമേ അവന്റെ നിഗൂഢത നീ കാണുന്നുള്ളു. വിശുദ്ധർ തങ്ങളുടെ കർത്താവിന് തുല്യരാകട്ടെ. അവരുടെ കർമങ്ങളുടെ കിരണങ്ങളിൽ അവർ ഇരുണ്ട ലോകത്തെ ദർശിച്ചു.

6. നിന്നെ ഉപമിക്കാനുള്ളവ തേടി ഞാൻ പുറപ്പെട്ടു. നിന്നെ ഞാൻ കാണുകയും നിന്നിൽ സംഭ്രമിക്കുകയും ചെയ്തു. കാരണം, നിന്റെ കർത്താവ് നിന്റെ അവയവങ്ങളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. എന്റെ നിറക്കൂട്ടുകൾ ദുർബലങ്ങളാണ്. എന്റെ വിവരണം അപര്യാപ്തമാണ്. നിന്റെ ധൈര്യത്തിന്റെ വിജയം സംഗതമായി നിന്നിൽതന്നെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

7. എന്റെ വാക്ക് കഥയില്ലാത്തതാകയാൽ നിന്റെ സത്യത്തിന്റെ ഉപ്പില്ലെങ്കിൽ, നിന്നെപ്പറ്റിയുള്ള വിവരണം രുചിയുള്ളതായിരിക്കുകയില്ല. നിന്റെ

---

19. സങ്കീ.36,10

www.malankaralibrary.com



പോരാട്ടത്തിന്റെ പൂക്കൾ കൂടാതെ നിന്റെ മാല അലങ്കരിക്കാനും സാധ്യമല്ല. ശ്രോതാക്കൾക്ക് ആസ്വാദ്യകരമാകാൻ, നിന്റെ ഉപ്പ് എന്റെ വാക്കിനെ ഹൃദ്യമാക്കട്ടെ.

8. പണിക്കാരൻ എത്ര മിടുക്കനാണെങ്കിലും, തന്റെ കൈയിലുള്ളവ കൊണ്ടുമാത്രം ശ്രേഷ്ഠമായ രാജകിരീടം നിർമിക്കാൻ അവനു കഴിയില്ല. രാജാവ് തന്റെ ഭണ്ഡാരത്തിൽ നിന്ന് തന്റെ കിരീടത്തിന് വിശിഷ്ടരത്നങ്ങൾ നൽകുന്നു. ഞാൻ പരസ്യമായി നിന്നെ അലങ്കരിക്കാൻ, നിന്റെ നിക്ഷേപത്തിൽ നിന്ന് എനിക്ക് രഹസ്യമായി തന്നാലും!

9. നിന്റെ സമ്പത്ത് ആവശ്യക്കാർക്ക് വിതരണം ചെയ്യാൻ, ഞാൻ ഏറെക്കുറേ നിന്റെ കാര്യവിചാരകൻ ആയിരിക്കുന്നതിന്, നിന്റെ പ്രാർഥനയിലൂടെ എനിക്കു നിന്റെ താക്കോൽ തന്നാലും! എന്റെ പക്കൽ വാക്കുകളും നിന്റെ പക്കൽ കർമങ്ങളും! നിന്റെ സമ്പത്തെടുക്കാതെ, അതിന്റെ പലിശ കൊണ്ട് ഞാൻ ജീവിക്കുന്നതിന്, എന്റെ വാക്കിലൂടെ നിന്റെ നിക്ഷേപം പങ്കിട്ടുതരിക.

10. മുതലും പലിശയും കൂട്ടി പത്തു താലന്തു നൽകിയ നിന്റെ ശാന്തനായ കർത്താവിന് നീ സദൃശ്യനാണ്.[20] നിന്റെ മുതലിന്റെയും പലിശയുടെയും ഒരു ഭാഗം, നല്ലവൻ എന്ന നിലയിൽ നീ എനിക്കു തന്നാലും! എന്നാൽ മുതൽ സൂക്ഷിക്കണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ, കുറഞ്ഞപക്ഷം പലിശയിൽ നീ നോട്ടമിടരുതേ.

11. നീ ധനവാൻ എന്ന നിലയ്ക്കും ശ്രോതാവ് കച്ചവടക്കാരൻ എന്ന നിലയ്ക്കും നേട്ടമുണ്ടാക്കുന്നു; ദല്ലാൾ എന്ന നിലയ്ക്ക് എനിക്ക് ജീവിക്കാൻ കഴിയും. ജോസഫ് ശേഖരിച്ചു വച്ച ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തവർ നിശ്ചിത അളവുകൊണ്ട് ജീവിച്ചു. രാജാവിന്റെ സ്വർണം എണ്ണിയവൻ, അതുകൊണ്ട് തിന്നുകുടിച്ച് വിഹരിച്ചു.

12. ഞാൻ ശങ്കിക്കുന്നു; കാരണം എനിക്കറിയാം: നീതിമാന്മാർ വിശന്നുകഴിയുന്നു, വാഗ്ദാനം അവരുടെ വിശപ്പടക്കുന്നില്ല. ധനവാന്മാർ നശ്വര നാണയത്തുട്ടുകൾക്ക് സദാ അത്യാർത്തി കാട്ടുന്നതുപോലെ, നിലനിൽക്കുന്ന സമ്പത്തുനേടാൻ വിശുദ്ധർ ആഗ്രഹിക്കുന്നു.

13. നിന്റെ ധൂപം വീണ്ടും ഉജ്ജ്വലിപ്പിക്കുന്ന എനിക്ക് തരാൻ നിനക്കിഷ്ടമില്ലെങ്കിലും, നിന്റെ സുഗന്ധം എനിക്ക് പ്രതിഫലമില്ലാത്തതാക്കി അവശേഷിപ്പിക്കരുതേ. അതിന്റെ ഗന്ധം എന്നിൽ ആഴ്ന്നിറങ്ങിയിരിക്കുന്നു. പ്രശോഭിതനായ മണവാളൻ ആഗതനാകുമ്പോൾ, എന്റെ മുറിവിന്റെ ദുർഗന്ധത്തെ നിന്റെ നറുമണം പൊതിയട്ടെ...

20. മത്താ.25,20f.

www.malankaralibrary.com



# 7

1. സഹോദരങ്ങളേ, എന്റെ നാവിന് ഉപരിസ്ഥമായ കീർത്തിയുള്ള വ്യക്തിയുടെ മഹത്വം വർണിക്കാൻ ഞാൻ ഭയക്കുന്നു.

*പ്രതിസ്തോത്രം: നിന്റെ ദൈവത്തിനു സ്തുതി!*

2. ഈ യോദ്ധാവിനുവേണ്ടി ഞാൻ എങ്ങനെയാണ് മാല കോർക്കേണ്ടത്! കാരണം, അവൻ വിജയിച്ച അളവിൽ ഞാൻ പരാജയപ്പെട്ടു.

3. പ്രശോഭിത നിക്ഷേപങ്ങളുള്ള കച്ചവടക്കാരനെപ്പറ്റിയുള്ള വിവരണം, എന്റെ നിസ്സാരതമൂലം എങ്ങനെയാണ് ദരിദ്രമായിത്തീരുക!

4. ചിന്തയിൽപോലും അവനെ സമീപിക്കാൻ എനിക്കാവില്ല. കാരണം, അവന്റെ വിജയത്തിന്റെ ഓട്ടം എന്നെ വളരെ പിന്നിലാക്കിയിരിക്കുന്നു.

5. കച്ചവടക്കാരുടെ ഇടയിൽ അവന്റെ സമ്പത്ത് നേട്ടമുണ്ടാക്കി. കർഷകരുടെ ഇടയിൽ അവന്റെ ഫലങ്ങൾ സമൃദ്ധമായി.

6. കുറ്റിക്കാടുകൾ വെട്ടിനീക്കിയ പറമ്പുകൾ വിട്ടിട്ട്, കളനിറഞ്ഞ കാട്ടിൽ അവൻ അധ്വാനിച്ചു.

7. പതംവരാത്ത കല്ലുകൾ അവനെ കണ്ട് ചൂളിപ്പോയി. അവ മയം വന്ന് സംശുദ്ധഫലങ്ങൾ നൽകി.

8. എനിക്ക് വളരെ പ്രയാസമേറിയത് ഞാനെങ്ങനെ പറയും? എന്നാൽ എനിക്ക് പ്രയോജനകരമായത് ഞാനെങ്ങനെ വേണ്ടെന്നുവയ്ക്കും?

9. അവൻ അർഹിക്കുന്നതുപോലെ ഞാൻ സംസാരിക്കും. അവന്റെ സമ്പത്ത് എന്നെ അമ്പരപ്പിച്ചു. അവന്റെ നിക്ഷേപത്തിൽ നിന്ന് മുഖം തിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവനോടുള്ള സ്നേഹം എന്നെ അതിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

10. ഒരു ശിശുവിനെപ്പോലെ നിശ്ശബ്ദനായിരിക്കുന്നതിന് എന്റെ വിവേകം എന്നെ ഭയപ്പെടുത്തുന്നു. വലിയവനെപ്പോലെ തുല്യനായിരിക്കുന്നതിന് എന്റെ അനുഭവം എന്നെ കുറ്റപ്പെടുത്തുന്നു.

11. എന്റെ സഹോദരങ്ങളേ, അങ്ങനെ ഞാൻ ഇരുസംഗതികളുടെ ഇടയിൽ നിന്നു: സംസാരിക്കാൻ ഞാൻ ഭയപ്പെട്ടു, നിശ്ശബ്ദനായിരിക്കാൻ ഞാൻ പേടിച്ചു.

12. കാരണം, എന്റെ നാവ് അവനോട് കടപ്പെട്ടതുപോലെ തോന്നി.

www.malankaralibrary.com



അവന്റെ വിജയത്തെക്കുറിച്ച്, കടപ്പെട്ട വിവരണം നൽകാതിരിക്കാൻ ഞാൻ ഭയപ്പെട്ടു.

13. കാരണം, നല്ലവരുടെ സത്കർമങ്ങൾ എപ്പോഴും അനുസ്മരിക്കുന്നതിന് നാം അവരോട് കടപ്പെട്ടിരിക്കുന്നു.

14. ഞാൻ ഭയം ദൂരെയകറ്റിയിട്ട് അവന് കടപ്പെട്ടത് സംസാരിക്കും. കാരണം, കടപ്പെട്ടത് നൽകാതിരുന്നാൽ വളരെ ഭയപ്പെടേണ്ടിയിരിക്കുന്നു.

15. ഞാൻ അവന്റെ സഹായകവചം ധരിച്ച് അവന്റെ സത്കർമങ്ങളെപ്പറ്റി സംസാരിക്കും. എന്റെ ബലഹീനതയെ അവന്റെ മാധ്യസ്ഥ്യം സഹായിക്കും.

16. ഞാൻ എന്റെ ബലഹീനവും അപര്യാപ്തവുമായ ചിന്തയെ ഫലസമൃദ്ധമാക്കും. അവന്റെ പ്രാർഥന എന്നിൽ സ്തുതിപ്പിന്റെ ഉറവയാകും!

17. അവന്റെ സഹായം ലഭിച്ച്, അവന്റെ വിജയം പ്രഘോഷിക്കാൻ എനിക്ക് കഴിയട്ടെ. അവന്റെ പ്രാർഥന നമ്മുടെ കിന്നരത്തിനുള്ള വിരലാകട്ടെ.

18. കാരണം, ദുഷ്ടന്റെ ഇച്ഛയുടെ ചലനങ്ങൾ നിഗൂഢമായി നമ്മിൽ ഇളക്കം ഉണ്ടാക്കുന്നെങ്കിൽ, നല്ലവരുടേത് എത്ര അധികമായിരിക്കും!

19. വീണ്ടും, വീഞ്ഞുകുടി വഴി സംസാരശേഷി വർദ്ധിക്കുന്നെങ്കിൽ, നിന്റെ പ്രാർഥനയുടെ ശക്തി ഞങ്ങളിൽ എത്രയധികമായി വർദ്ധിപ്പിക്കും!

20. സമർഥനായ ഗുരുവിന്റെ ഇച്ഛ ബോധനാവസരം യുവാക്കളിൽ സംസാരിക്കുന്നു.

21. അതുപോലെ, താൻ പഠിപ്പിച്ചവയെല്ലാം പ്രവർത്തിച്ച നിശ്ശബ്ദ ഗുരുവിന്റെ ബോധനപ്രഭാഷണം എന്നിലും സംസാരിക്കും.

22. പാപകരമായ ആഭിചാരം സർപ്പങ്ങളെയും തേളുകളെയും നിഗൂഢമായി ഇളക്കിവിടുന്നു.

23. സാത്താന്റെ ഉപകരണമായ സർപ്പം ആഭിചാരത്തിന്റെ ശക്തിയെ അതിനോട് ചേർന്നവയോടുകൂടെ പരിഹസിക്കുന്നു.

24. അങ്ങനെയെങ്കിൽ, എന്റെ നാഥാ, നിന്റെ പ്രാർഥന ഞങ്ങളിൽ കർമനിരതമാകുകയും ഞങ്ങളുടെ ചുണ്ടുകൾ നിന്റെ സ്തുതികൾ ഉച്ചരിക്കുകയും ചെയ്യട്ടെ.

www.malankaralibrary.com



25. ജലത്തിന്റെ ശക്തി സംസാരശക്തിയില്ലാത്ത ഔഷധച്ചെടികളെ നിഗൂഢമായി കർമനിരതമാക്കുകയും തളിർപ്പിക്കുകയും ചെയ്യുന്നു.

26. അതുപോലെ എന്റെ നാഥാ, കാറ്റ് മരത്തെ മുഴുവൻ ഉണർത്തുകയും അവ തളിർത്ത് പൂക്കുകയും ചെയ്യുന്നു.

27. പ്രവാചകന്മാരും ദൈവത്തോട് ദൈവത്തിന്റെ വചനം സംസാരിച്ചു. അവന്റേതുകൊണ്ട് അവർ അവനെ ശുശ്രൂഷിച്ചു.

# 8

1. നിശ്ശബ്ദതയിൽ നിന്റെ വിജയിയായ ദാസൻ വളർന്നു. അവന്റെ വിജയം വലുതാണ്. ഞാൻ എങ്ങനെ അവനെ പ്രകീർത്തിക്കും!

*പ്രതിസ്തോത്രം: തന്റെ നിക്ഷേപം വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. സംസാരിക്കാൻ ഒരുമ്പെടുന്ന എന്റെ നാവിനെപ്പറ്റി ഞാൻ അത്ഭുതപ്പെടുന്നു. അതിന്റെ ബലഹീന പ്രകൃതിയെ നിശ്ശബ്ദതയിലേക്കു കൊണ്ടുവരാൻ അത് മറന്നുപോയി.

3. മഹാനിക്ഷേപം കണ്ട് പ്രകീർത്തിക്കാനല്ല, സ്വന്തമാക്കാൻ അതോടി.

4. നേട്ടത്തെപ്പറ്റി മാത്രമല്ല, വിവേചനാരാഹിത്യത്തിന്റെ മാലിന്യത്തെപ്പറ്റിക്കൂടി ചിന്തിക്കുക ഉചിതമായിരുന്നു.

5. പവിഴം തിരിച്ചറിയാൻ കഴിവില്ലാത്തവൻ, കാര്യമറിയാതെ അത് പരിശോധിച്ചാൽ, വളരെ നാണക്കേട് വരുത്തിവയ്ക്കുന്നു.

6. കിന്നരത്തെ അതിന്റെ രീതിയിൽ പാടുന്നതിന് ഒട്ടും അറിയാത്തവൻ, തന്ത്രി മീട്ടുന്നതിന്റെ നാണക്കേട് സുസ്പഷ്ടമാണ്.

7. പഠനം ഒരു നിക്ഷേപമാണ്. അത് വിജ്ഞാനസമ്പന്നനാക്കുന്നു. പോഷണത്തിന്റെ അളവനുസരിച്ച് ബുദ്ധി വികസിക്കുന്നു.

8. നിന്റെ ദാസൻ ദൃശ്യനും അദൃശ്യനുമാണ്. അവനു തുല്യനാരുണ്ട്? സഹായിക്കാൻ ദൃശ്യൻ, തനിക്കുതന്നെ നേട്ടമുണ്ടാക്കാൻ അദൃശ്യൻ!

9. അവന്റെ രഹസ്യങ്ങൾ ദൃശ്യമാണ്. അവന്റെ ദാനധർമം നിഗൂഢമാണ്. കാരണം, വ്യർഥമായ പൊങ്ങച്ചത്തിന് അവൻ വിധേയനായില്ല.

www.malankaralibrary.com



10. അഹന്തയുടെ നുകം കയ്പ്പേറിയതാണെന്ന് അവൻ തെളിയിച്ച തിനാൽ, തന്റെ കർത്താവിന്റെ മധുരമുള്ള നുകത്തിൻ കീഴിൽ അവൻ അഭയം തേടി.

11. ഇപ്രകാരമായിരുന്നു അവന്റെ വാക്കുകൾ, ഇപ്രകാരമായിരുന്നു അവന്റെ പ്രവൃത്തികൾ. അവന്റെ പ്രബോധനങ്ങളുടെപാദതലങ്ങളെ അവന്റെ പ്രവൃത്തികൾ വേഗത്തിൽ അനുഗമിച്ചു.

12. അതേസമയം തന്റെ വാക്കുകൾക്കുവേണ്ടി അവൻ ഒരു ത്രാസ് തൂക്കിയിട്ടിരുന്നു. കാരണം, തന്റെ പ്രഭാഷണം ലഘുവാകാൻ ഇടയുണ്ടെന്ന് അവൻ ഭയപ്പെട്ടു.

13. മറ്റൊരാൾ തന്റെ സ്വർണം തൂക്കിയതിനു പകരം അവൻ എല്ലാ സമയവും തന്റെ വാക്കുകൾ തൂക്കി നോക്കിയിരുന്നു.

14. വിവേകപൂർവകമായ ജാഗരണം അവന്റെ ബോധത്തിൽ വിതയ്ക്ക പ്പെട്ടിരുന്നു. ഉചിതമായ ഉപവാസം അവന്റെ പ്രാർഥനയോടു ചേർന്നിരുന്നു.

15. സംശുദ്ധതയുടെ ശക്തി അവൻ തന്റെ യൗവനത്തിൽ വിതച്ചു. തന്റെ കുട്ടിക്കാലത്തുതന്നെ അവൻ വാർധക്യത്തിന്റെ വിവേകം കാട്ടി.

16. അവന്റെ വിജയം കണ്ട് അവന്റെ ശത്രു ഭയന്നുവിറച്ചു. അതവന്റെ പീഡ വർദ്ധിപ്പിച്ചു. ശത്രു ക്ഷുഭിതനായി വിദ്വേഷം വളർത്തി.

17. അവന്റെ അസൂയ അവനുതന്നെ ഭാരവും അവന്റെ ക്ഷോഭം പീഡ യുമായി. അവന്റെ പാപരാഹിത്യംകണ്ട് ശത്രു പൂർണമായി അമ്പരപ്പിലായി.

18. വിശുദ്ധൻ ബാഹ്യമായി തന്നെത്തന്നെ ക്രമീകരിച്ചു; ആന്തരിക മായി സംശുദ്ധത പാലിച്ചു. അവനെ കാണുക തികച്ചും നേട്ടമായിരുന്നു.

19. തനിക്കുവേണ്ടി എന്നതിനേക്കാൾ കൂടുതൽ അവൻ നമുക്കു വേണ്ടി പ്രാർഥിച്ചു. തന്റെ ദുഃഖത്തേക്കാൾ കൂടുതൽ നമ്മുടെ ദുഃഖം അവനെ വേദനിപ്പിച്ചു.

20. തന്റെ യോദ്ധാവിന്റെ ദുഃഖം യേശു മനസ്സിലാക്കി. പുഷ്പമാലയും കീർത്തിയും അവൻ അവനായി പറുദീസായിൽ സജ്ജമാക്കി.

21. സത്യത്തിന്റെ കണ്ണാടി അവന്റെ മുമ്പിൽ നിൽക്കാത്ത ദിവസം ഉണ്ടായിരുന്നില്ല. അവൻ തന്റെ സൗന്ദര്യം ഒളിച്ചുവയ്ക്കുകയും തന്റെ കളങ്കം കാട്ടുകയും ചെയ്തു.

22. അവൻ കുറ്റപ്പെടുത്തി; എന്നാൽ അതിനുമുമ്പേ തന്റെ കണ്ണിലെ തടിക്കഷണം അവൻ കണ്ടു. പിന്നീടാണ് അവൻ പഠിപ്പിച്ചത്.

www.malankaralibrary.com



23. അവൻ തന്റെ രോഷത്തിൽ ഉഗ്രനായിരുന്നെങ്കിലും തന്റെ സംശുദ്ധതയിൽ ശാന്തനായിരുന്നു. അവന്റെ ദയ സമൃദ്ധമായിരുന്നു.

24. ഒരു വ്രണം മുറിച്ചുമാറ്റുമ്പോൾ വേദനിപ്പിക്കാനും അവനു കഴിയുമായിരുന്നു. വേഗം സുഖമാകാൻ അവൻ പരിചരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു.

25. അവൻ ഒരാളിൽ മാലിന്യം കണ്ടാൽ, അവൻ അതറിയാതെ തന്നെ അവനു നേർവഴികാട്ടി അവനെ പഠിപ്പിച്ചിരുന്നു.

26. മറ്റുള്ളവരിലുള്ള വ്യത്തികേടിന്റെ കളങ്കം അവതരിപ്പിച്ച്, വിവേകപൂർവം അവൻ അവനെ പഠിപ്പിച്ചിരുന്നു.

27. അവൻ ഒരാളെ അടിച്ചപ്പോൾ മറ്റൊരാളെയും ബാധിച്ചിരുന്നു. അവൻ തന്നെത്തന്നെ വിധിച്ചപ്പോൾ, പാപം ചെയ്തവനും ലജ്ജിച്ചിരുന്നു.

28. അവൻ വേദനിച്ചു, മറ്റുള്ളവർക്കും വേദന അനുഭവപ്പെട്ടു. അവൻ നെടുവീർപ്പിട്ടു, മറ്റുള്ളവർക്കും പീഡനം അനുഭവപ്പെട്ടു.

29. പാപിയെ താഴ്ത്തിക്കെട്ടാതിരിക്കുന്നതിനും അവനെ കൂടുതൽ പരിഹാസപാത്രം ആക്കാതിരിക്കുന്നതിനും വേണ്ടി അവൻ സംശയത്തിന് ഇടംകൊടുത്തില്ല.

30. അടിക്കാതെതന്നെ നല്ല വേദന ഉണ്ടാക്കാൻ അവനു കഴിഞ്ഞു. അവൻ പാപിയെ വിവേകപൂർവം കുറ്റപ്പെടുത്തി.

31. തെറ്റുകാരനെ നന്നാക്കാൻ അവൻ തൽപ്പരനായിരുന്നെങ്കിലും, അവനേക്കാൾ മുമ്പിൽ, നന്നായി വ്യാപരിക്കുന്നവനെ അവൻ വളരെ സഹായിച്ചു.

# 9

1. എന്റെ സഹോദരരേ, അവന്റെ വിജയങ്ങളെപ്പറ്റി പറയാൻ ഞാൻ ഭയപ്പെടുന്നു. അതുപോലെ അവന്റെ സത്കർമങ്ങളെപ്പറ്റി നിശ്ശബ്ദനായിരിക്കാൻ ഞാൻ പേടിക്കുകയും ചെയ്യുന്നു.

*പ്രതിസ്തോത്രം: അവന്റെ സമ്പത്ത് വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. കാരണം, അവന്റെ കഴിവുകളുടെ നിക്ഷേപം വിവരണാതീതമാണ്. അതേസമയം അവന്റെ ഉൾക്കാഴ്ചകളുടെ വൈശിഷ്ട്യം മറച്ചുവയ്ക്കാനുമാവില്ല.

www.malankaralibrary.com



3. ഉപവാസകരുടെ നിരയെ അവൻ ഉല്ലംഘിച്ചതോടൊപ്പം, തീക്ഷ്ണത ഉണർത്തിക്കൊണ്ട് ഭോജനപ്രിയരെ ഉപവാസം പഠിപ്പിച്ചു.

4. അത്യാർത്തിയുള്ളവരെ താഴ്ത്തിക്കെട്ടിയതോടൊപ്പം, ഉപവാസകൻ ഒരുപവാസത്തോടൊപ്പം മറ്റൊന്നു കൂട്ടിച്ചേർത്തു.

5. അവൻ ധർമിഷ്ഠരെ ഉല്ലംഘിച്ചതോടൊപ്പം, അത്യാർത്തിയുണ്ടായിരുന്ന സക്കായിയെപ്പോലെ തന്റെ നിക്ഷേപങ്ങൾ പങ്കിട്ടുകൊടുത്തു.[21]

6. അവൻ ഒരാളെ ഉയർത്തിയപ്പോൾ, മറ്റൊരാളിൽ തീക്ഷ്ണത ഉണർത്തി. ഒരാളെ വിനീതനാക്കിയപ്പോൾ, മറ്റൊരാൾ ഭയന്നു.

7. ഇപ്രകാരം സഹായിക്കുക വളരെ എളുപ്പമായിരുന്നു. സഹായം സ്വീകരിക്കപ്പെടുകയും എളുപ്പമായിരുന്നു.

8. എല്ലാദിവസവും ന്യായവിധി അവന്റെ കണ്മുമ്പിൽ ഉണ്ടായിരുന്നു. അവൻ തന്നത്താൻ വിധിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്തു.

9. യദൃച്ഛയാ ഒരാൾ അവന്റെ അടുത്തിരുന്നാൽ, അവൻ അവന് ഒരു സന്മാതൃക ആയിരുന്നു.

10. അവൻ മനസ്സിലാക്കാതെ തന്നെ അവന്റെ ഫലങ്ങളിൽ നിന്ന് അവൻ അവനെ തിരിച്ചറിഞ്ഞിരുന്നു. കാരണം, സഹായകഗന്ധം അവനിൽനിന്ന് പുറത്തേക്ക് ഒഴുകിയിരുന്നു.

11. എല്ലാ നാഴികകളിലും അവന്റെ ആത്മാവ് പ്രാർഥനയിൽ മുഴുകിയിരുന്നു. എല്ലാ നാഴികകളിലും അവൻ തന്റെ നയനങ്ങളെ കണ്ണുനീരാൽ നനച്ചിരുന്നു.

12. എല്ലാ ദിവസവും അവൻ ഉപവസിച്ചിരുന്നു. ഒരുപവാസത്തിനു ശേഷം മറ്റൊന്ന്; ഒന്ന് അപ്പത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നത്, മറ്റത് പാപത്തിൽ നിന്നും.

13. ദൃശ്യവും അദൃശ്യവുമായ രീതിയിൽ തന്നെത്തന്നെ നിയന്ത്രിച്ച അവൻ മാംസത്തിൽ നിന്നും ക്രോധത്തിൽ നിന്നും അകന്നുനിന്നു.

14. ഓരോ നാഴികയിലും തന്റെ ഉള്ളിലും തന്റെ വസ്ത്രത്തിലും അവൻ വിവേകിയായ വിലാപകനായിരുന്നു.

15. രണ്ട് ദുഷ്ടസംഗതികൾ അവൻ തന്റെ ഉള്ളിൽ നിഷേധിച്ചു. അവൻ ഒരിക്കലും ചിരിക്കുകയോ, ഫലിതം പറയുകയോ ചെയ്തില്ല.

---

21. ലൂ.19,8

www.malankaralibrary.com



16. എഴുതപ്പെട്ടിരിക്കുന്നതുപോലെ, ജോബിനെതിരെ ഇരുന്നപ്പോഴെല്ലാം അവൻ എല്ലാ ദിവസവും നിരന്തരം ദുഃഖിതനായിരുന്നു.[22]

17. ജോബിനെപ്പോലെ അവൻ അനുദിനം പാവപ്പെട്ടവരെ തീറ്റിപ്പോറ്റി. ഭക്ഷണത്തിനുമുമ്പ് അവന്റെ നെടുവീർപ്പ് ഉയർന്നിരുന്നു.

18. ഇപ്രകാരം അവന്റെ ശരീരം ഒരു കോടതിമന്ദിരവും അവന്റെ ഹൃദയം നീതിനിയമവുമായിരുന്നു.

19. ഓരോ നാഴികയിലും അവൻ തന്റെ അവയവങ്ങളെ പാപത്തിൽ നിന്ന് പിന്തിരിപ്പിച്ചിരുന്നു: വായും ഹൃദയവും കണ്ണും കാതും.

20. ഓരോ നാഴികയിലും അവൻ തന്നെത്തന്നെ കഠിനമായി നിയന്ത്രിച്ചിരുന്നു. ഓരോ നാഴികയിലും അവൻ തന്നെത്തന്നെ ന്യായം വിധിച്ചിരുന്നു.

21. അവൻ തന്നെത്തന്നെ വിധിക്കുന്നതു കണ്ട അവന്റെ ശത്രുവായ സാത്താൻ അവന്റെ പ്രതിയോഗി ആയിരിക്കുന്നതിൽ ലജ്ജിച്ചു.

22. അവൻ തന്നെത്തന്നെ വിനീതനാക്കിയെന്ന് അത്യുന്നതൻ കണ്ടപ്പോൾ, അവന്റെ വിനയം വർദ്ധിക്കാനായി, അവനെ ഉയർത്താൻ ആഗ്രഹിച്ചില്ല.

23. വിശുദ്ധരെ സ്നേഹിക്കുന്ന പരിശുദ്ധാത്മാവ് അവന്റെ പാപരാഹിത്യം കണ്ട് അവന്റെ ആലയത്തിൽ വാസമുറപ്പിച്ചു.

24. ജാഗരണം ഇഷ്ടപ്പെടുന്ന ഈറയർ അവന്റെ ജാഗരണം കണ്ട്, അവന്റെ സ്വരത്തിൽ സന്തോഷിച്ചു.

25. അവന്റെ സത്യവിശ്വാസം കണ്ട് അവന്റെ മുമ്പിൽ താർക്കികരുടെ കലഹത്തിന്റെ ഉറവ വറ്റിപ്പോയി.

26. അവനെ കണ്ട് അത്യാർത്തി തലവലിച്ചു. അനേകരെ മലിനമാക്കിയ മാലിന്യത്തെക്കുറിച്ച് അത് ലജ്ജിച്ചു.

## 10

1. അബ്രഹാമിന്റെ മടിയിൽ അബ്രഹാം ചെന്നെത്തി. കാരണം, രണ്ടു കാര്യങ്ങളിൽ അവൻ അവനു തുല്യനായിരുന്നു: നാമത്തിലും കർമങ്ങളിലും!

*പ്രതിസ്തോത്രം: നിന്റെ ദൈവത്തിനു സ്തുതി!*

---

22. സങ്കീ.38,6;യോബ്,2,13

www.malankaralibrary.com



13. അവൻ മഞ്ഞിന്റെ അനുഭവസമ്പത്തു നേടി: അത് എത്രയധികം ഭൂമിയിൽ പതിക്കുന്നുവോ, അത്രയധികം അതിനെ വെളുപ്പിക്കുന്നു. പിന്നീട് മണ്ണിനുള്ളിലേക്കു കടക്കുന്നു.

14. തീരം സജീവഉറവയെ ഒതുക്കി നിർത്തുന്നു. എന്നാൽ അതിനെ വറ്റിക്കണമെന്നു വിചാരിച്ചാൽ, അതിന്റെ ഓളങ്ങളിൽ അത് അതിനെ മുക്കിക്കളയും.

15. യൗവനം മുതൽ തന്റെ വിവാഹക്കിടക്കവരെ സ്വർഗരാജ്യത്തിന്റെ മഹത്വം അവന്റെ ഹൃദയത്തിൽ പ്രകാശിച്ചു.

16. ആരംഭം മുതൽ അവൻ ലക്ഷ്യത്തിലായിരുന്നു. തന്റെ വിവാഹവസ്ത്രം അവൻ അനുതാപ വസ്ത്രവുമായി വച്ചുമാറി.

17. ഏഴുദിവസം ഭർത്താവിനോടുകൂടെ ആയിരുന്ന, സുകൃതികളിൽ സുകൃതിയായിരുന്നവളെ എങ്ങനെ താരതമ്യപ്പെടുത്തും!

18. വിവാഹാരംഭം മുതൽ അവൻ തന്റെ ഭാര്യയെ ഉപേക്ഷിച്ചു. കാരണം, അവൻ സ്വർഗീയപൂമാല കാണുകയും അതിനായി പോർക്കളത്തിലേക്ക് പാഞ്ഞിറങ്ങുകയും ചെയ്തു.

19. ഭാര്യയുമായുള്ള ബന്ധത്തിൽ അവൻ തന്റെ കിടക്ക സംശുദ്ധമായി കാത്തു; അങ്ങനെ അവന്റെ രാത്രിപ്രാർഥന പ്രശാന്തമായി നടന്നു.

20. അവൻ ആരെ സ്നേഹിക്കുന്നു എന്നതിനു തെളിവു കൊടുക്കാൻ കഴിയുന്നതിന്, വിവാഹം നിമിത്തമുള്ള പരീക്ഷണം സംഭവിച്ചു.

21. കാരണം, സ്വർഗീയതേജസ്സിൽ ദൃഷ്ടിയുറപ്പിച്ചിരിക്കുന്നവന്റെ ദൃഷ്ടിയിൽ ഭൗമികസൗന്ദര്യം നിന്ദ്യമാണ്!

22. നിന്ദ്യയായ മനുഷ്യപുത്രിയോടുള്ള സംസർഗത്തേക്കാൾ മാധുര്യമേറിയ പരിശുദ്ധാത്മാവിനോടുള്ള സംസർഗം അവൻ ഇഷ്ടപ്പെട്ടു.

23. ബലഹീന സൃഷ്ടിയായ ഭാര്യയോടുള്ള ബന്ധത്തേക്കാൾ കൂടുതലായി, മഹത്വത്തിന്റെ കർത്താവുമായി അവന്റെ ആത്മാവ് ബന്ധിതമായിരുന്നു.

24. അവന്റെ പോരാട്ടത്തിന്റെ ആരംഭം മുതൽ അത്യാർത്തി ഭയപ്പെട്ടിരുന്നു. കാരണം, അവന്റെ പോരാട്ടം വിജയകരമായിരിക്കുമെന്ന് അത് പരീക്ഷിച്ചറിഞ്ഞിരുന്നു.

www.malankaralibrary.com



# 11

1. സ്വർഗീയവിരുന്നിൽ അബ്രഹാമിന്റെ ഇടം ഏകാന്തവാസിയായ അബ്രഹാമിന് നവോന്മേഷം നൽകട്ടെ. കാരണം, അവൻ അവന്റെ വസ്ത്രവും ജീവിതനടപടികളും വഹിച്ചിരുന്നു.

*പ്രതിസ്തോത്രം: നിന്റെ അലങ്കാരങ്ങൾ വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ഹാനോക്കിന്റെ വിശുദ്ധ ചിറകുകളിൽ അവൻ ഉയർത്തപ്പെട്ടു; അവൻ തന്റെ വിവാഹാനന്തരം ദൈവത്തിന് പ്രിയപ്പെട്ടവനാകുകയും പ്രകാശിതനാകുകയും ഉന്നതത്തിലേക്ക് പറക്കുകയും ചെയ്തു.[23]

3. പ്രശോഭിതനും വിവാഹിതനുമായ ജോസഫിനോടുകൂടെ അവനും അവകാശിയാകട്ടെ. അബ്രഹാമും സംശുദ്ധിയിൽ പ്രശോഭിതനായി. തന്റെ വിവാഹാനന്തരവും അവൻ ചിരിത്ര്യശുദ്ധിയുള്ളവനായിരുന്നു.

4. ജേതാവായ ജോസഫിനെതിരെ കൊടുങ്കാറ്റടിച്ചു. അവൻ ഉറച്ചു നിൽക്കുകയും തന്റെ പുറങ്കുപ്പായം വിട്ടിട്ട് പോകുകയും ചെയ്തു.[24]

5. പാപകരമായ സൗന്ദര്യം ശക്തിയായി അനുഭവപ്പെട്ടെങ്കിലും മണവറയിൽ വിജയിച്ച യോദ്ധാവിനെ നമുക്ക് ദർശിക്കാം.

6. അവൻ സഹിച്ചതെന്താണെന്ന് നമുക്ക് കാണാം: സൗന്ദര്യം അവനോട് പോരാടിയതും സ്നേഹത്തിന്റെ വേദന കത്തിക്കാളിയതും സംശുദ്ധൻ വിജയിച്ചതും.

7. തനിക്കും സിപ്പോറായ്ക്കുമിടയിൽ സംശുദ്ധതയുടെ വേലി കെട്ടിയ ശുദ്ധിമാനായ മോശയോടുകൂടെ അവൻ അവകാശിയാകട്ടെ.[25]

8. പാപം നിരസിച്ച ദാവീദിനോടുകൂടെ അവൻ അവകാശിയാകട്ടെ. സംശുദ്ധനായിരുന്നതിനാൽ തന്റെ കിടക്കയിൽ അവൻ പൂമാല ചാർത്തപ്പെട്ടു.[26]

9. തന്റെ പുകകൊണ്ട് ദൂരെ വച്ചുതന്നെ അന്ധമാക്കുന്ന അഗ്നി, ദാവീദിന്റെ സംശുദ്ധമായ മടിയിൽ കീഴടക്കപ്പെട്ടു.

10. തന്റെ യൗവനം സംശുദ്ധതയിൽ കാത്ത ഈ ഭാഗ്യവാൻ വാർധക്യത്തിൽ വിജയിച്ച ആ രാജാവിനോടൊപ്പം അവകാശിയാകട്ടെ.

---

23. ഉൽപ്പ.5,24 24. ഉൽപ്പ.39,13 25. പുറ.4,24-26 26. 1രാജാ.1,4

www.malankaralibrary.com



11. സംയോജനം പ്രലോഭിപ്പിച്ചു, സ്നേഹം തീവ്രമായി, സൗന്ദര്യം പ്രശോഭിച്ചു; എങ്കിലും ദാവീദ് വിജയിച്ചു.

12. അവൻ ശെമയോനോടൊത്ത് അവകാശിയാകട്ടെ. തന്റെ മരുമകൻ നമ്മുടെ മണവാളന്റെ ശിഷ്യനായെന്ന് ശെമയോന്റെ രോഗിണിയായ അമ്മായിയമ്മ സാക്ഷ്യപ്പെടുത്തി.[27]

13. ദൈവികമായ അസൂയാലു ആകുകയും വിവാഹക്കൊമ്പിൽ സംയമനം ഒട്ടുവെയ്ക്കുകയും ചെയ്ത ആ ശ്ലീഹായോടുകൂടെ അവനും ഭരണം നടത്തട്ടെ.[28]

14. ജോസഫ് വളരെ ഉയർത്തപ്പെട്ടു. കാരണം, ആരും അവനെ കാണാതിരുന്നിട്ടും തന്റെ കൺമുമ്പാകെ അവൻ ലജ്ജിതനാകുകയും തന്റെ സ്വാതന്ത്ര്യം സംരക്ഷിക്കുകയും ചെയ്തു.

15. പ്രകൃതിയുടെ നിയമമാണ് എഴുതപ്പെട്ട നിയമത്തേക്കാൾ മുമ്പുള്ളതും പഴക്കമുള്ളതുമെന്ന് അവൻ കാണിച്ചു.

16. "നീ വെറുക്കുന്നവ നിന്റെ അയൽക്കാരനോട് ചെയ്യരുത്" എന്ന് മനുഷ്യമനസ്സിന്റെ ബോർഡിൽ രേഖപ്പെടുത്തിയിരിക്കുന്നെന്ന് അവൻ കാണിച്ചു.

17. തങ്ങളുടെ നിയമം പൊക്കിപ്പിടിക്കുന്നവർ വളരെ മാനം കെട്ടവരാണ്. ഇപ്പോൾ നമ്മെ കുപിതരാക്കി ക്ഷോഭിപ്പിക്കാനാണ് അവർ അവ വായിക്കുന്നത്.

18. പൊട്ടിപ്പോയ നിയമ പലകകളെപ്പറ്റി അവർ വളരെ വീമ്പിളക്കുന്നു. അവർ വേഗത്തിൽ ചിതറിക്കപ്പെടുമെന്ന് അവയുടെ ചിതറൽ വിളംബരം ചെയ്യുന്നു.

19. ജോസഫ് വളരെ വലിയവനാണ്. അവന്റെ യൗവനം ക്ലേശഭൂയിഷ്ഠമായിരുന്നു. എങ്കിലും തന്റെ നീതി നിമിത്തം, കുടിക്കാനായി അവൻ മോഷ്ടിച്ചില്ല.

20. തന്റെ സ്വന്തം ഉറവ തന്റെ പക്കൽ ഉണ്ടായിരുന്നിട്ടും തന്റെ സ്വന്തം ഉടമസ്ഥാവകാശത്തിൽ നിന്ന് ഒഴിഞ്ഞുനിന്ന് സ്വേച്ഛയാ ഉപവസിച്ചയാൾ വളരെ വലിയവനാണ്.

21. താരതമ്യം ചെയ്യുന്നതിൽ നിന്ന് ഞാൻ പിൻവലിയുന്നു. എന്റെ ബലഹീനത നിമിത്തം എന്റെ താരതമ്യം ബലഹീനമായി നിലകൊള്ളുന്നു.

22. സ്വർഗരാജ്യത്തിന്റെ നിറക്കൂട്ടുകൾ പരിഗണിക്കാനും കൂട്ടിക്ക

---

27. മർക്കോ. 1,29 28. 1കൊറി. 11,2.

www.malankaralibrary.com



ലർത്താനും തൂക്കിനോക്കാനും താരതമ്യപ്പെടുത്താനും എന്റെ ബുദ്ധി വളരെ ചെറുതാണ്.

23. നീസാൻ എനിക്കതിനു സാക്ഷ്യം നൽകുന്നു. കാരണം, അതിന്റെ പുഷ്പങ്ങളുടെ നിറങ്ങൾ വിവരിക്കാൻ കണ്ണുകൾക്കോ മനസ്സിനോ ഒരിക്കലും കഴിവില്ല.

# 12

1. എന്റെ സഹോദരരേ, ബലഹീനനായ എന്നെ പ്രാർഥന കൊണ്ട് സഹായിക്കുവിൻ. അധ്വാനങ്ങളിലും ആവശ്യങ്ങളിലും സ്നേഹം ഭാഗഭാക്കാകട്ടെ.

*പ്രതിസ്തോത്രം: എന്റെ കഴിവുകേട് തെളിയിക്കപ്പെട്ടിരിക്കുന്നു. കാരണം, പ്രവൃത്തികൾ ചിത്രീകരിക്കാൻ വാക്കുകൾക്ക് കഴിവില്ല!*

2. അവന്റെ സത്കർമങ്ങളോടുകൂടെ എന്റെ വിവരണം മത്സരത്തിന് കടന്നുവന്നു. അവന്റെ പ്രവൃത്തികളുടെ ശക്തി എന്റെ വാക്കുകളെ കീഴടക്കി.

3. ബലഹീനനായ ഞാൻ അവനു താഴെ ആയിരുന്നത് പ്രയോജനകരമാണ്. അവന്റെ സമ്പത്ത് എന്നെ കീഴടക്കുമ്പോൾ, ഒരു നിക്ഷേപം നേടിയെടുക്കാൻ അവൻ എന്നെ അനുവദിക്കും.

4. സൂത്രശാലിയായ ശത്രു അവനോട് പോരാടി. പിടിച്ചുപറിക്കുന്ന ശക്തിയെ നിഷ്ക്കളങ്കൻ പരാജയപ്പെടുത്തി.

5. എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവൻ വിവേകി ആയിരുന്നു. കർത്താവ് പറഞ്ഞതുപോലെ, നിഷ്ക്കളങ്കനുമായിരുന്നു. എല്ലാ വിജ്ഞാനികളുടെയും വിജ്ഞാനത്തിന് ശിഷ്യനായ സാധാരണക്കാരനായിരുന്നു അവൻ.

6. ഒരു ജ്ഞാനി ആയിത്തീരാൻ അവൻ കഠിനാധ്വാനം ചെയ്തു. കാരണം, താർക്കികരുടെ ജീവിതരീതി ഭോഷത്തമാണെന്ന് അവൻ കണ്ടു.

7. പ്രവൃത്തികളിൽ വിവേകി ആയിരിക്കാൻ അവൻ പരിശ്രമിച്ചു. കാരണം, തങ്ങളുടെ കർമങ്ങളിൽ ഭോഷന്മാരായ 'ബുദ്ധിമാന്മാരെ' അവൻ കണ്ടു.

8. എല്ലാത്തരത്തിലും ദുഷ്ടന്റെമേൽ വിജയം വരിച്ച നിഷ്ക്കളങ്കൻ

www.malankaralibrary.com



വിവേകി ആയിരുന്നു. ദുഷ്ടന്റെ ശിഷ്യർ സൂത്രങ്ങളിൽ ദുഷ്ടനെ അതിശയിക്കുന്നു.

9. തന്നത്താൻ സഹായിക്കാൻ അറിയുകയും സമസ്ത വിജ്ഞാനത്തിന്റെയും കർത്താവിനെ എങ്ങനെ സ്നേഹിക്കാൻ കഴിയുമെന്ന് തിരിച്ചറിയുകയും ചെയ്ത ആ സാധാരണക്കാരൻ, വിവേകി ആയിരുന്നു.

10. വാക്കുതർക്കത്തിന് സമർഥനായ വായാടി കുറ്റപ്പെടുത്തപ്പെടേണ്ടവനാണ്. എന്നാൽ സ്വർഗരാജ്യത്തിലെ ആ ഇടുങ്ങിയ വാതിലിന് അവൻ വളരെ ഊതിവീർപ്പിക്കപ്പെട്ടവനാണ്.

11. ആ ജേതാവ് തന്റെ പെരുമാറ്റത്തിൽ സത്യസന്ധതയും പ്രവൃത്തികളിൽ വെടിപ്പും വാക്കുകളിൽ സംശുദ്ധതയും പുലർത്തി.

12. എഴുതപ്പെട്ടിരിക്കുന്നത് അവൻ വിശദീകരിച്ചു. ഔദ്യോഗിക പ്രബോധനം അവൻ പഠിപ്പിച്ചു; അവൻ കൽപ്പനകൾ പാലിച്ചു; വാഗ്ദാനങ്ങളെ സ്നേഹിച്ചു.

13. അവൻ സഹായങ്ങളെ സമയത്തോട് താരതമ്യപ്പെടുത്തി; വിവേകികളെ പ്രവൃത്തികളുമായി തൂക്കിനോക്കി.

14. കടപ്പെട്ട ഫലങ്ങൾ അവൻ എല്ലായിടത്തും വർദ്ധിപ്പിച്ചു. അവന്റെ പെരുമാറ്റം വിശ്വസനീയവും വാക്കുകൾ സത്യസന്ധവുമായിരുന്നു.

15. ആ ജേതാവ് വായും കതകും തുറന്നു; തന്റെ കതക് ആവശ്യക്കാർക്കും തന്റെ ഉപദേശം വിവേകികൾക്കും.

16. അവന്റെ കലവറ സഹായങ്ങളും സമ്പത്തും നിറഞ്ഞതായിരുന്നു; ഓരോരുത്തരും താന്താങ്ങൾക്ക് ആവശ്യമുള്ളത് അതിൽ കണ്ടെത്തി.

17. അവൻ തന്റെ പാത വിസ്തൃതമാക്കി; തന്റെ കാലടികൾ സജ്ജമാക്കി. അടുത്തുനിന്നും അകലെനിന്നും അവനെ വിളിച്ചവർക്കെല്ലാം അവൻ ഉത്തരം നൽകി.

18. വാഗ്വൈഭവമുള്ളവർ സംസാരിക്കുന്നു; ധിക്കാരികൾ നിന്ദിക്കുന്നു. എന്നാൽ ആ വിനീതൻ കേൾക്കുകയും ആ ശാന്തൻ സഹിക്കുകയും ചെയ്തു.

19. ഞെരുക്കം അനുഭവിക്കുന്നവരെ അവൻ രക്ഷപെടുത്തി; കാരാഗൃഹവാസികളെ മോചിപ്പിച്ചു; കീഴമർത്തപ്പെട്ടവരെ സ്വതന്ത്രരാക്കി; ആവശ്യക്കാർക്കു വേണ്ടതു നൽകി.

20. ലാഘവബുദ്ധിക്കാരെ അവൻ സഹായിച്ചു; വിവേകശൂന്യരെ കുറ്റപ്പെടുത്തി. എങ്കിലും നിഷ്ക്കളങ്കരെ നേടാൻ ആ വിവേകി ഉറച്ചുനിന്നു.

www.malankaralibrary.com



21. ചെറിയവർ വന്ന് വലിയവരായി തീരുന്നതിന്, ചെറിയവനായിത്തീരാൻ അവൻ മരുഭൂമിയിലേക്ക് പോയി. കാരണം, വലിയവരായി തീരാനും മറ്റുള്ളവരെ വലിയവരാക്കാനും അവൻ ക്ഷണിച്ചു.

22. ലാഘവബുദ്ധിക്കാർ തീക്ഷ്ണത കാംക്ഷിക്കാൻ അവൻ അവർക്കുവേണ്ടി അപേക്ഷിക്കുകയും പ്രാർഥനയിൽ കരയുകയും ചെയ്തു.

# 13

1. എന്റെ വത്സലരേ, പ്രശോഭിതനായ അബ്രഹാമിന്റെ പ്രശോഭിത വിജയങ്ങൾ വിവരിക്കാൻ എനിക്ക് കഴിവുണ്ടാകുന്നതിന് നിങ്ങൾ പ്രാർഥിക്കുവിൻ.

*പ്രതിസ്തോത്രം: നിന്റെ സമ്പത്ത് വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. സഹായങ്ങൾ വർദ്ധിപ്പിക്കാൻ കഴിയുന്നതിന് അവൻ തനിക്കുവേണ്ടി പ്രാർഥിച്ചു; തന്റെ നേട്ടം ഇരട്ടിയാക്കുന്നതിന് അവൻ മറ്റുള്ളവർക്കുവേണ്ടി പ്രാർഥിച്ചു.

3. പ്രയോജനപ്രദമായ ഉപവാസം, വിവേകപൂർവമായ പ്രാർഥന, സ്ഥിരോത്സാഹത്തിന്റെ വസ്ത്രം, താഴ്മയുടെ അപ്പം!

4. അവൻ ഉപവസിക്കുകയും പ്രാർഥിക്കുകയും ചെയ്തു. അവൻ പ്രവർത്തിക്കുകയും പഠിപ്പിക്കുകയും ചെയ്തു. അവൻ പ്രബോധിപ്പിക്കുകയും സാക്ഷ്യം നൽകുകയും ചെയ്തു. അവൻ വൈദികനായിരുന്നു; അവൻ തന്റെ ശുശ്രൂഷ നടത്തി.

5. അവന്റെ കഴുത്ത് സ്വന്ത ഇഷ്ടപ്രകാരം നുകം വഹിച്ചു; തന്റെ ഭാരത്തോടൊപ്പം അവൻ മറ്റുള്ളവരുടെ ഭാരവും വഹിച്ചു.

6. അവൻ സ്ഥിരോത്സാഹത്തോടെ വിശപ്പും ദാഹവും സഹിച്ചു. അവൻ ക്ഷീണിതനായിരുന്നു. എങ്കിലും അത് മറച്ചുവച്ചു. അവൻ ഞെരുങ്ങിയെങ്കിലും ഉറച്ചുനിന്നു.

7. അവന്റെ ഇച്ഛാശക്തി വലുതായിരുന്നു. മറ്റുള്ളവർക്ക് കൈവന്ന നന്മകളെക്കുറിച്ച് അവൻ സന്തോഷിച്ചിരുന്നു.

8. ചെറിയവൻ തന്നെപ്പോലെ വലുതാകുന്നതിന് അവൻ പ്രാർഥിച്ചു. വലിയവർക്കും തന്നിൽ നിന്ന് പ്രയോജനം ഉണ്ടാകുവാൻ അവൻ പ്രാർഥിച്ചു.

www.malankaralibrary.com



9. അവന്റെ പ്രാർത്ഥന വെടിപ്പുള്ളതായിരുന്നു; അവന്റെ ഉപവാസം പ്രകാശിതമായിരുന്നു. അവന്റെ ജാഗരണം സുസ്പഷ്ടമായിരുന്നു; അവന്റെ സ്നേഹം സമ്പൂർണമായിരുന്നു.

10. നിന്ദിക്കപ്പെടാനായി, തന്റെ ശാരീരികമാലിന്യം അവൻ നീക്കിയില്ല. വെടിപ്പുള്ളവനായി തീരാൻ തന്റെ ചിന്താമാലിന്യം അവൻ തൂകിക്കളഞ്ഞു.

11. അവന്റെ കുരിശ് അവന്റെ ഹൃദയത്തിലായിരുന്നു. ക്രൂശിക്കപ്പെട്ടവനും അതേസമയം മുന്നോട്ടു പോകുന്നവനുമായ ഒരു ക്രൂശിതനെ ആവേർതിരിക്കാൻ കഴിയുന്നവൻ ദർശിച്ചു.

12. എല്ലാവർക്കുമുള്ള ഈ മരണത്തിനു മുമ്പ് അവന് പ്രത്യേകമായ മരണമുണ്ടായിരുന്നു; മറ്റൊരാൾക്ക് അത് ആത്മാപകർഷവും.

13. എല്ലാവർക്കുമുള്ള ഈ ജീവിതത്തിനു മുമ്പ് അവന് പ്രത്യേകമായ ജീവിതം ഉണ്ടായിരുന്നു; മറ്റൊരാൾക്ക് അത് മരണത്തിന്റെ ജീവിതമായിരുന്നു.

14. കാരണം, മരണത്തിനുമുമ്പേ അവൻ പാപത്തിനു മൃതനായിരുന്നു. തന്റെ ഉത്ഥാനത്തിനുമുമ്പേ തന്നെ എല്ലാറ്റിന്റെയും കർത്താവിനുവേണ്ടി അവൻ ജീവിച്ചു.

15. അവനെ കൂട്ടിക്കൊണ്ടുപോയ മരണം അവനെ ഭയപ്പെട്ടു. കാരണം, അവനിൽ ഭാവിജീവിതം മറഞ്ഞിരിക്കുന്നതായി അവൻ കണ്ടു.

16. അവൻ ജീവിച്ചിരുന്നപ്പോഴേ അത് അവനെ ഭയപ്പെട്ടു. കാരണം, ക്രൂശുമരണം അവനിൽ മറഞ്ഞിരുന്നതായി അവൻ കണ്ടു.

17. രണ്ടാം മരണത്തെ അവൻ കുരിശുകൊണ്ട് നിഗ്രഹിച്ചു. ഉത്ഥാനത്തിൽ ജീവൻ കണ്ടെത്താൻ തന്റെ മരണത്തിനു മുമ്പ് രണ്ടാംമരണത്തെ അവൻ നിഗ്രഹിച്ചു.

18. ആദത്തെ കൊന്ന പാപത്തെ നിഗ്രഹിക്കാൻ അവൻ തന്റെ ഇച്ഛയാൽ ഈ ജീവിതത്തെ കൊന്നു.

19. ജീവിതവും രണ്ടാംമരണവും കൊല്ലപ്പെട്ടു; ജീവിതം കുരിശിലൂടെയും മരണം വാഗ്ദാനങ്ങളിലൂടെയും.

20. കാരണം, നീതിമാൻ പാതാളത്തിൽ നിപതിക്കുന്നതിനു മുമ്പു തന്നെ, വാഗ്ദാനസ്വരത്തിലൂടെ സ്വർഗയാത്ര ചെയ്തെന്ന മട്ടിലാണ്.

21. ദൃശ്യവും അദൃശ്യവുമായ മരണം നിഗ്രഹിക്കപ്പെട്ടു; അദൃശ്യമായത് ജീവിതവ്യാപാരത്തിലൂടെയും ദൃശ്യമായത് വാഗ്ദാനത്തിലൂടെയും.

www.malankaralibrary.com



22. പാപി പൂർണമായും നിഗൂഢമായും നിഗ്രഹിക്കപ്പെട്ടു. ദൃശ്യമരണത്തെ ബലഹീനൻ ഭയപ്പെടുന്നു.

23. നീതിമാൻ തന്റെ ഉപവാസത്തിലൂടെയും ജാഗരണത്തിലൂടെയും കൊല്ലപ്പെട്ടു. കാരണം, വരാനിരിക്കുന്ന മരണത്തെ വിവേകി ഭയപ്പെട്ടു.

24. ഭക്ഷിച്ചവരെ മരണം വൃക്ഷത്തിലൂടെ കൊന്നു. ഉപവസിച്ചവൻ ഫലത്തെ നിന്ദിക്കുകയും സ്കീപ്പായാൽ മരണത്തെ കൊല്ലുകയും ചെയ്തു.

## 14

1. ആത്മാവിൽ ദരിദ്രനായ[29] നിന്റെ സൗഭാഗ്യം മഹത്തരമാണ്! കാരണം, ധനവാന്മാർ സ്നേഹിച്ച സമാശ്വാസം നീ ദൂരെയെറിഞ്ഞു.

*പ്രതിസ്തോത്രം: നിന്റെ സൗഭാഗ്യം മഹത്തരമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ദരിദ്രരെ സമ്പന്നരാക്കുന്ന സൗഭാഗ്യത്തെ നീ സ്നേഹിച്ചു; ധനവാന്മാരെ ദരിദ്രരാക്കുന്ന സമാശ്വാസം നീ ദൂരെയെറിഞ്ഞു.

3. നിന്റെ വിജയം മഹത്തരമാണ്. കാരണം, ഗേഹാസിയെ കുഷ്ഠരോഗി ആക്കിയതും യൂദാസിനെ തൂക്കിക്കൊന്നതുമായ ധനമോഹത്തെ നീ ജയിച്ചു.

4. നിന്റെ മനസ്സ് ശ്രേഷ്ഠമാണ്! കാരണം, ദീർഘകാലം പ്രയാസമേറിയ ഭാരം വഹിച്ചതിൽ നിനക്ക് ഒരിക്കലും മടുപ്പു തോന്നിയില്ല.

5. നിന്റെ ചെടി നീ നനച്ചു, അവയുടെ ഫലങ്ങൾ വളർന്നു. അവ ഫലസമൃദ്ധമായി, ശിഖരങ്ങൾ ബലവത്തായി.

6. നിന്റെ തലമുറ തങ്ങളുടെ അഭ്യസനത്തിനു മുമ്പ് ചെറുതായിരുന്നു. നിന്റെ ബോധനത്തിന്റെ തിരകൾ അവരിലേക്ക ഒഴുകിയതിനാൽ, അവർ വളർന്നു.

7. നിന്റെ അത്ഭുതം മഹത്തരമാണ്! നിന്റെ ജീവിതത്തിൽ നീ മരിച്ചവനായിരുന്നു. നിന്റെ മരണത്തിൽ നീ ജീവനുള്ളവനാണ്. കാരണം, നിന്റെ വാഗ്ദാനം ജീവിക്കുന്നു.

8. നിന്റെ സമാശ്വാസം മഹത്തരമാണ്. കാരണം, ഇപ്പോഴാണ് പാപ

29. മത്താ.5,3

www.malankaralibrary.com



ത്തിന്റെ മുള്ള് നിനക്ക് മൃതമായത്. അത് ഞങ്ങൾക്ക് ഇപ്പോഴും സജീവ മാണ്.

9. നിന്റെ വിമോചനം മഹത്തരമാണ്! കാരണം, എല്ലാവരും അനുഭ വിക്കുന്ന ഞെരുക്കത്തിന്റെ നുകം നിന്റെ മരണത്തിലൂടെ നീ തകർത്തു.

10. എന്റെ നാഥാ, നിന്റെ വിശ്രാന്തി മഹത്തരമാണ്. കാരണം, ഞങ്ങൾക്ക് വെർമുത്തും കയ്പും കുടിക്കാൻ ലഭിക്കുന്ന ഈ ജീവിതത്തിൽ നിന്നു നീ രക്ഷപെട്ടു.

11. എന്റെ നാഥാ, നിന്റെ സൗഭാഗ്യം മഹത്തരമാണ്. കാരണം, നീ ഭയത്തിൽനിന്ന് രക്ഷപെട്ടു. നിന്റെ പോരാട്ടം അവസാനിച്ചു, നീ ദുഷ്ടനിൽ നിന്നു രക്ഷപെട്ടു.

12. നിന്റെ വിജയം മഹത്തരമാണ്. കാരണം, നിന്റെ കൗശലക്കാര നായ എതിരാളിക്കെതിരെ അദൃശ്യമാംവിധം നീ കുന്തമെറിഞ്ഞു.

13. സുശിക്ഷിതമായ ജീവിത നടപടികളിൽ നീ മാല ചാർത്തി. നിന്റെ ശത്രുവിന്റെ കൗശലങ്ങളെ നീ തള്ളിയതിൽ അവൻ ലജ്ജിതനായി.

14. നീ നിന്റെ സത്കർമ്മങ്ങൾകൊണ്ട് ഗർത്തം ചാടിക്കടന്നു. നിന്റെ പിതാ വായ അബ്രഹാമും നിന്റെ സഹോദരനായ ലാസറും നിന്നിൽ സന്തോഷിച്ചു.

15. നിന്റെ നാമം സമുചിതമായിരിക്കുന്നു: നാമത്തിലും കർമത്തിലും നീ അബ്രഹാമാണ്. രണ്ടിലും നീ അവനെ അനുകരിക്കുന്നു.

16. ജേതാവേ, നീ നിന്റെ കപ്പലോടിക്കുന്നു. കച്ചവടക്കാരുടെ ഇടയിൽ നീ നേട്ടം കൊയ്യുന്നു.

17. മാമോൻ കലഹം ഇളക്കിവിടുന്നു. കപ്പലുകൾ കൂട്ടിയിടിക്കുന്നു. കലഹപ്രിയത്താൽ അവയ്ക്ക് കേടുപറ്റുന്നു.

18. കലഹപ്രിയനായ അയൽക്കാരനും കുറ്റവാളിയായ സഖിയുമായ ദുഷ്ടനെ ജയിച്ചതിനാൽ നിന്റെ വിജയം സ്തുത്യർഹമാണ്.

19. വ്യാപാരം കുഴപ്പത്തിലാകുന്നു. കാരണം, തർക്കത്തിൽ കച്ചവട ക്കാർ വിഭജിതരാകുന്നു. അവർ തർക്കിച്ച് അന്വേഷണം നടത്തുന്നു.

20. വിവേകം നിറഞ്ഞ നിന്റെ ലാളിത്യത്തിൽ സംപ്രീതനായ ദൈവ ത്തിനു സ്തുതി.

21. ദീർഘദൂരത്തിലുള്ള നിന്റെ നടപ്പിനെ സമ്പന്നമാക്കിയവന് സ്തുതി. നിന്റെ സ്ഥിരോത്സാഹത്തിന്റെ ദൂരത്തിന് അവൻ നിനക്ക് പാതയൊരുക്കി.

www.malankaralibrary.com



# 15

1. നിന്നെ ഉയർത്തുകയും നിന്റെ ശവസംസ്ക്കാരാവസരം നിന്നെ വിജയത്തിൽ എത്തിക്കുകയും ചെയ്തവന് സ്തുതി. നീ വായുവിലൂടെ ചിറകുകൾ കൊണ്ട് പറന്നുപോകുന്നതുപോലെ ആയിരുന്നു അത്!

*പ്രതിസ്തോത്രം: നിനക്ക് സമസ്തവും സജ്ജീകരിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ദരിദ്രരുടെ ഇടയിൽ തന്റെ വസ്ത്രങ്ങൾ വിതരണം ചെയ്തവന് സ്തുതി. വിശുദ്ധരുടെ സമൂഹത്തിൽ നിന്റെ വസ്ത്രങ്ങൾ എടുത്തു കൊണ്ടു പോകപ്പെട്ടു.

3. എന്റെ പാപങ്ങളുടെ ചരിത്രം ഞാൻ നിന്നോട് വിവരിച്ചു; ഞാൻ എനിക്കുവേണ്ടി പ്രാർഥനയിൽ കണ്ണീരൊഴുക്കി.

4. ഇപ്പോൾ ഞാൻ നിന്നോടപേക്ഷിക്കുന്നത് നല്ലതാണ്. എന്റെ വേദനകളെപ്രതി നീ അപേക്ഷിച്ചാലും; അവ എന്റെ മരുന്നകളേക്കാൾ ശക്തിയുള്ളവയാണ്.

5. എന്റെ നാഥാ, ഈ കാരാഗൃഹത്തിൽ എന്നെ അനുസ്മരിക്കണമെ. ദൈവികസന്ദർശനം സമ്പൂർണമോചനത്തോടുകൂടെ സമാഗതമാകട്ടെ.

6. നിന്റെ ദാസനെ അനുസ്മരിക്കണമെ. ചുമതല ഏറ്റിട്ട്, പിന്നീട് കാരാഗൃഹത്തിൽ കിടന്ന ജോസഫിനെപ്പറ്റി ഓർക്കാതിരുന്നവനെപ്പോലെ ആകരുതേ.

7. അവൻ ഇവിടെ ആയിരുന്ന കാലത്തോളം പുരോഗമിച്ചുകൊണ്ടിരുന്നു എന്നതിൽ അവനെപ്പറ്റി ഞാൻ അത്ഭുതപ്പെട്ടു. ഈ ജീവിതത്തിന്റെ പൊട്ടക്കിണറ്റിൽ അവൻ നന്നായി ജീവിച്ചു.. ഈ ജീവിതചങ്ങലയിൽ അവൻ പ്രകാശിതനായി.

8. എന്റെ നാഥാ, ഞാൻ ഈ ജീവിതത്തിൽ ആയിരിക്കുമ്പോൾ,എന്റെ പാപങ്ങളുടെ അളവ് വർദ്ധിച്ച് പെരുകുന്നു എന്നതിൽ എന്റെ മാലിന്യത്തെപ്പറ്റി ഞാൻ അത്ഭുതപ്പെട്ടു.

9. മരണഭീതി, ജീവിക്കുന്നതിലുള്ള ഭയം എന്നിവ രണ്ടിലും ഞാൻ ഞെരുങ്ങുന്നു. എന്തുകൊണ്ട് ഞാൻ എന്നെത്തന്നെ സാന്ത്വനപ്പെടുത്തും?

10. അനുതാപിയുടെ മുഖംമൂടി ധരിച്ചു പ്രാർഥിക്കുന്ന പാപി നില

www.malankaralibrary.com



നിൽക്കുന്നതിൽ ഞാൻ അത്ഭുതപ്പെട്ടു. കാരണം, അവൻ ഈ ജീവിതത്തിന്റെ പ്രകാശം ഇഷ്ടപ്പെടുന്നു.

11. തന്റെ മൂലധനം നഷ്ടപ്പെട്ട്, ദരിദ്രനാകുന്നതുവരെ പ്രത്യാശാപൂർവം തന്നെത്തന്നെ സാന്ത്വനപ്പെടുത്തുന്ന ഭോഷനായ കച്ചവടക്കാരൻ!

12. ധിക്കാരി പ്രത്യാശയിൽ തൂങ്ങിച്ചത്തു എന്നതിൽ ഞാൻ അത്ഭുതപ്പെട്ടു. അവന്റെ കണ്ണുകൾ അടയുന്നതുവരെ തന്റെ സ്വന്തം തീരുമാനത്താൽ അവൻ കൊള്ളയടിക്കപ്പെട്ടു.

13. മനുഷ്യരുടെ മുഖം നോക്കാതെ സോദോം തകർക്കപ്പെടാൻ നീതിപൂർവം തീരുമാനിച്ച നീതിമാന് സ്തുതി.

14. കാരുണ്യവാന് സ്തുതി! കാരണം, അവൻ താൽപര്യപ്പെട്ടിരുന്നെങ്കിൽ, ലോത്തിന്റെ പാപിയായ മരുമകനെയും അവന്റെ കൂടെ പറഞ്ഞയക്കാമായിരുന്നു.

15. എനിക്ക് സോദോം ഗേഹന്നായുടെ പ്രതീകമാണ്! എങ്കിലും നീതിമാനായ ഒരു ലോത്തിനുപകരം , ഇതാ, നീതിമാന്മാരായ അനേകം ലോത്തുമാർ!

16. വലത്തുവശത്തുള്ളവരുടെ മധ്യസ്ഥപ്രാർഥന വർധിക്കട്ടെ. പാപികളുടെ നിരകളിൽനിന്ന് ദൈവകൃപ എന്നെ വിളിക്കട്ടെ.

17. ദുഷ്ടർ ദുഷ്ടരോട് അപേക്ഷിക്കുന്നു. അവർക്ക് അവരുടെ യാചന സാധിച്ചുകിട്ടുന്നു. അവർ ഒരു തെറ്റ് ക്ഷമിക്കുന്നു എന്നതിൽ ഞാൻ അത്ഭുതപ്പെട്ടു.

18. നിന്റെ പ്രാർഥന ഭയചകിതനായ എനിക്ക് ധൈര്യം നൽകട്ടെ. കാരണം, നല്ലവർ നല്ലവന്റെ പക്കൽ എത്രയോ കൂടുതലായി ശ്രവിക്കപ്പെടും!

19. ദുഃഖാർത്തനാണെങ്കിലും സന്തുഷ്ടാവസ്ഥയിലെന്നപോലെ കടങ്ങൾ പെരുകുന്നു എന്നതിൽ, എന്നെപ്പറ്റിത്തന്നെ ഞാൻ അത്ഭുതപ്പെട്ടു.

20. സൃഷ്ടി എത്ര മനോഹരമാണ്, ഈ മനോഹാരിതയിൽ എന്റെ ഇച്ഛ എത്ര മ്ലേച്ഛമാണെന്നതിൽ ഞാൻ അത്ഭുതപ്പെട്ടു.

21. എല്ലാ ദിവസവും ഞാൻ അനുതപിക്കുന്നെങ്കിലും ഞാൻ മാനസ്സാന്തരപ്പെടുന്നില്ല എന്നതിൽ ഞാൻ അത്ഭുതപ്പെട്ടു. അത് അന്ത്യംവരെ എന്നോടുകൂടെ ഉണ്ടായിരിക്കുമെന്ന പ്രതീക്ഷയിൽ ഞാൻ കഴിയുന്നു.

www.malankaralibrary.com



22. അനുഭവം നമ്മെ ബോധ്യപ്പെടുത്തുന്നില്ല എന്നതിൽ മനുഷ്യരായ നാം എത്രയധികം വഞ്ചിതരാകുന്നു എന്നതിൽ ഞാൻ അത്ഭുതപ്പെട്ടു.

23. മനുഷ്യൻ എത്ര ധിക്കാരിയാണ് എന്നതിൽ ഞാൻ അത്ഭുതപ്പെട്ടു. അവൻ മരിക്കുന്നു, താഴെവീഴുന്നു. ജീവിച്ചിരിക്കുമ്പോൾ അവൻ അഹങ്കാരിയാണ്!

24. രണ്ടു കാര്യങ്ങൾക്ക് ഞാൻ അപേക്ഷിക്കുന്നു: മരിക്കുക അഥവാ പാപരഹിതമായി ജീവിക്കുക. മരിക്കാൻ ഞാൻ ഭയക്കുന്നു, ജീവിച്ചാൽ ഞാൻ പാപം ചെയ്യുന്നു.

25. എന്റെ വേർപാടിനുമുമ്പ് ഇവിടെ നിന്റെ കൃപ എന്നോട് കരുണ കാണിക്കട്ടെ. കാരണം, എന്റെ പാപങ്ങൾ പൊറുക്കപ്പെടാതെ ഞാൻ വേർപെട്ടാൽ നടുക്കം എന്നെ കാത്തിരിക്കുന്നു.

26. എനിക്കിവിടെ മോചനവും അവിടെ സംരക്ഷണവും ലഭിക്കാൻ നിന്റെ ദാസന്റെ പ്രാർഥനയാൽ നിന്റെ ദാസന് നിന്റെ കൃപ നൽകിയാലും!

27. ഇവിടെത്തന്നെ നിന്റെ നീതിക്ക് ഞാൻ പരിഹാരം ചെയ്യാൻ എനിക്ക് കൃപ നൽകിയാലും! നിന്റെ കൃപയാൽ ഞാൻ അവിടെ ജീവൻ കണ്ടെത്താൻ എന്നെ നയിക്കട്ടെ.

28. നിന്റെ കരുണയുടെ വക്കീലിന്റെ പക്കൽ നീതിമാന്റെ അപേക്ഷ കടന്നുവരട്ടെ. അത് എന്റെ വണ്ടിയെ രക്ഷിക്കട്ടെ.

www.malankaralibrary.com

മാർ അപ്രേം

# ജൂലിയാനോ സാബായെ പറ്റിയുള്ള ഗീതങ്ങൾ

## 1

1. ദൈവം വിശുദ്ധന്റെ രണ്ട് പോരാട്ടങ്ങൾ ദർശിച്ചു. ദൃശ്യലോകവും നിഗൂഢഹൃദയവും അവനുമായി പോരാട്ടം നടത്തി. അവൻ ആന്തരികവും ബാഹ്യവുമായ പോരാട്ടങ്ങളിൽ വിജയിച്ചു. തന്റെ ജീവിതചര്യ ക്രമപ്പെടുത്തിയ വിശുദ്ധന്റെ നിക്ഷേപത്തിൽ നിന്ന് വാക്കുകൾ കൊണ്ടുള്ള ഒരു മാല കോർക്കാൻ ദൈവം ഇടയാക്കട്ടെ.

*പ്രതിസ്തോത്രം: അവനെ തെരഞ്ഞെടുത്തവന് സ്തുതി.*

2. അവന്റെ സത്കർമങ്ങളുടെയും വിജയത്തിന്റെയും കലവറയിൽ നിന്ന് വാക്കുകൾ ശേഖരിക്കാൻ ആർക്കു സാധിക്കും! അവൻ നിദ്രപ്രാപിച്ച് മൂകനായി. അവന്റെ പ്രഘോഷണത്തേക്കാൾ വലുതാണ് അവന്റെ നിശ്ശബ്ദത. അവന്റെ അസ്ഥികളുടെ നിക്ഷേപം അതിന്റെ ഉടമസ്ഥനേക്കാളും വലുതാണ്. എന്റെ അധരങ്ങളേക്കാൾ വലുതാണ് നമ്മുടെ പിതാവിന്റെ നിക്ഷേപം.

3. അനേകം പ്രാവശ്യം തന്റെ സ്വരം ഉയർത്തിയ ജേതാവിനെ ഉയർത്താൻ തന്റെ സ്വന്തം പുഷ്പമാലയ്ക്കു മാത്രമേ കഴിയൂ. വിവരണാതീതമാണ് അവന്റെ ചെയ്തികൾ, വിശകലനാതീതമാണ് അവന്റെ കർമങ്ങൾ!

4. ഇലകളും ഫലങ്ങളും നിറഞ്ഞ മരത്തെപ്പറ്റി വായ് അറിയിക്കേണ്ട

www.malankaralibrary.com



ആവശ്യമെന്താണ്! കാരണം, അനുഭവത്തിലൂടെയും കാഴ്ചയിലൂടെയും അതുതന്നെ അതിനു സാക്ഷ്യം നൽകുന്നു. വായ് രുചിയിലൂടെയും മൂക്ക് മണത്തിലൂടെയെയും കൈ സ്പർശനത്തിലൂടെയും കണ്ണ് മനോഹാരിതയിലൂടെയും അതിനു സാക്ഷ്യം നൽകുന്നു.

5. കാരണം, ആരാണ് നിന്നേപ്പറ്റി അന്വേഷിക്കേണ്ടത്? നിന്റെ ജീവിതചര്യകൾ സൃഷ്ടിയിൽ അറിയിപ്പുകാരനെപ്പോലെയും ഞങ്ങളുടെ നാട്ടിൽ വലിയ സുഗന്ധധൂപം പോലെയുമാണ്. അവന്റെ സുഗന്ധധൂപത്തിന്റെ കട്ടിയുള്ള മേഘപടലം അടുത്തും അതിന്റെ മാധുര്യമേറിയ സൗരഭ്യം അകലെയും ആഞ്ഞടിക്കുന്നു. അത് അവന്റെ വിവരം അറിയിക്കുന്നു.

6. നിന്നെപ്പറ്റിയുള്ള അറിവ് എന്നിലൂടെ നഷ്ടപ്പെടുമെന്ന് എനിക്കും അറിയാം. തൂക്കിനോക്കാൻ ഇടയായാൽ എന്റെ നിസ്സാരത ഉയർന്നുപൊങ്ങിവരും. നിശ്ശബ്ദനായിരിക്കാൻ ഞാൻ അഭ്യസിച്ചു; മൗനത്തിന്റെ മൂല്യം ഞാൻ തിരിച്ചറിഞ്ഞു. ഞാൻ എന്നെത്തന്നെ അറിയാൻ ഇടയാകട്ടെ. നിന്റെ ജീവിതവ്യാപാരങ്ങൾ സുസ്പഷ്ടമായിരിക്കുന്നു. പ്രകാശം സ്വയം മറച്ചുവയ്ക്കുന്നില്ല.

7. ഇതും സുവ്യക്തമാണ്: ഉചിതമായി വിവരിക്കാൻ ഞാൻ വാക്കുകളുടെ കുഴൽനാദം എങ്ങനെ മുഴക്കിയാലും അത് സത്പ്രവൃത്തികളെ പ്രകാശിപ്പിക്കുന്നില്ല. അവ തങ്ങളുടെ മൗനത്തിലൂടെ നിരവധി പ്രബോധനം നൽകിയിട്ടുണ്ട്. അവ തങ്ങളുടെ നിശ്ശബ്ദതയിലൂടെ പ്രഖ്യാപിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ഇതാ, നിന്റെ സൗഖ്യദായക കർമങ്ങളാണ് നിന്റെ പ്രഘോഷകൻ!

8. നിന്റെ അത്ഭുതാടയാളങ്ങൾ നിനക്ക് പരാജയപ്പെടാത്ത വായാണ്. അവയുടെ യാഥാർഥ്യം എല്ലാറ്റിനെയും കീഴ്പ്പെടുത്തുന്ന നാവാണ്. ചോദ്യംചെയ്യൽ കൂടാതെയുള്ള വിശ്വാസം അവയിൽ പ്രഘോഷിക്കപ്പെടുന്നു. താർക്കികർ നിന്റെ അടയാളങ്ങളും ചോദ്യം ചെയ്യുന്നവർ നിന്റെ സൗഖ്യദായക കർമങ്ങളും അവഗണിക്കുന്നു.

9. ഏത് വായാടിക്കാണ് നിന്നോട് തർക്കിക്കാൻ കഴിയുന്നത്? വിശ്വാസസംബന്ധമായ അടയാളങ്ങളെക്കുറിച്ച് ആരും തർക്കിക്കാറില്ല. അവ ബോധ്യം വരുത്തുന്നവയാണ്. അവയെപ്പറ്റി ആർക്കും തർക്കിക്കാനാവില്ല. എന്റെ നാഥാ, ശ്ലീഹായുടേതുപോലെയാണ് നിന്റെ ലാളിത്യം. സാധാരണക്കാർ പണ്ഡിതരെ കീഴ്പ്പെടുത്തുന്നു.

10. നിന്റെ ജീവിതം സുസ്പഷ്ടമായി വിവരിക്കാൻ ആർക്കു കഴിയും? നിനക്ക് തുല്യരോ, നിനക്ക് സദൃശ്യരോ ആയവർക്കു മാത്രമേ കഴിയൂ. അങ്ങനെ നിന്റെ മഹാസമ്പത്ത് അവൻവഴി നിസ്സാരീകരിക്കപ്പെടുകയില്ല.

www.malankaralibrary.com



നിന്നിലൂടെ വളരുന്നതും തന്നിലൂടെ നിന്നെ വിളംബരം ചെയ്യുന്നതുമായ സംശുദ്ധ കിന്നരം മാത്രമേ അതിനു യോഗ്യമായിട്ടുള്ളു.

11. സ്വർഗരാജ്യത്തെപ്പറ്റി ഗ്രാഹ്യമില്ലാത്തവന്റെ വിരൽ എങ്ങനെ അതിനെ ചിത്രീകരിക്കും? അത് ചെയ്യണമെന്ന് അവന്റെ ചിന്തയിൽ ഉദിക്കുമ്പോൾ, അവന് അതേപ്പറ്റിയുള്ള ധാരണ കാണുകയില്ല. അവൻ തിരിച്ചറിയുമ്പോൾ അത് സൂക്ഷ്മമായിരിക്കുകയില്ല. അവന്റെ നിറങ്ങൾ പ്രശോഭിക്കുകയില്ല. അവൻ എല്ലാറ്റിലും പരാജയപ്പെടുന്നു.

12. തന്റെ നിക്ഷേപങ്ങൾ സ്വർഗത്തിൽ ആയിരിക്കുകയും ഇളകിമറിയുന്ന കടലിൽ തന്റെ നിക്ഷേപങ്ങൾ നഷ്ടപ്പെടാതിരിക്കുകയും നേട്ടത്തോടുകൂടെ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്ത കച്ചവടക്കാരനോട്, പത്ത് താലന്തു കിട്ടിയിട്ട് പത്തിൽ താഴെ വഹിച്ച ചുമട്ടുകാരൻ എങ്ങനെ തന്റെ പാപക്കടം വിവരിക്കും?

13. അവനാൽ അലങ്കരിക്കപ്പെടാതെ ആർക്ക് അവനോട് ചേരാൻ കഴിയും? ധനികരും അവനിലൂടെ വളരുന്നു. ദുഷിച്ച നാമധാരികൾക്കും ശ്രേഷ്ഠനാമം നൽകാൻ അവനു കഴിയും. എന്റെ നിന്ദ്യത അവനിലൂടെ അലംകൃതമാകട്ടെ.

14. ദരിദ്രനായ ഞാൻ അവന്റെ ഭണ്ഡാരവാതുക്കൽ നിന്നുനോക്കി, എന്റെ നേർക്ക് കിരണങ്ങൾ അയച്ച അവന്റെ സമ്പത്തുനിമിത്തം ഞാൻ അസ്ഥാളിച്ചു. അലസരുടെ കൂട്ടം എത്ര ദരിദ്രമായിരിക്കും എന്നതിലും, തന്റെ പ്രാർഥനകൾ തന്റെ നിക്ഷേപമായിത്തീരുന്ന ശാന്തൻ എത്ര ധനവാനായിരിക്കും എന്നതിലും ഞാൻ ആശ്ചര്യപ്പെട്ടു.

15. അവന്റെ ലാളിത്യം മുഴുവന്റെയും ഉപ്പ് അവന്റെ വിവേകത്തിലാണ്. അവന്റെ നിഷ്കളങ്കതയുടെ ഉപ്പ് ബുദ്ധിപൂർവമായ തീരുമാനങ്ങളുള്ള ജീവിതചര്യയിലാണ്. കൊള്ളയടിക്കപ്പെടാത്ത വസ്തുവകകളാണവ. കാരണം, നമ്മുടെ ഇച്ഛയിലൂടെയാണ് തന്റെ നിക്ഷേപങ്ങളുടെ ഉടമസ്ഥതയിൽ അവൻ എത്തിച്ചേർന്നത്.

## 2

1. ഭാഗ്യവാൻ സ്വർഗീയഭണ്ഡാരത്തിലെ നിക്ഷേപങ്ങൾ ശേഖരിച്ചു: വിശിഷ്ടവും അളവിനതീതവുമായ എല്ലാ കല്ലുകളും അമൂല്യമായ ബെറില്ലും അനുപമമായ മുത്തുകളും. അവൻ ഭാഗ്യവാനാണ്. കാരണം, അവന്റെ സമ്പാദ്യം അവനുമുമ്പേ സ്വർഗരാജ്യത്തിലേക്ക് കയറിപ്പോയി.

www.malankaralibrary.com



*പ്രതിസ്തോത്രം: അവനെ വീണ്ടും കാണാൻ നമ്മൾ യോഗ്യരായി തീരട്ടെ.*

2. സമസ്തവും സംശുദ്ധതയിൽ ചെയ്യാൻ അവനു കഴിഞ്ഞു എന്നത് ആശ്ചര്യകരം തന്നെ. നീണ്ട ജാഗരണം, നിരവധി ഉപവാസം, ദിവസം മുഴുവനുമുള്ള പ്രാർഥന, ജീവിതകാലം മുഴുവനുമുള്ള കരച്ചിൽ, വിജയിയായി നിലനിന്ന സമയം മുഴുവൻ ഉണ്ടായിരുന്ന ക്രൂശാരോഹണം.

3. എല്ലാ സഹായങ്ങളും വിട്ടുപോകാൻ ഇടയാക്കുന്ന അലസതയും ഗർവിലേക്കു നയിക്കുന്ന അഹന്തയും ക്രോധത്തിൽ എത്തിക്കുന്ന വിക്ഷോഭവും സർവനാശത്തിന്റെ ഇരിപ്പിടമായ അസൂയയും അവനെ സമീപിച്ചില്ല എന്നത് ആശ്ചര്യകരംതന്നെ.

4. രണ്ടു സുശക്ത കാര്യങ്ങളിൽ അവൻ ജേതാവായിരുന്നു. യൗവനം അതിന്റെ അമിതാവേശങ്ങളാൽ അവനെ വഴിതെറ്റിച്ചില്ല. വാർധക്യം അതിന്റെ ബലഹീനതകളാൽ അവനെ തടഞ്ഞില്ല. രണ്ടിലും പ്രശോഭിതനായി അവൻ വിജയിച്ചു. അവൻ തനിക്കായി അനശ്വരമാല കോർക്കുകയും ചെയ്തു.

5. അനേകർ ധരിക്കുകയും പിന്നീട് ഉരിഞ്ഞുകളഞ്ഞ് ഉറങ്ങിപ്പോകുകയും ചെയ്തതുപോലെ, താൻ ധരിച്ച ആയുധം അവൻ ഒരിക്കലും ഉരിഞ്ഞുകളഞ്ഞില്ല. അവൻ അനുദിനം തന്റെ ആവനാഴി പരിശോധിച്ചു.[1] അതിൽ ശ്രേഷ്ഠമായ അമ്പുകൾ നിറച്ചു. ദുഷ്ടൻ ഭയന്നുവിറച്ചു. അവൻ കാൽക്കീഴ് അമരുന്നതിനു മുമ്പുതന്നെ അവനെ അദ്ദേഹം ജയിച്ചു.

6. അവന്റെ ഇച്ഛ ഏകമായിരുന്നതിനാൽ, അവന്റെ ജീവിതപന്ഥാവും ഒന്നുമാത്രമായിരുന്നു. വഴിവിട്ട് നടക്കുകയോ, വഴിതെറ്റുകയോ ചെയ്യാത്ത വിധം അവന് ഒരിക്കലും രണ്ട് ഇച്ഛകളോ, രണ്ട് ജീവിതവഴികളോ ഉണ്ടായിരുന്നില്ല. ജേതാവ് എന്ന നിലയിൽ ഒരേ ഒരിച്ഛയിലും ഒരേയൊരു ജീവിതരീതിയിലും അവൻ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്തു.

7. അവൻ യോദ്ധാവിന്റെ അമ്പിനു തുല്യമായിരുന്നു. തന്റെ നടത്തയിൽ അവൻ സന്ദേഹിക്കുകയോ, ഇടയ്ക്ക് തങ്ങുകയോ ചെയ്തില്ല. തന്റെ വേഗതയിൽ അവൻ അമ്പിനു തുല്യമായിരുന്നു. തന്റെ സ്ഥിരോത്സാഹത്തിലൂടെ അവൻ അതിനെ കടത്തിവെട്ടി. കാരണം, താൻ ജീവിച്ച ദീർഘകാലം തന്റെ തീക്ഷ്ണതയിൽ അവൻ ഉറച്ചുനിന്നു.

8. ഈ ദൃശ്യശരീരത്തിന്റെ രൂപത്തിലല്ല ദൈവത്തിന്റെ രൂപമെന്ന് ഭാഗ്യവാൻ മനസ്സിലാക്കി. അതുകൊണ്ട് നിറങ്ങളായി അവൻ സത്കർമങ്ങൾ

1. ഏശാ.49,2

www.malankaralibrary.com



കലർത്തി. സത്യത്തിന്റെ വിരൽ കൊണ്ട് അവൻ തന്റെ ഹൃദയത്തിൽ മോശ എഴുതിയ ദൈവഛായ രൂപീകരിച്ചു.

9. നല്ലവനും നല്ലവന്റെ പുത്രനും ഇപ്രകാരം പഠിപ്പിച്ചു: "നിങ്ങളുടെ ശാന്തനായ പിതാവിനെ നിങ്ങളുടെ ചെയ്തികളിൽ നിങ്ങൾ അനുകരിക്കുവിൻ." ദൈവത്വത്തിന്റെ ചിത്രം മോശയും നമ്മുടെ കർത്താവും നമുക്ക് വരച്ചുകാട്ടി. മാർ സാബാ തന്റെ ജീവിതക്രമത്തിലൂടെ തന്നെത്തന്നെ അതുകൊണ്ട് പൊതിഞ്ഞു: ബാഹ്യരൂപങ്ങളിലല്ല, പ്രാർഥനകളിൽ!

10. നല്ലവൻ തെളിഞ്ഞ ഇച്ഛയോടുകൂടെയാണ് ആദത്തെ സൃഷ്ടിച്ചത്. എന്നാൽ ആദത്തിന്റെ സ്വാതന്ത്ര്യം ആ ശോഭയ്ക്ക് മങ്ങലേൽപ്പിച്ചു. പ്രശോഭിതനും ഒരു രീതിയിലും മങ്ങൽ ഏൽപിക്കാത്തവനുമായവന്റെ ഇച്ഛ ദൈവികേച്ഛപോലെ പ്രശോഭിതമാണ്. ദൈവികച്ഛായയാണ് നമ്മുടെ ഇച്ഛ.

11. കടന്നപോകുന്ന സമ്പത്തിനെപ്പറ്റി അവൻ മറന്നുപോയി. പിന്നീട് അതേപ്പറ്റി ചിന്തിച്ചതേയില്ല. കാരണം, ഉന്നതത്തിലുള്ള ഭവനത്തെപ്പറ്റിയുള്ള ഒരേയൊരുചിന്ത അവനിൽ ശക്തമായിരുന്നു. ഇവിടെ ആയിരിക്കുമ്പോൾ തന്നെ മുൻകൂട്ടി അവൻ വേർപിരിഞ്ഞിരുന്നു. അവൻ കടന്നുപോയപ്പോൾ, പൂർണമായി സ്വർഗരാജ്യത്തിലാണെങ്കിലും ഉത്ഥാനം വരെ വീണ്ടും നമ്മോടുകൂടെയാണ്.

12. അവന്റെ അന്ത്യദിനം അവന്റെ ആരംഭദിനംപോലെ ആയിരുന്നു. കാരണം, ആരംഭം മുതൽ അവസാനം വരെ അവൻ തന്റെ അപേക്ഷ വർദ്ധിപ്പിച്ചു. തന്റെ പ്രാർഥനകളുടെ വേര് വെട്ടിമുറിച്ചില്ല. കാരണം, അവന്റെ മരണസമയംവരെ കാഴ്ചപോലെ അവന്റെ വായ് പ്രാർഥന ഉരുവിട്ടുകൊണ്ടിരുന്നു.

13. അവന്റെ ജീവിതചര്യയിൽ യേശുവിന്റെ ചിത്രം തെളിഞ്ഞുനിന്നു. ഏകജാതന്റെ മഹത്വം ദർശിച്ചതിനാൽ, അവൻ ഏകാന്തവാസിയായി. കടന്നുപോകുന്ന ഈ ജീവിതത്തെ അവൻ നിന്ദിച്ചു. വാടിപ്പോകുന്ന ഈ സൗന്ദര്യം അവൻ ദൂരെയെറിഞ്ഞു. തന്റെ ജനത്തിന്റെ മക്കൾക്ക് താഴ്മയിൽ അവൻ ഒരു മാതൃക[2] നൽകി.

14. താൻ സ്നേഹിച്ച അദൃശ്യനെ അദൃശ്യനയനങ്ങളാൽ ദർശിക്കുന്നതിന് ഓരോ മണിക്കൂറിലും അവൻ മാറി, പ്രാർഥിക്കാനായി പുറത്തേക്ക് പോയിരുന്നു. കാരണം, തന്റെ ആരാധകർക്ക് അവൻ മനോഹരനാണ്. തന്റെ ഹൃദയനയനങ്ങൾ സംശുദ്ധമാക്കി അവന്റെ മുഖം ദർശിക്കുന്നവന് അവന്റെ മഹത്വം കണ്ട് മതിവരികയില്ല.

---

2. ഥുപ്സാ

www.malankaralibrary.com



15. അവന്റെ ചൊവ്വുള്ള ഹൃദയത്തിൽ കുടിലതയോ, ആ സത്യസന്ധനിൽ വഞ്ചനയോ, വിനീതനിൽ അഹങ്കാരമോ, ശാന്തനിൽ ക്രോധമോ, വിശുദ്ധനിൽ അസൂയയോ, സംശുദ്ധനിൽ കളങ്കമോ ഇല്ലായിരുന്നു.

16. നിന്ദ്യരായ നമ്മുടെ മുമ്പിൽ ശാന്തതയിൽ തുറന്ന ഈ തെളിഞ്ഞ കണ്ണാടി നമ്മിൽ നിന്നു വേർപെട്ടതിൽ ബുദ്ധിയുള്ള ആരാണ് ദുഃഖിക്കാത്തത്? അഴുക്കുപറ്റിയ നാം അവന്റെ നിർമലതയുടെ മുമ്പിൽ വാത്സല്യപൂർവം ലജ്ജിക്കേണ്ടതാണ്.

17. എന്റെ വത്സലരേ, നമുക്ക് ഭയചകിതരാകാം! കാരണം, തളരാത്ത അർത്ഥകനും സുസ്ഥിര മധ്യസ്ഥനും സഹായിയുമായവൻ നമ്മിൽ നിന്നു കടന്നുപോയി. തന്റെ ജീവിതകാലത്ത് അവൻ സഹായി ആയിരുന്നതുപോലെ, അവന്റെ അസ്ഥികളിലൂടെ, ജോസഫിന്റേതുപോലെ, നമുക്ക് സംരക്ഷിതകോട്ട ആയിരിക്കുന്നതിന് നമ്മുടെ കർത്താവ് തിരുഹിതമാകട്ടെ.

# 3

1. മോശ അനുരഞ്ജനം നടത്തിയതുപോലെ ആയിരുന്നു സാബാ. തന്റെ പ്രാർഥനകളാൽ പിളർപ്പ് നീക്കാൻ അവനു കഴിഞ്ഞു. അവൻ തന്റെ വെളിച്ചം പ്രകാശിപ്പിച്ചപ്പോൾ, അതിന്റെ രശ്മികൾ നമ്മുടെ ഇടങ്ങളിൽ കടന്നുവന്നു. കാരണം, അവന്റെ ശിഷ്യരെപ്പോലെ അവന്റെ വ്യാപാരങ്ങൾ നമ്മുടെ നാട്ടിൽ പ്രകാശിച്ചു.

2. ബ്രഹ്മചര്യം കളങ്കപ്പെടുത്താതെയും കരച്ചിൽ കുറ്റപ്പെടുത്തൽ കൂടാതെയും വിനയം ഗർവു കൂടാതെയും നേതൃത്വം അഹന്ത നിമിത്തമുള്ള കുറ്റപ്പെടുത്തൽ കൂടാതെയും, ബ്രഹ്മചാരിയും സംശുദ്ധനുമായ വിശുദ്ധ സാബാ നൈർമല്യം കാത്തുസൂക്ഷിച്ചു.

3. ദുഷ്ടൻ അവന്റെ ചാക്കുവസ്ത്രം കണ്ട് ഭയന്നുവിറച്ചു; കാരണം, ഇരുമ്പുകൊണ്ടുള്ള പടച്ചട്ടപോലെ അത് അവന് അനുഭവപ്പെടുകയും അവൻ പേടിക്കുകയും ചെയ്തു. അവൻ തന്റെ നഗ്നപാദം കൊണ്ട് ദുഷ്ടന്റെ മുള്ളുകളെയും അവന്റെ സർപ്പങ്ങളെയും ചവിട്ടിമെതിച്ചു. ഇതാണത്ഭുതം: ശക്തനെ ഈ സാധാരണ കാര്യങ്ങൾകൊണ്ട് ഉപവാസകൻ ജയിച്ചു.

4. യുവാക്കൾക്കുപോലും പ്രയാസമുള്ള നിരകളിലേക്ക് യുവസഹജമായ ചുറുചുറുക്കോടെ സാബാ കയറിയതുകണ്ട ദുഷ്ടൻ വളരെ ലജ്ജിതനായി. ചിലർ പരിശ്രമിച്ചു, ചിലർ പിന്തിരിഞ്ഞു. ജേതാവ് കയറുകയും അനേകരെ തന്നോടുകൂടെ കയറ്റുകയും ചെയ്തു.

www.malankaralibrary.com



5. അനേകർ അവനോടൊപ്പം മത്സരത്തിനു കടന്നുവന്നു. അവന്റെ കൂടെ നടന്ന വേഗതയുള്ളവരെ അവൻ ജയിച്ചു. കാരണം, തന്റെ നടത്തം ക്രമമായി കൂടുന്നത് അവനു സഹിച്ചില്ല. കവാടം മുതൽ അവനായിരുന്നു ഒന്നാമൻ!

6. അവന്റെ ഉത്സാഹികളായ അനുയായികൾ അവനോടൊപ്പം വിജയിച്ചു. അവരുടെ നടത്തയും അവരുടെ വിജയമാലയും പ്രകാശിച്ചെങ്കിലും, അവന്റെ മാല ആയിരുന്നു വലിപ്പം കൂടിയത്. കാരണം, അവൻ കൂടുതൽ അധ്വാനിച്ചു. നന്നായി വെളുപ്പിച്ചു, തന്റെ മുത്തുകൾ അവൻ പ്രകാശിപ്പിച്ചു. അവരുടെ കിരണങ്ങൾ അവന്റെ മാലയെ പ്രകാശിപ്പിച്ചു.

7. അവൻ പോരാട്ടത്തിനിറങ്ങി, വിജയിയായി പുറത്തുവന്നു. അവന്റെ വാൾ വിജയിച്ചു. അവന്റെ മരുന്നു സുഖപ്പെടുത്തി. അവന്റെ കൊടി പാറി. കുഴലോടുകൂടെയും കൊടിയോടുകൂടെയും അവനായിരുന്നു മുന്നണിപ്പോരാളി. എല്ലാവിധ മരുന്നുകളോടുകൂടെയും അവനായിരുന്നു വൈദ്യൻ. എത്ര പേരുകൾകൊണ്ട് അവനെ പൂർണമായി നമുക്ക് വിളിക്കാൻ കഴിയും?

8. അവൻ കഠിനാധ്വാനം ചെയ്യുകയും തന്റെ സഹായകവചനം വിതയ്ക്കുകയും ചെയ്തു. നിലത്തിലെ കൃഷിപോലെ ബുദ്ധിപൂർവം അവൻ കാര്യങ്ങൾ ചെയ്തു. അവൻ കളകളിൽ നിന്നു വിമുക്തനായിരുന്നു. കാരണം, അവൻ ശാന്തമായി അതിൽ അധ്വാനിച്ചു. എന്നാൽ അവിടെ കുറ്റിക്കാടായിരുന്നെങ്കിൽ, അവൻ വിവേകപൂർവം പോകുമായിരുന്നു. അവൻ എല്ലാവർക്കും എല്ലാ സഹായങ്ങളോടുംകൂടെ എല്ലാമായിരുന്നു.

9. അവൻ സസൂക്ഷ്മം പരിശോധന നടത്തുന്നു: ശാന്തമായാൽ ധിക്കാരിക്ക് ദോഷമുണ്ടാകുമെന്നു കണ്ടാൽ, അവൻ കഠിനമായി പെരുമാറിയിരുന്നു. അവൻ ഭാവം മാറ്റുന്നു; എന്നാൽ മനസ്സിലല്ല. അത് അക്ഷോഭ്യമായിരിക്കും; അവൻ ഭാവം മാറ്റുന്നതേയുള്ളു. അങ്ങനെ, പരിചയമില്ലാത്തവനെ അവൻ സർപ്പത്തിന്റെ തൊണ്ടയിൽ നിന്ന് ബുദ്ധിപൂർവം രക്ഷപെടുത്തുന്നു.

10. കോപിക്കാതെ പഠിപ്പിക്കാൻ അവൻ സമർഥനായിരുന്നു. കോപാവിഷ്ടരായി ക്രോധത്തോടെ കുറ്റപ്പെടുത്തുന്ന അനേകർ ചെയ്യുന്നതുപോലെയല്ല അവൻ. കാരണം, അപ്രകാരം നന്നാക്കാൻ പരിശ്രമിക്കുമ്പോൾ, തെറ്റുചെയ്തവൻ നന്നാക്കുന്നവന്റെയും തിരുത്തപ്പെടുന്നവന്റെയും വേദന വർദ്ധിപ്പിക്കുന്നു.

11. കുറ്റപ്പെടുത്തുമ്പോൾ ക്രോധാവേശനാകുന്നവൻ കുറ്റപ്പെടുത്തപ്പെടേണ്ടവനാണെന്ന് സാബാ കരുതുന്നു. കാരണം, ഒരു തെറ്റിന് ശിക്ഷിക്കാൻ ആഗ്രഹിക്കുമ്പോൾ, അവൻ തന്നെ തെറ്റുകാരനാകുന്നു. അമ്പരന്ന് ഇളകിമറിഞ്ഞ് മുഖഭാവം മാറി, വളരെ നിന്ദ്യമായി, നിന്ദ്യനായതിന് നിന്ദ്യനെ അവൻ

www.malankaralibrary.com



കുറ്റപ്പെടുത്തുന്നു. എന്നാൽ മാന്യനാകട്ടെ, കുറ്റപ്പെടുത്തുമ്പോൾ, മാന്യമായി പെരുമാറുന്നു.

12. തന്നെ ക്രോധം ഭരിക്കാതിരിക്കാൻ അവൻ അതിനെ അടക്കാൻ പരിശ്രമിച്ചിരുന്നു. എങ്കിലും പാപം ചെയ്തവനെ, ക്രോധം കൂടാതെ അവൻ പരിഗണിച്ചു. ശാന്തമായി ക്ഷമാപൂർവം തണുപ്പു നീക്കുന്ന സൂര്യനെപ്പോലെ ആയിരുന്നു അവൻ. അവൻ കുറ്റപ്പെടുത്തിയപ്പോൾ ആരും കുറ്റപ്പെടുത്താത്ത ഒരു വിശുദ്ധ ഗുരു!

13. നാം നിന്ദ്യരാകാൻ കാരണമാകുന്ന ഭക്ഷണപദാർഥങ്ങൾ, വീഞ്ഞ്, ഇടപാടുകൾ, തൊഴിൽ, അധ്വാനം, ജീവിതസംരക്ഷണാർഥമുള്ള വ്യഥ ആദിയായവ ആ ജേതാവിന് മാനംകെടുത്തലാണ്. ഇവ അവന് പരാമർശിക്കാൻ മാത്രമുള്ളവയത്രേ!

# 4

1. വിശുദ്ധ സാബായെപ്പറ്റി നമുക്ക് പരിശുദ്ധമായവ സംസാരിക്കാം! താഴെയും മധ്യത്തിലുമുള്ള പടികൾക്കുപരിയാണ് അവന്റെ നിര. ഇടത്തുവശത്തെ കുട്ടികളുടെ ഇടയിൽ നാം പരിപൂർണരായിരിക്കുന്നതുപോലെ, വലത്തുവശത്തുള്ളവരുടെ ഇടയിൽ അവൻ പരിപൂർണനാണ്. എന്റെ കർത്താവേ, അവനോടൊപ്പം വലത്തുവശത്തു നിൽക്കാൻ ഞങ്ങൾക്കിടയാക്കണമെ.

*പ്രതിസ്തോത്രം: നിന്റെ സദ്ഗുണത്തിന് ഞങ്ങൾ അർഹരായി തീരട്ടെ.*

2. അവന്റെ ധൂപകലശത്തിൽ നിന്നുയരുന്ന സമൃദ്ധമായ പുകച്ചുരുളിന്റെ സുഗന്ധം അടിച്ച് എല്ലാ സ്വർഗീയ യാത്രക്കാരിലും എത്തുന്നു. അവന്റെ പക്കലേക്കടുക്കാൻ മനുഷ്യർ ധരിക്കുന്ന സൗരഭ്യം, അവനിൽ നിക്ഷേപിച്ചിരിക്കുന്ന സൗരഭ്യങ്ങളുടെ നിക്ഷേപമാണെന്നതിനാൽ, അതിന് നാം യോഗ്യരായി തീർന്നതിനാൽ, നമ്മുടെ നാട് എത്രയധികമായി നന്ദി പറയണം!

3. അവൻ തികച്ചും എല്ലാ വശത്തേക്കുമുള്ള സഹായങ്ങളുടെ ഉറവിടമാണ്. കാരണം, അവന്റെ സമ്പത്തുമാത്രമല്ല നമ്മെ സമ്പന്നരാക്കുന്നത്; അതിനേക്കാളുപരി അവന്റെ അസ്ഥികളുടെ ഇടവും ഒരു വലിയ തുറമുഖമായിത്തീർന്നു. തങ്ങളുടെ നിക്ഷേപങ്ങളുമായി നമ്മുടെ നാട്ടിലെ എല്ലാ കച്ചവടക്കാരെയും അത് ക്ഷണിച്ചിരിക്കുന്നു.

www.malankaralibrary.com



4. അവന്റെ മൂകമായിപ്പോയ വായ് നമുക്ക് സ്തുതി വർദ്ധിപ്പിക്കുന്നു. കാരണം, അവന്റെ നിശ്ശബ്ദത നമുക്ക് കീർത്തനത്തിനുള്ള അവസരമാണ്. അവന്റെ മരണം ജീവനുവേണ്ടിയുള്ള അവസരവും അവന്റെ വേർപാട് ഒന്നിച്ചുചേരലിനുള്ള അവസരവും അവന്റെ നിദ്ര ജാഗരണത്തിനും സ്തുതിപാടലിനുമുള്ള അവസരവുമാണ്.

5. എല്ലായിടത്തും അധ്വാനിച്ച, ഈ ക്ഷീണിച്ച പാദങ്ങൾ മറ്റൊരിടത്തും നിവർത്താതെ, ഇവിടെ നമ്മുടെ പക്കൽ വിശ്രമത്തിന്എത്തിയതിനാൽ, നമ്മുടെ വായ് കൃതജ്ഞതയുടെ ഉറവിടമാകട്ടെ. തന്റെ അസ്ഥികളുടെ നിക്ഷേപമാകുന്ന ദാനം നമുക്ക് ലഭിച്ചതിനാൽ ഞങ്ങളുടെ നാടേ, നീ ഭാഗ്യവതിയാകുന്നു.

6. അവന്റെ കഴുത്ത് ഏകാന്തവാസിയുടെ നുകം വഹിച്ചു. എങ്കിലും രണ്ടുപേർ ഒരു നുകത്തിൽ കെട്ടപ്പെടുക ഉചിതമായിരുന്നു. ക്ഷീണിച്ച കാള തന്റെ ഇനത്തിൽപെട്ട ഒരു സഖിയെ തേടി. അതുകൊണ്ട് ഇപ്പോൾ രണ്ടു പേരുണ്ട്. നമ്മുടെ കർത്താവിനുവേണ്ടി തീയിൽ ദഹിപ്പിക്കപ്പെട്ട രക്തസാക്ഷിയും ക്രിസ്തുവിനു വേണ്ടി ജേതാവായിത്തീർന്ന സാബായും.

7. ഞങ്ങളുടെ നാടേ, ഉണരുക, ഈ പെരുന്നാളിൽ നിന്റെ നേർച്ചകൾ നിറവേറ്റുക. കാരണം, ഇതാ, ഗുറിയാ, ഹബീബ്, ശ്മോനാ എന്നിവരുടെ പെരുന്നാളുകളുടെ കുഴൽവിളി നിന്നിൽ മുഴങ്ങുന്നു; ഇപ്പോൾ ശ്രേഷ്ഠനായ സാബായും നിനക്കായി എത്തിയിരിക്കുന്നു. ഒരു പുതിയ പെരുന്നാൾ സമ്മേളനത്തിന് അവന്റെ കുഴൽനാദം ഇതാ, നിനക്കായി മുഴങ്ങുന്നു.

8. നമ്മുടെ നാടിനുവേണ്ടി ആയിരം നാവുകൾ നന്ദി പറയട്ടെ. ഇവിടെ അബ്രഹാമും അവന്റെ സന്തതിയായ യാക്കോബും സാറായും റിബേക്കായും ലെയായും റാഹേലും പതിനൊന്ന് ഗോത്രപിതാക്കന്മാരും അലഞ്ഞുനടന്നു. നിന്റെ നിക്ഷേപത്തിൽ നിന്ന് യാക്കോബിന്റെ മക്കളിൽ സീയോൻ ധന്യയായി.

9. നമ്മുടെ നാടിന്റെ നാമം സമീപനാടിന്റെ നാമത്തേക്കാൾ മികച്ചു നിൽക്കുന്നു. പുരോഹിതരുടെ പൂർവപിതാവായ ലേവിയും, രാജാക്കന്മാരുടെ പൂർവപിതാവായ യൂദായും, പുറപ്പെട്ടുപോയി ഈജിപ്തിൽ ഭരണാധികാരിയായിത്തീർന്ന യുവാവായ ജോസഫും ഇവിടെയാണ് ജനിച്ചത്. നിന്നിൽ നിന്നുള്ള വെളിച്ചം ചക്രവാളത്തെ പ്രകാശമാനമാക്കുന്നു.

10. സൃഷ്ടിയിൽ ഉദിച്ച നവസൂര്യൻ, നമ്മുടെ പ്രദേശത്ത് ജനിച്ച യൂദായിൽ നിന്ന് ഉത്ഭവിച്ചു. അത് നമ്മുടെ നാട്ടിൽ ഉദിക്കുകയും ദിവസത്തിന്റെ ഭ്രമണത്തിൽ സഞ്ചരിക്കുകയും ബേത്‌ലഹേമിൽ നിന്ന് അതിന്റെ പ്രകാശം

www.malankaralibrary.com



പ്രശോഭിക്കുകയും ചെയ്തു. ആരംഭം നിന്നിൽ നിന്ന് പ്രകാശിച്ചതുപോലെ അന്ത്യവും നിന്നിൽ എത്തിച്ചേരട്ടെ.

11. നമ്മുടെ നാട്ടിൽനിന്നുള്ള നദി എല്ലാഭാഗങ്ങളെയും കുടിപ്പിക്കുന്നു. കാരണം, ശക്തിയുള്ള പ്രവാഹമായ അബ്രഹാം അതിൽ നിന്നുവന്നു. അത് ഉറവകളും അരുവികളും തോടുകളും ഒഴുക്കി; അവനിൽ മറഞ്ഞിരുന്ന ഈ പ്രവാഹത്തിൽനിന്ന് മഹാസമുദ്രം ഒഴുകിയെത്തി.

12. വീണ്ടും, വിശുദ്ധരുടെ സമൂഹത്തിന്റെ കൊമ്പ് ഉയരട്ടെ! സാബായുടെ സൗന്ദര്യം നമ്മെ വേർപെട്ടെങ്കിലും, അവന്റെ മരണം അവന്റെ ശിഷ്യരിൽ സമൃദ്ധമായ ഫലം വഹിക്കാൻ നമ്മുടെ കർത്താവിനോടു പ്രാർഥിക്കുവിൻ. അങ്ങനെ വിജയത്തിൽ അവനു തുല്യരായ അനേകരിൽ അവനെ കാണാൻ ഇടയാകട്ടെ.

13. എന്റെ വത്സലരേ, നിങ്ങൾക്കെല്ലാവർക്കുംവേണ്ടി പ്രാർഥിക്കുവിൻ. കാരണം, അനേകരുടെ പ്രാർഥനയ്ക്ക് ശക്തിയുണ്ട്. സമൂഹത്തിന്റെ കർത്താവ് സമൂഹത്തിന്റെ പ്രാർഥന സന്തോഷപൂർവം ശ്രവിക്കും. ഞാൻ ജീവൻ കണ്ടെത്താനും നിന്നെ തെരഞ്ഞെടുത്തവന് സ്തുതി അർപ്പിക്കാനുമായി, ഞങ്ങളുടെ പിതാവേ, നീ എനിക്കു വേണ്ടി കടന്നുവന്നാലും!

# 5

1. ദൈവം ദാനിയേലിനോടു പറഞ്ഞു: നീ അന്ത്യത്തിലേക്കു പോയി വിശ്രമിക്കൂ. നീ ഉയിർപ്പിക്കപ്പെടും.[3]

*പ്രതിസ്തോത്രം: നിന്റെ അനുസ്മരണയിൽ നിന്റെ കർത്താവിനു സ്തുതി.*

2. നിദ്രയിലെപ്പോലെ, മരണം ക്ഷീണിതരെ വിശ്രമത്തിൽ എത്തിക്കുന്നെന്നു കാണിക്കാൻ, പ്രതീകാത്മകമായിട്ടാണ് അവനിതു പറഞ്ഞത്.

3. നല്ലവന്റെ അനുകമ്പ കർമനിരതമാകുകയും അവൻ മരണം സമ്മാനിക്കുകയും ചെയ്തു. ക്ഷീണിതരെ അത് തന്റെ ഭവനത്തിൽ വിശ്രമത്തിൽ എത്തിക്കുന്നു.

4. ഒരാൾ ദാസനെങ്കിൽ അവന്റെ കടപ്പത്രം അത് കീറിക്കളയുന്നു; സ്വതന്ത്രനെങ്കിൽ അവന്റെ ക്ലേശങ്ങൾ അത് വഹിക്കുന്നു.

---

3. ദാനി. 12, 13

www.malankaralibrary.com



5. എല്ലാ അരിഷ്ടർക്കും അത് കൈ നീട്ടിക്കൊടുക്കുന്നു. വേദനകളുടെ ഭവനത്തിൽ നിന്ന് അവരെ പുറത്തേക്കാനയിക്കുന്നു.

6. അത് പനിയുടെ ശക്തിയെ ജയിച്ച് പീഡിതനെ അതിൽ നിന്ന് സ്വതന്ത്രനാക്കുന്നു.

7. മുതലും പലിശയും സംബന്ധിച്ച് ചിന്തിച്ച് മനസ്സു പുണ്ണാക്കിയ കടക്കാരന്റെ മനോവ്യഥ അത് ഇല്ലാതാക്കുന്നു.

8. തന്നെ വിളിക്കുന്ന എല്ലവരെയും അത് ചെവിക്കൊള്ളുന്നു. എന്നാൽ അത് വിളിക്കുമ്പോൾ, അത് നുണ പറയുകയല്ല.

9. ഇഷ്ടമുള്ളവരും ഇഷ്ടമില്ലാത്തവരുമെല്ലാം അവന്റെ ഭവനത്തിൽ അതിഥികളായിരിക്കും.

10. തന്റെ പക്കലേക്കു വരുന്ന അലഞ്ഞുതിരിയുന്നവനെ സ്വീകരിക്കാൻ തൽപ്പരനായി മരണത്തേപ്പോലെ മറ്റാരുണ്ട്?

11. അവിടെ ചെറിയവരും വലിയവരുമെല്ലാം ഒരുപോലെയാണ്; രാജാവും ദരിദ്രനും തമ്മിൽ വ്യത്യാസമില്ല.

12. ജേതാക്കൾ മാത്രം അതിനെ നോക്കി ചിരിക്കുന്നു. അതിന്റെ ശക്തിക്കു മുമ്പിൽ അവർ അൽപം പോലും ഭയക്കുന്നില്ല.

13. നീതിമാന്മാർ മരണത്തെ ദാസനാക്കി. അവർ നിദ്രകൊള്ളുന്നു. അവരെ ഉണർത്താൻ അത് ബദ്ധപ്പെടുന്നു.

14. സ്വർഗീയ മക്കളുടെ അസ്ഥികളിൽ ഒന്നുപോലും നഷ്ടപ്പെടാതിരിക്കാൻ മരണം ശ്രദ്ധിക്കുന്നു.

15. എല്ലാറ്റിനെയും ജീവിപ്പിക്കുന്നവന് ജാമ്യവസ്തു തിരിച്ചുനൽകാൻ സമയമായെന്ന് അവൻ കരുതി.

16. മരണം ജീവനെ മരണത്തിൽ കീഴടക്കുന്നു. മരിച്ചവർ മരണത്തെ ഉത്ഥാനത്തിൽ കീഴടക്കുന്നു.

## 6

1. മരണം സന്തോഷിച്ചു. ക്ഷീണിതനെ അത് ഓടിച്ചെന്ന് സ്വീകരിക്കുകയും അവൻ ദീർഘകാലം ചുമന്നിരുന്ന ഭാരം എടുത്തുമാറ്റുകയും ചെയ്തു.

www.malankaralibrary.com



*പ്രതിസ്തോത്രം: നിന്റെ ഓർമ്മ വാഴ്‌വിനാകട്ടെ.*

2. ശവത്തിനടുത്തുള്ള കാത്തിരിപ്പുപോലെ, മരണം അവനുമീതേ മൂകമായ കല്ലറ അടച്ചിടുന്നു. കാരണം, അധ്വാനിക്കുന്നവന് വിശ്രമഭവനത്തിന് അവകാശമുണ്ട്.

3. അവൻ അണിഞ്ഞിരുന്ന പടച്ചട്ടയും അവൻ ഉരിഞ്ഞുകളഞ്ഞു. കാരണം, അവൻ ഇപ്പോൾ വസിക്കുന്ന നാട്ടിൽ യാതൊരു പോരാട്ടവുമില്ല.

4. ക്ഷീണിതർക്കുവേണ്ടി സുസജ്ജവും നിനക്കു തുല്യവുമായ ആ മൂകഭവനം ഏകാന്തമാണ്.

5. അനുദിനം തിരകളെ കീഴടക്കിയ ക്ഷീണിതനായ നിനക്കുവേണ്ടി മരണം തുറമുഖം സജ്ജമാക്കി.

6. കാരണം, ഓ, നാവികനേ, നീ മരിക്കാൻ കിടന്ന ദിവസം, തത്സമയം, ക്ഷീണിച്ച നാവികർ വിശ്രമം കണ്ടെത്തി.

7. നിന്റെ വേർപാടിൽ മരണം നിനക്ക് തന്റെ വലത്തുകൈ തന്നു. കടലിലൂടെയുള്ള നിന്റെ യാത്ര അവൻ അവസാനിപ്പിച്ചു.

8. തന്റെ സ്രഷ്ടാവ് വന്ന് വീണ്ടും കൂട്ടിച്ചേർക്കുന്നതുവരെ നിന്റെ വീണ പൊടിയിൽ അടിഞ്ഞ് മൂകമായി.

9. അവൻ നിന്റെ തന്ത്രികളെ ഗീതങ്ങളാൽ പുതുക്കും. ഒരു കുഴൽപോലെ അവ അവന് സ്തുതികീർത്തനങ്ങൾ മുഴക്കും.

10. കച്ചവടക്കാരന്റെ സമ്പാദ്യം ലക്ഷ്യസ്ഥാനത്തെത്തി. അവനെ കീഴമർത്താമെന്നു കരുതിയ കടൽ ലജ്ജിച്ചുപോയി.

11. ഉത്ഥാനത്തിൽ നിന്റെ പ്രകാശം വീണ്ടും ജാജ്വല്യമാനമാകും. നിന്റെ വിളക്കിന്റെ പ്രകാശരശ്മികൾ കണ്ട് മനുഷ്യർ അത്ഭുതസ്തബ്ധരാകും.

12. സ്നേഹത്തിന്റെ ഉറവ വറ്റിപ്പോകാത്ത പാത്രത്തിൽ നീ ഒഴിച്ച നിന്റെ എണ്ണ ഒഴുകിക്കൊണ്ടിരിക്കും.

13. തൈലത്തിന്റെ ഉറവ കൊമ്പിലേക്ക് ഒഴുകി. ഉത്ഥാനത്തിൽ നിന്റെ സംശുദ്ധത പുറത്തേക്കൊഴുകും.

14. ദൈവം തന്റെ കലവറ തുറന്ന്, നീ അവനു വായ്പ കൊടുത്തവയുടെയെല്ലാംമേൽ നിന്നെ വായ്പകൊടുത്തവൻ ആക്കും.

15. നിന്റെ പ്രാർത്ഥനകൾ അവന്റെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിന്റെ നിക്ഷേപങ്ങൾ അവന്റെ ഭണ്ഡാരത്തിൽ സംരക്ഷിക്കപ്പെടുന്നു.

www.malankaralibrary.com



16. ഞങ്ങളുടെ ഇടവകയേ, എഴുന്നേൽക്കുക. നമ്മുടെ കർത്താവിന്റെ മുമ്പിൽ സാബായെപ്രതി എല്ലാറ്റിനും കൃതജ്ഞത അർപ്പിക്കുക.

17. നീ ഞങ്ങളുടെ നാട്ടിൽ എല്ലാ സന്മാതൃകകളും വിതച്ചെന്ന് നാട്ടുകാർ നമ്മുടെ കർത്താവിന്റെ മുമ്പിൽ ഏറ്റുപറഞ്ഞു.

18. കാരണം, വടികൂടാതെ സ്നേഹത്തിൽ നീ ഞങ്ങളെ വളർത്തി. ക്രോധം കൂടാതെ നീ ഞങ്ങളെ നേർവഴിക്ക് നയിക്കുകയും പഠിപ്പിക്കുകയും ചെയ്തു.

19. ബുദ്ധിമാന്മാരുടെ ഒച്ചപ്പാടുള്ള ധീരതയേക്കാൾ ശക്തിമത്തായിരുന്നു ശാന്തതയിലുള്ള നിന്റെ വാക്ക്.

20. നിന്റെ നിശ്ശബ്ദതയും ശക്തിമത്തായിരുന്നു. അല്ലയോ, സാബാ, നിന്റെ മുമ്പിൽ ധിക്കാരികളും ഭയന്നിരുന്നു.

21. നിന്നിലൂടെ ഞങ്ങളുടെ നാട് മനോഹരമായി. കാരണം, നീ അതിനെ അലങ്കരിച്ചു. നിന്റെ ആശ്രമങ്ങൾ കൊണ്ട് മരുഭൂമിയും അലംകൃതമായി.

22. യുവസഹജമായ ചുറുചുറുക്കോടെ സാബാ മരുഭൂമിയിൽ അധ്വാനിക്കുന്നതു കണ്ട ദുഷ്ടൻ രോഷാകുലനായി.

23. യുവാക്കൾ അത്യാർത്തിയെ നിന്ദിക്കുകയും ഉപേക്ഷിക്കുകയും ചെയ്തു. ആശ്രമങ്ങളിൽ അവർ സംശുദ്ധത അഭ്യസിച്ചു.

24. നീ ജീവിച്ചിരുന്നപ്പോഴും മരിച്ചപ്പോഴും ഞങ്ങളുടെ നാട്ടിലാണ് എന്നത് ഞങ്ങൾക്ക് മതിയായ സമാശ്വാസമാണ്.

25. നിന്റെ ഓർമദിവസം നിന്റെ നാഥനു കീർത്തനം ! ഉത്ഥാനത്തിൽ നിന്നെ കാണാൻ ഞങ്ങൾക്ക് ഇടയാകട്ടെ.

# 7

1. ഞങ്ങളുടെ പിതാവേ, നീ ദൂരേക്കുപോയി. ഞങ്ങളെ തിരിച്ചയക്കരുതേ! നിന്റെ പുറപ്പെടലിനുശേഷം നിന്റെ മാധ്യസ്ഥ്യാപേക്ഷകൾ ഞങ്ങളെ സംരക്ഷിക്കട്ടെ.

*പ്രതിസ്തോത്രം: ഇതാ, നിന്റെ സത്യവും നിന്റെ സ്നേഹവും നിന്നെ അലങ്കരിക്കുന്നു.*

2. സാബാ സത്യത്തിലൂടെയും സ്നേഹത്തിലൂടെയും പ്രകാശിച്ചു. അവൻ തനിക്കായി രണ്ട് സ്തുത്യർഹ ചിറകുകൾ ഉണ്ടാക്കി.

www.malankaralibrary.com



3. ചിറകുസമാനം അവന്റെ ചെയ്തികൾ അവനെ വഹിച്ചു. ആത്മീയ ചിറകുകൾ പ്രകാശത്തിൽ ആടുന്നു.

4. തെറ്റിന്റെ അടിസ്ഥാനം ഒരു കെട്ടിടത്തെ താങ്ങുന്നു. അതിന്റെ പണിക്കാരൻ വഞ്ചനയാണ്.

5. അതിന്റെ ഉയരങ്ങൾ തകർച്ചയ്ക്കായി തയാറായിരിക്കുന്നു. കാരണം, സത്യം അതിന്റെ കെട്ടിടത്തെ താങ്ങുന്നില്ല.

6. ഫലങ്ങൾ അലങ്കരിക്കാത്ത മരം ഇല്ലായ്മയാണ്. കാരണം, അതിലൊന്നുമില്ല.

7. അതിന്റെ ശിഖരങ്ങൾ ആരോഗ്യമുള്ളവയാണെങ്കിലും, അതിൽ ഫലങ്ങൾ ഇല്ലെങ്കിൽ മനുഷ്യർ അതിനെ കുറ്റപ്പെടുത്തും.

8. സത്യവിശ്വാസി ആയിരിക്കാൻ ആഗ്രഹിക്കുന്നവന് നല്ല ജീവിതചര്യ ഇല്ലെങ്കിൽ, പൂർണമായി പരാജയപ്പെടും.

9. തന്റെ ബുദ്ധിയിൽ സാബാ സത്യത്തിന്റെ മരം നട്ടു. അവൻ സത്പ്രവൃത്തികൾ അതിന്റെ ഫലങ്ങളാക്കി.

10. എന്നാൽ സ്നേഹം കൂടാതെയുള്ള സത്പ്രവൃത്തികൾ രുചിരഹിതമായ ഫലമാണ്!

11. തന്മൂലം സാബാ തന്റെ ജീവിതചര്യകളിൽ സ്നേഹം കലർത്തി. അവൻ തന്റെ ഫലങ്ങളിൽ നല്ല രുചി പകർന്നു.

12. അവന്റെ കർത്താവ് ജീവവൃക്ഷവും എല്ലാ ഫലങ്ങളുടെയും നിക്ഷേപവുമായ കുരിശ് പുറത്തേക്ക് എടുത്തു.

13. എല്ലാ രുചികളുടെയും നിക്ഷേപം നിഗൂഢമായിരിക്കുന്ന അദ്വിതീയ മരം ആരു കണ്ടിട്ടുണ്ട്?

14. സാബാ കുരിശ് തന്റെ ശരീരത്തിന്റെ ഉള്ളിൽ ചേർത്തുവച്ചു. അവന്റെ ഇച്ഛ അവന് കുരിശായിരുന്നു.

15. അവന്റെ കർത്താവ് തന്റെ കുരിശ് തന്റെ സമ്പത്തായി വഹിച്ചു. അവൻ ജനങ്ങൾക്ക് തന്റെ ഭണ്ഡാരം എത്തിച്ചു.

16. തന്റെ നാഥന്റെ നിക്ഷേപം കൊണ്ട് ദാസൻ സമ്പന്നനായി. അവൻ സൗഭാഗ്യവാനായി തന്റെ കച്ചവടത്തിലെ നേട്ടങ്ങൾ തുറമുഖത്തെത്തിച്ചു.

17. സാബാ തന്റെ ഉള്ളിൽ തന്റെ സമ്പത്ത് ഒളിച്ചുവച്ചു. അവൻ തന്റെ നിക്ഷേപം നിഗളത്തിൽ നിന്ന് മറച്ചുവച്ചു.

www.malankaralibrary.com



18. എന്റെ കർത്താവേ, നിന്റെ സൗരഭ്യമുള്ള ആത്മാവ് അവനിൽ പാർത്തു. അവൻ തന്റെ സംസർഗത്തിലൂടെ ഈ സൗരഭ്യത്തിൽ നിന്ന് ഞങ്ങൾക്ക് വള്ളരെയധികം തന്നു.

19. ഞാൻ അവന്റെ സൗരഭ്യത്തിന്റെ നിക്ഷേപത്തെപ്പറ്റി പ്രതിപാദിച്ചതിനാൽ, തന്റെ സുഗന്ധദ്രവ്യങ്ങളുടെ നറുമണം എന്നിൽ ആഴ്ന്നിറങ്ങട്ടെ.

# 8

1. കച്ചവടം നടത്തിയിട്ട് തന്റെ സമ്പാദ്യങ്ങൾ തന്റെ ശരീരത്തിൽ വഹിച്ചുകൊണ്ട് കടന്നുപോയ ഒരു മനുഷ്യനെ ആരു കണ്ടിട്ടുണ്ട്?

*പ്രതിസ്തോത്രം: ഓ, സൗഭാഗ്യവാനേ, നിന്റെ സമ്പത്ത് നിന്റെ മുമ്പിൽ!*

2. മാമോന്റെ മുമ്പിൽ അവൻ ശിരസ്സു നമിച്ചില്ല. അതുകൊണ്ട് അവൻ പണത്തിന്റെ അടിമയായില്ല.

3. അവൻ തന്റെ സ്വാതന്ത്ര്യം അടിപ്പെടുത്തിയില്ല. വിൽക്കപ്പെടാൻ അവന്റെ ഇച്ഛ സമ്മതിച്ചില്ല.

4. അവൻ തന്റെ ഒരു തോളിൽ ഉപവാസവും മറ്റതിൽ പ്രാർഥനയും വഹിച്ചു.

5. അവൻ തന്റെ എല്ലാ ഇന്ദ്രിയങ്ങളിലും സമ്പത്തു വഹിച്ചു, തന്റെ എല്ലാ അവയവങ്ങളും നിക്ഷേപങ്ങൾ കൊണ്ട് സമൃദ്ധമായി നിറച്ചു.

6. നിബിയന്മാരിലും ശ്ലീഹന്മാരിലും അവൻ സന്തുഷ്ടനായിരുന്നു. അവന്റെ ഇരുനയനങ്ങളും ഈ രണ്ട് അലങ്കാരങ്ങളെയും കാംക്ഷിച്ചു.

7. രണ്ടുടമ്പടികളും സ്വീകരിക്കാൻ അവൻ തന്റെ കാതുകളെ ഏകയോഗമായി സജ്ജമാക്കി.

8. അവൻ തന്റെ ഏകഹൃദയം ഏകസത്യവാന് സമർപ്പിച്ചു. കാരണം, സത്യവും കള്ളവും ഒന്നിച്ചു വസിക്കുന്നില്ല.

9. അവന്റെ വലത്തുകൈ പ്രകാശക്കുരിശു വഹിച്ചു; പ്രകാശക്കുരിശ് തന്റെ നെറ്റിത്തടത്തിൽ സ്ഥാപിച്ചു.

10. സത്യത്തെപ്പറ്റിയുള്ള അറിവ് അവന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നു; അവൻ തന്റെ മാർവിൽ ബെറീൽ വച്ചു.

www.malankaralibrary.com



11. വചനമാകുന്ന മുത്തിന് അവൻ തന്റെ കാതു നൽകി. ആത്മാവിന്റെ നിക്ഷേപങ്ങളായിരുന്നു അവന്റെ ചിന്തയിൽ!

12. അവൻ തന്റെ കഴുത്ത് നുകത്തിന് കുനിച്ച് താഴ്ത്തിക്കൊടുത്തു. അവന്റെ താഴ്മ കണ്ഠാഭരണം സ്വീകരിച്ചു.

13. ജീവന്റെ അപ്പം തന്റെ കൈക്കുമ്പിളിൽ അവന് അഗ്നി ആയിരുന്നു. അഗ്നിയും ആത്മാവും തന്റെ കൈകളിൽ വലയം ചെയ്ത് അവൻ സ്വീകരിച്ചു.

14. വിവേകികൾക്ക് ഈ നിക്ഷേപങ്ങൾ അവന്റെ ശുശ്രൂഷയിൽ മറഞ്ഞിരുന്നു.

15. നിക്ഷേപങ്ങൾ അവന്റെ ശരീരത്തിൽ മറഞ്ഞിരുന്നു. അവൻ സ്വേച്ഛയാ തന്നെത്തന്നെ ദരിദ്രനാക്കി.

16. "ദരിദ്രർ ഭാഗ്യവാന്മാർ" എന്നു നമ്മുടെ കർത്താവ് പ്രകീർത്തിച്ചു.[4] ഇതാണ് സാബായെ ധനവാനാക്കിയ ദാരിദ്ര്യം!

17. ദരിദ്രനായ അവനിലൂടെ എന്റെ വാക്ക് സമ്പന്നമാകട്ടെ. ദരിദ്രനായ എന്നെ അവൻ തന്റെ നിക്ഷേപങ്ങളാൽ സമ്പന്നനാക്കട്ടെ.

18. ദൈവം അവനെ തന്റെ ജീവിതത്തിൽ സമ്പന്നനാക്കി. നമ്മുടെ ഹൃദയത്തിൽ അവന്റെ സ്തുതിപ്പ് നമുക്ക് സമൃദ്ധമാക്കാം.

# 9

1. ഞങ്ങളുടെ പിതാവേ, വലിയ നേട്ടത്തോടു കൂടെ നീ പുറപ്പെട്ടുപോയി. ഇരട്ടി താലന്ത് കാട്ടുക.

*പ്രതിസ്തോത്രം: ഇതാ, നിന്റെ വാർധക്യത്തിന്റെ കിരീടമാണ് നിന്റെ അധ്വാനം!*

2. ഇത്തരം ആശ്ചര്യകരമായ ഓട്ടം ആര് കണ്ടിട്ടുണ്ട്? ജാഗരണത്തിൽ ഒരിക്കലും സാബായ്ക്ക് മതി വന്നിട്ടില്ല.

3. അവന്റെ നയനങ്ങളിലും ചിന്തയിലും ഈറയരുടെ ജാഗരണം കൂട്ടിക്കലർത്തിയിരുന്നു.

---

4. മത്താ.5,3

www.malankaralibrary.com



4. കാരണം, അൻപതു വർഷം ഒറ്റദിവസംപോലെ രാപകൽ അവൻ ക്രൂശുമായി ബന്ധിതനായിരുന്നു.

5. ഒരത്ഭുതം: ആത്മാവും ശരീരവും ആരോഗ്യത്തോടെ പരസ്പരം ശുശ്രൂഷിച്ചു.

6. കാരണം, ശാരീരികമായി അവൻ പൂർണമായി ആരോഗ്യവാനായിരുന്നു. ആത്മീയമായി അവൻ പൂർണമായി ബലവാനായിരുന്നു.

7. അവന്റെ ശരീരത്തിൽ വേദന ഭരണം നടത്തിയില്ല. അവന്റെ ആത്മാവിൽ മന്ദത ബാധിച്ചിരുന്നില്ല.

8. അതാണ് അപ്പം എങ്കിൽ ആരോഗ്യമുണ്ട്. നീണ്ട മുന്നാഴ്ച അവൻ തന്റെ വായ് നിയന്ത്രിച്ചു.

9. അവന്റെ സന്നദ്ധത കണ്ട അവന്റെ കർത്താവ് തന്റെ ജോലിക്കാരനെ ആരോഗ്യം കൊണ്ട് ആയുധം ധരിപ്പിച്ചു.

10. മടുപ്പു തോന്നാത്ത ആ സ്തംഭത്തിന്റെ ദൃഢതയുടെ ദർശനത്തിൽ ദുഷ്ടൻ വിറച്ചു.

11. സുദീർഘമായ പോരാട്ടത്തിൽ ദുഷ്ടന് മടുപ്പു തോന്നി. ആ സ്ഥിരോത്സാഹിയെ സംബന്ധിച്ച് അവന്റെ പരിശ്രമം ഫലരഹിതമായി.

12. ആണയിടുന്നതിൽ നിന്ന് അവൻ തന്റെ വായ് സംരക്ഷിച്ചു. നാം ആണയിടുന്നു എന്ന് നമ്മുടെ വായിൽ കൂടുകെട്ടിയിരിക്കുന്നു.

13. "അതേ അതേ" എന്നും "അല്ല അല്ല" എന്നുമുള്ള സത്യം അവൻ സ്നേഹിച്ചിരുന്നു. ഈ വിശുദ്ധ ആയുധത്താൽ അവൻ ശപഥത്തെ ഓടിച്ചു.

14. അവന്റെ വാക്ക് ഒരു ശപഥംപോലെ മനുഷ്യർ സ്വീകരിച്ചിരുന്നു. കാരണം, അവനിൽ സത്യം വസിച്ചു.

15. എന്റെ കർത്താവേ, നിന്റെ സത്യം എന്റെ വാക്കുകളിൽ നിലനിൽക്കട്ടെ. ഓരോ ദിവസവും ആണയിടുന്നതിൽ നിന്ന് ഞാൻ ഒഴിഞ്ഞു നിൽക്കട്ടെ.

16. ശപഥം ചെയ്യാൻ ആവശ്യപ്പെടുന്നവൻ ശിശുവാണ്. ശപഥം ചെയ്യുന്ന ശീലത്തിൽ നിന്ന് ശിശുക്കളായ ഞങ്ങളെ നിന്റെ പൂർണത മാറ്റട്ടെ.

17. മേലിൽ ശപഥം ആവശ്യമില്ലാതിരിക്കത്തക്കവിധം തന്റെ സത്യം ഞങ്ങളുടെ വാക്കുകളിൽ ഒഴിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

www.malankaralibrary.com



# 10

1. ജേതാവ് രണ്ട് ആയുധങ്ങൾ ഒന്നിച്ചു ചേർക്കുകയും ഏക ആയുധം എന്നപോലെ അവ ധരിക്കുകയും ചെയ്തു.

*പ്രതിസ്തോത്രം: ഇതാ, നിന്റെ കർത്താവ്, നിന്നെ വിജയത്താൽ അലങ്കരിച്ചിരിക്കുന്നു.*

2. അവൻ സത്യത്തെ തന്റെ വലത്തുകൈ ആയും സ്നേഹത്തെ ഇടത്തുകൈ ആയും ആക്കിത്തീർത്തു.

3. ഇവയാണ് മല്ലന് പോരാട്ടത്തിൽ ആവശ്യമുള്ള സ്വർഗീയസൈന്യങ്ങൾ!

4. ആശ്ചര്യകരമായ ഈ സൈന്യം ദൂരെ നിരന്നു കഴിയുമ്പോൾതന്നെ ശത്രു ഭയന്നുവിറയ്ക്കുന്നു.

5. മല്ലന്മാരെ മുട്ടുകുത്തിക്കുന്ന ശക്തനായ സാത്താനെ നീതിമാന്മാർ ഇവയാൽ ജയിക്കുന്നു.

6. സത്യം സ്നേഹവുമായും സ്നേഹം സത്യവുമായും അഭേദ്യം ഉൾച്ചേർന്നിരിക്കുന്നു.

7. യോജിപ്പിൽ അവ സഹോദരങ്ങളായി ചേർന്നിരിക്കുന്നു; അവ ഒരിക്കലും വേർപിരിഞ്ഞിരുന്നില്ല, വേർപിരിഞ്ഞിരിക്കയുമില്ല.

8. അതുകൊണ്ട് സ്നേഹം ഇല്ലാത്തിടത്ത് സത്യവും കാണുകയില്ല.

9. സ്നേഹം കൂടാതെ ഹൃദയത്തിൽ തനിയെ വസിക്കേണ്ടി വന്നാൽ സത്യം ദുഃഖിക്കുന്നു.

10. തങ്ങളുടെ സഹോദരങ്ങളായ സംശുദ്ധതയുടെ കർമങ്ങൾ കാണാതെ വരുമ്പോൾ രണ്ടും ദുഖിക്കുന്നു.

11. അവ കിരണങ്ങൾക്കു തുല്യമാണ്: സൂര്യനോടൊപ്പം അവ വ്യാപിക്കുകയും പിൻവലിയുകയും ചെയ്യുന്നു.

12. നമ്മുടെ കർത്താവ് ഇപ്പോൾ കയറിപ്പോയിടത്ത്, കിരണങ്ങളും ഒരുമിച്ച് ഇരിക്കുന്നു.

13. നമ്മുടെ കർത്താവ് അസ്തമിച്ച് അകന്നുപോയിടത്ത് സത്യവും സ്നേഹവും വസിക്കുന്നില്ല.

14. കിരണങ്ങളിൽ പ്രകാശിക്കുന്നതും ആത്മാവിന്റെ ആലയ

www.malankaralibrary.com



മായിരിക്കുന്നതുമായ, സൗഭാഗ്യവാന്റെ ശരീരത്തിൽ നമ്മുടെ കർത്താവ് ഉദിച്ചുയർന്നു.

15. അവന്റെ ഹൃദയത്തിൽ വസിക്കുന്ന പ്രകാശത്തിൽ നിന്ന് അവന്റെ മുഖകമലവും ഉജ്ജ്വലമായി പ്രകാശിച്ചു.

16. എന്റെ കർത്താവേ, ഞങ്ങളുടെ നീഗൂഢതയിൽ നിന്റെ സത്യം തുറക്കാൻ ഇടയാകട്ടെ. ഞങ്ങളുടെ ദൃശ്യമായവയിലൂടെ നിന്റെ സ്നേഹം പ്രഖ്യാപിക്കപ്പെടട്ടെ.

17. മനുഷ്യരായ നമ്മെ കരങ്ങളിൽ വഹിക്കുന്ന ശക്തി വാഴ്ത്തപ്പെട്ടതാകുന്നു! നമ്മുടെ ജീവിതയാത്രയിൽ സത്യവും സ്നേഹവും നമ്മെ സംരക്ഷിക്കുന്നു.

18. പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരത്തിൽ[5] രണ്ട് സ്തംഭങ്ങൾ സ്ഥാപിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

## 11

1. സാബായുടെ താഴ്മയാണ് അവന്റെ കിരീടം! അവൻ നടന്നലഞ്ഞ് അനേകരെ സന്ദർശിച്ചു.

*പ്രതിസ്തോത്രം: വിനയാന്വിതനെ ഉയർത്തിയ ഉന്നതൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ഭാഗ്യവാന്റെ പാദത്തിലെ അഴുക്കിനു മുകളിൽ വഴിയിലെ പൊടിയും അടിഞ്ഞുകിടന്നു.

3. ഈറയർക്ക് സമാനമായ നീണ്ട ജാഗരണത്തോടുകൂടെ, വഴിയാത്രയിലെ കഠിനാധ്വാനം അവൻ കൂട്ടിച്ചേർത്തു.

4. അവൻ നടന്നുപോയെങ്കിലും, വാഹനയാത്രക്കാരായ കുലീനരേക്കാൾ ബഹുമാനിതനായിരുന്നു.

5. തങ്ങളുടെ വാഹനമൃഗങ്ങളെ അലങ്കരിച്ച ധനവാന്മാർ, നടന്നുപോയ അദ്ദേഹത്തിനെതിരെ കുതിരപ്പുറത്തുനിന്ന് താഴെയിറങ്ങി.

6. വാഹനം തികച്ചും നിന്ദ്യമാകുന്നു; കാരണം, നടന്ന സൗമ്യൻ ഉയർത്തപ്പെട്ടു.

5. 1കൊറി.6,19

www.malankaralibrary.com



7. വിശുദ്ധന്റെ താഴ്മ അവനെ ഉയർത്തിയതുപോലെ, വാഹനമൃഗം അതിന്റെ ഉടമസ്ഥനെ ഉയർത്തിയില്ല.

8. ഒരു വിനീതന്റെ സ്തുതിയും ബഹുമാനവും വാസ്തവത്തിൽ വാഹനം നിമിത്തം നിസ്സാരമാണ്.

9. അവൻ തന്നെത്തന്നെ വിനീതനാക്കുകയും താഴ്മ നശിപ്പിക്കുന്ന നമ്മുടെ വീമ്പിളക്കം കാണാതിരിക്കുകയും ചെയ്തു.

10. നമ്മുടെ കർത്താവ് ക്രോബകളെ വിട്ട് താഴേക്കിറങ്ങി വന്നപ്പോൾ, മനുഷ്യർ ധരയിൽ വണ്ടിക്ക് നുകം വയ്ക്കുന്നു.

11. നമ്മുടെ കർത്താവ് വഴിയിൽ ക്ഷീണിച്ച് കിണറ്റിന്നരികിൽ ഇരുന്നപ്പോൾ, നമ്മെ വേഗതയുള്ള കുതിരകൾ വഹിക്കുന്നു.

12. നാം താഴ്മയുള്ളവന്റെ അധ്വാനം അനുകരിക്കാഞ്ഞതിനാൽ, വാഹനം നിമിത്തം എല്ലാവരും നമ്മെ കളിയാക്കുന്നു.

13. വാഹനത്തോടുള്ള കമ്പത്താൽ കളിയാക്കൽ നാം തള്ളിക്കളഞ്ഞത് നിന്ദ്യമാണ്.

14. താഴെപ്പറയുന്നത് അത് തെളിയിക്കുന്നു: ശെമയോൻ കരയിൽ നമ്മുടെ കർത്താവിന്റെ കൂടെ കാൽകൊണ്ട് നടന്നതിനാൽ, അവനോടൊപ്പം കടലിന്മീതെ നടക്കാൻ അവന് അനുവാദം കിട്ടി.

15. താഴ്മയുള്ളവരെ ഉയർത്തിയ നിനക്കു സ്തുതി! കാരണം, നിന്നോടുകൂടെ അവർ എല്ലായിടത്തും വിജയിക്കുന്നു.

16. പാപം പാപിക്ക് നഷ്ടം വരുത്തുന്നു; അവൻ അഹങ്കാരിയാണെങ്കിൽ അവന്റെ നഷ്ടം അതിലും കൂടുതലായിരിക്കും.

17. നീതിമാന്മാർക്ക് അഹന്ത നഷ്ടം വരുത്തുന്നെങ്കിൽ, നമുക്ക് അത് ഒരു കടപ്പത്രമായിരിക്കും.

18. വെടിപ്പുണ്ടായിരുന്നിട്ടും വെടിപ്പുള്ളവൻ വിനീതനാണെങ്കിൽ, തന്റെ നിന്ദ്യതയിൽ നിന്ദ്യൻ എന്തിന് അഹങ്കരിക്കണം?

19. എന്റെ കർത്താവേ, നിന്റെ കൃപയാൽ എന്നെയും അലങ്കരിക്കണമെ. കാരണം, എന്റെ പാപകടങ്ങൾ എനിക്ക് നിന്ദനം കൊണ്ടുവന്നിരിക്കുന്നു.

20. താഴ്മയുള്ളവരെ ഉയർത്തുകയും തന്റെ കരുണയാൽ പാപിയെ ലജ്ജിപ്പിക്കാതിരിക്കുകയും ചെയ്തവന് സ്തുതി.

www.malankaralibrary.com



# 12

1. ചുറ്റിനടന്ന് സുവിശേഷം പ്രഘോഷിച്ച, സത്യസന്തതികളുടെ പ്രതിച്ഛായയാണ് സാബായുടെ താഴ്മ!

*പ്രതിസ്തോത്രം: നിന്റെ താഴ്മ നിന്നെ സ്വർഗരാജ്യത്തിൽ ഉയർത്തട്ടെ.*

2. തന്റെ പാദമുദ്രകളാൽ ധരയെ അലങ്കരിച്ച നിന്നെപ്രതി ധര വളരെ സന്തോഷിക്കുന്നു.

3. നീതിമാന്മാരുടെ കാൽപ്പാടുകൾ കൊണ്ട് ധര അനുഗൃഹീതമാകുന്നു. നമ്മുടെ രക്ഷകന്റെ പാദമുദ്രകൾ അതിനെ അനുഗ്രഹിച്ചു.

4. വിനീതനായി തന്നിലൂടെ നടന്ന ഭാഗ്യവാനെപ്രതി ധര സന്തോഷിച്ചു.

5. നാം വായിക്കുന്നതുപോലെ, അതിന്റെ നാഥൻ സത്യവചനത്തിന്റെ പുറത്തും താഴ്മയിലും യാത്രചെയ്തു.

6. നമ്മുടെ രക്ഷകന്റെ പാദങ്ങളുടെ താഴ്മയെ പ്രകാശമേഘം മഹത്വത്തിൽ വഹിച്ചു.

7. ഏലിയായുടെ പാദങ്ങളുടെ താഴ്മയെ രഥം മഹത്വത്തിൽ വഹിച്ചു.

8. ഓ, സാബാ, നിന്റെ പാദങ്ങളുടെ താഴ്മയെ വിശുദ്ധർ തങ്ങളുടെ തോളുകളിൽ മഹത്വത്തോടെ വഹിച്ചു.

9. കാരണം, മരുഭൂമിയിൽ മുപ്പത് മൈൽ ദൂരം അവരുടെ തോളുകൾ വിനീതനെ ആഘോഷമായി വഹിച്ചു.

10. അവനെ സംസ്ക്കരിച്ച ദിവസം അവർ അവനെ തങ്ങളുടെ കല്ലറയിലേക്ക് എടുത്തുകൊണ്ടുപോയി.

11. ഉത്ഥാനത്തിൽ മേഘം താഴ്ന്നിറങ്ങുകയും അവന്റെ താഴ്മ മഹത്വത്തിൽ ഉയർത്തുകയും ചെയ്യും.

12. വിനീതനെ വളരെ ഉയർത്തിയ താഴ്മയുടെ ശക്തി എത്ര വലുതാണ്!

13. എന്റെ കർത്താവേ, എന്റെ പാപങ്ങൾ എന്നെ താഴ്ത്തിയിരിക്കുന്നു. നിന്റെ ആരാധകന്റെ താഴ്മ എന്നെ ഉയർത്താൻ ഉതകട്ടെ.

14. എന്റെ നാവ് നിന്റെ താഴ്മയെ പ്രകീർത്തിച്ചതിനാൽ, അവന്റെ വായിൽ നിന്നുള്ള പ്രാർത്ഥന ബലഹീനനായ എന്നെ ഉയർത്തട്ടെ!

www.malankaralibrary.com



15. ദുഷ്ടർ നല്ലവരിലൂടെ തങ്ങളെത്തന്നെ അലങ്കരിക്കുന്നതിന് അവസരം നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

## 13

1. ഓ, തന്ത്രപൂർവം പോരാടിയ നിഷ്ക്കളങ്കൻ ഓരോ ദിവസവും പോരാട്ടത്തിൽ ശ്രദ്ധചെലുത്തി.

*പ്രതിസ്തോത്രം: നമ്മെ സഹായിക്കാൻ അന്ത്യം നമ്മിൽ നിന്ന് മറച്ചുവച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. നാളയെപ്പറ്റിയുള്ള ഉത്കണ്ഠ ഉപദ്രവകരമാണ്. തന്റെ മുമ്പിൽ ലഭ്യമായ സമയം മാത്രമേ സാബാ ജയിച്ചു മുന്നേറിയുള്ളു.

3. അവന്റെ ഓരോ ദിവസവും അവൻ മോഷ്ടിച്ചു. അവൻ തന്ത്രപൂർവം കള്ളനെ കൊള്ളയടിച്ചു.

4. തന്റെ പോരാട്ടം നീണ്ടുപോകുന്നെന്നു ചിന്തിക്കുന്നവൻ പോരാട്ടത്തിൽ തന്നത്താൻ പരാജിതനാക്കുന്നു.

5. എന്നാൽ ഒരു പ്രത്യേകദിനം എടുക്കുകയും മറ്റൊന്ന് വിട്ടുകളയുകയും ചെയ്യുന്നയാൾ, രഹസ്യമായി കുറേശ്ശ കുറേശ്ശ പോരാട്ടം സ്വീകരിക്കുന്നു.

6. ജീവിതപാതയും ഭാഗങ്ങളായി രഹസ്യമായിട്ടാണ് എടുക്കുന്നത്. സ്വർഗരാജ്യത്തിലേക്ക് ഓരോ മൈലും അവൻ നീങ്ങുന്നു.

7. സാബാ നീണ്ട യാത്രകൾ നടത്താതിരുന്നതിനാൽ, വിശ്രമത്തിനുള്ള അവസരം നൽകിയില്ല.

8. മരണദൂതൻ തനിക്ക് പിമ്പിൽ നിൽക്കുന്നെന്ന് ചിന്തിക്കുന്നവൻ പാപം ചെയ്യുന്നില്ല.

9. ജീവിതത്തിൽ ഒരു ദിവസം മാത്രമേ ജീവിക്കാനുള്ളു എന്ന് സാബാ കരുതി. ഓരോ ദിവസത്തിലൂടെയും അവൻ രഹസ്യമായി തന്റെ ദിവസങ്ങൾ അലങ്കരിച്ചു.

10. അനുദിനം നമ്മുടെ അന്ത്യം നമുക്ക് സമീപസ്ഥമാണ്. അതു പെട്ടെന്ന് വരും; എന്നാൽ നാം ഒന്നും ചെയ്യുന്നില്ല.

11. എന്നാൽ ഓരോ ദിവസവും തന്റെ അന്ത്യമാണെന്ന് കരുതിയതിനാൽ, സാബാ അനുദിനം സമ്പന്നനായി.

www.malankaralibrary.com



12. എന്റെ കർത്താവേ, ഞങ്ങളുടെ അന്ത്യം വാതിൽക്കൽ നിൽക്കുന്നെന്ന് വിശ്വസിക്കാൻ ഞങ്ങൾക്കും ഇടയാക്കണമെ. അങ്ങനെ ഞങ്ങളുടെ അനുതാപം നിന്റെ വാതിൽക്കൽ കാണപ്പെടട്ടെ.

13. എന്റെ ദിവസത്തിന്റെ ബാക്കിയും എന്റെ ജീവിതത്തിന്റെ അവശേഷിക്കുന്ന എല്ലാ ദിവസങ്ങളും നഷ്ടപ്പെട്ടു പോകാതിരിക്കാൻ, അവന്റെ പ്രാർഥന എന്നെ സഹായിക്കട്ടെ.

14. നിന്റെ മുന്തിരിത്തോട്ടത്തിൽ ഞാൻ ഒരു മണിക്കൂറേ ജോലിചെയ്തുള്ളു എന്നുവരികിലും നിന്റെ കൃപയ്ക്ക് അത് അവസരമാകട്ടെ.

15. ഉത്സാഹികൾക്ക് പ്രതിഫലം നൽകുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു! അതിൽ നിന്നുള്ള ഒരു ചില്ലിക്കാശ് ദരിദ്രനായ എന്നെ സമ്പന്നനാക്കട്ടെ.

# 14

1. ഞങ്ങളുടെ പിതാവേ, നീ ഞങ്ങളിൽ നിന്ന് പുറപ്പെട്ടുപോയി; എന്നാൽ നിന്നെ നോക്കുന്നവർക്ക് കണ്ണാടിയായി നിന്റെ ജീവിതമാതൃക അവശേഷിപ്പിച്ചിരിക്കുന്നു.

*പ്രതിസ്തോത്രം: നിന്റെ ഓർമ വാഴ്വിനായി ഭവിച്ചിരിക്കുന്നു.*

ഞങ്ങളുടെ നാട്ടിൽ യാക്കോബ് അജഗണത്തിനു മുമ്പിൽ ചെമ്മരിയാടുകൾക്കുവേണ്ടി ഒരു മാതൃകയും[6] മൃഗങ്ങൾക്കുവേണ്ടി ഒരടയാളവും വച്ചു.[7]

3. ഞങ്ങളുടെ നാട്ടിൽ മാതൃകയായ നീ മനുഷ്യരായ ഞങ്ങൾക്കുവേണ്ടി ശരീരത്തിന് ഉപവാസവും ആത്മാവിന് ജാഗരണവും വച്ചു.

4. ഞങ്ങളുടെ നാട്ടിൽ യാക്കോബ് ഒരത്ഭുതം പ്രവർത്തിച്ചു. എല്ലാ ചെമ്മരിയാടുകളും ധരിക്കാനായി അവൻ അവയ്ക്ക് ഒരു വസ്ത്രം നൽകി.

5. വടികൊണ്ട് അവൻ പുതുതായി എല്ലാ നിറങ്ങളിലും തന്റെ ആട്ടിൻകുട്ടികളെ രൂപീകരിച്ച് വസ്ത്രം ധരിപ്പിച്ചു.

6. കുരിശുകൊണ്ട് നീ ആശ്രമങ്ങളെ അലങ്കരിച്ചു; പ്രകാശക്കുരിശുകൊണ്ട് നീ നിന്റെ നിരവധി പ്രബോധനങ്ങൾ പകർന്നു.

7. യാക്കോബ് തന്റെ ചെമ്മരിയയാടുകളെ മേയിച്ച മരുഭൂമിയിൽ നീയും നിന്റെ സംശുദ്ധകുഞ്ഞാടുകളെ മേയിച്ചു.

---

6. ഥുപ്സാ 7. ഉൽപ്പ.30,32

www.malankaralibrary.com



8. യാക്കോബ് പുറപ്പെട്ടുപോയപ്പോൾ, ഞങ്ങളുടെ നാട് വിലപിച്ചു; അവൻ തന്റെ അജഗണത്തെ വാഗ്ദത്തനാട്ടിലേക്ക് നയിച്ചു.

9. നീ ഞങ്ങളുടെ നാടിനെ ആശ്രമങ്ങൾകൊണ്ട് സമാശ്വസിപ്പിച്ചു. കാരണം, നീയും നിന്റെ അജഗണവും ഞങ്ങളുടെ സ്വന്തമായി.

10. നിന്നിൽ ഞാൻ ആശ്ചര്യപ്പെടുന്നു. കാരണം, ഇവിടെയും സീനായ് മലയിലും ദൈവം തന്റെ വിശുദ്ധരുടെ വാസസ്ഥലങ്ങളിലൂടെ നിന്നെ വലിയവനാക്കി.

11. കാരണം, നീ അവന്റെ ദാസരെ പരിപൂർണമായി അനുകരിച്ചു. തന്റെ നീതിമാന്മാരുടെ മരുഭൂമിയും മലയും ദൈവം നിനക്ക് നൽകി.

12. അവന്റെ അജഗണത്തോടൊപ്പം രാജ്യത്തിൽ കടക്കാനും തന്റെ ദാസരോടൊത്ത് പറുദീസായിൽ മേശയ്ക്കിരിക്കാനും നിനക്ക് ഇടയാകട്ടെ!

13. നമ്മുടെ കർത്താവിന്റെ തിരുമുമ്പിൽ എന്നെയും ഓർക്കണമെ. നിന്റെ മാധ്യസ്ഥ്യാപേക്ഷയാണ് സഹായിക്കാനുള്ള അവന്റെ ഇച്ഛയുടെ അവസരം.

14. നാവിനുള്ള പ്രതിഫലത്തിനു മുമ്പിൽ ഒഴിഞ്ഞുമാറരുതേ. കാരണം, നിന്റെ ബഹുമാനത്തിനായി അത് ശക്തിപൂർവം പ്രവർത്തിച്ചു.

15. വായ് വെറുംകൈയോടെ പോകാതിരിക്കാൻ, നാവിനു പ്രതിഫലം നൽകുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

16. വാക്കുകൾക്ക് നിന്നിൽ നിന്നു പ്രതിഫലം ലഭിക്കുമ്പോൾ, നിശ്ചയമായും നിന്റെ ദാസന് ഒരു നിക്ഷേപം മലർക്കെ തുറക്കപ്പെട്ടിരിക്കും.

## 15

1. വിദ്യാഭ്യാസമില്ലാത്ത വിശുദ്ധന്റെ വിജ്ഞാനം അളക്കാൻ കഴിവില്ലാത്തതിനാൽ, ഇതാ, എന്റെ ചിന്ത വഴിതെറ്റി അലയുന്നു.

*പ്രതിസ്തോത്രം: ലാളിത്യമുള്ളവരിൽ വിജ്ഞാനം വർദ്ധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. പ്രയോജനമില്ലാത്തവർക്ക് അവൻ സാധാരണക്കാരനായിരുന്നു; ആവശ്യക്കാർക്ക് അവൻ വിജ്ഞാനിയും വിവേകിയുമായിരുന്നു.

www.malankaralibrary.com



3. ബഹുമാന്യന്റെ നിര ഉയർന്നതാണ്; ശാന്തന്റെ സ്നേഹം തികച്ചും ദാക്ഷിണ്യമുള്ളതാണ്.

4. നിശ്ശബ്ദമായി ബഹുമാനം തേടിയല്ല, സ്നേഹിക്കാനാണ് അവൻ തന്നെത്തന്നെ തുറന്നത്.

5. വിശുദ്ധ നിയമങ്ങൾ അവന്റെ ഹൃദയത്തിലും ആകർഷകരീതികൾ അവന്റെ വായിലും!

6. കാരണം, സാബായുടെ ചിരി സാധാരണമാണെന്ന് കരുതിയവൻ വിഡ്ഢിയാണ്.

7. തനിക്ക് പ്രയോജനകരമല്ലാത്തവ തന്നിൽനിന്ന് തള്ളിക്കളയാൻ അവൻ തനിക്കായി വിവേകപൂർവം സന്തുഷ്ടി കണ്ടെത്തിയിരുന്നു.

8. തന്നിൽ അലസത കണ്ടെത്താതിരിക്കാൻ അവൻ സന്തുഷ്ടിക്കുള്ള അവസരം ഉണ്ടാക്കി.

9. അവന്റെ ബാഹ്യനിഷ്ക്കളങ്കത സാധാരണവും അവന്റെ ആന്തരിക ചിന്ത വിജ്ഞാനകരവുമായിരുന്നു.

10. വിവേകത്തോടുകൂടെ നിഷ്ക്കളങ്കത: സർപ്പങ്ങളെയും പ്രാവുകളെയും അനുകരിക്കാൻ അവൻ പഠിച്ചിരുന്നു.

11. നിഷ്ക്കളങ്കരായ ആദിമാതാപിതാക്കളെ കീഴടക്കിയ സർപ്പത്തെ കീഴടക്കാൻ മനുഷ്യരെ വിവേകം അഭ്യസിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

12. സാധാരണക്കാരന് വിജ്ഞാനം നൽകിയ നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു! അവൻ രുചികെട്ടവൻ ആകാതിരിക്കാൻ അവൻ അവനിൽ വിവേകം കൂട്ടിക്കലർത്തി.

13. ബുദ്ധിക്ക് നിയന്ത്രണം വച്ച നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അവൻ അതിൽ അലഞ്ഞുതിരിയാതിരിക്കാൻ നിഷ്ക്കളങ്കത കൂട്ടിക്കലർത്തി.

14. നിഷ്ക്കളങ്കരുടെ ഇടയിൽ കലഹം തടയാനായി, നീതിമാന്മാരിൽ ലാളിത്യം ഒഴുക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

15. അവന്റെ ലാളിത്യം എന്റെ വിശ്വാസത്തിൽ കലർത്തിയാലും; അവന്റെ വിവേകം എന്റെ ലാളിത്യത്തോട് ചേർത്താലും.

16. എന്റെ വിവേകം എന്റെ ലാളിത്യത്തിന് ഉപ്പായിരിക്കട്ടെ. എന്റെ നിഷ്ക്കളങ്കത എന്റെ ധിക്കാരത്തിനെതിരെ പരിചയായിരിക്കട്ടെ.

www.malankaralibrary.com



# 16

1. എന്റെ കർത്താവേ, ഭാഗ്യവാന്റെ കർമങ്ങൾ വിവരിക്കാൻ കുറഞ്ഞ പക്ഷം എനിക്ക് വാക്കുകൾ തന്നാലും.

*പ്രതിസ്തോത്രം: നിന്റെ ജാഗരണം ബലപ്പെടുത്തിയ ഉണർവുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. നിന്റെ പോരാളിയുടെ സത്കർമങ്ങൾ കുതിച്ചുപായുമ്പോൾ, ദരിദ്രനായ എന്റെ വാക്കുകൾ വറ്റിപ്പോകരുതേ.

3. ഉറക്കത്തിൽ കൺപോളകൾ ചേർന്നിരിക്കുന്നു; ജാഗരണത്തിൽ തിരകളാൽ അത് കഴുകപ്പെടുന്നു.

4. അവൻ ഒരു മണിക്കൂർ നിന്നുകൊണ്ട് മയങ്ങുകമാത്രം ചെയ്തിരുന്നു. തന്റെ ജാഗരണം കൊണ്ട് അവൻ ഉറക്കം നീക്കിക്കളഞ്ഞിരുന്നു.

5. അവൻ നിദ്രയ്ക്ക് ഒരളവ് നിശ്ചയിച്ചു; എന്നാൽ അവൻ നിശ്ചയിച്ചുറപ്പിച്ച അർഹമായതുപോലും അവൻ നിദ്രയ്ക്ക് നൽകിയില്ല.

6. പകൽ നീണ്ടുപോയാൽ നാം ക്ഷീണിച്ചുപോകുന്നു; രാത്രി ചുരുങ്ങിപ്പോയാൽ അതു നമ്മെ നിദ്രയിൽ ആഴ്ത്തുന്നു.

7. അവൻ പകൽ തന്റെ പ്രാർഥന ദീർഘിപ്പിച്ചു; രാത്രി ചുരുക്കി സങ്കീർത്തനാലാപം ദീർഘിപ്പിച്ചു.

8. തന്റെ സുദീർഘ പകലിലും ഹ്രസ്വരാത്രിയിലും എല്ലാ നേരത്തും അവന്റെ കിന്നരം ഉണർന്നിരുന്നു.

9. നാം നിദ്രയിൽ ആണ്ടുകിടക്കുമ്പോൾ, അവൻ സജീവനായി ഉണർന്നിരുന്നു പ്രാർത്ഥിച്ചു.

10. അവന്റെ വായ് വഴിയാത്രയിലും പ്രാർഥിച്ചു. കാരണം, വഴിയിലും അവൻ തന്റെ വഴിവിട്ട് പോയില്ല.

11. നമ്മുടെ ജീവൻ നിലനിർത്തുന്ന സ്ഥിരമായ ശ്വാസം പോലെ സുസ്ഥിരമായിരുന്നു അവന്റെ പ്രാർഥന!

12. അവൻ എപ്രകാരം പ്രാർഥനയുമായി ബന്ധിതനായിരുന്നെന്ന് പുറപ്പെട്ടു കാണുക. അവൻ എപ്രകാരം ജാഗരണത്തിന്റെ കുരിശിൽ തറയ്ക്കപ്പെട്ടിരുന്നെന്ന് കടന്നുവന്നു കാണുക.

13. എഴുന്നേറ്റ് ഒറ്റ ദിവസത്തേക്ക് അവന്റെ ഭാരം വഹിക്കുകയും എത്ര

www.malankaralibrary.com



വലിയ ഭാരമാണ് സാബാ വഹിച്ചിരുന്നതെന്ന് നമ്മുടെ കർത്താവിനോട് സാക്ഷ്യപ്പെടുത്തുകയും ചെയ്യുക.

14. എന്റെ കർത്താവേ, എന്റെ വാക്കുകൾ സ്വീകരിക്കണമെ. സഹായത്തിനും പ്രയോജനത്തിനുമായി അവ നിന്റെ മുമ്പിൽ സംസാരിക്കട്ടെ.

15. എന്റെ കർത്താവേ, എന്റെ സ്തുതിപ്പുകളുടെ അർപ്പണം സ്വീകരിച്ചാലും! അവന്റെ അർപ്പണത്തോടൊപ്പം എന്റെ അർപ്പണം സ്വീകൃതമാകട്ടെ.

# 17

1. എല്ലാറ്റിനേക്കാളും കൂടുതലായി സാബാ ആരെ സ്നേഹിച്ചെന്ന് അറിയുവിൻ! അവനോടുകൂടെ ആയിരിക്കാൻ കഴിയുന്നതിന് അവൻ മനുഷ്യസംസർഗം വെറുത്തു.

*പ്രതിസ്തോത്രം: നിന്നെ സ്നേഹിക്കുന്ന എല്ലാവരിൽ നിന്നും നിനക്ക് കീർത്തനം.*

2. ഭീതിജനകമായ പാറയിടുക്കുകളിൽ രാവിലെ മുതൽ വൈകുന്നേരം വരെ അവൻ പ്രാർഥിച്ചു.

3. ഒരാൾ ഒന്നിനെ സ്നേഹിക്കുമ്പോൾ, മറ്റെല്ലാറ്റിനും മുമ്പിലായി അതുമായി ഒന്നിച്ചിരിക്കാൻ ശ്രമിക്കുന്നെന്ന് എന്റെ സഹോദരരേ, കാണുവിൻ.

4. ഭൗമികചിന്തകളാൽ നമ്മുടെ ബോധം അലട്ടപ്പെടുന്നു; ഭൗമികവ്യഗ്രതകളാൽ നമ്മുടെ ബുദ്ധി വിരൂപമാകുന്നു.

5. കാരണം, നമ്മുടെ ചിന്ത ഭൗമികകാര്യങ്ങളിൽ നിന്ന് ഒരു മണിക്കൂർപോലും വിമുക്തമല്ല.

6. അതുകൊണ്ട് നീണ്ട ജീവിതകാലം മുഴുവൻ വെടിപ്പോടെ ദൈവത്തെ ദർശിച്ചത് മഹാകാര്യമാണ്.

7. അവൻ വളരെ വലിയവനാണ്, അതിലും വലുതാണ്. നമ്മൾ അവന്റെ മഹത്വം എത്ര വർണിച്ചാലും മതിവരില്ല.

8. അതുകൊണ്ട് വിശുദ്ധന്റെ പ്രശോഭിത കർമങ്ങളെപ്പറ്റി എന്റെ ബലഹീന നാവേ, നീയും നിശ്ശബ്ദമാകുക.

9. കാരണം, വെടിപ്പുള്ള നാവാണ് ഇത്തരം വെടിപ്പുള്ള സംഗതികൾ വിവരിക്കേണ്ടത്.

www.malankaralibrary.com



10. മറ്റൊരാൾ വന്ന് നമ്മെ നിന്ദിക്കാതിരിക്കാൻ, നാം നമ്മെത്തന്നെ വിധിക്കുന്നതാണ് ഉചിതം!

11. തന്റെ ന്യായവിധിക്കുമുമ്പ് മനുഷ്യൻ തന്നെത്തന്നെ കുറ്റപ്പെടുത്തുന്നതാണ് അവന് നല്ലത്.

12. ദരിദ്രനാവേ, നിന്നെത്തന്നെ മനസ്സിലാക്കുക! നിന്റെ വിഡ്ഢിത്തം കൊണ്ട് മറ്റൊരാളും ജ്ഞാനിയാകില്ല.

13. തന്റെ സഹായം അപേക്ഷിക്കുന്നവരെ നീതിപൂർവം സഹായിക്കുന്ന നീതിമാന് കീർത്തനം!

14. നമ്മുടെ സ്വാതന്ത്ര്യം ലജ്ജിച്ചു മൗനമാകട്ടെ! കാരണം, അതിനു കഴിയുന്നെങ്കിലും വിജയിക്കാൻ ആഗ്രഹിക്കുന്നില്ല.

15. സാബായേ, നിന്നെ സഹായിച്ചവന്[8] കീർത്തനം! അവൻ സഹായിക്കുകയും നീ വിജയിക്കുകയും ചെയ്തു.

16. എന്റെ കർത്താവേ, എന്റെ ഇച്ഛയും ദുഷ്ടന്റെ ഇച്ഛയും എനിക്കെതിരെ ഒത്തുചേർന്നിരിക്കുന്നു എന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു.

17. എന്റെ കർത്താവേ, ദുഷ്ടൻ എനിക്കെതിരെ അസൂയാലുവാണ്; അതുപോലെ എന്റെ ഇച്ഛയും എനിക്കെതിരെ അസൂയാലുവും വിഭജിതവുമാണ് എന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു.

18. എന്റെ ഇച്ഛ പൂർണമായി നിന്റെ തിരുഹിതവുമായി യോജിക്കുന്നതിന്, എന്റെ സ്വാതന്ത്ര്യം എന്റെ സഖിക്കെതിരെ വയ്ക്കണമെ.

19. തന്റെ ഇച്ഛയുടെ ചലനങ്ങളെ തകർത്ത് നിന്റെ തിരുഹിതത്തിന് കീഴ്പ്പെട്ട എല്ലാവരിൽ നിന്നും നിനക്ക് കീർത്തനം.

20. ഞാൻ എന്റെ ഇച്ഛകൊണ്ട് നിന്റെ തിരുഹിതം അനുസരിക്കാൻ എന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി അവൻ പ്രാർഥിക്കട്ടെ.

# 18

1. ശൗൽരാജാവിനെപ്പറ്റി ദാവീദ് വിലപിച്ചു. അവൻ തന്റെ നിലവിളിയിൽ തന്റെ വലിയ സ്നേഹം കാണിച്ചു. ശൗൽ പീഡിപ്പിക്കുന്നവനായിരുന്നെങ്കിലും, ദാവീദ് അവന്റെ ജീവൻ രക്ഷിച്ചു.[9] അവൻ കൊലപാതകി ആയിരുന്നെങ്കിലും അവന്റെ മരണത്തിൽ അവൻ നിലവിളിച്ചു.[10]

*പ്രതിസ്തോത്രം: ഞങ്ങളുടെ കർത്താവേ, ഉത്ഥാനത്തിൽ ഞങ്ങൾ ഒന്നിച്ചുകൂടുന്നതിനും സ്വർഗരാജ്യത്തിൽ അവനെ കാണുന്നതിനും ഇടയാക്കണമെ.*

---

8. ദൈവം 9. 1സാമു.26,9ff. 10. 2സാമു.1,17ff.

www.malankaralibrary.com



2. നിന്റെ ഈ മരണം ജീവനാണ്. എങ്കിലും അവൻ ഞങ്ങൾക്ക് വേദന ഒരുക്കി. നീയും നിന്റെ ശിഷ്യരും തമ്മിലുള്ള സ്നേഹബന്ധം ദാവീദിന്റെയും യോനാഥാന്റെയും സ്നേഹബന്ധം പോലെ ആയിരുന്നു.[11]

3. ജനം സാമുവേലിനെപ്രതിയും വിലപിച്ചു. അവന്റെ ശക്തിമത്തായ അപേക്ഷയ്ക്ക് ഇടിയും മഴയും പ്രത്യുത്തരിച്ചു. വെടിപ്പോടെ ഉന്നതത്തിലേക്ക് കയറിയ പ്രാർഥനയ്ക്ക് അത്യുന്നതൻ മഴകൊണ്ട് അവനു മറുപടി നൽകി.[12]

4. ജോസിയാ സമാധാനത്തിൽ നിദ്രകൊണ്ടപ്പോൾ, നീതിയുള്ള സ്ത്രീപുരുഷന്മാരെല്ലാവരും അവനെപ്രതി വിലാപഗാനം പാടി ദുഃഖാചരണം നടത്തണമെന്ന് എന്തുകൊണ്ടാണ് ജറമിയാ പ്രവാചകൻ പറഞ്ഞത്?[13]

5. ഓ, സൗഭാഗ്യവാനേ, ഞങ്ങൾ ഭീരുക്കൾ ആയിത്തീർന്നു. കാരണം, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ പ്രാർഥന നിശ്ശബ്ദമായി. നിലങ്ങളുടെ ഉടമസ്ഥരെ സന്തുഷ്ടരാക്കുന്ന ധാന്യക്കൂനകൾ! ഈ സന്തുഷ്ടവിളവെടുപ്പ് ഞങ്ങൾക്ക് ദുഃഖാവസരമായി.

6. രാജാക്കന്മാരിൽ ഒരാൾ ഏലീശായെപ്രതി വിലപിച്ചു. കാരണം, അവൻ ജീവിച്ചിരുന്നപ്പോൾ അവന്റെ പ്രാർഥന ജീവന്റെ നിക്ഷേപം ആയിരുന്നു. അവന് ആയുധങ്ങളും സൈന്യവും ഉണ്ടായിരുന്നെങ്കിലും, പ്രവാചകനാണ് അവന്റെ സൈന്യത്തിന് ശക്തി പകർന്നുകൊടുത്തത്.[14]

7. വളരെ വിജയശ്രീലാളിതമാണ് വിശ്വാസം; കാരണം, അത് നിഷ്കളങ്കതയുടെ പടച്ചട്ടയാണ്. നമ്മുടെ സമൂഹം പടച്ചട്ട അണിയുന്നെങ്കിലും നിന്റെ പ്രാർഥനയാണ് ഞങ്ങൾക്കെല്ലാവർക്കും പരിച.

8. നിന്റെ മരണദിനം മാർഗതടസ്സമുണ്ടായി. ഞങ്ങളുടെ ആശ്രമങ്ങളുടെമേൽ നിന്റെ ചിറക് പറക്കുന്നില്ല. നിന്നിൽ ഞങ്ങളെ സന്ദർശിച്ച യേശു ഞങ്ങളുടെ ആശ്രമങ്ങളിൽ തന്റെ ശക്തി വർഷിക്കട്ടെ.

9. ഈശോബർനൂൻ മരിച്ചപ്പോൾ അവൻ സമ്പാദ്യമല്ല, ജീവനാണ് പകർന്നുകൊടുത്തത്. കാരണം, അവൻ ഇപ്രകാരം പറഞ്ഞു: ഞാനിതാ കടന്നുപോകുന്നു. നിങ്ങളെ ജീവനിൽ സംരക്ഷിക്കാൻ നിങ്ങൾ കൽപ്പനകൾ കാക്കുവിൻ.[15]

10. ഞങ്ങളുടെ ഇടവക മുഴുവൻ സത്യത്തിൽ സംരക്ഷിക്കപ്പെടുന്നതിന്, ഞങ്ങളുടെ അവയവങ്ങളിൽ സത്യം കാത്തുസൂക്ഷിക്കണമെന്ന് നീ

---

11. 1സാമു. 1,26 12. 1സാമു. 12,18 13. 2ദിന.35,25
14. 2രാജാ.13,14 15. ജോഷ്വാ 23,2ff.

www.malankaralibrary.com



അനുദിനം ഞങ്ങളെ പഠിപ്പിച്ചു. കാരണം, അതിനെ സംരക്ഷിച്ചാൽ അത് സംരക്ഷിക്കുന്ന ശക്തിയാണ്.

11. ധര മുഴുവൻ മരണപാതയിൽ സഞ്ചരിക്കുന്നെന്ന് യേശു കാട്ടിത്തന്നു. ഒരാൾ പശ്ചാത്താപവിവശനായി കടന്നുപോകുന്നു. നിന്റെ യാത്രാഭക്ഷണം നിന്നെ ഉന്മേഷഭരിതനാക്കുന്നതിനാൽ, നീ ഭാഗ്യവാനാണ്.

12. ഏലീശാ ഉന്നതത്തിലേക്ക് ആനയിക്കപ്പെട്ടെങ്കിലും തന്നിൽ നിന്ന് വേർപെട്ടതിനാൽ അവന്റെ ശിഷ്യനും വിലപിച്ചു.[16] അവൻ എവിടേക്കാണ് എടുക്കപ്പെട്ടതെന്ന് അവൻ അറിഞ്ഞിരുന്നെങ്കിലും, അവന് അവന്റെ സംസർഗവും സഹായവും നഷ്ടപ്പെട്ടിരുന്നു.

13. എന്റെ നാഥാ, നിന്റെ ആത്മാവ് നിന്റെ കർത്താവിന്റെ പക്കലേക്ക് ആനയിക്കപ്പെട്ടെന്ന് ഞങ്ങളിൽ ആർക്കാണ് അറിയാൻ പാടില്ലാത്തത്? നിനക്ക് മരണം ഉത്ഥാനത്തിനുള്ള അവസരമാണെങ്കിൽ, നിന്റെ സ്നേഹനിർഭര സംസർഗത്തിന്റെ നഷ്ടം നിന്റെ മക്കളെ ദുഃഖിപ്പിക്കുന്നു.

14. കോറായുടെ ഗണത്തിന്റെ അടയാളം നിന്നോടുകൂടെ കാണപ്പെടുകയില്ല. തന്റെ കലഹത്തിലൂടെ അവർ ഒരു വേർപാടുണ്ടാക്കുകയും ധരയിൽ ഒരു പിളർപ്പുണ്ടാക്കുകയും ചെയ്തതിനാൽ, ഭൂമി പിളർന്ന് അവരെ വിഴുങ്ങിക്കളഞ്ഞു.[17]

15. എഴുതപ്പെട്ടിരിക്കുന്നതുപോലെ, പോരാട്ടത്തിലും താർക്കികരുമായുള്ള തർക്കത്തിലും സാബാ കരുതലുള്ളവനായിരുന്നു. നമ്മുടെ കാലത്ത് ഉടലെടുത്ത രോഷാകുലമായ തർക്കം ശ്ലീഹാ അവനെ മുൻകൂട്ടി കാണിക്കുകയും അവന് വെളിപ്പെടുത്തുകയും ചെയ്തു.

16. "ഈ രോഗം മരണത്തിനായിട്ടുള്ളതല്ല" എന്ന് നമ്മുടെ കർത്താവ് ലാസറിനെപ്പറ്റി പറഞ്ഞു. കാരണം സർവരെയും ജീവിപ്പിക്കുന്നവൻ അവനിൽ പ്രകീർത്തിക്കപ്പെട്ടു. സജീവന്റെ സ്വരം കല്ലറ തുറക്കുന്ന താക്കോലായിത്തീർന്നു.[18]

17. "ഈ മരണം മരണത്തിനായിട്ടുള്ളതല്ല" എന്ന് രണ്ടാം ലാസറിനെപ്പറ്റി നമുക്കും പറയാം. കാരണം, ലാസറിനെപ്പോലെ സ്വർഗരാജ്യത്തിലെ വലിയ മേശയിലേക്ക് അവനും ക്ഷണിക്കപ്പെട്ടിരിക്കുന്നു.

18. നമ്മുടെ കർത്താവ്, മാർത്താ, അവളുടെ സഹോദരി മറിയം എന്നീ മൂവരുടെയും കണ്ണുകൾ നനഞ്ഞു. എല്ലാറ്റിനെയും ജീവിപ്പിക്കുന്നവന് തന്റെ

---

16. 1രാജാ.2,12 17. സംഖ്യ 16,30 18. യോഹ.11,4ff.

www.malankaralibrary.com



സ്നേഹത്താൽ വേദന അനുഭവപ്പെട്ടെങ്കിൽ, പ്രിയപ്പെട്ടവരുടെ മരണത്തിൽ ആരാണ് നിശ്ശബ്ദരായിരിക്കുന്നത്?

19. പാതാളത്തിൽ അൽപ്പനേരം മാത്രം തങ്ങിയ ലാസറിനെപ്രതി സഹോദരിമാർ കരഞ്ഞു വിലപിച്ചു. അപ്പോൾ തങ്ങളുടെ പ്രിയപ്പെട്ടവരെ സ്ഥിരമായി വിട്ടുപേക്ഷിച്ചുപോയ പരേതരുമായി സംസർഗം ഇല്ലാതിരിക്കാൻ ആർക്കാണ് കഴിയുക?

20. തന്റെ ശിഷ്യരിൽ നിന്ന് വേർപെട്ട ആ തലവനുമായുള്ള സംഭാഷണത്തിന് ഇടവക മുഴുവൻ കൊതിക്കുന്നു. നയനങ്ങൾ ആഗ്രഹിക്കുന്നു, കാതുകൾ കൊതിക്കുന്നു, നമ്മുടെ ആത്മാക്കൾ അവന്റേതിൽ തൂക്കിയിട്ടിരിക്കുന്നതുപോലെയാണിത്.

21. എന്റെ സഹോദരരേ, വേഗം വരുവിൻ. സമാശ്വാസം നിറഞ്ഞ നിക്ഷേപത്തിൽ നമുക്ക് ആശ്വാസം കണ്ടെത്താം. കാരണം, നമ്മെ പുറകോട്ട് പിടിച്ചുനിർത്താനായി, അവൻ പാതാളം നിത്യമായി നിലനിർത്തുമെന്നത് നമ്മുടെ കർത്താവിൽനിന്ന് അകന്നിരിക്കട്ടെ!

22. എല്ലാറ്റിന്റെയും കർത്താവിന്റെ കാരുണ്യം ഉജ്ജ്വലിക്കുകയും കല്ലറകളിലെ അസ്ഥികൾ ഇളകുകയും ചെയ്യും. സജീവൻ തന്റെ കാഹളധ്വനി മുഴക്കും; അതിന്റെ മുഴക്കത്താൽ പാതാളവാതിൽ തുറക്കപ്പെടും.

23. ആ വരവിൽ ജീവിച്ചിരിക്കുന്നവരായി അവശേഷിക്കുന്നവരെ എതിരേൽക്കാൻ മരിച്ചവർ കുതിച്ചുചാടും. ജീവിച്ചിരിക്കുന്നവർ അർഹരായ തങ്ങളുടെ മൃതരെ ആലിംഗനം ചെയ്യാൻ ധൃതിയിൽ സമീപിക്കും.

24. സുപ്രഭയിൽ സാബാ ഉത്ഥാനം ചെയ്യപ്പെടുകയും ഞങ്ങളേക്കാൾ ഉയർന്ന നിരയിൽ അവന് സ്ഥാനം ലഭിക്കുകയും ചെയ്യുന്ന ആ ദിവസം ചെറിയവരായ ഞങ്ങളോട് അവനുള്ള സ്നേഹത്തിന് പ്രതിഫലം ലഭിക്കാൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളെ അർഹരാക്കണമെ.

25. എന്റെമേൽ ന്യായവിധി നടത്തുന്ന ദിവസം എന്നെ അവൻ പരിഗണിക്കുന്നതിന് എന്റെ സ്തുതിപ്പിന് നീ എനിക്ക് പ്രതിഫലം നൽകാൻ ഇടയാക്കണമെ. ഞാൻ അഭയം തേടിയ, നീതിമാന്മാരുടെ വംശത്തിന്റെ കീർത്തിക്ക് അവനിലൂടെ മൂല്യം വർദ്ധിക്കട്ടെ.

26. ഞങ്ങൾ ഞങ്ങളുടെ പ്രിയപ്പെട്ടവരോടുകൂടെ നിന്നെ സ്തുതിക്കാൻ നീ ഞങ്ങളുടെ സ്വരം ഞങ്ങളുടെ പരേതരുടേതിനോട് കൂട്ടിക്കലർത്തിയാലും! പുനർജീവിച്ച മൃതരും, അവശേഷിച്ച ജീവനുള്ളവരും നിന്നിൽ നിന്റെ പിതാവിനെ സ്തുതിക്കാൻ ഇടയാകട്ടെ.

www.malankaralibrary.com



# 19

1. എന്റെ കർത്താവേ, മനുഷ്യർ തങ്ങളുടെ പ്രിയപ്പെട്ട പരേതരെപ്പറ്റി വിലപിക്കുമ്പോൾ, ദൃഷ്ടാന്തങ്ങളും ഉപമകളും മാതൃകകളും അവർക്കു വേണ്ടി ഉന്നയിക്കുന്നത് സ്വാഭാവികമാണ്.

*പ്രതിസ്തോത്രം: നിന്റെ ദാസൻ പഴയനിയമത്തിലെ നീതിമാന്മാർക്കു തുല്യനാകയാൽ, എല്ലാവരോടും കാരുണ്യം കാണിക്കുന്നവന്റെ പുത്രാ, നിനക്കു സ്തുതി!*

2. ഓരോരുത്തരുടെയും വിജയത്തിന് അനുസൃതമായി മനുഷ്യർ വ്യത്യസ്ത ദൃഷ്ടാന്തങ്ങൾ അവതരിപ്പിക്കുന്നു.....

3. ....മനുഷ്യർ താരതമ്യപ്പെടുത്തുന്ന നീതിമാന്മാരുടെയും സത്യസന്ധരുടെയും ആ സ്തുതിക്ക് അവർ യോഗ്യരായാൽ....

4. നിന്ദ്യനായ ഒരുവനെപ്പോലും സുന്ദരന്മാരുമായി സ്നേഹം താരതമ്യപ്പെടുത്തുകയും അവരുടെ പേരിൽ വിളിക്കുകയും ചെയ്യുന്നെങ്കിൽ, ഓ, ജേതാവേ, നിന്റെ സൗന്ദര്യം എങ്ങനെ സുന്ദരന്മാരുമായി താരതമ്യപ്പെടുത്താനാകും!

5. നിദ്രപ്രാപിച്ചയാൾ ധനവാനാണെങ്കിൽ, ധനവാന്മാരുടെകൂടെ മനുഷ്യർ അവനെ പരിഗണിക്കുന്നു. മരിച്ചവൻ ഒരു കച്ചവടക്കാരൻ ആണെങ്കിൽ, അവരുമായി മനുഷ്യർ അയാളെ താരതമ്യപ്പെടുത്തുന്നു.

6. അതുകൊണ്ട്, ഓ, വിശ്വാസധീരനേ, നിന്നെ എങ്ങനെ അഥവാ, ഏതു രീതിയിൽ ഞങ്ങൾ താരതമ്യപ്പെടുത്തും? ഓ, യോദ്ധാവേ, നിന്റെ സഖികളുടെ ഭണ്ഡാരത്തിൽ നിന്ന് നിനക്കുവേണ്ടി മാതൃകകൾ കൊണ്ടുവരാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

7. നീ താപസ്സരുടെ ഇടയിലാണെങ്കിൽ, ജേതാവാണ്. പരിപൂർണരുടെ ഇടയിലാണെങ്കിൽ, മുന്തി നിൽക്കുന്നു. നിന്റെ ജീവിതരീതികളിലൂടെ നീ എല്ലാറ്റിലും ധീരന്മാരെ ഉല്ലംഘലിക്കുന്നു. അവരിൽ നിന്ന് ഞങ്ങൾ നിനക്കായി താരതമ്യങ്ങൾ കൊണ്ടുവരാം.

8. ഒരാൾ നിന്നെ നോക്കുമ്പോൾ, പുരാതന നീതിമാന്മാരുടെ വെടിപ്പുള്ള ജീവിതരീതികൾ നിന്നിൽ ദർശിക്കുന്നു. സുന്ദരരിൽ ആണ് നീ നിന്റെ ജീവിതചര്യകൾ രൂപീകരിച്ചിരിക്കുന്നത്. അതുകൊണ്ട് അവരുമായുള്ള സാമ്യത്തിന്റെ ചിത്രം നമുക്ക് അവതരിപ്പിക്കാം.

9. അതേപ്പറ്റി ഒരാൾ രോഷാകുലനായാൽ, അവനെപ്പറ്റി വെളിവാക്കാൻ

www.malankaralibrary.com



അവന്റെ വിക്ഷോഭം നമുക്കു മതിയാകും. അവന്റെ ക്രോധം ഒരു കണ്ണാടി പോലെ ആയിരിക്കട്ടെ. അവനിൽ അവന്റെ നിന്ദ്യത കാഴ്ചയായി വയ്ക്കപ്പെട്ടിരിക്കും.

10. എന്നാൽ അതേപ്പറ്റി സന്തോഷിക്കുന്നവൻ, മധുരമുള്ള ഫലം പുറപ്പെടുവിക്കുന്ന മരമാണ്. അതിന്റെ ശാഖകളിൽ മാധുര്യം വസിക്കുന്നെന്ന് അതിൽ നിന്നുത്ഭവിക്കുന്ന ഫലം കാട്ടുന്നു.

11. മഹനീയനായ സാബാ മരുഭൂമിയിൽ നിദ്രകൊണ്ടു. പാളയത്തിന്റെ ഭാരം താങ്ങിയിരുന്ന മഹാസ്തംഭമായ മോശ മരുഭൂമിയിൽ നിദ്രകൊണ്ടു. അവനെക്കുറിച്ച് ഗോത്രങ്ങൾ വിലപിച്ചു.

12. സീനായ് മലയിൽ പിതാവിന്റെ സ്തുതിയുടെ വെടിപ്പുള്ള ഗുഹ ആയിരക്കണക്കിന് വർഷങ്ങൾ സംരക്ഷിക്കപ്പെട്ട് നിനക്ക് നൽകപ്പെട്ടു. പുത്രന്റെ സ്തുതിക്കായി നീ ഒരു പള്ളി പണിതു.

13. സീനായ് മലയെപ്രതി പരിച്ഛേദിതർ അഹങ്കരിക്കുന്നു. എന്നാൽ ഭൂമിയോളം നീ അവരെ താഴ്ത്തി. ശക്തിമത്താണ് ഈ സന്ദേശം: ഇതാ, പിതാവിന്റെ മലയിൽ പുത്രന്റെ പള്ളി.

14. ക്രിസ്തുവിനെ നിയമത്തിനെതിരായി അവതരിപ്പിച്ച നുണയർക്കെതിരെയും അത് സംസാരിക്കുന്നു. കാരണം, ഇപ്പോൾ സീനായ് മലയിൽ രണ്ടുടമ്പടികളും വളരെ സന്തോഷപൂർവം വായിക്കപ്പെടുന്നു.

15. നീ സീനായ്മലയിൽ പണിത ആ പള്ളിക്കുവേണ്ടിയുള്ള തീക്ഷ്ണത, എന്റെ നാഥാ, ദൈവത്തിൽ നിന്ന് ഉദിച്ചതാണ്. കാരണം, മുൻകാലങ്ങളിലെ എല്ലാ പ്രതീകങ്ങളും ക്രിസ്തുവിന്റെ സഭയിൽ പൂർത്തീകരണത്തിലെത്തി.

16. അത് ദൈവത്തിൽ നിന്ന് ഉദിച്ചതാണ്. കാരണം, അതുമൂലം ക്രൂശാരോഹിതരോടൊപ്പം എല്ലാ പാഷണ്ഡികളെയും ദൈവം ലജ്ജിപ്പിച്ചു. കാരണം, സീനായ്മലയിൽ പുതിയതും പഴയതുമായ സകലതും അവൻ പൂർത്തീകരിച്ചു.

17. രണ്ട് വിശുദ്ധ മലകളുള്ള കാര്യം സംശയിക്കുന്നവരുടെ ഹൃദയം കല്ലുകൊണ്ടുള്ളതാണ്. ഇതാ, ആദ്യജാതന്റെ ഒരു പള്ളി സീനായ് മലയിൽ; സെഹിയോൻ മലയിൽ ഗോഗുൽതായും!

18. നീ സീനായ് മലയിൽ പണിത കെട്ടിടം കഴിഞ്ഞ കാലവുമായി ബന്ധപ്പെട്ടതാണെന്നതിന്....

www.malankaralibrary.com



# 20

1. ....

*പ്രതിസ്തോത്രം: പുത്രനു സ്തുതി. അവന്റെ സദ്വാർത്ത സീനായ് മലയിൽപോലും ഒരു പള്ളിയിൽ പ്രഘോഷിക്കപ്പെടുന്നു.*

2. വലിയ മോശയുടെ പണി ചെറുതാണ്. കാരണം, ആ താൽക്കാലിക കൂടാരത്തിന്റെ കാലം കഴിഞ്ഞുപോയി. ചെറിയ സാബായുടെ പണി വലുതാണ്. കാരണം, കുലുക്കമില്ലാത്ത സത്യത്തിന്മേൽ അവൻ അവിടെ ഒരു പള്ളി പണിതു.

3. മോശ ഒരു യാഗപീഠം[19] സ്ഥാപിക്കുകയും മൃഗങ്ങളുടെ രക്തം അതിന്മീതേ തളിക്കുകയും ചെയ്തു. സാബാ വിശുദ്ധ മദ്ബഹാ സ്ഥാപിക്കുകയും സജീവകുഞ്ഞാടിനെ അവിടെ അതിന്മീതേ കൊണ്ടുവരികയും ചെയ്തു.

4. മോശ നിർമിച്ച താൽക്കാലിക കൂടാരത്തിന്റെ മഹത്വത്തിന്മീതേ മേഘം വ്യാപിച്ചു.[20] സാബാ മുറിച്ച ആ ജീവൗഷധത്തിന്മീതേ പരിശുദ്ധാത്മാവ് താണിറങ്ങിവന്നു.

5. ഒരാൾ മറ്റെയാളേക്കാൾ വലിയവനല്ല. മോശ മികച്ചവനും ബഹുമാന്യനുമാണ്. എങ്കിലും കർതൃപുത്രൻ എന്ന നിലയിൽ ക്രിസ്തു മഹനീയനും അവന്റെ ഉടമ്പടി കൂടുതൽ ശ്രേഷ്ഠവുമാണ്.

6.......

7. സീനായ് മലയുടെ ആ വെടിപ്പുള്ള കൊടുമുടിയിൽ മോശ വെടിപ്പോടെ നിന്നു. അവൻ അവിടെ നിർമിച്ച ആ വിശുദ്ധ കൂടാരത്തിന്റെ മാതൃക അവന്റെ കർത്താവ് അവനെ കാണിച്ചു.[21]

8. സീനായ് മലയിലെ വെടിപ്പുള്ള ഗുഹയിൽ സാബാ പ്രാർഥനാനിരതനായി നിന്നു. പെട്ടെന്ന് പള്ളിയും അതിന്റെ മാതൃകയും അളവും അവന്റെ ബുദ്ധിയിൽ ഉദിച്ചു.

9. അനേകരുടെ സമ്പാദ്യവും സഹായസഹകരണവും കൊണ്ട് മോശ താൽക്കാലിക കൂടാരം നിർമിച്ചു.[22] കുറച്ചാളുകളുടെ സഹകരണത്താലും ഉപവാസത്താലും സാബാ വിശുദ്ധപള്ളി പണിതു.

10. കൽഹൃദയമുള്ള ജനത്തിന്റെ പക്കലേക്ക് മോശ കൽപ്പലകകൾ

19. മദ്ബഹാ ദെബഹാ 20. പുറ.40,34

21. പുറ.25,9 22. പുറ.25,2ff.

www.malankaralibrary.com



വഹിച്ചുകൊണ്ട് ഇറങ്ങിച്ചെന്നു.[23] സാബായുടെ മക്കൾ തങ്ങളുടെ ഉള്ളിലെ അദൃശ്യപലകകളിൽ സത്യം എഴുതിവച്ചു.

11. മോശ മലമുകളിൽ ആരാധിച്ചപ്പോൾ, ജനം താഴെ കാളക്കുട്ടിയെ ആരാധിച്ചു. മോശ പ്രാർഥിക്കുകയും അവന്റെ മുഖം പ്രശോഭിക്കുകയും ചെയ്ത അതേ മലമുകളിൽ സാബായും പ്രാർഥിച്ചു.[24]

12. അബ്രഹാമും ഇസഹാക്കും വഴി ഉയർത്തപ്പെടാനായി മോശ സീനായ് മലയിൽ അവരെ അനുസ്മരിച്ചു. മോശവഴി ഉയർത്തപ്പെടാനായി സാബാ സീനായ് മലയിലെ പള്ളിയിൽ അവനെ അനുസ്മരിച്ചു.

13. തന്റെ കാലത്ത് ബാധകമായിരിക്കുന്നതിന് മോശ സീനായ് മലയിൽവച്ച് സാബത് വിശ്രമം നൽകി. ഒരാൾ അത് മറന്ന് വിറക് ശേഖരിച്ചത്, വസ്ത്രത്തിൽ തൊങ്ങലുകൾ കെട്ടാൻ അവസരമൊരുക്കി.[25]

14. എല്ലാ ജനതകളിൽ നിന്നും ഈ ഒരൊറ്റ ജനത്തിന്മേൽ മാത്രം മേഘസ്തംഭം വ്യാപിച്ചിരിക്കുന്നെന്നും അതിന്റെ നിഴൽ എല്ലാ ജനതകളിൽ നിന്നും വലിച്ചുമാറ്റിയിരിക്കുന്നെന്നും സീനായ് മലയിൽ നിന്നുകൊണ്ട് മോശ ദർശിച്ചു.

15. ധരമുഴുവൻ നനച്ച പനിമഞ്ഞിൽ നിന്ന് സിനഗോഗുമാത്രം, കത്രിച്ച കമ്പിളിപോലെ ഉണങ്ങിയിരുന്നതിൽ സാബാ സീനായ് മലയിൽ നിന്നുകൊണ്ട് അത്ഭുതപ്പെട്ടു.

16. മോശ ഇതേ സ്ഥലത്തുവച്ച് പറഞ്ഞവാക്ക് സാബാ അവിടെവച്ച് വായിക്കുകയും ഓർക്കുകയും ചെയ്തു: "അവസാനം അവർ നാറുന്ന നാമമായിത്തീരും."[26] അവർ ഇപ്പോൾ വഹിക്കുന്നത് ഈ നാമമാണ്.

17. അവിടെ അവൻ അത്യുന്നതന്റെ വാക്ക് അനുസമരിച്ചു: ഞാൻ അവരെ ഉന്മൂലനാശം വരുത്തട്ടെ. കൂടുതൽ മഹോന്നതവും ശ്രേഷ്ഠവുമായ ഒരു ജനത്തെ നിനക്ക് ഞാൻ തരും.[27] അവരെക്കൊണ്ട് ഇപ്പോൾ ധര മുഴുവൻ നിറഞ്ഞിരിക്കുന്നു.

18. മോശ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തി. അതിനെ നോക്കിയവർ സുഖം പ്രാപിച്ചു.[28] സാബാ മലയിൽ കുരിശു സ്ഥാപിച്ചു. ആത്മാക്കൾ കുരിശിലൂടെ തെറ്റിൽ നിന്ന് സ്വതന്ത്രരാക്കപ്പെട്ടു.

---

23. പുറ.11,19;36,26
24. പുറ.34,29.
25. സംഖ്യ 15,32.38.
26. പുറ.32,25(പ്ശീത്താ).
27. പുറ.32,10
28. സംഖ്യ 21,9

www.malankaralibrary.com



19. ഓ, കയ്പ്പുള്ളവനേ, തെളിഞ്ഞ വാക്കുകൾ നിന്റെ ഇഷ്ടാനുസരണം ശ്രവിക്കരുതേ! കാരണം, തന്റെ ഇച്ഛാനുസരണം സത്യം ശ്രവിക്കുന്നതിനാൽ, വഴിതെറ്റുന്നവൻ അതിനാൽ വഴിതെറ്റുന്നു.

20. നമുക്ക് സത്യവചനങ്ങൾ വിവേകികളെപ്പോലെ സുബോധത്തോടെ ശ്രവിക്കാം. കാരണം, ശ്രോതാവ് സംസാരിക്കുന്നവന്റെ ഉദ്ദേശ്യം അവന്റെ വാക്കുകളിൽ തേടേണ്ടതുണ്ട്.

21. അതുകൊണ്ട് ഞാൻ എന്റെ ഹിതാനുസൃതം ഉച്ചരിച്ച വാക്കുകൾ നിന്റെ ഹിതാനുസൃതം മാറ്റിമറിക്കരുത്. നിന്റെ മനസ്സിൽ ഉദിക്കുന്ന കയ്പിനനുസൃതം എന്റെ ഇച്ഛ നീ രുചിക്കരുത്!

# 21

1. ഓ, സാബാ, ഇതാ, നിന്റെ ദർശനം എന്നെ കുഴയ്ക്കുന്നു. കാരണം, നിരവധി സാദൃശ്യങ്ങൾ നിന്നിൽ ഞാൻ കാണുന്നു. ഇതാ, നിന്റെ നിരവധി സുന്ദരവസ്തുക്കൾ എന്നെ ഞെരുക്കുന്നു, അവയിൽ ഓരോന്നും എന്റെ ശ്രദ്ധയാകർഷിക്കുന്നു.

*പ്രതിസ്തോത്രം: സാബാ, നിനക്ക് തുണയായിരുന്ന ദൈവത്തിനു സ്തുതി! എല്ലാ ജേതാക്കളോടുമൊത്ത് കിരീടധാരിയായി നീ ഈ ലോകത്തിൽ നിന്ന് കടന്നുപോയി.*

2. അത്യാർത്തിയുടെ പാലം നീ തകർത്തു. നിനക്കും അവയ്ക്കും ഇടയിൽ മഹാഗർത്തം ഉണ്ടായിരിക്കുന്നു. തന്റെ ജീവിതചര്യയാൽ ഭൗമിക ജീവിതം ഉപേക്ഷിച്ച നിന്റെ നേട്ടങ്ങൾ വിവരിക്കാൻ ആർക്കു കഴിയും!

3. ഇപ്പോൾ എല്ലാവരും വിട്ടുപേക്ഷിക്കുന്ന മരണത്തിൽ ആദ്യമായിട്ടല്ല നീ അവയെ ഉപേക്ഷിച്ചത്. പിന്നെയോ, നിന്റെ വേർപാടിനു മുമ്പുതന്നെ നീ അവ ഉപേക്ഷിച്ചു. നിന്റെ മരണത്തിനു മുമ്പുതന്നെ നീ മൃതനായിരുന്നു.

4. തന്റെ മരണത്തിനു മുമ്പ് തന്റെ ജീവൻ ഉപേക്ഷിക്കുന്നവന്റെ ഹൃദയം തന്റെ മരണത്തിൽ സന്തുഷ്ടമായിരിക്കും. എന്നാൽ ആദ്യമായി തന്റെ മരണത്തിൽ അതുപേക്ഷിക്കുന്നവന് മരണദിനം കയ്പ്പേറിയതായിരിക്കും.

5. മരണമാകുന്ന അന്ത്യത്തിലൂടെ വെടിപ്പുള്ളവർ നവജീവൻ കരസ്ഥമാക്കുന്നു. നമ്മെ ജീവനിൽ നിന്ന് പുറത്തേക്ക് നയിക്കുന്ന മരണ

www.malankaralibrary.com



ത്തിലൂടെ നീതിമാന്മാർ തങ്ങളുടെ ഭവനത്തിലേക്കുള്ള വഴിയിലൂടെ നീങ്ങുന്നു.

6. ഞങ്ങൾ നിങ്ങളെപ്പറ്റി വിലപിക്കുന്നത് ഉചിതമല്ല; ഞങ്ങളെപ്പറ്റി കരയുന്നത് നിങ്ങൾക്ക് ചേർന്നതാണ്. കാരണം, ഞങ്ങൾ പ്രയോജനരഹിതമായ ജീവിതം നയിക്കുന്നു. എന്നാൽ ഓ, സാബാ, മറിച്ചാണ് നിനക്ക്; നിന്റെ മരണംപോലും ജീവനാണ്.

7. ലാസറിനെപ്രതി കരഞ്ഞ നമ്മുടെ കർത്താവ്, അവനെ ഉയർപ്പിക്കാൻ ആഗ്രഹിച്ചതിനാൽ, സന്തോഷിക്കേണ്ടതായിരുന്നു.[29] എന്നാൽ അവിടുന്ന് അവിടെ എല്ലാ മരിച്ചവരെയും ജീവിക്കുന്നവരെയും ദർശിച്ചു. ലാസറിന്റെ കല്ലറയിൽ അവിടുന്ന് കരഞ്ഞത് അവരെ പ്രതിയാണ്.

8. ഈ ധരയിലെ സുഖസന്തോഷങ്ങൾ മരണനാഴികയിലെ ഭയത്തിലും ദുഃഖത്തിലും മാറിപ്പോകുന്നു. എന്നാൽ സന്യാസജീവിതത്തിലെ ക്ലേശങ്ങൾക്കും ഭാരങ്ങൾക്കും ശേഷം നിന്റെ ആത്മാവ് പുറത്തേക്ക് ആനയിക്കപ്പെടുമ്പോൾ, സമാശ്വാസം അനുഭവിക്കുന്നു.

9. ഞങ്ങളുടെ വേദന കഠിനതരമാണ്. കാരണം, മരണദൂതൻ ഞങ്ങൾക്ക് ഭീതിദായകനാണ്. എന്നാൽ നീയത് സ്വാഗതം ചെയ്യുന്നു. മരണം നിനക്ക് സന്തോഷദായകമായിരുന്നെങ്കിൽ, ആർക്ക് നിന്റെ മഹാഭാഗ്യം ഗ്രഹിക്കാൻ കഴിയും?

10. രണ്ടിടത്തും ഞങ്ങൾക്ക് ദുഃഖമാണ്: ഇവിടെ ഭയവും അവിടെ ദണ്ഡനവും. ഇരുലോകങ്ങളിലും നിനക്ക് സന്തോഷമാണ്: ഇവിടെ സ്തുതിയും അവിടെ നിന്റെ മഹത്വവും!

11. നീ ഈ ലോകത്തിൽ നിന്ന് ഒന്നുമെടുത്തില്ല; ഇവിടെ നിനക്ക് സൽപ്പേര് മാത്രം മതിയായിരുന്നു. നിനക്ക് ഒരുക്കിയിരിക്കുന്ന വാഗ്ദാനങ്ങളോടുകൂടെ അവിടെ ഇത് നിനക്ക് നൽകപ്പെടും.

12. കുറ്റവാളിക്ക് പീഡനം സഹിക്കാൻ ഇടയായില്ലെങ്കിലും ദുഷ്പ്പേര് അവനെ ഇവിടെ അലട്ടുന്നു. അവനായി ഒരുക്കിയിരിക്കുന്ന പീഡനത്തോട് ഇവിടെയുള്ള മാലിന്യം കൂട്ടിച്ചേർക്കപ്പെടുന്നു.

13. നീ വളർത്തിയെടുത്ത ആ നല്ല പ്രത്യാശ നിന്റെ വാഗ്ദാന ലബ്ധിക്കുമുമ്പേ നിന്നെ ഉയർത്തിയിരിക്കുന്നു. മറിച്ച്, കീടമെന്നപോലെ അനുദിനം പാപിയിലുള്ള ഭയം അവനെ വേദനിപ്പിക്കുന്നു.

14. ന്യായവിധിക്കു മുമ്പുതന്നെ നാം ന്യായവിധിയിൽ കടന്നിരിക്കുന്നു. ന്യായവിധിയെപ്പറ്റിയുള്ള ഭയം ഇപ്പോഴേ നമ്മെ വിധിക്കുന്നു. ഉത്ഥാന

29. യോഹ. 11,35

www.malankaralibrary.com



ത്തിനു മുമ്പുതന്നെ നീ ഏദനിൽ കടന്നിരിക്കുന്നു. കാരണം, പറുദീസായെപ്പറ്റിയുള്ള ചിന്ത നിന്നെ മുന്നോട്ട് നയിച്ചു.

15. നമ്മെ വേദനിപ്പിക്കുന്ന കടങ്ങളെപ്പറ്റിയുള്ള ഭയമാണ് ഗേഹെന്നായിലെ പീഡനത്തിന്റെ അച്ചാരം. നല്ലവർക്ക് നല്ല പ്രത്യാശയാണ് ആ സ്വർഗരാജ്യത്തിലെ സന്തുഷ്ടിയുടെ അച്ചാരം.

16. നീ മരുഭൂമിയിൽ തങ്ങുകയും നിന്റെ ഫലങ്ങൾ വിർധിക്കുകയും ചെയ്തു. കാരണം, അവിടെ ചൂടുകാറ്റ് അടിച്ചില്ല. മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥന് നിന്റെ ജോലി ഇഷ്ടപ്പെട്ടു. നിന്റെ പ്രാർഥന യഥാസമയം ഫലം നൽകി.

17. അധ്വാനിച്ച് തന്റെ ആത്മാവിൽ ജീവവൃക്ഷം നട്ട കർഷകൻ! സത്യം മുളച്ച് നിന്നിൽ ആഴത്തിൽ വേരുറയ്ക്കുകയും നിന്റെ നേട്ടങ്ങളുടെയെല്ലാം ഫലം നൽകുകയും ചെയ്തു.

18. നല്ല വിത്തുകളെ നശിപ്പിക്കുന്ന മരുഭൂമിയിൽ നിന്റെ നല്ലവിത്ത് നൂറുമേനി ഫലം പുറപ്പെടുവിച്ചു. നിന്റെ വിളവിൽ നിന്ന് നിനക്ക് സമൃദ്ധമായ യാത്രാഭക്ഷണം ഒരുക്കി. അത് നിന്നോടൊപ്പം യാത്രയായി.

19. ജീവിത ധാന്യക്കതിരാകുന്ന നിന്റെ വിശ്വാസത്തിന്റെ നല്ല വിത്തിൽ നിന്ന് നാട്ടുകാർക്ക് ഭാഗഭാഗിത്വം അവകാശമായി ലഭിച്ചു. നിന്റെ കലവറ മതിയാകയില്ല. നിന്റെ വെടിപ്പുള്ള ധാന്യക്കൂന ജീവന്റെ കലവറയിലാണ്.

20. സജീവാപ്പത്തിന്റെ കർഷകനായിരുന്നു നീ. നവവീഞ്ഞിന്റെ മുന്തിരി കൃഷിക്കാരനായിരുന്നു നീ. കാരണം, നീ സജീവാപ്പം മുറിക്കുകയും സൗഖ്യദായക കാസാ നൽകുകയും ചെയ്തു.

21. യോഹന്നാനും മരുഭൂമിയിൽ ജീവിക്കുകയും അത്യാർത്തി നിശ്ശേഷം നശിപ്പിച്ച് ഉന്മൂലനാശം വരുത്തുകയും ചെയ്തു. മരുഭൂമിയിൽ നിന്റെ അവയവങ്ങളിൽ പാപത്തിന്റെ മുകുളം വാടിവരണ്ട് ഉണങ്ങിപ്പോയി.

22. നീ മരുഭൂമിയിൽ ജീവിക്കുകയും ചുറ്റിനടന്ന് വ്യാപരിക്കുകയും വിജയിക്കുകയും ചെയ്തു. ഏലിയായുടേതുപോലെ നിന്റെ രഥം പ്രശോഭിച്ചു. നീണ്ട യാത്രയാൽ ക്ഷീണിക്കാനായി നീ നിന്റെ ശത്രുവിനെ മരുഭൂമിയിലേക്ക് നയിച്ചു.

23. കീഴ്പ്പെടുത്തപ്പെട്ടതിനാൽ അവൻ പറന്നുപോയി. അവൻ ബലഹീനരായ ഞങ്ങൾക്കെതിരെ കടന്നുവന്നു. ഇതാ, തന്റെ ഇച്ഛാനുസൃതം അവൻ ഞങ്ങളെ നയിച്ചു. ക്ഷീണിതരായ ഞങ്ങളെ മനുഷ്യവാസമുള്ളിടത്ത് അവൻ പിടികൂടി.

www.malankaralibrary.com



# 22

1. ഓ, ഞങ്ങളുടെ ഇടയനേ, നിന്നെ ഞങ്ങൾ എവിടെയാണ് അന്വേഷിക്കേണ്ടത്? കാരണം, നിന്റെ പാതകൾ ഞങ്ങളിൽ നിന്ന് വെട്ടിമുറിക്കപ്പെട്ടിരിക്കുന്നു. ഇളകിമറിയുന്ന കടലിലൂടെയാണ് ഞങ്ങൾ യാത്രചെയ്യുന്നത്. ഈ വേലിയേറ്റത്തിൽ നിന്നെപ്പോലെ ഞങ്ങൾക്കാരുണ്ട്?

*പ്രതിസ്തോത്രം: ഞങ്ങളുടെ പിതാവേ, തന്നിലൂടെ നിന്നെ അലങ്കരിച്ച യേശു ദരിദ്രരായ ഞങ്ങളെയും അലങ്കരിക്കട്ടെ.*

2. തിരകൾക്കിടയിൽ രക്ഷ കണ്ടെത്താൻ യോഗ്യരായ ഞങ്ങൾക്ക് നിന്റെ വാക്ക് ഒരു കപ്പലായിരുന്നു. ഞങ്ങളുടെ ഭിന്നിപ്പ് നിന്നിലൂടെ അവസാനിക്കട്ടെ. നിന്റെ സാന്ത്വനവചനം ഞങ്ങളിൽ നിന്ന് അകന്നുപോയി.

3. ക്രുദ്ധർ നിന്നിലൂടെ അനുരഞ്ജനപ്പെട്ടിരിക്കുന്നു. എന്നാൽ ഇപ്പോൾ നിന്റെ സാന്ത്വനസ്വരം ഞങ്ങൾക്കില്ലാതായി. നിന്റെ നിക്ഷേപം ആവശ്യക്കാരായ ഞങ്ങളെ വളരെ ആകർഷിച്ചു. നിന്റെ വ്യാപാരത്താൽ ഞങ്ങൾ സമൃദ്ധമായി ജീവിച്ചു.

4. എന്റെ നാഥാ, നിന്റെ ജാഗരണത്തിന്റെ ഒരംശം പോലും ഞങ്ങൾക്ക് ഭാരമാണ്. ഞങ്ങൾ നിന്റെ ജാഗരണം ഉപേക്ഷിച്ചു. നിന്റെ മരണശേഷം ഉറങ്ങിപ്പോകാതിരിക്കാൻ, നിന്റെ പ്രാർഥന നിന്റെ മക്കളുടെ ഹൃദയം ഉണർത്തട്ടെ.

5. എന്റെ നാഥാ, നിന്റെ മരണത്താൽ നിന്റെ പ്രിയപ്പെട്ട ഞങ്ങളെ നീ കർത്താവിൽ ഭരമേൽപ്പിച്ചു. നിന്റെ അനുസ്മരണ നിന്റെ ശിഷ്യരിൽ വർധിച്ചുവരാൻ, നിന്റെ പ്രാർഥന ഞങ്ങളുടെ സംരക്ഷിക്കൽ ഓർക്കട്ടെ.

6. എന്റെ നാഥാ, നിസ്സാരരായ ഞങ്ങൾ നിന്നിലൂടെ വളർന്നു. എന്നാൽ നിന്റെ പ്രബോധനസ്വരം ഞങ്ങളിൽ നിന്നു വേർപെട്ടു. ഞങ്ങളുടെ ആശ്രമങ്ങളിൽ പ്രബോധനം വീണ്ടും വളരാനായി നിന്റെ പ്രാർഥന നിന്റെ മക്കളുടെ വായ് തുറക്കട്ടെ.

7. ഞങ്ങളുടെ സ്നേഹം നിന്നിലൂടെ ക്രമീകൃതമായി. എങ്കിലും നിന്റെ ക്രമീകൃതസ്വരം ഞങ്ങളെ വിട്ടുപോയി. നിന്റെ മക്കളുടെ സ്നേഹത്തിന് ഭംഗം വരാതിരിക്കാൻ, നിന്റെ പ്രാർഥന ഞങ്ങളിൽ വെടിപ്പ് വളർത്തണമെ.

8. നീ ഞങ്ങൾക്ക് നല്ല ദൃഷ്ടാന്തം തന്നു. എന്നാൽ ഞങ്ങളുടെ സൗന്ദര്യത്തിന്റെ നിക്ഷേപം ഞങ്ങളിൽനിന്നു വേർപെട്ടു. നിന്റെ ഭണ്ഡാരത്തിൽ നിന്ന് നല്ലൊരു നിക്ഷേപം എടുക്കാൻ ഞങ്ങൾക്കു കഴിയുന്നതിന്, നിന്റെ പ്രാർഥന അത് തുറന്നുതന്നാലും!

www.malankaralibrary.com



9. വേദനാജനകമായ ദിനമായിരുന്നു നിന്റെ മരണദിവസം! ഞങ്ങളെ അനാഥരാക്കാൻ അത് നിന്നിൽ നിന്ന് ഞങ്ങളെയെല്ലാം വേർപെടുത്തി. എന്റെ നാഥാ, നിന്റെ പ്രാർഥന സത്യപിതാവിന്റെ ചിറകുകളും വലത്തുകൈയും ഞങ്ങളുടെമേൽ ആവസിപ്പിക്കട്ടെ.

10. സ്വർഗരാജ്യത്തിന്റെ സ്തുത്യർഹ കുഞ്ഞാടുകളോടുകൂടെ ഈ വലത്തുകൈ ഞങ്ങളെ സംരക്ഷിക്കട്ടെ. എന്റെ നാഥാ, നിന്റെ മക്കളോട് അസൂയ പൂണ്ട ദുഷിച്ച ഇടത്തുകൈ അനാഥക്കുട്ടികളെപ്പോലെ ഞങ്ങളെ പീഡിപ്പിക്കരുതേ.

11. നിന്നാൽ ഞങ്ങളുടെ ഇടവക അലംകൃതമായിരിക്കുന്നു. എങ്കിലും മുൻകൂട്ടി ഏതു സ്ഥലത്താണ് നിന്നെ കാണാൻ ഇപ്പോൾ ഞങ്ങൾ വരേണ്ടത്? നിന്റെ അനുസ്മരണയിൽ ഞങ്ങളുടെ ഇടവക സങ്കീർത്തങ്ങൾ ആലപിക്കാൻ ഇടയാകട്ടെ.

12. നീ എവിടെയായിരിക്കുമെന്ന് ഞങ്ങൾക്ക് അറിയാത്തതിനാൽ, നിനക്കഭിമുഖമായി വരാൻ ഏതു വശത്തേക്കാണ് ഞങ്ങൾ പുറപ്പെടേണ്ടത്? ഞങ്ങൾ ജീവന്റെ ആസ്ഥാനത്ത് എത്തിച്ചേരുന്നതിനും നിന്നെ കാണാൻ കഴിയുന്നതിനും എന്റെ നാഥാ, നിന്റെ പ്രാർഥനയാൽ ഞങ്ങൾ അർഹരായി തീരട്ടെ.

13. സമാധാനസ്വരം പുറപ്പെട്ട മരുപ്രദേശത്ത് ആരാണ് ഇനിയും ഉറച്ചുനിൽക്കുക? നിന്റെ പ്രാർഥന മക്കൾക്ക് എല്ലാറ്റിനെയും സംരക്ഷിക്കുന്ന കുരിശിന്റെ സമാധാനം മരുഭൂമിയിൽ വർദ്ധിപ്പിക്കട്ടെ.

14. നിന്നോടുള്ള സംസർഗം ഞങ്ങളെ വളരെ സഹായിച്ചു. നിസ്സാരരായ ഞങ്ങളെ ഇപ്പോൾ ആര് സഹായിക്കും? ഞങ്ങളുടെ പിതാവേ, തന്നിലൂടെ നിന്നെ അലങ്കരിച്ച യേശു ദരിദ്രരായ ഞങ്ങളെ അലങ്കരിക്കട്ടെ.

15. നിന്റെ പ്രാർഥനയാൽ ഞങ്ങൾക്ക് ആഴമായ സമാധാനം ഉണ്ടായിരുന്നു. എല്ലായിടത്തും നിന്നെ കാണുന്നതുപോലെ ആയിരുന്നു അത്. എന്റെ നാഥാ, നിന്റെ നിരവധി പ്രാർഥകളുടെ ആസ്ഥാനമായ നിന്റെ ആശ്രമത്തിനടുത്ത് ഇതാ, ഇപ്പോൾ ഞങ്ങൾ കരയുന്നു.

16. ഓ, ഞങ്ങളുടെ പിതാവേ, ഇപ്പോൾ ഞങ്ങളുടെ ആശ്രമം വളരെ ദുഃഖിതമായിരിക്കുന്നു. കാരണം, നിന്റെ സ്വരത്തിന്റെ പ്രതിധ്വനി അതിനെ വിട്ടുപോയിരിക്കുന്നു. നിന്റെ മക്കളുടെ ആശ്രമത്തെ നമ്മുടെ കർത്താവ് സാന്ത്വനപ്പെടുത്തട്ടെ. നിന്റെ കീർത്തനങ്ങളുടെ സ്വരം അതിൽ വർദ്ധിക്കട്ടെ.

17. എന്റെ നാഥാ, ഞങ്ങൾ ഏകാന്തരും അനാഥരുമാണെന്ന് കണ്ട് സാത്താൻ ഞങ്ങളെ നിന്ദിക്കാൻ ഇടയാകരുതേ. നീ അവന്റെമേൽ ആരോപിച്ച ദുഷ്കൃത്യങ്ങൾ അവൻ ഞങ്ങളുടെമേൽ ആരോപിക്കാൻ ഇടയാക

www.malankaralibrary.com



രുതേ. ഓ, ഞങ്ങളുടെ പിതാവേ, ഞങ്ങളുടെ ആശ്രമങ്ങളിൽ നിന്ന് അവനെ ദൂരെ ബന്ധിക്കണമെ.

18. ബലഹീനരായ ഞങ്ങൾ നിരാശരായിത്തീർന്നു. കാരണം, ഇതാ, നിന്റെ മരണം നിന്നോടുള്ള സംസർഗം നീക്കിക്കളഞ്ഞു. എന്റെ നാഥാ, തികച്ചും കണ്ണീരിന്റെ ഉറവയായിത്തീർന്ന, കവർച്ച ചെയ്യപ്പെട്ടവരെ, ആർക്ക് സാന്ത്വനപ്പെടുത്താൻ കഴിയും?

19. നിന്റെ മക്കളുടെ വായ് നിന്നെ വിളിക്കുന്നു. മരുഭൂമിയിൽ അത് നിന്നെപ്രതി വിലപിക്കുന്നു. ഇടയദാസന്മാരുടെ യജമാനൻ വേർപിരിഞ്ഞ അജഗണത്തെ മരുഭൂമിയിൽ ആർക്കു സാന്ത്വനപ്പെടുത്താൻ കഴിയും?

# 23

1. നമ്മുടെ ഇടവകയുടെ മനോഹരപ്രകാശത്തിന്റെ കിരണങ്ങൾ നമ്മുടെ ആശ്രമങ്ങളിൽ നിന്നു കടന്നുപോയി. ഇതാ, ദുരിതത്തിന്റെ ഓളങ്ങൾ നമ്മുടെ മേൽ ആഞ്ഞടിച്ചിരിക്കുന്നു. കാരണം, നമ്മുടെ ആശ്രമമാകുന്ന കപ്പലിന്റെ കപ്പിത്താൻ കടന്നുപോയിരിക്കുന്നു.

*പ്രതിസ്തോത്രം: നിന്റെ മക്കളുടെ സ്നേഹത്തിനു ഭംഗം വരാതിരിക്കാൻ നിന്റെ പ്രാർഥന ഞങ്ങളുടെ നൈർമല്യം വർദ്ധിപ്പിക്കട്ടെ.*

2. നീ ഞങ്ങളെ ഒരു നല്ല പടച്ചട്ട അണിയിച്ചു, നീ ഞങ്ങൾക്കു ഒരു നല്ല ജീവിതരീതി നൽകി. ആ അജഗണത്തിനു പകരം നീ മരുഭൂമിയിൽ ശോഭയുള്ള ആട്ടിൻകുട്ടികളെ മേയിച്ചു.

3. നിന്റെ മക്കളുടെ കൂട്ടത്തെ ആഹാരത്തിനുപകരം മരുഭൂമിയിലൂടെ നീ പോഷിപ്പിക്കുകയും ദാഹംകൊണ്ട് സന്തോഷിപ്പിക്കുകയും ചെയ്തു. അത്യാർത്തിയാൽ ബന്ധിക്കുന്ന സാത്താൻ തന്റെ അദൃശ്യചങ്ങല നിന്റെ മേലിട്ടു.

4. നിന്റെ നോട്ടം വെടിപ്പുള്ളതായിരുന്നു. നിന്റെ ഉള്ളിലും നീ വെടിപ്പുള്ളവനായിരുന്നെന്ന് നീ കാണിച്ചു. നിന്റെ ബാഹ്യചേഷ്ടകൾ മാന്യമായിരുന്നു; നിന്റെ ആന്തരികചിന്ത പരിശുദ്ധവും.

5. നിന്റെ അവയവങ്ങൾക്ക് ഭാഗ്യസ്തുതികൾ! നിന്റെ ചിന്തകൾക്ക് ജീവന്റെ വാഗ്ദാനങ്ങൾ! സ്നേഹജ്വാല നിന്നെ നവീകരിച്ചു, നിന്റെ ഹൃദയസന്തോഷത്തിൽ നീ യുവാവായിരുന്നു.

6. കടപ്പാടു നിമിത്തമുള്ള വേദന നിന്നെ നിറച്ചില്ല. പാപഭാരത്താൽ നീ ആകുലപ്പെട്ടില്ല. എന്റെ നാഥാ, ആകുലത നിന്നെ കാർന്നു തിന്നില്ല, കാരണം, നിന്റെ കലവറ ഒരിക്കലും കൊള്ളയടിക്കപ്പെട്ടില്ല.

www.malankaralibrary.com



7. മനസ്സാക്ഷിക്കുത്ത് നിന്നെ കഠിനമായി പീഡിപ്പിച്ചില്ല. കാരണം, നിന്റെ മുത്ത് മോഷ്ടിക്കപ്പെട്ടില്ല. ശാരീരികാസ്വാസ്ഥ്യം നിന്നിൽ സംഘർഷം ഉണ്ടാക്കിയില്ല. കാരണം, ജഡമോഹങ്ങൾ നിന്നെ വഴിതെറ്റിച്ചില്ല.

8. തെറ്റുകാരന്റെ ഹൃദയം ന്യായാധിപനെ ഭയക്കുന്നതിനാൽ, അവൻ ദുഃഖിതനാണ്. ജീവന്റെ നിക്ഷേപം വഴുതി വീണതിനാൽ, വീണവനാണ് ഹൃദയവേദന!

9. നീ പാപം ചെയ്തില്ല, അനുതപിച്ചുമില്ല. പാപത്തിനാണ് വേദന, അനുതാപത്തിനാണ് അധ്വാനം. പാപിയായും അനുതാപിയായും ഇരിക്കുക എന്ന ഇരുഭാരങ്ങളും നിന്നെ ക്ഷീണിപ്പിച്ചില്ല.

10. ഒരേ ഒരു നുകത്തിൻ കീഴിൽ നീ കെട്ടപ്പെട്ടിരിക്കുന്നു. കാരണം, ദുഷ്ടൻ നിന്നെ രണ്ടു നുകത്തിൻ കീഴിൽ കെട്ടിയിട്ടില്ല. വിഡ്ഢി വഴിയില്ലാത്തിടത്ത് അലയുന്നു, പിന്നീട് അവൻ അനുതാപ പാതയിലേക്ക് തിരികെ വരുന്നു.

11. വഴിയില്ലാത്ത സ്ഥലത്തെ വ്യർത്ഥമായ അധ്വാനത്തിനുപകരം നീ ജീവപാതയിൽ ധൃതിയിൽ മുന്നേറി. അനുതാപികളുടേതിനേക്കാൾ ശ്രേഷ്ഠമാണ് നിന്റെ നിര. കാരണം, നിനക്ക് അനുതാപം ആവശ്യമില്ലായിരുന്നു.

12. ഞങ്ങളുടെ പോരാട്ടത്തിൽ നിന്റെ കുഴൽ നിശ്ശബ്ദമായി. ഓ, ഞങ്ങളുടെ പടനായകനേ, ഇപ്പോൾ ഞങ്ങളെ ആര് അണിനിരത്തും? നിന്റെ ക്യാമ്പ് സുസജ്ജമാണെന്നു കണ്ട്, നിന്നോടുള്ള പോരാട്ടത്തിൽ ദുഷ്ടൻ ഭയന്നു.

13. എന്റെ നാഥാ, ഒരു മല്ലൻ വസ്ത്രം ഉരിയുകയും നശ്വരമായ കിരീടത്തിന്, ഗർവ് അവനെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. നീ അഹന്ത ഉരിഞ്ഞുകളയുകയും നിന്റെ താഴ്മയുടെ കിരീടം പ്രശോഭിക്കുകയും ചെയ്തു.

14. നിന്റെ ശോഭായമാനമായ മാതൃക അപ്രത്യക്ഷമായപ്പോൾ, ആര് ഞങ്ങൾക്ക് മനോഹരദൃഷ്ടാന്തം നൽകും? എന്റെ നാഥാ, ശാന്തമായി ശാസിക്കുന്ന ഗുരുവായ നിന്നെപ്പോലെ ആര് ഞങ്ങളെ പഠിപ്പിക്കും?

15. എന്റെ നാഥാ, നിന്റെ പരിശീലിപ്പിക്കൽ സ്നേഹപൂർണവും അതേ സമയം തികച്ചും മധുരതരവുമായിരുന്നു. കാരണം, നീ ശാസിച്ചവർ നിനക്ക് നന്ദി പറയുന്നു.

16. എന്റെ നാഥാ, ഒരു തെറ്റ് ചെയ്തവന് നിന്റെ കുറ്റപ്പെടുത്തൽ ഒരു സമ്മാനംപോലെ ആയിരുന്നു. എന്റെ നാഥാ, നിന്നിൽ നിന്ന് പരിശീലനം ലഭിച്ച യോഗ്യതയുള്ളവന്റെ ആത്മാവിന് അഭിവൃദ്ധി ഉണ്ടായി.

17. നിന്റെ നയനങ്ങളുമായി നീയൊരുടമ്പടിയുണ്ടാക്കി. ഞങ്ങളുടെ തലമുറയിൽ ഞങ്ങൾ ഒരു രണ്ടാം ജോബിനെ കണ്ടു. മറ്റൊരാളിൽ നിന്ന് ഏറ്റവും നിസ്സാരമായതുപോലും നീ സ്വീകരിക്കുന്നില്ല. ഒരു രണ്ടാം ഏലീശായെ നിന്നിൽ ഞങ്ങൾ കണ്ടു.

www.malankaralibrary.com



18. .....

19. നിന്റെ വാർധക്യം സാമുവേലിന്റേതുപോലെ ആയിരുന്നു. നിന്റെ യൗവനം ജോസഫിന്റേതുപോലെ വിജയിച്ചു.

20. നല്ല ദാസന്മാർ നിറങ്ങൾ പോലെയാണ്. നിന്റെ രൂപം ചിത്രീകരിക്കാൻ നിന്റെ ഭണ്ഡാരം എനിക്കവ തന്നു. നീ ആർക്ക് സദൃശ്യനാണെന്ന് ഞാൻ നിരീക്ഷിച്ച് കാണും......

21. ....എങ്ങനെ ഏകത്വം ദർശിക്കാമെന്ന് നിരീക്ഷിക്കുന്നതിന്....നിന്നിൽ മറ്റുള്ളവരുടെ കൂട്ടം ഞാൻ കാണുന്നു.

22. വീണ്ടും, നിന്നിൽ ബഹുത്വം കാണുന്നതിന്: നിന്റെ ബഹുത്വം നിന്റെ ഏകത്വം വലയം ചെയ്തിരിക്കുന്നു. നിന്റെ ബഹുത്വം ഏകത്വത്തിൽ ഒന്നിച്ചിരിക്കുന്നതിനാൽ, പലതായിരിക്കുന്ന ഒന്ന് ഇതാ, നമ്മെ വഴിതെറ്റിക്കുന്നു.

23. ഞാൻ നിന്നിൽ പ്രവാചകരെ കാണാൻ തുടങ്ങി; അവിടെ ശ്ലീഹന്മാർ മുന്നോട്ട് വന്ന് ഒളിഞ്ഞു നോക്കി. ഞാൻ നിന്നിൽ നീതി കാണാൻ തുടങ്ങി, അവിടെ കൃപയും നിന്നിൽ നിന്ന് മുന്നോട്ട് പ്രവഹിക്കാൻ തുടങ്ങി.

24. ഞാൻ നിന്റെ താഴ്മ കണ്ടപ്പോൾ തന്നെ നിന്റെ വിശുദ്ധി എന്നെ മറികടന്നു പോകുകയും ഭയപ്പെടുത്തുകയും ചെയ്തു. അത് വഴിതെളിച്ച് നിന്റെ വിനയത്തെ വിഴുങ്ങിക്കളഞ്ഞു. ഞാൻ അതിനു മുമ്പിൽ കടന്നു. കാരണം, നിന്റെ പ്രബലശക്തി എന്നെ കീഴടക്കി.

# 24

1. ......

*പ്രതിസ്തോത്രം: നിന്നെ തെരഞ്ഞെടുത്തവന് സ്തുതി!*

2. നിന്റെ മരണത്തിൽ ഞാൻ നോക്കിയാൽ അത് ദുഃഖഹേതുവാണ്. നിന്റെ പ്രത്യാശയിൽ നോക്കിയാൽ, അത് സമാശ്വാസത്തിന്റെ നിക്ഷേപമാണ്. നിന്നെ കാണാൻ ഞങ്ങൾ യോഗ്യരായി തീരട്ടെ.

3. എന്റെ നാഥാ, നിന്റെ നിക്ഷേപം യുവാക്കൾക്ക് ദൃഷ്ടാന്തങ്ങളുടെ പൂർണതയും കുട്ടികൾക്ക് മാതൃകയും വൃദ്ധർക്ക് അലങ്കാരവും ആണ്. നിന്റെ കർത്താവിലൂടെ നിന്നെ കാണാൻ ഞങ്ങൾക്കിടയാകട്ടെ.

4. ഞങ്ങളിൽ തന്നെ നിന്നെ കാണുന്നതും നിന്റെ ശ്രേഷ്ഠമായ പീഡാ

www.malankaralibrary.com



സഹനങ്ങൾ ഞങ്ങളിൽ കാണപ്പെടുന്നതും മഹാകാര്യമാണ്. നിന്റെ പ്രാർഥന ഞങ്ങളെ ധന്യരാക്കട്ടെ.

5. നിന്റെ ശിഷ്യർ നിന്നെ നോക്കി നിന്റെ പ്രവൃത്തികൾ അനുകരിച്ചു. അവർ നിന്നെ പകർത്തുകയും നീ യേശുവിൽ എന്നപോലെ നിന്നിൽ തങ്ങളെത്തന്നെ പൊതിയുകയും ചെയ്തു. നിന്റെ കർത്താവിലൂടെ അവർ നിനക്ക് തുല്യരാകട്ടെ.

6. നിന്റെ രൂപം ചിത്രീകരിക്കാൻ എത്രമാത്രം നിറങ്ങൾ എനിക്കുണ്ടായിരിക്കണം! കാരണം, എത്രയുണ്ടായാലും നിന്നെ ഉൾക്കൊള്ളാൻ എനിക്കാവില്ല. നിന്റെ മാധ്യസ്ഥ്യം എന്നെ ശക്തീകരിക്കട്ടെ.

7. നീ നിന്റെ പ്രവൃത്തികളിൽ അനുകരിച്ച നീതിമാന്മാർ നിനക്ക് സദൃശ്യരാണ്. അവരും നീയും നമ്മുടെ കർത്താവിന് സദൃശ്യരാണ്.

8. നീ എങ്ങനെ ചിതറിയെന്നും നീ എങ്ങനെ കൂട്ടിച്ചേർക്കപ്പെട്ടെന്നും ഞാൻ നിന്നെ കണ്ടു. നീയും നിന്റെ സഹോദരങ്ങളും നമ്മുടെ കർത്താവിലാണ് രൂപീകരിക്കപ്പെട്ടിരിക്കുന്നത്. നിങ്ങളുടെ ഉള്ളിലേക്ക് കടന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

9. ഒരേയൊരു നീതിമാൻ അനേകർക്കായിത്തീർന്നു. അതേസമയം പരിധിയില്ലാതെ പൂർണമായി തന്റെ കർത്താവിലാണ്. നമ്മുടെ കർത്താവിൽ നിങ്ങൾ ഏകമാണ്!

10. ജേതാവായ സാബാ, നിന്നിൽ ഞാൻ നിന്നെ മാത്രമല്ല കാണുന്നത്, പിന്നെയോ, നിന്നെപ്പോലെ പ്രശോഭിക്കുന്ന മറ്റുള്ളവരെയും കാണുന്നു.

11. നിന്റെ നിരവധി രൂപങ്ങൾ ആർക്ക് എന്നെ ഗ്രഹിപ്പിക്കാൻ കഴിയും? കാരണം, എല്ലാ നീതിമാന്മാരിൽനിന്നും നീ എല്ലാ രൂപങ്ങളും എടുത്തിരിക്കുന്നു. അവരുടെ കർത്താവിൽ നീ നിന്റെ പൂർണത കണ്ടെത്തി.

12. നിരവധിയായ അവയിൽ നിന്ന് ഒന്നു വേർപെടുത്താൻ ആരാണ് ആഗ്രഹിക്കുക! നിരവധിയായവ ഒന്നിൽ കൂട്ടിക്കുഴയ്ക്കാൻ ആരാണ് ആഗ്രഹിക്കുക! നിങ്ങളുടെ കർത്താവിൽ നിങ്ങൾ ഏകമാണ്.

13. രൂപത്തിൽ നിന്നു ഞാൻ പഠിച്ചു: ഒറ്റ ഒരു നിറംകൊണ്ട് അതുണ്ടാക്കാനാകില്ല. എല്ലാ നിറങ്ങളിൽ നിന്നും അവന്റെ സൗന്ദര്യം എത്തിപ്പിടിക്കാം.

www.malankaralibrary.com

# സ്നാനഗീതങ്ങൾ
## (ദനഹാഗീതങ്ങൾ)

## 1

1. ഭോഷന്മാർ ആകാശഗോളങ്ങളെയെല്ലാം ആരാധിച്ചതിനാൽ അവിടുന്ന് ആകാശത്തെ നവീകരിച്ചു. ആദം നിമിത്തം പഴകിപ്പോയ ഭൂമിയെ അവിടുന്ന് നവീകരിച്ചു. തന്റെ തുപ്പൽ കൊണ്ട് അവിടുന്ന് ഒരു നവസൃഷ്ടി നടത്തി. എല്ലാറ്റിനും മതിയായവൻ ശരീരങ്ങളെയും മനസ്സുകളെയും സുഖപ്പെടുത്തി.[1]

*പ്രതിസ്തോത്രം: നിന്റെ ദനഹാദിനത്തിൽ നിന്റെ അജഗണത്തിൽ നിന്ന് നിനക്ക് സ്തുതി.*

2. കുഷ്ഠരോഗികളേ, നിങ്ങൾ ഒന്നിച്ചുകൂടി, പരിശ്രമം കൂടാതെ നിങ്ങളുടെ ശുദ്ധീകരണം പ്രാപിക്കുവിൻ. കാരണം, ഏലീശാ ചെയ്യിച്ചതുപോലെ നിങ്ങളെ ഏഴുപ്രാവശ്യം മുക്കേണ്ട കാര്യം അവനില്ല. വീണ്ടും, തങ്ങളുടെ തളിക്കലുകളാൽ പുരോഹിതർ ചെയ്തതുപോലെ അവിടുന്ന് നിങ്ങളെ ബുദ്ധിമുട്ടിക്കുകയുമില്ല.

3. ഏലീശായുടെ ഏഴ്, പ്രതീകാത്മകമായി ഏഴ് ദുഷ്ടാത്മാക്കളിൽ നിന്നു ശുദ്ധീകരിച്ചു. ഈസോപ്പും രക്തവും വലിയ മുൻകുറികളാണ്. ഇവിടെ അന്യവൽക്കരണത്തിന് സ്ഥാനമില്ല. പ്രപഞ്ചകർത്താവിന്റെ പുത്രൻ പ്രപഞ്ചനാഥനിൽ നിന്ന് അന്യനല്ല.

4. മാറായിലെ കയ്പുജലത്തെ മോശ മധുരമുള്ളതാക്കി.[2] ജനം മുറുമുറുക്കുകയും പിറുപിറുക്കുകയും ചെയ്തു.[3] തന്റെ നാഥൻ ഇറങ്ങിവന്ന്

1. ഗീതം 1,1-3 = മനുഷ്യാവതാരഗീതം 17,12.16.17.

2. പുറ. 15,23:മൂറത് (പ്ശീത്താ)

3. പുറ. 15,24; 16,2(പ്ശീത്താ)

www.malankaralibrary.com



കയ്പുള്ളവയിൽ നിന്ന് മധുരമുണ്ടാക്കുന്ന മാമോദീസായുടെ അടയാളം നൽകി.

5. ഒരു മേഘം നിഴൽ വീഴ്ത്തി[4] പാളയത്തിന്മേലുള്ള ചൂട് തടഞ്ഞു. മാമോദീസായിൽ നിങ്ങളുടെമേൽ ആവസിച്ച്, നമ്മുടെ ശരീരങ്ങളിൽ നിന്ന് തീജ്ജ്വാല ദൂരെയകറ്റുന്ന പരിശുദ്ധാത്മാവിന്റെ പ്രതീകം[5] അത് രൂപീകരിക്കുകയായിരുന്നു.

6. അക്കാലത്ത് ജനം കടലിൽ കൂടി കടക്കുകയും നിങ്ങൾ കഴുകപ്പെട്ട മാമോദീസായുടെ പ്രതീകം[5] രൂപീകരിക്കുകയും ചെയ്തു. ആ ജനം കടന്നെങ്കിലും വിശ്വസിച്ചില്ല. എന്നാൽ ജനതകൾ സ്നാനപ്പെടുകയും വിശ്വസിക്കുകയും പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു.

7. അവന്റെ വരവിനു മുമ്പുള്ള അറിയിപ്പുകാരൻ ആയിരിക്കുന്നതിനും, അവന്റെ വരവിന്റെ പാതയൊരുക്കുന്നതിനും, അവന്റെ വരവിൽ വധു ആയിരിക്കുന്നതിന് അവളോട് പ്രേമാഭ്യർത്ഥന നടത്തുന്നതിനും, അവളെ തന്റെ വരവിൽ ജലത്തിൽ നിന്ന് മാമോദീസാവഴി സ്വീകരിക്കുന്നതിനും വചനം[6] ശബ്ദത്തെ അയച്ചു.[7]

8. പ്രവാചകസ്വരം വന്ധ്യാസുതനെ ഉത്തേജിപ്പിക്കുകയും മരുഭൂമിയിൽ ചുറ്റിനടന്ന് പ്രഘോഷിക്കാൻ അവൻ പുറപ്പെടുകയും ചെയ്തു: “ഇതാ, രാജ്യാവകാശി വരുന്നു; അവൻ കടന്ന് നിങ്ങളുടെ വാസസ്ഥലങ്ങളിൽ പാർക്കാൻ അവന് പാതയൊരുക്കുവിൻ!”[8]

9. യോഹന്നാൻ ഇപ്രകാരം വിളിച്ചുപറഞ്ഞു: “അവൻ എന്റെ പിന്നാലെ വരുന്നു; എന്നാൽ അവൻ എനിക്ക് മുമ്പുള്ളവനാണ്.”[9] ഞാൻ ശബ്ദമാണ്; എന്നാൽ വചനമല്ല. ഞാൻ വിളക്കാണ്; എന്നാൽ വെളിച്ചമല്ല. നീതിസൂര്യനു മുമ്പ് ഉദിച്ചുയർന്ന നക്ഷത്രം മാത്രം!

10. യോഹന്നാൻ മരുഭൂമിയിൽ ഇപ്രകാരം വിളിച്ചു പറഞ്ഞു: “പാപികളേ, നിങ്ങൾ നിങ്ങളുടെ ദുഷ്ടതയെക്കുറിച്ച് അനുതപിക്കുകയും[10] അനുതാപഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുവിൻ.[11] എന്തുകൊണ്ടെന്നാൽ പതിരിൽനിന്ന് ഗോതമ്പു വേർതിരിക്കുന്നവൻ ഇതാ, വരുന്നു.”[12]

11. സൂര്യൻ കീഴടക്കുകയും അതിന്റെ ആയനത്തിന്റെ ഡിഗ്രികളിൽ ഒരു പ്രതീകം ചിത്രീകരിക്കുകയും ചെയ്തു. അതിന്റെ ആയനത്തിനുശേഷം

4. സങ്കീ.105,39 (പ്ശീത്താ); ഏശാ.4,5f.

5. ഥുപ്സാ

6. യോഹ.1,1

7. മത്താ.3,2

8. മത്താ.3,3

9. യോഹ.1,30

10. നട.8,22

11. മത്താ.3,8

12. മത്താ.3,12

www.malankaralibrary.com



പന്ത്രണ്ട് ദിവസമായി. ഇന്ന് പതിമൂന്നാം ദിവസമാണ്. പുത്രന്റെ ജനനത്തിന്റെയും അവന്റെ പന്ത്രണ്ടിന്റെയും പരിപൂർണപ്രതീകം![13]

12. സാത്താൻ പരാജിതനാക്കപ്പെട്ടു എന്നു സൂചിപ്പിക്കാൻ അന്ധകാരം കീഴടക്കപ്പെട്ടു; ആദ്യജാതൻ വിജയശ്രീലാളിതനായി എന്നു പ്രഘോഷിക്കാൻ പ്രകാശം കീഴടക്കി. അന്ധകാരത്തോടുകൂടെ കറുത്തവൻ കീഴടക്കപ്പെട്ടു; സൂര്യനോടുകൂടെ നമ്മുടെ പ്രകാശം കീഴടക്കുന്നു.

13. മുകളിലും താഴെയും പുത്രന് ഓരോ മുന്നോടിയുണ്ട്: മുകളിൽ നിന്ന് പ്രകാശനക്ഷത്രം സന്തോഷപൂർവം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു; താഴെ നിന്ന് യോഹന്നാൻ പ്രഘോഷിച്ചു. രണ്ട് മുന്നോടികൾ: ഒരു ഭൗമികനും ഒരു സ്വർഗീയനും.

14. തന്റെ പ്രകൃതിക്ക് ഉപരിസ്ഥമായി പെട്ടെന്ന് പ്രകാശിച്ച പ്രകാശഗോളം സൂര്യനേക്കാൾ ചെറുതാണെങ്കിലും സൂര്യനേക്കാൾ വലുതാണ്. ദൃശ്യപ്രകാശത്തിൽ അത് ചെറുതാണ്; അതിന്റെ പ്രതീകത്തിൽ, അതിന്റെ ശക്തിയിൽ അതു വലുതാണ്.

15. പ്രഭാതനക്ഷത്രം അതിന്റെ കിരണങ്ങൾ ഇരുണ്ടവരുടെ ഇടയിൽ ചൊരിയുകയും അന്ധരായ അവരെ നയിക്കുകയും ചെയ്തു. അവർ കടന്നുവന്ന് വലിയൊരു പ്രകാശം സ്വീകരിച്ചു. അവർ കാഴ്ചകൾ സമർപ്പിക്കുകയും ജീവൻ പ്രാപിക്കുകയും ആരാധിച്ചു മടങ്ങിപ്പോകുകയും ചെയ്തു.

16. സ്വർഗം തുറക്കപ്പെട്ടു; ജലധാരയുണ്ടായി; പ്രാവ് മുകളിൽ ആവസിച്ചു; ഇടിമുഴക്കത്തേക്കാൾ ഉജ്ജ്വലമായി പിതാവിന്റെ സ്വരം അട്ടഹസിച്ചു: "ഇവൻ എന്റെ പ്രിയപുത്രനാകുന്നു." ദൂതന്മാർ അവനെ പ്രഘോഷിച്ചു; കുട്ടികൾ തങ്ങളുടെ ഓശാനകളാൽ സന്തോഷപൂർവം ആർത്തുവിളിച്ചു.

# 2

1. അഗസ്റ്റസ്[14] എന്നു വിളിക്കപ്പെടുന്ന ചക്രവർത്തിയുടെ കാലത്ത് യഹൂദരുടെ ഇടയിൽ നമ്മുടെ കർത്താവ് ഉദിച്ചു. അഗസ്റ്റസും ദനഹായും ഭരിക്കാൻ വന്നു: ധരയിൽ ഒരു ചക്രവർത്തിയും ഉയരത്തിൽ ഒരു പുത്രനും. അവന്റെ ശക്തി അനുഗൃഹീതമാകുന്നു!

*പ്രതിസ്തോത്രം: നിന്റെ ഈ പെരുന്നാൾദിവസം എല്ലാവരിലും സന്തുഷ്ടി പകർന്ന നിനക്കു സ്തുതി!*

---

13. ഗീതം 1,11-16 = മനുഷ്യാവതാരഗീതാ 5,13.15;6,9.7.8.22

14. ഗീതം 2=മനുഷ്യാവതാരഗീതം 18

www.malankaralibrary.com



2. തലക്കരത്തിനായി ജനങ്ങളുടെ കണക്കെടുത്ത ചക്രവർത്തിയുടെ കാലത്ത് നമ്മുടെ രക്ഷകൻ ഇറങ്ങിവന്ന്, ജീവൽഗ്രന്ഥത്തിൽ ജനങ്ങളുടെ പേരെഴുതി. അവൻ അവരുടെ പേരെഴുതി. അവർ അവന്റെ പേരും ചെർത്തു. ഭൂമിയിൽ അവർ അവന്റെ പേരെഴുതി. തന്റെ നാമത്തിനു സ്തുതി.

3. അഗസ്റ്റസ് എന്നു പേരുള്ള ചക്രവർത്തിയുടെ കാലത്തായിരുന്നു അവന്റെ ജനനം. പ്രതീകവും യാഥാർഥ്യവും പരസ്പരം കണ്ടുമുട്ടുന്നു: രാജാവും മഹാരാജാവും, അഗസ്റ്റസും ദനഹായും. ആ രാജ്യം അവന്റെ കുരിശു വഹിച്ചു. ആ രാജ്യത്തെ ശ്രേഷ്ഠമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. അവൻ മുപ്പതുവർഷം ധരയിൽ ദാരിദ്ര്യത്തിൽ കഴിഞ്ഞു. എന്റെ സഹോദരങ്ങളേ, നമ്മുടെ കർത്താവിന്റെ സംവത്സരങ്ങൾക്കുവേണ്ടി വൈവിധ്യമാർന്ന സ്തുതിഗീതങ്ങൾ രചിക്കാം. മുപ്പതുവർഷങ്ങൾക്ക് മുപ്പത് കിരീടങ്ങൾ! അവന്റെ ജനനം അനുഗൃഹീതമാകുന്നു.

5. മഹത്വത്തിൽ പുത്രനെ വഹിച്ച ക്രോബേന്മാർ, നിക്ഷേപങ്ങളുടെ നാഥയും കൃപ നിറഞ്ഞവളുമായ ഒന്നാംവർഷത്തിൽ, നമ്മോടൊപ്പം കൃതജ്ഞത അർപ്പിക്കട്ടെ. അവൻ തന്റെ മഹത്വംവിട്ട് താണിറങ്ങിവരികയും നഷ്ടപ്പെട്ട ആടിനെ കണ്ടെത്തുകയും ചെയ്തു. അവന് കൃതജ്ഞത ഉണ്ടായിരിക്കട്ടെ.

6. സ്രാപ്പേന്മാർ രണ്ടാംവർഷം നമ്മോടൊപ്പം കൃതജ്ഞത അർപ്പിക്കട്ടെ. പുത്രൻ "പരിശുദ്ധൻ" എന്ന് അവർ പാടി. അവനെ അവിശ്വാസികൾ നിന്ദിക്കുന്നത് അവർ ദർശിച്ചു. അവൻ നിന്ദനം സഹിച്ചെങ്കിലും, സ്തുതി പഠിപ്പിച്ചു. അവന് മഹത്വമുണ്ടായിരിക്കട്ടെ.

7. മിഖായേലിന്റെ ഗണം മൂന്നാംവർഷം നമ്മോടൊപ്പം കൃതജ്ഞത അർപ്പിക്കട്ടെ. പുത്രൻ ഭൂമിയിൽ ശുശ്രൂഷ ചെയ്യുന്നത് -പാദം കഴുകുന്നതും ആത്മാക്കളെ ശുദ്ധീകരിക്കുന്നതും-ഉന്നതത്തിൽ ശുശ്രൂഷിക്കുന്നവർ കണ്ടു. അവന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.

8. ആകാശം നാലാംവർഷം നമ്മോടൊപ്പം നന്ദിപറയട്ടെ. അതിന്റെ വിശാലതപോലും പുത്രന് ചെറുതാണ്. നിന്ദ്യനായ സക്കായിയുടെ ഇരിപ്പിടത്തിൽ അവൻ വിശ്രമിക്കുന്നത് കണ്ടതിൽ അത് ആശ്ചര്യപ്പെട്ടു. അവൻ ഇരിപ്പിടത്തിൽ നിറഞ്ഞിരുന്നു; സ്വർഗത്തിലും നിറഞ്ഞിരുന്നു. മഹത്വം അവിടുത്തേതാകുന്നു!

9. തന്റെ കിരണങ്ങളാൽ ഭൂമിയെ ചുട്ടുപഴുപ്പിക്കുന്ന സൂര്യൻ അഞ്ചാം വർഷം നമ്മുടെ സൂര്യന് കൃതജ്ഞത അർപ്പിക്കട്ടെ. അദൃശ്യമായ ആത്മാവിന്റെ ബലഹീന നയനത്തിന് അവനെ ദർശിക്കാൻ കഴിയുന്നതിന്, അവൻ തന്റെ ഔന്നത്യം ചായിച്ച് തന്റെ ശക്തി മയപ്പെടുത്തി. അവന്റെ ഉജ്ജ്വല പ്രകാശം അനുഗൃഹീതമാകുന്നു.

www.malankaralibrary.com



10. അന്തരീക്ഷവായു ആറാംവർഷം നമ്മോടൊപ്പം കൃതജ്ഞത അർപ്പിക്കട്ടെ. വായുവിന്റെ ഗാംഭീര്യത്തിൽ പ്രപഞ്ചം സന്തോഷിക്കുന്നു. അത് അതിന്റെ നാഥനെ കണ്ടു. ഒരു ചെറിയ ഉദരത്തിൽ ഒരു കൊച്ചുകുഞ്ഞായി തീർന്ന വലിയവൻ! അവിടുത്തെ ഗാംഭീര്യം വാഴ്ത്തപ്പെട്ടതാകുന്നു.

11. മേഘങ്ങളും കാറ്റുകളും ഏഴാംവർഷം നമ്മോടൊപ്പം സന്തോഷിക്കുകയും പൂക്കളിൽ പനിമഞ്ഞ് തളിക്കുകയും ചെയ്യട്ടെ. കാരണം, തന്റെ ജ്വാല അണച്ച്, പരിഹാസവും അശുദ്ധമായ തുപ്പലും ഏറ്റ പുത്രനെ അവർ കണ്ടു. അവന്റെ രക്ഷ അനുഗൃഹീതമാകുന്നു.

12. സൃഷ്ടി എട്ടാംവർഷം മഹത്വം കൊടുക്കട്ടെ. പരിശുദ്ധപുത്രൻ മടിയിലിരുന്ന് പാൽ കുടിക്കുന്നതുകണ്ട സൃഷ്ടി, തന്റെ ഉദരത്തിൽ നിന്ന് തന്റെ ഫലങ്ങൾ പാനം ചെയ്യുന്നത് കൊണ്ട് ആരാധിച്ചു. അവന്റെ തിരുഹിതം വാഴ്ത്തപ്പെട്ടതാകുന്നു.

13. ഭൂമി ഒൻപതാംവർഷം സ്തുതിയർപ്പിക്കട്ടെ. അവളുടെ വരണ്ട ഉദരം നനവുണ്ടാകുമ്പോൾ പെട്ടെന്ന് പ്രസവിക്കുന്നു. വരണ്ട ഭൂമിയുടെ ഫലമായ മറിയം ഒരു മഹാസമുദ്രമാണെന്ന് അവൾ കണ്ടു. അവന് മഹത്വം ഉണ്ടായിരിക്കട്ടെ.

14. സീനായ്മല പത്താംവർഷം മഹത്വം നൽകട്ടെ. കാരണം, അതിന്റെ കർത്താവിന്റെ സാന്നിധ്യത്തിൽ അത് കുലുങ്ങി. അതിന്റെ കർത്താവിനെതിരെ അവർ കല്ലുകളെടുത്തത് അത് കണ്ടു. കല്ലിന്മേൽ തന്റെ സഭയെ പണിയാൻ അത് കല്ലുകളെടുത്തു. അവന്റെ സൗധം അനുഗൃഹീതമാകുന്നു.

15. പതിനൊന്നാംവർഷം മഹാസമുദ്രം അതിനെ അളന്ന പുത്രന്റെ കരത്തിന് കൃതജ്ഞത അർപ്പിക്കട്ടെ. സ്നാനപ്പെടാനായി അവൻ ഇറങ്ങുന്നതുകണ്ട് അത് ആശ്ചര്യപ്പെട്ടു. കുറച്ചു വെള്ളംകൊണ്ട് അവിടുന്ന് സൃഷ്ടിയെ വെടിപ്പാക്കി. അവന്റെ വിജയം അനുഗൃഹീതമാകുന്നു.

16. മൂപ്പന്മാരുടെ മധ്യത്തിൽ കൊച്ചുകുട്ടി ഇരിക്കുന്നതുകണ്ട് പന്ത്രണ്ടാംവർഷത്തിൽ വിശുദ്ധ ആലയം കൃതജ്ഞത അർപ്പിക്കട്ടെ. കറുത്ത ആടുകൾ നിശ്ശബ്ദമായിരുന്നു; കാരണം, പെരുന്നാളിലെ കുഞ്ഞാട് തന്റെ പെരുന്നാളിൽ അലച്ചു. അവന്റെ പാപപരിഹാരം അനുഗൃഹീതമാകുന്നു.

17. വിജയശ്രീലാളിതനും മുൾക്കിരീടധാരിയുമായ രാജാവിന് ഞങ്ങളോടൊപ്പം കിരീടങ്ങൾ പതിമൂന്നാം വർഷം കൃതജ്ഞത അർപ്പിക്കട്ടെ. അവൻ ആദത്തിന് ഒരു വലിയ കിരീടം വലത്തുകൈയിൽ ഉണ്ടാക്കി. അവന്റെ മഹത്വം അനുഗൃഹീതമാകുന്നു.

18. എഴുന്നെള്ളിവരികയും എല്ലാവർക്കുംവേണ്ടി പെസഹാ അർപ്പി

www.malankaralibrary.com



ക്കുകയും ചെയ്ത പെസഹാക്കുഞ്ഞാടിന്, ഈജിപ്തിലെ പെസഹാക്കുഞ്ഞാട് പതിന്നാലാംവർഷം കൃതജ്ഞത അർപ്പിക്കട്ടെ. എന്നാൽ ഫറവോനു പകരം ലെഗിയോൻ മുങ്ങിത്താണു. കുതിരക്കാർക്കു പകരം അവൻ പിശാചുക്കളെ മുക്കിത്താഴ്ത്തുന്നു. അവന്റെ പ്രതികാരം അനുഗൃഹീതമാകുന്നു.

19. നമ്മുടെ കർത്താവ്, മോശ ചെയ്തതുപോലെ ആട്ടിൻകൂട്ടത്തിലെ കുഞ്ഞാടിനെ കൊല്ലാതെ, തന്റെ രക്തംകൊണ്ട് മനുഷ്യകുലത്തെ രക്ഷിച്ചതിനാൽ, ആ കുഞ്ഞാട് പതിനഞ്ചാംവർഷം കൃതജ്ഞത അർപ്പിക്കട്ടെ. എല്ലാവരുടെയും ആ ഇടയൻ എല്ലാവർക്കുംവേണ്ടി മരിച്ചു. അവന്റെ ജനകൻ വാഴ്ത്തപ്പെട്ടവനാകുന്നു.

20. ഒന്നും മുളപ്പിക്കാത്ത വരണ്ട നിലത്ത് തന്റെ ശരീരം വിതച്ച ആ കർഷകന് ഗോതമ്പുമണി പതിനാറാംവർഷം പ്രതീകാത്മകമായി കൃതജ്ഞത അർപ്പിക്കട്ടെ. അത് മുളച്ച് പുതിയ അപ്പം നൽകി. ജേതാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

21. സത്യമുന്തിരിത്തോപ്പായ നമ്മുടെ കർത്താവിന് പതിനേഴാംവർഷം മുന്തിരി കൃതജ്ഞത അർപ്പിക്കട്ടെ. ആത്മാക്കൾ പുതിയ സസ്യങ്ങൾ പോലെ ആയിരുന്നു. അവൻ മുന്തിരത്തോട്ടം നട്ടുപിടിപ്പിച്ചു. എന്നാൽ പുളിക്കുന്ന മുന്തിരിങ്ങാ കായിച്ച മുന്തിരിത്തോപ്പിനെ അവൻ നശിപ്പിച്ചു. അതിനെ പിഴുതെറിഞ്ഞവൻ അനുഗൃഹീതനാകുന്നു.

22. കാട്ടുപന്നി തിന്ന മുന്തിരി യഥാർഥമുന്തിരിത്തോട്ടക്കാരന് പതിനേഴാംവർഷം കൃതജ്ഞത അർപ്പിക്കട്ടെ. അവൻ തന്നെ പണിചെയ്യുകയും തന്റെ ഫലത്തെ സംരക്ഷിക്കുകയും മുന്തിരിത്തോപ്പിന്റെ ഉടമസ്ഥന് ഫലം കാഴ്ചവയ്ക്കുകയും ചെയ്യുന്നു. ആ മുന്തിരിത്തോട്ടക്കാരൻ വാഴ്ത്തപ്പെട്ടവനാകുന്നു.

23. പുളിപ്പ് സത്യപുളിപ്പിന് പതിനെട്ടാംവർഷം കൃതജ്ഞത അർപ്പിക്കട്ടെ. അവൻ എല്ലാ മനസ്സുകളിലൂടെയും കടന്നുപോകുകയും എല്ലാ മനസ്സുകളെയും വികസിപ്പിക്കുകയും ഏകപ്രബോധനത്താൽ അവയെ ഏകമനസ്സാക്കുകയും ചെയ്യുന്നു. നിന്റെ പ്രബോധനം വാഴ്ത്തപ്പെട്ടതാകുന്നു.

24. ഓ, ഭാഗ്യവാനായ ശിശുവേ, പത്തൊൻപതാംവർഷം ഉപ്പ് നിന്റെ ശരീരത്തിന് കൃതജ്ഞത അർപ്പിക്കട്ടെ. ആത്മാവാണ് ശരീരത്തിന്റെ ഉപ്പ്; വിശ്വാസമാണ് ആത്മാവിന്റെ ഉപ്പ്. അതിനാൽ അത് സംരക്ഷിക്കപ്പെടുന്നു. നിന്റെ സംരക്ഷണം വാഴ്ത്തപ്പെട്ടതാകുന്നു.

25. ഭൗതികസമ്പത്ത് ഇരുപതാംവർഷം നമ്മോടൊത്ത് കൃതജ്ഞത അർപ്പിക്കട്ടെ. കാരണം, പരിപൂർണർ ശാപത്താൽ അത് നശിപ്പിച്ചു. ദാരിദ്ര്യ

www.malankaralibrary.com



ത്തിന്റെ അനുഗ്രഹത്താൽ അവർ ദാരിദ്ര്യത്തെ സ്നേഹിക്കാൻ തുടങ്ങി. അതിന് മുൻഗണന നൽകുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

26. മധുരമുള്ളതായിത്തീർന്ന ജലം ഇരുപത്തിയൊന്നാംവർഷം പുത്രന്റെ പ്രതീകമായി കൃതജ്ഞത അർപ്പിക്കട്ടെ. തേൻകൂടു നിമിത്തം സാംസൺ നശിപ്പിച്ച ജനതകൾ കയ്പ്പുള്ളവരായി. അവരെ വീണ്ടെടുത്ത കുരിശിനാൽ അവർ വീണ്ടും ജീവനിലേക്കുവന്നു. നിന്റെ മാധുര്യം വാഴ്ത്തപ്പെട്ടതാകുന്നു.

27. പടച്ചട്ടയും വാളും ഇരുപത്തിരണ്ടാംവർഷം കൃതജ്ഞത അർപ്പിക്കട്ടെ. നമ്മുടെ യുഗശത്രുവിനെ കൊല്ലാൻ അവ പര്യാപ്തമല്ലായിരുന്നു. നീയാകട്ടെ അവനെ കൊന്നു. എന്നാൽ ശെമയോന്റെ വാൾ ഛേദിച്ച കാത് നീ കൂട്ടിച്ചേർത്തു. നിന്റെ സൗഖ്യമാക്കൽ വാഴ്ത്തപ്പെട്ടതാകുന്നു.

28. ഇരുപത്തിമൂന്നാംവർഷം കഴുതപോലും കൃതജ്ഞത അർപ്പിക്കട്ടെ. കാരണം, കാട്ടുകഴുതകളുടെപോലും അധരങ്ങളെ തുറക്കുന്നവന് യാത്ര ചെയ്യാൻ അവൾ ഒരു കഴുതക്കുട്ടിയെ കൊടുത്തു. ഹാഗാറിന്റെ സന്തതികൾ ആർപ്പുവിളിച്ചു. നിന്റെ ആർപ്പുവിളി വാഴ്ത്തപ്പെട്ടതാകുന്നു.

29. ഇരുപത്തിനാലാം വർഷം സമ്പത്ത് പുത്രന് കൃതജ്ഞത അർപ്പിക്കട്ടെ. നിക്ഷേപങ്ങളുടെ നാഥൻ ദരിദ്രരുടെ ഇടയിൽ വളർന്നതിനാൽ നിക്ഷേപങ്ങൾ ആശ്ചര്യപ്പെട്ടു. എല്ലാവരും സമ്പന്നരാകാൻ അവൻ തന്നെത്തന്നെ ദരിദ്രനാക്കി. നിന്റെ കൂട്ടിക്കുഴയ്ക്കൽ വാഴ്ത്തപ്പെട്ടതാകുന്നു.

30. ഇസഹാക്ക് ഇരുപത്തിയഞ്ചാംവർഷം പുത്രന് കൃതജ്ഞത അർപ്പിക്കട്ടെ. അവിടുന്ന് അവനെ മലയിൽവച്ച് കത്തിയിൽനിന്ന് മോചിപ്പിക്കുകയും അവന്റെ സ്ഥാനത്ത് ബലിയാടായി തീരുകയും ചെയ്തു. മർത്യൻ രക്ഷപെട്ടു; സാർവത്രിക ജീവദാതാവ് മരിച്ചു. അവന്റെ അർപ്പണം വാഴ്ത്തപ്പെട്ടതാകുന്നു.

31. ഇരുപത്തിയാറാം വർഷം മോശ നമ്മോടൊപ്പം കൃതജ്ഞത അർപ്പിക്കട്ടെ. കാരണം, അവൻ കൊലയാളികളെ ഭയന്ന് ഓടിപ്പോയി. അവന്റെ പിന്നാലെ നടന്ന് പാതാളത്തിൽ പ്രവേശിക്കുകയും അതിനെ കൊള്ളയടിക്കുകയും അതിൽനിന്ന് പുറത്തുവരികയും ചെയ്ത പുത്രന് അവൻ നന്ദി പറയട്ടെ. നിന്റെ ഉത്ഥാനം വാഴ്ത്തപ്പെട്ടതാകുന്നു.

32. വാചാലരായ നിയമജ്ഞർ ഇരുപത്തിയേഴാംവർഷം പുത്രന് കൃതജ്ഞത അർപ്പിക്കട്ടെ. നമ്മുടെ കേസിന് അവരൊരു പഴുതും കണ്ടില്ല. അവൻ കീഴടങ്ങിയപ്പോൾ, അവൻ കോടതിയിൽ നിശ്ശബ്ദനായിരുന്നു. എങ്കിലും അവൻ നമ്മെ വെറുതെ വിട്ടു. അവനു മഹത്വം!

www.malankaralibrary.com



33. എല്ലാ ന്യായാധിപന്മാരും ഇരുപത്തിയേഴാം വർഷം കൃതജ്ഞത അർപ്പിക്കട്ടെ. നീതിമാന്മാരെന്ന നിലയിൽ അവർ ദുഷ്ടമനുഷ്യരെ കൊന്നു. അവർ പുത്രന് നന്ദിപറയട്ടെ. അവൻ നീതിമാന്റെ പുത്രനായിരുന്നിട്ടും ദുഷ്ടമനുഷ്യരുടെ സ്ഥാനത്ത് നല്ലവൻ എന്ന നിലയിൽ മരിച്ചു. അവന്റെ കാരുണ്യം വാഴ്ത്തപ്പെട്ടതാകുന്നു.

34. എല്ലാ മല്ലന്മാരും ഇരുപത്തിയെട്ടാംവർഷം പുത്രന് കൃതജ്ഞത അർപ്പിക്കട്ടെ. കാരണം, പിടികൂടുന്നവനിൽ നിന്ന് അവർ നമ്മെ രക്ഷിച്ചില്ല. കൊല്ലപ്പെട്ടവൻ നമ്മുടെ രക്ഷനേടി. അവൻ മാത്രം ആരാധിക്കപ്പെടുന്നു. നിന്റെ വിമോചനം വാഴ്ത്തപ്പെട്ടതാകുന്നു.

35. ജോബ് ഇരുപത്തിയൊൻപതാംവർഷം നമ്മോടൊപ്പം കൃതജ്ഞത അർപ്പിക്കട്ടെ. അവൻ തനിക്കുവേണ്ടിത്തന്നെ പീഡകൾ സഹിച്ചു; എന്നാൽ നമ്മുടെ കർത്താവ് നമുക്കുവേണ്ടി തുപ്പലും അടികളും മുൾക്കിരീടവും ആണിയടികളും ഏറ്റു. അവന്റെ കാരുണ്യം വാഴ്ത്തപ്പെട്ടതാകുന്നു.

36. അവന്റെ മരണംകൊണ്ട് ജീവൻ പ്രാപിച്ചവരും അവന്റെ ക്രൂശാരോഹണത്താൽ തിരികെ എത്തിയ ജീവനും അവൻ രമ്യപ്പെടുത്തിയ ഉയരവും ആഴവും നമ്മോടൊപ്പം മുപ്പതാംവർഷം കൃതജ്ഞത അർപ്പിക്കട്ടെ. അവനും അവന്റെ പിതാവും അനുഗൃഹീതരാകുന്നു.

## 3

1. മിശിഹായും തൈലവും പരസ്പരം ബന്ധിതമാണ്. അദൃശ്യൻ ദൃശ്യമായതുമായി കൂടിച്ചേർന്നിരിക്കുന്നു. തൈലം ദൃശ്യമാംവിധം പൂശുന്നു; ആത്മീയരും നവജാതരുമായ കുഞ്ഞാടുകളെ അദൃശ്യമാംവിധം മിശിഹാ മുദ്രകുത്തുന്നു. ഈ അജഗണത്തിന്റെ കീർത്തി ഇരട്ടിയാണ്: തൈലത്തിൽ നിന്ന് ഗർഭസ്ഥിതമാകുന്നു, ജലത്തിൽ നിന്ന് ജനിക്കുന്നു.

*പ്രതിസ്തോത്രം: ഇതാ, മിശിഹാ തന്റെ അജഗണത്തിലെ നവജാതരെ തൈലത്താൽ മുദ്രകുത്തുന്നു.*

2. നിങ്ങളുടെ നിരകൾ എത്ര മഹോന്നതമാണ്! ദാസി എന്ന നിലയിൽ പാപിനി തന്റെ നാഥന്റെ പാദങ്ങൾ പൂശിയപ്പോൾ,[15] മിശിഹാതന്നെ ശുശ്രൂഷകനെപ്പോലെ തന്റെ ദാസരിലൂടെ നിങ്ങളുടെ ശരീരങ്ങൾ മുദ്രകുത്തി പൂശുന്നു. താൻ തന്നെ തന്റെ അജഗണത്തെ മുദ്രകുത്തുന്നത്, അജഗണത്തിന്റെ കർത്താവിന് ചേർന്നതാണ്.

15. ലൂ.7,36ff.

www.malankaralibrary.com



3. ആ പാപിനിക്ക് പാപമോചനം അനിവാര്യമായിരുന്നതിനാൽ, പൂശൽ അവളുടെ ഒരർപ്പണമായിത്തീർന്നു.[16] അതുവഴി അവളുടെ സ്നേഹം അവളുടെ ഉത്തമർണനെ നിരപ്പാക്കി.[17] വഴിതെറ്റുന്നവരിൽ നിന്ന് വേർതിരിക്കാനായി വിജാതിയരുടെയും നുണയരുടെയും ഇടയിലെ അജഗണമായ നിങ്ങളെ സത്യം തൈലത്താൽ മുദ്രകുത്തിയിരിക്കുന്നു.

4. പരിച്ഛേദനത്തിന്റെ ആദ്യമുദ്രയാൽ അവൻ ജനത്തെ[18] ജനതകളിൽ നിന്ന്[19] വേർതിരിച്ചു. എന്നാൽ തൈലാഭിഷേകമുദ്രയാൽ ജനത്തിൽ നിന്ന് ജനതകളെ അവൻ വേർതിരിച്ചു. അക്കാലത്ത് ജനതകൾക്ക് വഴിതെറ്റിയപ്പോൾ, ജനത്തെ അവൻ ജനതകളിൽ നിന്ന് വേർതിരിച്ചു. ഇപ്പോൾ ജനത്തിനു വഴിതെറ്റുന്നതിനാൽ, ജനതകളെ അവരിൽ നിന്ന് വേർതിരിച്ചു.

5. നാമാൻ വെടിപ്പുള്ള മണ്ണിൽ നിന്നുള്ള പൂഴിയെടുത്തുകൊണ്ട് തന്റെ നാട്ടിലേക്ക് തിരികെപ്പോയി. ഈ പരിശുദ്ധപൂഴിയിലൂടെ അശുദ്ധരിൽ നിന്ന് വേർതിരിക്കപ്പെടാനും അറിയപ്പെടാനുമായിട്ടാണ് അവനിതു ചെയ്തത്.[20] ദിവ്യരഹസ്യത്തിലേക്ക് ആനീതരായവരെ[21] മിശിഹായുടെ തൈലം അന്യരിൽ നിന്ന് വേർതിരിക്കുന്നു; പുറത്തുനിൽക്കുന്നവരിൽ നിന്ന് അകത്തുള്ളവർ അതിനാൽ വേർതിരിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്യുന്നു.

6. ഏലിയാ വർധിപ്പിച്ച എണ്ണ വായിൽ ഭക്ഷണത്തിനു വേണ്ടിയുള്ളതായിരുന്നു.[22] ആ വിധവയുടെ ഭരണി പൂശലിനുള്ള കൊമ്പായിരുന്നില്ല.[23] നമ്മുടെ കർത്താവിന്റെ പാത്രത്തിലെ[24] തൈലം വായിൽ ഭക്ഷണത്തിനുള്ളതല്ല; അത് പുറത്തുള്ള ചെന്നായായ പാപിയെ അജഗണത്തിലെ കുഞ്ഞാടാക്കിത്തീർക്കുന്നു.

7. ശാന്തനും വിനീതനുമായവന്റെ തൈലം കഠിനഹൃദയരെ അതിന്റെ കർത്താവിനെപ്പോലെ ആക്കിത്തീർക്കുന്നു. ജനതകൾ ചെന്നായ്ക്കളായിരുന്നു; അവർ മോശയുടെ ഭീകരദണ്ഡിനെ ഭയപ്പെട്ടിരുന്നു.[25] ഇതാ, തൈലം അവരെ മുദ്രകുത്തി, ചെന്നായ്ക്കളിൽ നിന്ന് അജഗണത്തെ ഉണ്ടാക്കുന്നു. വടി കണ്ട് ഓടിപ്പോയ ചെന്നായ്ക്കൾ, ഇതാ, കുരിശിൽ[26] അഭയം തേടുന്നു.

---

16. കുർബാന 17. ലൂ.7,41

18. ജനം (ആമോ) എന്നു കാണുന്നതെല്ലാം ഇസ്രായേൽക്കാരെ കുറിക്കുന്നു.

19. ജനതകൾ (ആമേ) എന്നത് യഹൂദരല്ലാത്തവരെ കുറിക്കുന്നു.

20. 2രാജാ.5,17. 21. ബ്നൈ റാസേ. 22. 1രാജാ.17,15f.

23. 1രാജാ.17,16 (ഖർനാ-കൊമ്പ്) 24. ഖർനാ

25. പുറ.7,15ff. 26. സ്കീപ്പാ

www.malankaralibrary.com



8. അഭിഷേകത്തിന്റെ പ്രതീകമായി[27] ഒലിവിലയെത്തി.[28] അത് വിടുതലിന്റെ സദ്വാർത്ത എത്തിച്ചതിനാൽ, പേടകത്തിലുള്ളവർ അതുകണ്ട് സന്തോഷിച്ചു. ഈ പാവനതൈലത്തിൽ സന്തുഷ്ടരായി നിങ്ങളും ഓടിയെത്തി. അത് വിമോചനത്തിന്റെ സദ്വാർത്ത എത്തിച്ചതിനാൽ, പാപഭാരമുള്ള ശരീരങ്ങൾ അതിൽ സന്തോഷിച്ചു.

9. വീണ്ടും, ദൈവഭവനമാകാനും അവിടെ ദശാംശം നൽകാനുമായി യാക്കോബ് റൂശ്മാ ചെയ്ത് കല്ലിന്മേൽ ഒഴിച്ച എണ്ണയുടെ മാതൃകയിലാണ്[29] നിങ്ങളുടെ ശരീരങ്ങൾ പാവനതൈലത്താൽ റൂശ്മാ ചെയ്യപ്പെട്ടത്. നിങ്ങൾ ദൈവത്തിന്റെ ആലയമാണ്.[30] നിങ്ങളുടെ കാഴ്ചകളാൽ അവനെയാണ് ശുശ്രൂഷിക്കേണ്ടത്.

10. മോശ ലേവ്യനായ അഹറോന്റെ പുത്രന്മാരെ റൂശ്മാ ചെയ്ത് തൈലാഭിഷേകം നടത്തി.[31] അഗ്നി അവരുടെ ശരീരങ്ങളെ വിഴുങ്ങി. എന്നാൽ അവരുടെ വസ്ത്രങ്ങൾ കത്തിച്ചില്ല.[32] എന്റെ സഹോദരരേ, നിങ്ങൾ സൗഭാഗ്യവാന്മാരാണ്. കാരണം, കാരുണ്യാഗ്നി താഴേക്കിറങ്ങിവന്ന്, നിങ്ങളുടെ പാപങ്ങൾ നിശ്ശേഷം കത്തിക്കുകയും നിങ്ങളുടെ ശരീരങ്ങളെ സംശുദ്ധമാക്കി വിശുദ്ധീകരിക്കുകയും ചെയ്തു.

11. എന്റെ സഹോദരരേ, നിന്ദ്യമൃഗങ്ങളുടെ നിസ്സാരരക്തം ബലിപീഠത്തിന്റെ കോണുകളിൽ തളിച്ചുകൊണ്ടായിരുന്നു അഹറോൻ പൂശൽ നടത്തിയിരുന്നത്.[33] എന്നാൽ സത്യത്തിന്റെ പൂശൽ ഇതാണ്: സജീവവും ജീവദായകവുമായ രക്തം അത് നിങ്ങളുടെ ശരീരങ്ങളിൽ തളിക്കുകയും നിങ്ങളുടെ ആത്മാക്കളിൽ കലർത്തുകയും നിങ്ങളുടെ മണവറയിൽ ഒഴിക്കുകയും ചെയ്യുന്നു.

12. കൊല്ലപ്പെട്ട മൃഗങ്ങളുടെ ജഡം അഭിഷിക്തരായ പുരോഹിതർ അർപ്പിച്ചിരുന്നു. എന്നാൽ പ്രകാശിതരും അഭിഷിക്തരുമായ നിങ്ങൾക്ക് നിങ്ങളുടെ ശരീരങ്ങളാണ് അർപ്പിതവസ്തു. അഭിഷിക്തരായ ലേവ്യർ മൃഗങ്ങളുടെ വൃക്കകൾ അർപ്പിച്ചിരുന്നു. എന്നാൽ നിങ്ങൾ ലേവ്യരെ ഉല്ലംഘിച്ചിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളാണ് അർപ്പിച്ചിരിക്കുന്നത്.

13. (യഹൂദ)ജനത്തിന്റെ അഭിഷേകം മിശിഹായുടെ നിഴൽ മാത്രമായിരുന്നു. അവരുടെ വടി കുരിശിന്റെ[34] പ്രതീകവും[35] അവരുടെ കുഞ്ഞാട് ഏകജാതന്റെ മുൻകുറിയും[36] ആയിരുന്നു. അവരുടെ പേടകം നിങ്ങളുടെ സഭയുടെ പ്രതീകവും അവരുടെ ഛേദനാചാരം നിങ്ങളുടെ റൂശ്മായുടെ

27. ഥുപ്സാ 28. ഉല്പ.8,11 29. ഉല്പ.28,18.22. 30. 1കൊറി.3,16f;6,19
31. പുറ.4,14 32. ലേവ്യ10,1–5. 33. ലേവ്യ 16,18. 34. സ്ലീബാ
35. റാസാ 36. ഥുപ്സാ

www.malankaralibrary.com



അടയാളവും[37] ആയിരുന്നു. നിങ്ങളുടെ നല്ല വസ്തുക്കളുടെ നിഴലിൽ ആദ്യ ജനം ഇരുന്നു.

14. എന്റെ സഹോദരരേ, ദാവീദിന്റെ അഭിഷേകത്തിൽ ആത്മാവ് താഴ്ന്നിറങ്ങുകയും ദൈവമനുഷ്യന്റെ ഹൃദയത്തിൽ സന്തുഷ്ടിയോടെ നറുമണം പരത്തുകയും ചെയ്തു. അവന്റെ ഹൃദയത്തിന്റെ സൗരഭ്യം അവന്റെ തൈലത്തിനു തുല്യമായിരുന്നു. ആത്മാവ് അവനിൽ വാസമുറപ്പിച്ച് അവനിൽ കീർത്തനങ്ങൾ ആലപിച്ചു. നിങ്ങളുടെ അഭിഷേകം ശ്രേഷ്ഠതരമാണ്. കാരണം, നിങ്ങളിൽ വസിക്കാനായി പിതാവും പുത്രനും പരിശുദ്ധാത്മാവും പുറപ്പെട്ട് താഴേക്കിറങ്ങിവന്നു.

15. ശൗൽരാജാവിന്റെ അഭിഷേകത്തിൽ അവന്റെ ഹൃദയത്തിന്റെ ദുർഗന്ധത്തിന് അനുസൃതമായിരുന്നു തൈലത്തിന്റെ നറുമണം. ആത്മാവ് അവനെ വിട്ട് പറന്നുപോയി. നിങ്ങളുടെ അഭിഷേകം ശ്രേഷ്ഠതരമാണ്. കാരണം, നിങ്ങളുടെ ആത്മാവാണ് നിങ്ങളുടെ ധൂപകലശം. നിങ്ങളുടെ ആലയത്തിൽ ആത്മാവ് സന്തുഷ്ടനായിരിക്കുന്നു. നിങ്ങൾ എന്നും അവന്റെ മണവറയായിരിക്കണം.

16. കുഷ്ഠരോഗി ശുദ്ധനാക്കപ്പെടുമ്പോൾ, പുരോഹിതൻ അവനെ തൈലംകൊണ്ട് റൂശ്മാചെയ്ത്, ഉറവജലത്തിലേക്ക് ആനയിക്കുന്നു.[38] പ്രതീകം[39] കടന്നുപോയി. സത്യം സമാഗതമായി. ഇതാ, തൈലത്താൽ നിങ്ങൾ മുദ്രകുത്തപ്പെട്ടു. മാമോദീസായാൽ പരിപൂർണരാക്കപ്പെട്ടു. അജഗണവുമായി നിങ്ങൾ കൂടിക്കലർന്നു. കർതൃശരീരത്താൽ പരിപോഷിപ്പിക്കപ്പെടുന്നു.[40]

17. ശുദ്ധീകരിക്കപ്പെട്ട ഏത് കുഷ്ഠരോഗിയാണ് തിരിഞ്ഞ്, തന്റെ കുഷ്ഠരോഗം വീണ്ടും കാംക്ഷിക്കുന്നത്! നിങ്ങൾ നിങ്ങളുടെ പാപങ്ങൾ ഉരിഞ്ഞുകളഞ്ഞു. അവ ഉപേക്ഷിക്കുവിൻ! തന്റെ കുഷ്ഠം ഉരിഞ്ഞുകളഞ്ഞവൻ അതു വീണ്ടും ധരിക്കുന്നില്ല. പാപം താഴെവീണ് മറഞ്ഞുപോയി. അത് വലിച്ചെടുക്കേണ്ട! മിശിഹായുടെ തൈലത്താൽ പൂശപ്പെട്ട നിങ്ങളുടെമേൽ ജീർണത കടന്നുവരാതിരിക്കട്ടെ.

18. കളിമൺപാത്രത്തിന് ജലത്താൽ ശോഭയും അഗ്നിയാൽ ബലവും കിട്ടുന്നു. അതു താഴെ വീണാൽ ഉടഞ്ഞുപോകുന്നു. അതിനെ ഒരിക്കൽകൂടി രൂപീകരിക്കാനാവില്ല. നിങ്ങൾ കൃപയ്ക്ക് പാത്രീഭൂതരായി തീർന്നിരിക്കുന്നു. രണ്ടുപ്രാവശ്യം നിർമിക്കാത്ത ദൈവനീതിയെ ഭയപ്പെടുവിൻ!

---

37. ആസാ 38. ലേവ്യ 14,5.17.28 39. ഥുപ്സാ

40. തൈലാഭിഷേകം, മാമോദീസാ, കുർബാന എന്നിവയെ കുറിക്കുന്നു.

www.malankaralibrary.com



19. തിമിംഗലം ഛർദിച്ച പ്രവാചകന് നിങ്ങൾ എത്രമാത്രം സദൃശ്യരാണ്![41] തിമിംഗലത്തെ നയിച്ച ആ ശക്തി നിർബന്ധിച്ചതിനാൽ, അത്യാർത്തിയുള്ളവൻ നിങ്ങളെ തിരികെ നൽകി. യോനാ നിങ്ങൾക്ക് ഒരു കണ്ണാടി ആയിത്തീർന്നു. അവനെ വീണ്ടും തിമിംഗലം വിഴുങ്ങിയില്ല. നിങ്ങളെയും അത്യാർത്തിയുള്ളവൻ[42] രണ്ടാമതും വിഴുങ്ങാതിരിക്കട്ടെ. ഓ, രക്ഷപെട്ട നിങ്ങൾ യോനായെപ്പോലെ ആയിരിക്കുവിൻ!

20. മറിയം നമ്മുടെ കർത്താവിന്റെ ശിരസ്സിൽ വിലയേറിയ തൈലമൊഴിച്ചു.[43] അതിന്റെ സുഗന്ധപരിമളം ഭവനം മുഴുവൻ നിറഞ്ഞു. നിങ്ങളുടെ അഭിഷേകത്തിന്റെ സൗരഭ്യവും ഉയർന്ന് മേൽ സ്വർഗത്തിലേക്ക് കയറി. അത് മേലുള്ള ഈറയരെ സന്തുഷ്ടരാക്കി. അതിന്റെ സൗരഭ്യം സാത്താനെ ക്ലേശിപ്പിച്ചു. അതിന്റെ നറുമണം ദൈവത്തിന് പ്രീതികരമാണ്.

21. മരുപ്രദേശത്തെ ജനക്കൂട്ടം ഇടയനില്ലാത്ത ആടുകൾക്ക് തുല്യമായിരുന്നു. അവർക്ക് അവിടെ കാരുണ്യവാനായ ഇടയൻ കാണപ്പെട്ടു. അവൻ അവർക്ക് അപ്പത്തിന്റെ മേച്ചിൽപ്പുറം വർദ്ധിപ്പിച്ചുകൊടുത്തു.[44] മിശിഹായുടെ മുദ്രകുത്തപ്പെട്ട നിഷ്ക്കളങ്കരായ ആടുകളേ, നിങ്ങൾക്ക് ഭാഗ്യം. കാരണം, അവന്റെ ശരീരരക്തങ്ങൾക്ക് നിങ്ങൾ യോഗ്യരായിത്തീർന്നു. ഇടയൻ തന്നെ നിങ്ങൾക്ക് മേച്ചിൽപ്പുറമായിത്തീർന്നു.

22. അവൻ വെള്ളത്തിൽ നിന്ന് വീഞ്ഞുണ്ടാക്കി, വിവാഹവിരുന്നിൽ ജനത്തിന് കുടിക്കാൻ കൊടുത്തു.[45] ഉപവാസകരായ നിങ്ങൾക്ക് ജലപാനത്തേക്കാൾ തൈലംപൂശലാണ് മെച്ചപ്പെട്ടത്. അവന്റെ വീഞ്ഞുകൊണ്ട് വധൂവരന്മാർ വിവാഹിതരായി; അവന്റെ തൈലത്താൽ വിവാഹിതർ പവിത്രീകൃതരായി. അവന്റെ വീഞ്ഞിനാൽ വിവാഹബന്ധം,[46] അവന്റെ തൈലത്താൽ സംയമനം.[47]

23. ജീവന്റെ മുദ്ര സ്വീകരിക്കാൻ മിശിഹായുടെ അജഗണം ഉത്തേജിതരായി. രാജാക്കന്മാരുടെ ഏതടയാളമാണ്[48] പാപങ്ങൾ മോചിക്കുന്നത്! ദുഷ്ടൻ നിന്റെ അടയാളത്താൽ വിറച്ചു; നിന്റെ മുദ്രയാൽ പാപങ്ങൾ നിഗ്രഹിക്കപ്പെടുന്നു. നിങ്ങളെ വിഴുങ്ങാൻ ആഗ്രഹിക്കുന്ന ചെന്നായ് നീങ്ങിപ്പോകുന്നതിന്, അജഗണമേ, നിങ്ങൾ വന്ന് നിങ്ങളുടെ മുദ്ര[49] സ്വീകരിക്കുവിൻ.

24. കുഞ്ഞാടുകളേ, നിങ്ങൾ വന്ന് നിങ്ങളുടെ മുദ്ര സ്വീകരിക്കുവിൻ; കാരണം, സത്യമാണ് നിങ്ങളുടെ മുദ്ര! ഭവനാംഗങ്ങളെ അന്യരിൽ നിന്ന് വേർതിരിക്കുന്ന മുദ്രയാണിത്. ഹാഗാറിന്റെ പുത്രന്മാരെയും നിഷേധിക

---

41. യോനാ 2,10
42. മരണവും സാത്താനും
43. യോഹ.12,3
44. മത്താ.15,29ff.
45. യോഹ.2,1 ff.
46. ശൗതാപൂസാ
47. കാദീശൂസാ
48. നീശേ
49. റൂശ്മാ

www.malankaralibrary.com



ളെയും പരിച്ഛേദനത്തിന്റെ കത്തി ഒരുപോലെ പരിച്ഛേദനം ചെയ്യുന്നു. പരിച്ഛേദനം അജഗണത്തിന്റെ മുദ്രയാണെങ്കിൽ, ഇതാ, കാട്ടുകഴുതകളും[50] പരിച്ഛേദനം ചെയ്യപ്പെടുന്നു.

25. സത്യം വലിയൊരു തണൽമരത്തിനു തുല്യമാണ്. അത് അതിന്റെ നിഴൽ ജനത്തിന്മീതേ വിരിക്കുന്നു. അത് അതിന്റെ വേര് ജനതകൾക്കിടയിൽ ഉറപ്പിച്ചിരിക്കുന്നു. അതിന്റെ തണലിൽ യൂദജനം പാർക്കുന്നു. കാരണം, അതിന്റെ പ്രതീകങ്ങളാണ്[51] തണൽ! എന്നാൽ ജനതകൾ അതിന്റെ ശിഖരങ്ങളിൽ പാർത്ത് അതിന്റെ പഴങ്ങൾ പറിച്ചുതിന്നു.

26. നിങ്ങൾ പുതിയ അജഗണമാണ്. നിങ്ങൾ ചെന്നായ്ക്കളുടെ സ്വഭാവം ഉപേക്ഷിക്കുകയും കുഞ്ഞാടുകളായ നിങ്ങൾ കുഞ്ഞാടിന് തുല്യരാകുകയും ചെയ്തു. ഒന്ന് മാറ്റിമറിച്ചവൻ എല്ലാം മാറ്റിമറിച്ചു. കൊല്ലപ്പെടാനായി കുഞ്ഞാട് ചെന്നായ്ക്കൾക്ക് തന്നെത്തന്നെ കയ്യാളിച്ചു. അവിടേക്ക് ഓടിയടുത്തവ അതു വിഴുങ്ങി ആടുകളായിത്തീർന്നു. ഇടയൻ ഒരു കുഞ്ഞാടായി മാറിയപ്പോൾ, ചെന്നായും അതിന്റെ സ്വഭാവം മറന്നു.

27. നിന്റെ കാരുണ്യത്താൽ എന്നേയും കടാക്ഷിക്കണമെ. ഇടത്തുവശത്തെ കോലാടുകളായ ജനത്തിന്റെ മുദ്ര[52] എന്നിൽ കാണരുതേ. നിന്റെ ചെമ്മരിയാട് ഒരു കോലാടായി തീരരുതേ.[53] കാരണം, എന്നെത്തന്നെ നീതീകരിക്കാൻ ഞാൻ മതിയായവനല്ലെങ്കിലും, പാപംചെയ്യാൻ എനിക്ക് അൽപ്പം പോലും താൽപര്യമില്ലായിരുന്നു. ഓ, എന്റെ കർത്താവേ, എന്റെ ദുസ്തഴക്കങ്ങളിൽ നിന്ന് മുഖം തിരിക്കണമെ. എന്റെ ഇച്ഛ മാത്രം ഗൗനിക്കണമെ. നിന്റെ നീതി എന്റെ പ്രവൃത്തികൾ നോക്കാതെ, നിന്റെ കൃപ എന്റെ ഇച്ഛ കാണട്ടെ!

28. സംഗീതരചയിതാക്കളിൽ നിന്നും പ്രബോധകരിൽ നിന്നും ശ്രോതാക്കളിൽ നിന്നും മിശിഹായ്ക്ക് സ്തുതി ഉയരട്ടെ. സംഗീതജ്ഞനു വാക്കുകളും പ്രബോധകന് സ്വരവും നൽകിയ തന്റെ അത്യുന്നത പിതാവിനും അവനിലൂടെ സ്തുതി ഉയരട്ടെ. അവൻ ശ്രോതാക്കൾക്ക് ഗ്രഹണശക്തി നൽകുന്നു, മുദ്രിതർക്ക് തൈലം വാഴ്ത്തി കൊടുക്കുന്നു.നിനക്ക് സമാപനമായി സ്തുതിയും അവസാനമായി "അതേ, ആമ്മീനും" ഉണ്ടായിരിക്കട്ടെ.

29. ഉൾമുറിയിൽവച്ച് ജോസഫിന്റെ പവിത്രവും സംശുദ്ധവുമായ ജീവിതം തകിടം മറിക്കാൻ അശുദ്ധി മുന്നോട്ടു പാഞ്ഞതിൽ ആരാണ് കിടിലം കൊള്ളാത്തത്! നിങ്ങളുടെ അവയവങ്ങളെ പവിത്രീകരിക്കാൻ പാവന

---

50. ഹാഗാറിന്റെ പുത്രന്മാർ
51. റാസാ
52. റുശ്മാ
53. മത്താ.25,30f

www.malankaralibrary.com



വേദിയിൽ സംശുദ്ധത സന്തോഷപൂർവം നിങ്ങൾക്കുനേരേ ഓടിയെത്തിയതിൽ, ജോസഫ് നിങ്ങളെ ഭാഗ്യവാന്മാർ എന്നു വിളിക്കട്ടെ!

30. പെട്ടെന്ന് സൂര്യൻ ഇരുണ്ടു; പെട്ടെന്ന് കള്ളൻ പ്രകാശിതനായി. കുരിശിൽ തറച്ചവർ പ്രകാശത്തെയാണ് കുരിശിൽ തറച്ചതെന്ന് സാക്ഷ്യപ്പെടുത്താൻ ആകാശഗോളം അന്ധകാരമായി. ഇതാ, തൈലത്തിൽ അതിന്റെ കിരണങ്ങൾ! തന്റെ നേരേ വന്ന് പ്രകാശിച്ച കിരണത്താൽ കള്ളൻ പ്രകാശിതനായതുപോലെ, അഭിഷിക്തരായി വിജ്ഞാനത്താൽ പ്രകാശിതരാകുവിൻ!

31. നമ്മുടെ കർത്താവ് മരിക്കുകയും സൂര്യൻ ഇരുളുകയും ചെയ്തു. കുരിശിൽ തറച്ചവർക്ക് രണ്ടുരീതിയിൽ അന്ധകാരമുണ്ടായി: ബാഹ്യമായ അന്ധകാരവും ആന്തരികമായ ഇരുട്ടും അവരെ പൊതിഞ്ഞു. ക്രൂശിക്കപ്പെട്ടവനെ അറിഞ്ഞ നിങ്ങൾക്ക് രണ്ടുതരം പ്രകാശം ഉദിച്ചു: തൈലത്തിൽ നിന്ന് നിങ്ങൾ പ്രകാശിതരായി, മാമോദീസാവഴി വീണ്ടും പ്രകാശിതരായി.

32. കൽദായ രാജാവ് ദൃശ്യമാംവിധം സിംഹക്കുഴിയുടെ കവാടം അടച്ചു മുദ്രവച്ചു.[54] സ്വർഗീയരാജാവ് ദൃശ്യമാംവിധം മൃഗങ്ങളുടെ വായടച്ചു. ദാനിയേലിനെപ്പോലെ ഉണർന്നിരുന്ന് പ്രാർഥിക്കുവിൻ. അങ്ങനെ നിങ്ങൾ വഹിക്കുന്ന ജീവന്റെ മുദ്ര അത്യാർത്തിയെ ഭത്സിക്കുന്നതിനും അതുവഴി അത് നിങ്ങളുടെ ശരീരത്തിൽ നിന്ന് അകന്നു കഴിയുന്നതിനും ഇടയാകട്ടെ.

33. ആത്മാക്കളുടെ ച്ഛേദനമാകുന്ന റൂശ്മാ മൃഗങ്ങൾക്ക് വേദനയൊരുക്കി. ഹൃദയത്തിന്റെ മാലിന്യം മുറിച്ചു മാറ്റാത്തതിനാൽ, അത് പരിച്ഛേദിതർക്ക് മാലിന്യം പങ്കിട്ടുകൊടുത്തു. കല്ല് കാഠിന്യമുള്ളവരെയും തൈലം സംശുദ്ധരെയും മുദ്രകുത്തി. ശാന്തൻ ശാന്തതയുള്ളവർക്ക് തൈലം നൽകി; കഠിനഹൃദയർക്ക് കല്ലു നൽകി.

34. ആ സ്വാഭാവികറൂശ്മായ്ക്കു പോലും അഗ്നിയുടെ ശക്തിയിൽ പങ്കുണ്ട്. തന്റെ വസ്തുവകകളിന്മേലും തന്റെ അജഗണത്തിന്മേലും ഉടമസ്ഥന്റെ മുദ്ര പതിച്ചിരിക്കുന്നു. അഗ്നിക്കുപകരം തൈലത്തിന് പരിശുദ്ധാത്മാവിൽ ഭാഗഭാഗിത്വമുണ്ട്. നിങ്ങളുടെ ഭൗമികശരീരത്തിന്മേൽ സ്വർഗീയാടയാളം അത് വച്ചിരിക്കുന്നു.

35. ആ മുദ്ര മൃഗങ്ങൾക്കും ജ്വാലയ്ക്കും മധ്യേ മധ്യസ്ഥനായിത്തീർന്നു. ശരീരം അഗ്നിയിൽ കത്തിയമരാതിരിക്കാൻ, അത് ശാന്തമായി അതിനെ അഗ്നിയിൽ നിന്നെടുത്തു. എന്റെ കർത്താവേ, നിന്റെ അജഗണത്തിനും നിന്റെ അഗ്നിക്കും മധ്യേ നിന്റെ തൈലത്തിന്റെ മുദ്ര നിന്ന് ഇതാ, അഗ്നിയെ കെടുത്തുന്നു. തൈലം എനിക്ക് അഗ്നിയുടെ ശക്തി കുറച്ചു.

54. ദാനി.14,3.30

www.malankaralibrary.com



# 4

1. എന്റെ മുദ്രിതസഹോദരങ്ങളേ, താഴേക്കിറങ്ങിവന്ന് നമ്മുടെ കർത്താവിനെ ധരിക്കുകയും[55] അവന്റെ വംശാവലിയോട് കൂടിച്ചേരുകയും ചെയ്യുക. കാരണം, അവൻ തന്റെ ഉപമയിൽ പറഞ്ഞിരിക്കുന്നതുപോലെ, അവൻ ഉന്നതകുലജാതനാണ്.[56]

*പ്രതിസ്തോത്രം: സ്നാനജലംവഴി സംഖ്യാതീത പാപങ്ങൾ മായിച്ചുകളഞ്ഞവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. അവന്റെ സ്വഭാവം ഉന്നതത്തിൽ നിന്നും അവന്റെ വസ്ത്രം[57] ആഴത്തിൽ നിന്നുമാണ്. തന്റെ വസ്ത്രം ഉപേക്ഷിക്കുന്നവന്റെ വസ്ത്രത്തോടുകൂടെ ക്രിസ്തുവിന്റെ ആ വസ്ത്രം സദാ ബന്ധിതമാണ്.[58]

3. പഴകിപ്പോകാത്തതും വിട്ടുപോകാത്തതുമായ വസ്ത്രം സ്നാനജലത്തിൽ അവനിൽ നിന്ന് സ്വീകരിക്കുവിൻ. കാരണം, അത് ധരിക്കുന്നവരെ എന്നേക്കും ധരിപ്പിക്കുന്നതാണ് ആ വസ്ത്രം!

4. എന്നാൽ രണ്ടുകൂട്ടരുടെയും ഇടയ്ക്കുള്ള മധ്യസ്ഥനാണ് അനുഗൃഹീതപുരോഹിതൻ: അവന്റെ മുമ്പിൽ ഒരുടമ്പടി നടക്കുന്നു. കാരണം, അവൻ തന്റെ കർത്താവിന്റെ മധ്യസ്ഥനാണ്; നമ്മുടെ ഇടയിൽ നിന്നുള്ള ഉറപ്പും.

5. ഇതാ, ദൈവത്വം ജലത്തിൽ തന്റെ പുളിപ്പ് കലർത്തിയിരിക്കുന്നു. പൂഴിയിൽ നിന്നു മെനഞ്ഞുണ്ടാക്കിയ ശരീരം ആ പുളിപ്പ് ധരിക്കുകയും ദൈവത്വവുമായി അതിനെ കൂട്ടിക്കലർത്തുകയും ചെയ്തു.

6. ബന്ധിതനിലേക്ക് താഴ്ന്നിറങ്ങാനും അവനെ സ്വതന്ത്രനാക്കാനും കർതൃപുളിപ്പിനാണ് കഴിയുക. എല്ലാറ്റിന്റെയും കർത്താവിന്റെ വംശാവലിയുമായി അത് ബന്ധിതനെ കൂട്ടിച്ചേർക്കുന്നു.

7. കാരണം, എല്ലാവരെയും സ്വതന്ത്രനാക്കുന്നവനെ സ്നാനജലത്തിൽ ധരിച്ച ദാസൻ ധരയിൽ അടിമയാണെങ്കിലും, സ്വാതന്ത്ര്യത്തിൽ പൊതിഞ്ഞിരിക്കുന്നതിനാൽ, ഉന്നതത്തിൽ സ്വതന്ത്രനാണ്.

8. സ്നാനജലത്തിലൂടെ ആ ഈറയനെ ധരിച്ച സ്വതന്ത്രൻ, തന്റെ ദാസരുടെ ദാസനായിത്തീർന്ന കർത്താവിന് തുല്യനാകാൻ ദാസരുടെ സഖിയെപ്പോലെയാണ്.

---

55. റോമ.13,14
56. ലൂ.19,12
57. മനുഷ്യസ്വഭാവം, ശരീരം
58. കൊളോ.3,9

www.malankaralibrary.com



9. സ്നാനജലത്തിലെ നിക്ഷേപത്തിൽ നിന്ന് അദൃശ്യസമ്പത്ത് ദരിദ്രർക്ക് പങ്കിട്ടു നൽകാനായി, എല്ലാവരെയും സമ്പന്നരാക്കുന്നവൻ താഴേക്കിറങ്ങിവന്ന് ദാരിദ്ര്യത്തിൽ തന്നെത്തന്നെ പൊതിഞ്ഞു.

10. വീണ്ടും, സ്നാനജലത്തിൽ സകലരെയും ഉയർത്തുന്നവനെ ധരിച്ച ചെറിയവൻ, വിഡ്ഢികളുടെ വീക്ഷണത്തിൽ നിസ്സാരനാണെങ്കിലും, ദൈവിക മഹനീയത ധരിച്ചിരിക്കുന്നതിനാൽ, ഈറയരുടെ ദൃഷ്ടിയിൽ മഹനീയനാണ്.

11. തന്റെ സ്നേഹത്താൽ ചെറിയവനായിത്തീർന്ന വലിയവനെ നുണയർ പീഡിപ്പിച്ചു; എന്നാൽ അവനെ ഈറയർ ആരാധിക്കുന്നു. ചെറിയവനായിത്തീർന്ന അവൻ ചെറിയവരെ വലിയവരാക്കുന്നു.

12. ചെറിയവൻ അവനിലൂടെ വളരാനായി, വലിയവൻ ചെറിയവനായിത്തീരട്ടെ! എല്ലാവരിലും ചെറിയവനായിത്തീർന്ന, എല്ലാവരിലും വലിയവന് അവൻ തുല്യനായിതീരട്ടെ. അവൻ ചെറിയവനായി തീരുകയും എല്ലാവരെയും വലിയവരാക്കുകയും ചെയ്തു.

13. സ്നാനജലത്തിലൂടെ ഉന്നതനെ ധരിച്ച ശാന്തശീലന്റെ രൂപം വിനീതമായിരുന്നെങ്കിലും, അവനെ പരിശോധനാവിധേയമാക്കുന്നത് ദുഷ്ക്കരമാണ്. കാരണം, അത്യുന്നതൻ അവനിൽ വസിക്കുന്നു.

14. നിന്ദ്യവും താഴ്ന്ന തരവുമായ മുൾച്ചെടിയെ നിന്ദിക്കാൻ ആർക്കാണ് കഴിയുക? അതിന്റെ മധ്യത്തിൽ അഗ്നിയിൽ ദൈവികമഹനീയത സ്ഥിതിചെയ്യുന്നു.

15. ബലഹീനനും വിക്കനുമായ മോശയെ നിന്ദിക്കാൻ ആർക്കാണ് കഴിയുക? അവന്റെ ബലഹീനതയിൽ സ്തുത്യർഹശോഭ വസിച്ചു.[59]

16. അവനെ നിന്ദിച്ചവൻ അവന്റെ നാഥനെയാണ് നിന്ദിച്ചത്. അവനെ നിന്ദിച്ചവരെ ഭൂമി ക്രോധത്തിൽ വിഴുങ്ങി.[60] അവനെ നിന്ദിച്ച ലേവ്യരെ അഗ്നി രോഷത്തിൽ സംഹരിച്ചു.

17. അതുകൊണ്ടാണ് മിശിഹാ പറഞ്ഞത്: സ്നാനപ്പെടുകയും അവനെ ധരിക്കുകയും ചെയ്തവനെ 'റാഖാ' എന്നു വിളിക്കരുത്.[61] കാരണം, ബലഹീനരെ നിന്ദിക്കുന്നവൻ, അവനോടൊപ്പം അത്യുന്നതനെയും നിന്ദിക്കുന്നു.

18. സ്നാനജലത്തിൽ നിന്ന് പുറത്തേക്കുയർന്നുവന്ന സ്നേഹാർഹരും

---

59. പുറ.4,11;34,29 60. സംഖ്യ 16,32.35

61. മത്താ.5,22

www.malankaralibrary.com



സുന്ദരരുമായവരേ, തന്റെ പ്രകാശം നിങ്ങളിൽ വസിക്കാൻ അനുവദിച്ച പിതൃസുതൻ ഒരുക്കിയ വിരുന്നിന് കടന്നിരിക്കുവിൻ.

19. കളങ്കരഹിത കുട്ടികളായ സ്നാനശിശുക്കൾ അഗ്നിയും ആത്മാവും ധരിച്ചിരിക്കുന്നു. സ്നാനജലത്തിൽ നിന്ന് നിങ്ങൾ ധരിച്ച അമൂല്യവസ്ത്രം കാത്തുസൂക്ഷിക്കുവിൻ.

20. ജലത്തിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും മഹത്വവസ്ത്രം ധരിക്കുന്നവൻ അതിന്റെ ജ്വാലയിൽ പാപത്തിന്റെ കുറ്റിക്കാട് നശിപ്പിക്കുന്നു.

21. ഓ, അവന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ട നിങ്ങൾ ലോകത്തിൽ പ്രകാശിക്കുന്ന വിളക്കുകളായിരിക്കട്ടെ......[62]

22. ആത്മീയ മക്കളായ നിങ്ങൾ ഈ ലോകത്തിലും അവിടെയും അനന്തമായ സൗഭാഗ്യം, കടന്നുപോകാത്ത മണവറ, ജലത്തിൽ നിന്ന് നിങ്ങൾക്കായി നേടിയിരിക്കുന്നു.

**മറ്റൊരു കൈയെഴുത്തുപ്രതിയിൽ 17-നുശേഷം ഇപ്രകാരം കാണുന്നു:**[63]

18. ഏദനിലും മനുഷ്യവാസമുള്ള ഭൂമിയിലും നമ്മുടെ കർത്താവിന്റെ ഉപമകളാണ്. അവന്റെ പ്രതീകങ്ങളുടെ സാദൃശ്യങ്ങളെല്ലാം ശേഖരിക്കാൻ ആർക്കാണ് കഴിയുക? അവയിലെല്ലാം അവൻ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

19. തിരുലിഖിതം അവനെപ്പറ്റി എഴുതിയിരിക്കുന്നു; പ്രകൃതി അവനെ വരച്ചുകാട്ടുന്നു. രാജാക്കന്മാർ അവന്റെ കിരീടവും പ്രവാചകന്മാർ അവന്റെ സത്യവും പുരോഹിതന്മാർ അവന്റെ പാപപരിഹാരവും ചിത്രീകരിച്ചിരിക്കുന്നു.

20. അവൻ മോശയുടെ വടിയിലും അഹറോന്റെ ഈസോപ്പിലും ദാവീദിന്റെ കിരീടത്തിലുമുണ്ട്. പ്രവാചകന്മാർക്ക് അവന്റെ സാദൃശ്യമുണ്ട്. എന്നാൽ ശ്ലീഹന്മാർക്ക് അവന്റെ സുവിശേഷമുണ്ട്.

21. വെളിപാടുകൾ നിന്നെ നോക്കി; പുഞ്ചിരികൾ നിന്നെ കാത്തിരിക്കുന്നു; പ്രതീകങ്ങൾ നിന്നെ പ്രതീക്ഷിച്ചു; സാദൃശ്യങ്ങൾ നിന്നെ നോക്കിപ്പാർത്തു; ഉപമകൾ നിന്നിൽ അഭയംതേടി.

22. മോശയുടെ വിൽപ്പത്രം അവന്റെ സുവിശേഷത്തെ കാത്തിരുന്നു. പഴയവയെല്ലാം ഓടിയൊളിക്കുകയും തന്റെ പുതിയ നിയമത്തിന് സഹായകമായി തീരുകുയം ചെയ്തു.

---

62. കുറേ വിട്ടുപോയിട്ടുണ്ട്.

63. ഗീതം4,18-25=കന്യാത്വഗീതം 8,2.3.4.6; 9,2.9.10.12

www.malankaralibrary.com



23. പ്രവാചകന്മാർ തങ്ങളുടെ മഹനീയ പ്രതീകങ്ങൾ അതിലേക്കൊഴുക്കി. പുരോഹിതന്മാരും രാജാക്കന്മാരും തങ്ങളുടെ അത്ഭുതകരമായ മുൻകുറികൾ ഒഴുക്കി. അവരെല്ലാം അതിലേക്ക് പൂർണമായി ഒഴുക്കി.

24. മിശിഹാ വിജയിയായി ഉത്ഥാനം ചെയ്തു. പ്രതീകങ്ങളുടെ വിശദീകരണങ്ങളാലും ഉപമകളുടെ വ്യാഖ്യാനങ്ങളാലും അവൻ എല്ലാ അരുവികളും കടൽപോലെ തന്നിലേക്ക് സ്വീകരിക്കും.

25. ഈ കടൽ മിശിഹാ ആകുന്നു. തിരുലിഖിതത്തിൽ നിന്നൊഴുകുന്ന ഉറവകളെയും അരുവികളെയും നദികളെയും തോടുകളെയുമെല്ലാം സ്വീകരിക്കാൻ മിശിഹാ ശക്തനാണ്.

# 5

1. എന്റെ സഹോദരരേ, താഴേക്കിറങ്ങി സ്നാനജലത്തിൽ നിന്ന് പരിശുദ്ധാത്മാവിനെ ധരിക്കുകയും ദൈവത്വത്തെ ശുശ്രൂഷിക്കുന്ന ആത്മീയരോടുകൂടെ ചേരുകയും ചെയ്യുവിൻ.

*പ്രതിസ്തോത്രം: ആദാമ്യസുതരുടെ പാപപരിഹാരാർഥം സ്നാനം സ്ഥാപിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. ഇതാ, മൂന്ന് ആത്മീയ നാമങ്ങളാൽ അദൃശ്യമാംവിധം തന്റെ അജഗണത്തെ മുദ്രകുത്തുന്ന അഗ്നിയാണത്. അതിനാൽ ദുഷ്ടൻ ഭയന്നോടുന്നു.

3. യോഹന്നാൻ ഉച്ചത്തിൽ പ്രഘോഷിച്ചു:“ഇതാണ് ദൈവകുഞ്ഞാട്”.[64] ജനതകൾ അബ്രഹാമിന്റെ സന്തതികളാണെന്ന് ഇതിലൂടെ അവൻ പ്രഖ്യാപിച്ചു.

4. നമ്മുടെ കർത്താവ് അഗ്നിയാലും ആത്മാവാലും സ്നാനപ്പെടുത്തുമെന്നും അവൻ സാക്ഷ്യം നൽകി.[65] എന്റെ സഹാദരരേ, ഇതാ, സത്യസ്നാനത്തിൽ അഗ്നിയും ആത്മാവും!

5. ചെറിയ നദിയായ യോർദാനേക്കാൾ ശക്തിമത്താണ് മാമോദീസാ. കാരണം, സ്നാനജലത്തിന്റെയും തൈലത്തിന്റെയും ഓളങ്ങളിലൂടെ എല്ലാ മനുഷ്യരുടെയും പാപങ്ങൾ കഴുകപ്പെടുന്നു.

---

64. യോഹ.1,29.36 65. മത്താ.3,11

www.malankaralibrary.com



6. ഏഴുപ്രാവശ്യത്തെ മുങ്ങലിലൂടെ നാമാന്റെ കുഷ്ഠരോഗം ഏലീശാ നീക്കി. ആത്മാവിന്റെ അദൃശ്യപാപങ്ങൾ മാമോദീസായിൽ നീക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.

7. മോശ ജനത്തെ കടലിൽ സ്നാനപ്പെടുത്തി. എന്നാൽ പാപപങ്കിലമായിരുന്ന അവരുടെ ആന്തരിക ഹൃദയത്തെ ശുദ്ധീകരിക്കാൻ അവനു കഴിഞ്ഞില്ല.

8. ഇതാ, പുരോഹിതൻ മോശയുടെ സാദൃശ്യത്തിൽ ആത്മാവിന്റെ മാലിന്യം കഴുകിക്കളയുകയും സ്വർഗരാജ്യത്തിനുവേണ്ടി നവകുഞ്ഞാടുകളെ തൈലംകൊണ്ട് മുദ്രകുത്തുകയും ചെയ്യുന്നു.

9. ജനത്തിനു രാജാവായി തീരാൻ ദാവീദിനെ സാമുവേൽ തൈലം പൂശി. നിങ്ങൾ സ്വർഗരാജ്യത്തിന് അവകാശികളാകാൻ വൈദികൻ നിങ്ങളെ തൈലം പൂശുന്നു.

10. ഇസ്രായേലിനെ കീഴടക്കാൻ ആഗ്രഹിച്ച ആ മല്ലനോട് അഭിഷേക തൈലത്താൽ താൻ ധരിച്ച ആയുധംകൊണ്ട് ദാവീദ് പോരാടി.

11. വീണ്ടും, ജനതകളെ കീഴടക്കാൻ ആഗ്രഹിച്ച ദുഷ്ടന്റെ അഹന്ത ഇതാ, മിശിഹായുടെ തൈലത്താലും വെള്ളത്തിൽ നിന്നുള്ള ആയുധത്താലും കീഴമർത്തപ്പെടുന്നു.

12. പാറയിൽ നിന്നൊഴുകിയ വെള്ളത്താൽ ജനത്തിന്റെ ദാഹം ശമിച്ചു. ഇതാ, മിശിഹായുടെ ഉറവയാൽ ജനതകളുടെ ദാഹം ശമിച്ചു!

13. മോശയുടെ വടി പാറ പിളർത്തുകയും അതിൽ നിന്ന് ഉറവകൾ പൊട്ടിയൊഴുകുകയും ദാഹത്താൽ വിവശരായവർ അതിന്റെ പാനത്താൽ ഉന്മേഷഭരിതരായിത്തീരുകയും ചെയ്തു.

14. ഇതാ, ജീവൗഷധം മിശിഹായുടെ പാർശ്വത്തിൽ നിന്നൊഴുകി. വിവശരായ ജനതകൾ അതു കുടിക്കുകയും അതുമൂലം തങ്ങളുടെ വേദനകൾ മറക്കുകയും ചെയ്തു.

15. അയോഗ്യനായ എന്റെമേൽ നിന്റെ പനിമഞ്ഞ് തളിക്കുകയും നിന്റെ രക്തത്താൽ എന്റെ പാപങ്ങൾ മോചിക്കുകയും ചെയ്യണമെ. എന്റെ കർത്താവേ, നിന്റെ വലത്തുഭാഗത്തിരിക്കാനും നിന്റെ വിശുദ്ധരോടുകൂടെ ചേരാനും എനിക്കിടയാകട്ടെ.

www.malankaralibrary.com



# 6

1. പരിശുദ്ധാത്മാവ് ഉന്നതത്തിൽ നിന്ന് താഴേക്കിറങ്ങിവരികയും യോഹന്നാന്റെ സ്നാനത്തിൽ തന്റെ ആവാസത്താൽ വെള്ളത്തെ ശുദ്ധീകരിക്കുകയും ചെയ്തു. അവൻ എല്ലാവരെയും വിട്ടിട്ട് ഏകനിൽ വന്നുവസിച്ചു. ഇപ്പോഴാകട്ടെ, അവൻ താണിറങ്ങിവന്ന്, ജലത്തിൽനിന്നു ജനിക്കുന്ന എല്ലാവരിലും വന്നുവസിക്കുന്നു.

*പ്രതിസ്തോത്രം: നിങ്ങളെ സ്നാനപ്പെടുത്താനും അതിലൂടെ നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടാനുമായി സ്നാനപ്പെട്ടവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. യോഹന്നാൻ സ്നാനപ്പെടുത്തിയവരിൽ ഏകനിൽ മാത്രമാണ് ആത്മാവ് വന്നുവസിച്ചത്. ഇപ്പോഴാകട്ടെ, അനേകരിൽ വസിക്കാനായി അവൻ പറന്ന് താണിറങ്ങി വരികയും ജലത്തിൽനിന്ന് ഓരോ തവണയും ആദ്യമായി കയറിയവരുടെമേൽ സന്തോഷപൂർവം ആവസിച്ച് അവരിൽ വസിക്കുകയും ചെയ്തു.

3. എല്ലാവരെയും ശുദ്ധീകരിക്കുന്നവൻ വെള്ളത്തിലേക്കിറങ്ങി സ്നാനപ്പെട്ടത് ആശ്ചര്യകരം തന്നെ. നീ സ്നാനപ്പെട്ട നദി ഭാഗ്യവതിയാണെന്ന് കടൽ പ്രകീർത്തിക്കുന്നു. തങ്ങൾക്ക് അവന്റെ സ്നാനജലമാകാൻ കഴിയാഞ്ഞതിൽ മേലുള്ള വെള്ളംപോലും അസൂയപ്പെട്ടു.

4. എന്റെ കർത്താവേ, ഉറവകളിൽ ജലം തിങ്ങി നിറഞ്ഞിരിക്കുന്നെങ്കിലും, സ്നാനജലത്തിനു മാത്രമേ പാപമോചനം സാധിക്കൂ എന്നത് ഇപ്പോഴും ആശ്ചര്യകരംതന്നെ. തിരമാലകളാൽ കടൽ ഗംഭീരമാണ്; എന്നാൽ പാപമോചനത്തിന് അതിനു കഴിവില്ല.

5. ഒരു മരുപ്രദേശത്ത് രാജാവ് വന്നുപാർക്കുമ്പോൾ, അവിടം ജനനിബിഡമാകുന്നതുപോലെ, നിന്ദ്യമായ ഒരു വസ്തുവിൽ നിന്റെ ശക്തി വസിക്കുമ്പോൾ അത് ബഹുമാനിക്കപ്പെടുന്നു. ജീവൻ പാപത്തെ നിശ്ശേഷം നിഗ്രഹിക്കുന്നതിനാൽ, നിന്റെ ശക്തിയാൽ ജലം പാപത്തിന്മേൽ വിജയിക്കുന്നു.

6. സ്നാനപ്പെടുത്താൻ കൈകൾ നീട്ടുന്നതുകണ്ട അജഗണം സന്തോഷിച്ചു. ആടുകളായ നിങ്ങൾ നിങ്ങളുടെ മുദ്ര സ്വീകരിക്കുകയും അകത്തു കടക്കുകയും അജഗണത്തോടു ചേരുകയും ചെയ്യുവിൻ. അജഗണം മുഴുവനേക്കാളും കൂടുതലായി ഈറയർ നിങ്ങളിൽ ഇന്ന് സന്തോഷിക്കുന്നു.

7. ജലത്താലും പരിശുദ്ധാത്മാവിനാലും ജനിച്ചവരിൽ മാലാഖമാരും

www.malankaralibrary.com



ഈറയരും സന്തോഷിക്കുന്നു. ശാരീരികർ ആത്മീയരായി തീർന്നതിൽ അഗ്നിമയന്മാരും ആത്മീയരുമായവർ സന്തോഷിക്കുന്നു. പരിശുദ്ധൻ എന്നു പ്രഘോഷിക്കുന്നവർ വർധിക്കുന്നതിനാൽ, പരിശുദ്ധൻ എന്നു പാടുന്ന സ്രാപ്പേന്മാർ സന്തോഷിക്കുന്നു.

8. അനുതപിക്കുന്ന പാപികളിൽ സന്തോഷിക്കുന്ന മാലാഖമാർ, എല്ലാ പള്ളികളിലും സമൂഹങ്ങളിലും ഭൗമികർ സ്വർഗീയരായി സ്നാനത്തിൽ ജനിക്കുന്നതിൽ എത്രയധികമായി ഇപ്പോൾ സന്തോഷിക്കയില്ല!

9. സ്നാനപ്പെട്ടവർ ജലത്തിൽ നിന്നു കയറുമ്പോൾ പരിശുദ്ധരാകുന്നു. മുദ്രിതരായവർ ജലത്തിലേക്കിറങ്ങുമ്പോൾ പാപമോചിതരാകുന്നു. പുറത്തേക്കു വരുന്നവർ മഹത്വത്തിൽ പൊതിയപ്പെടുന്നു. ജലത്തിലേക്കിറങ്ങുന്നവർ പാപം നീക്കിക്കളയുന്നു. ആദാം ഒരു നിമിഷംകൊണ്ട് തന്റെ മഹത്വം ഉരിഞ്ഞുകളഞ്ഞു. നിങ്ങളാകട്ടെ, ഒരു നിമിഷംകൊണ്ട് മഹത്വം ധരിച്ചിരിക്കുന്നു.

10. ചെളികൊണ്ടുണ്ടാക്കിയ ഭവനം വീണുപോയാൽ ജലംകൊണ്ട് പുതുക്കിപ്പണിയാനാകും. ചെളികൊണ്ടുണ്ടാക്കിയ ആദത്തിന്റെ വീണുപോയ ശരീരം ജലത്താൽ നവീകരിക്കപ്പെട്ടു. ഇതാ, പുരോഹിതർ പണിക്കാരേപ്പോലെ നിങ്ങളുടെ ശരീരത്തെ നവീകരിക്കുന്നു.

11. മനുഷ്യമനസ്സ് എല്ലാ വിവരണങ്ങളും സ്വീകരിക്കുന്നതുപോലെ, എല്ലാ നിറങ്ങളും സ്വീകരിക്കുന്ന കമ്പിളി അതിന്റെ നിറത്താൽ വിളിക്കപ്പെടുന്നു എന്നത് അത്യാശ്ചര്യകരം തന്നെ. ശ്രോതാക്കളായ നിങ്ങൾ സ്നാനപ്പെട്ടപ്പോൾ 'പങ്കെടുക്കുന്നവർ'[66] എന്നു വിളിക്കപ്പെട്ടതുപോലെയാണത്.

12. ഏലീശാ സാധാരണജലത്തെ നിഗൂഢനാമത്താൽ വിശുദ്ധീകരിച്ചു. ദൃശ്യമായ കുഷ്ഠം അതിൽ കഴുകി, അദൃശ്യശക്തി അതിനെ ശുദ്ധീകരിച്ചു.[67] സ്നാനത്തിൽ പാപങ്ങൾ എന്നപോലെ ജലംവഴി കുഷ്ഠം നീക്കപ്പെട്ടു.

13. ഇന്നു നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുകയും നിങ്ങളുടെ നാമങ്ങൾ എഴുതപ്പെടുകയും ചെയ്തു. പുരോഹിതൻ ജലംകൊണ്ട് മായിച്ചുകളയുന്നു, മിശിഹാ സ്വർഗത്തിൽ രേഖപ്പെടുത്തുന്നു. മായിച്ചുകളയലാലും രേഖപ്പെടുത്തലാലും നിങ്ങളുടെ സന്തോഷം ഇരട്ടിയാകുന്നു.

14. ഇതാ, ഇന്ന് കാരുണ്യം ഉദിച്ചുയരുകയും ഒരറ്റം മുതൽ മറ്റേ അറ്റം വരെ വ്യാപിക്കുകയും ചെയ്തിരിക്കുന്നു. സൂര്യൻ അസ്തമിക്കുകയും കാരുണ്യം ഉദിച്ചുയരുകയും ചെയ്തു. നീതി അതിന്റെ ക്രോധം അടക്കി.

---

66. നാസോബേ 67. 2രാജാ.5,1 ff.

www.malankaralibrary.com



കൃപ അതിന്റെ സ്നേഹം വ്യാപിപ്പിച്ചു. ഇതാ, അത് അനുകമ്പയും രക്ഷയും സൗജന്യമായി വർഷിക്കുന്നു.

15. നേരത്തേ അകത്തുണ്ടായിരുന്ന പഴയ ആടുകൾ, അവിടേക്കു കടന്നുവന്ന പുതിയ കുഞ്ഞാടുകൾക്ക് സമാധാനചുംബനം നൽകാൻ ഓടിയടുക്കുന്നു. ശുഭ്രനിറമുള്ള അവർ ശുഭ്രവസ്ത്രധാരികളാണ്. അകത്തും പുറത്തും ശുഭ്രവർണമാണ്; നിങ്ങളുടെ ശരീരവും നിങ്ങളുടെ വസ്ത്രവും!

16. എല്ലാ വായ്കളും നിങ്ങളെ ഭാഗ്യവാന്മാർ എന്നു പ്രകീർത്തിക്കട്ടെ. കാരണം, എല്ലാത്തരത്തിലും നിങ്ങൾ ഭാഗ്യവാന്മാരാണ്. പാപം നിങ്ങളിൽനിന്ന് ഓടിക്കപ്പെട്ടു. പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുന്നു. ദുഷ്ടന്റെ മുഖം ഇരുണ്ടുപോയി, നല്ലവന്റെ മുഖം പ്രകാശിച്ചു.

17. നിങ്ങൾ സൗജന്യമായി ദാനം സ്വീകരിച്ചു. അതു സംരക്ഷിക്കുന്നതിൽ നിന്നു വിരമിക്കരുത്. മുത്ത് നഷ്ടമായാൽ പിന്നെ കണ്ടെത്താൻ സാധിക്കയില്ല. കാരണം, അത് കന്യാത്വത്തിന് സമമാണ്. അത് ഒരിക്കൽ നഷ്ടമായാൽ, പിന്നെ കണ്ടെത്തപ്പെടുകയില്ല.

18. നിങ്ങളുടെ ശുഭ്രവസ്ത്രത്തിന്റെ ശക്തിയാൽ നിങ്ങൾ എല്ലാ മാലിന്യങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടട്ടെ. തന്റെ സ്വാതന്ത്ര്യം വീണ്ടും മലിനമാക്കിയവന് തന്റെ കണ്ണീരുകൊണ്ട് വീണ്ടും കഴുകാൻ കഴിയും. നിങ്ങളുടെയെല്ലാം ദാസനായ എന്നെ നിങ്ങളുടെ പ്രാർഥന രക്ഷിക്കട്ടെ.

19. വാക്കുകൾ കൊണ്ട് വ്യാപരിച്ച ഗാനരചയിതാവ് കാരുണ്യത്താൽ പാപപരിഹാരം നേടട്ടെ. സ്വരംകൊണ്ട് അധ്വാനിച്ച പ്രബോധകൻ കൃപയാൽ പാപമോചനം പ്രാപിക്കട്ടെ. സ്നാനം നൽകി അധ്വാനിച്ച പുരോഹിതന് നീതിയുടെ കിരീടം ലഭിക്കട്ടെ.[68]

20. ഞങ്ങളുടെ പെരുന്നാളുകളുടെ നാഥനു സ്തുതിയെന്ന് ഭൗമികരും സ്വർഗീയരും, ഈറയരും ക്രോബകളും സ്രാപ്പികളും, സ്നാനം സ്വീകരിച്ചവരും മുദ്രിതരും ശ്രോതാക്കളുമായ നമുക്കെല്ലാവർക്കും ഒത്തൊരുമിച്ച് എല്ലാവരുടെയും വായ്കളിൽ നിന്നും ഉച്ചത്തിൽ വിളിച്ചുപറയാം.

# 7

1. യാക്കോബിന്റെ ആടുകൾ ഇറങ്ങിവന്ന് കിണറിനു ചുറ്റും നിന്നു. കുരിശിന്റെ ഛായയും പ്രതീകവുമായ കമ്പുകൾ ധരിച്ചിരുന്ന ഛായാവസ്ത്രം

68. സ്നാനഗീതം 3,28

www.malankaralibrary.com



ജലത്തിൽ അവ ധരിച്ചു. കുരിശിലൂടെ ആ ദൃഷ്ടാന്തം അതിന്റെ അർഥം കണ്ടെത്തി.

*പ്രതിസ്തോത്രം: നിങ്ങൾ തന്റെ ശരീരം യോഗ്യമാംവിധം സ്വീകരിക്കാൻ, നിങ്ങളുടെ പാപങ്ങൾ മോചിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. അവൻ കമ്പുകളിൽ ഛായകളും ആടുകളിൽ ദൃഷ്ടാന്തവും രൂപീകരിച്ചു. കമ്പുകളിൽ കുരിശ് സൂചിതമായിരുന്നു; ആടുകളിൽ ആത്മാക്കളും. അവന്റെ കമ്പുകൾ നമ്മുടെ തടിയുടെ പ്രതീകമായിരുന്നു; അവന്റെ ആടുകൾ നമ്മുടെ ആലയുടെ പ്രതീകവും.

3. മിശിഹായുടെ അജഗണം സന്തോഷപൂർവം മാമോദീസാത്തൊട്ടിയുടെ ചുറ്റും നിൽക്കുന്നു. അവർ ജലത്തിൽ മഹനീയവും സജീവവുമായ കുരിശിന്റെ സാദൃശ്യം ധരിക്കുന്നു. സൃഷ്ടി മുഴുവൻ അതിനെ നോക്കുന്നു. എല്ലാം അതിന്റെ ഛായയിൽ മുദ്രകുത്തപ്പെട്ടിരിക്കുന്നു.

4. കിണറ്റിൻ കരയിൽവച്ച് റിബേക്കാ തന്റെ കാതുകൾക്കും കരങ്ങൾക്കുമുള്ള ആഭരണങ്ങൾ സ്വീകരിച്ചു.[69] മിശിഹായുടെ വധു ജലത്തിൽ നിന്നുള്ള നിക്ഷേപങ്ങൾ ധരിച്ചു. അവളുടെ കൈകളിൽ സജീവശരീരവും അവളുടെ കാതുകളിൽ വാഗ്ദാനങ്ങളും!

5. മോശ വെള്ളം കോരി, പാപത്തിന്റെ പുരോഹിതനായ യിത്രോയുടെ ആടുകളെ കുടിപ്പിച്ചു.[70] നമ്മുടെ ഇടയൻ തന്റെ ആടുകളെ സ്നാനപ്പെടുത്തി; കാരണം, അവനാണ് സത്യമഹാപുരോഹിതൻ. മോശയുടെ കിണറ്റിൻ കരയിൽ മൂകമായ അജഗണം, ഇവിടെ സംസാരശക്തിയുള്ള ആടുകൾ!

6. ജനം കടലിൽകൂടെ കടക്കുകയും സ്നാനമേൽക്കുകയും ചെയ്തു. അവർ കരയ്ക്കുകയറി വിജാതിയരായിത്തീർന്നു. കൽപ്പനകൾ അവരുടെ കാതുകളിൽ കർമരഹിതമായിരുന്നു. മന്നാ അവരുടെ പാത്രങ്ങളിൽ ചീഞ്ഞുപോയി.[71] അതിനുപകരം എല്ലാവരെയും ജീവിപ്പിക്കുന്ന, ജീവൗഷധമായ സജീവാപ്പം നിങ്ങൾ ഭക്ഷിക്കുവിൻ.

7. ലോത്തിന്റെ മക്കളോട് മോശ പറഞ്ഞു:"ഞങ്ങൾക്ക് വിലയ്ക്ക് വെള്ളം തരിക; ഞങ്ങൾ നിങ്ങളുടെ നാട്ടിൽ കൂടെ കടന്നുപോകുക മാത്രമേയുള്ളു".[72] അവർ കാലികവെള്ളം നൽകിയില്ല, കടത്തിവിട്ടുമില്ല. ഇതാ, സജീവജലം സൗജന്യമായി; ഇതാ, ഏദനിലേക്കു നയിക്കുന്ന പാത!

---

69. ഉല്പ.24,47(പ്ശീത്താ) 70. പുറ.2,17

71. പുറ.16,20 72. സംഖ്യ 21,21 f.

www.malankaralibrary.com



8. യുദ്ധത്തിൽ വിജയിച്ച പോരാളികളെ ഗിദയോൻ ജലത്തിൽ നിന്നു തെരഞ്ഞെടുത്തു.[73] തെളിഞ്ഞ സ്നാനജലത്തിലേക്ക് നിങ്ങൾ താഴ്ന്നിറങ്ങിയിരിക്കുന്നു. നിങ്ങൾ പൊങ്ങിവന്ന് പോരാട്ടത്തിൽ വിജയികളാകുവിൻ. ജലത്തിൽ നിന്ന് പാപമോചനവും പോരാട്ടത്തിൽ നിന്ന് കിരീടവും പ്രാപിക്കുവിൻ.

9. സ്നാനം സ്വീകരിച്ചവരേ, ഗിദയോന്റെ ആളുകളുടെ പന്തങ്ങൾ പോലെ നിങ്ങളുടെ വിളക്കുകൾ എടുക്കുവിൻ.[74] അന്ധകാരത്തെ നിങ്ങളുടെ വിളക്കുകൾകൊണ്ടും നിശ്ശബ്ദതയെ നിങ്ങളുടെ ഓശാനവിളികൾ കൊണ്ടും കീഴടക്കുവിൻ. കാരണം, ഗിദയോൻപോലും പോരാട്ടത്തിൽ ആരവാരത്താലും ജ്വാലയാലും ജേതാവായി.

10. ദാവീദുരാജാവ് കുടിവെള്ളത്തിനായി ദാഹിക്കുകയും അവർ അവന് അത് എത്തിച്ചുകൊടുക്കുകയും ചെയ്തു. മനുഷ്യരക്തം കൊണ്ടാണ് അത് വാങ്ങിയതെന്ന് കണ്ടതിനാൽ, അവനത് കുടിച്ചില്ല.[75] ദൈവത്തിന്റെ രക്തത്താൽ വാങ്ങപ്പെട്ട വെള്ളത്തിൽ നിങ്ങൾ സ്നാപിതരായിരിക്കുന്നു.

11. മുന്തിരിങ്ങാ ചവിട്ടുന്നവനെപ്പോലെ ഏദോമിൽ നിന്നു വരുന്നതായി പ്രവാചകൻ ദൈവത്തെ കണ്ടു.[76] ക്രോധത്തിന്റെ മുന്തിരിച്ചക്ക് അവൻ സുസജ്ജമാക്കി; അത് ജനതകളെ ചവിട്ടിമെതിക്കയും ജനത്തെ രക്ഷിക്കുകയും ചെയ്തു. അതിനു വിരുദ്ധമായി ഇപ്പോൾ അവൻ സ്നാനം സ്ഥാപിച്ചു: ജനതകൾ രക്ഷിക്കപ്പെടുകയും ജനം നിരസിക്കപ്പെടുകയും ചെയ്തു.

12. ജറമിയാ തുണികൊണ്ടുള്ള ആ ഇടക്കെട്ട് നദിയിൽ ഒളിച്ചുവയ്ക്കുകയും അത് കേടാകുകയും ചെയ്തു.[77] ദുഷിച്ച് പഴകി വീണുപോയ ആ ജനത്തിന്റെ പ്രതീകം അതിലൂടെ അവൻ കാണിച്ചു. എന്നാൽ ദുഷിച്ചു വീണുപോയ ജനതകൾ സ്നാനജലത്തിലൂടെ നവീകരിക്കപ്പെട്ടു.

13. സ്തുത്യർഹമായ ശീലോഹാം കനാലിൽ[78] പുരോഹിതന്മാർ സോളമനെ തൈലംപൂശി. ബഹുമാന്യമായിരുന്നു അവന്റെ യൗവനം, നിന്ദ്യമായിരുന്നു അവന്റെ വാർധക്യം. തെളിഞ്ഞ സ്നാനജലത്തിലൂടെ നിങ്ങളും സ്വർഗീയ സംശുദ്ധത ധരിച്ചിരിക്കുന്നു.

14. മഞ്ഞു വീണിട്ടും ഉണങ്ങിയിരുന്ന കമ്പിളിയിൽ ജറുസലേം ചിത്രീകരിക്കപ്പെട്ടു. ജലം നിറഞ്ഞ പാത്രത്തിൽ സ്നാനം ചിത്രീകരിക്കപ്പെട്ടു.

---

73. ന്യായാ.7,4 ff. 74. ന്യായാ.7,20. 75. 1ദിന.11,16–19

76. ഏശാ.63,1 ff. 77. ജറ.13,7

78. 1രാജാ.1,38 (ഗീഹോൻ;പ്ശീതായിൽ ശീലോഹാ നഹ്റാ)

www.malankaralibrary.com



അതിന്റെ മുൻകുറിപോലെ[79] അത് ഉണങ്ങിയിരുന്നു. ഇതിന്റെ പ്രതീകം പോലെ[80] ഇത് നിറഞ്ഞിരുന്നു.[81]

15. ക്ഷീണിച്ച ശരീരം ജലത്തിൽ കുളിച്ച് ഉന്മേഷഭരിതമാകുന്നു. ഇതാ, ഉന്മേഷവും ജീവനും സന്തുഷ്ടിയും മറഞ്ഞിരിക്കുന്ന കുളി! സൃഷ്ടിയിൽ ക്ഷീണം കൊണ്ടുവന്ന[82] ക്ഷീണിച്ച ആദം അതിൽ നവോന്മേഷം കണ്ടെത്തി.

16. പനിക്കെതിരെ ശരീരത്തിൽ വിയർപ്പിന്റെ ഉറവ വയ്ക്കപ്പെട്ടിരിക്കുന്നു. നരകാഗ്നിക്കെതിരെ സ്നാനത്തിന്റെ ഉറവ സ്ഥാപിതമായിരിക്കുന്നു. ഗേഹന്നായെ അണയ്ക്കാൻ കഴിവുള്ളതാണ് ഈ ജലം.

17. മരുഭൂമിയിലൂടെ യാത്ര ചെയ്യുന്നവൻ, തളർത്തിക്കളയുന്ന ദാഹത്തിനെതിരെ സംരക്ഷണമായി ജലം കരുതുന്നു. മിശിഹായുടെ ഉറവയിലേക്കിറങ്ങി മരണത്തിനെതിരെ സംരക്ഷണമായി നിങ്ങളുടെ അവയവങ്ങളിൽ ജീവൻ കരുതുവിൻ.

18. വീണ്ടും, മുങ്ങൽവിദഗ്ദ്ധൻ കടലിൽനിന്ന് മുത്തെടുത്ത് കൊണ്ടുവരുന്നു. സ്നാനപ്പെട്ട് ജലത്തിൽ നിന്ന് അതിൽ നിഗൂഢമായിരിക്കുന്ന നൈർമല്യം, ദൈവത്വത്തിന്റെ കിരീടത്തിൽ രത്നമായി വയ്ക്കപ്പെടുന്ന മുത്ത്, എടുത്തുകൊണ്ടുവരുവിൻ!

19. കപ്പിത്താൻ ഒരു പാത്രത്തിൽ ശുദ്ധജലം സംഭരിച്ചുവയ്ക്കുന്നു. കടൽജലത്തിനിടയിൽ, ഉപ്പുവെള്ളത്തിനിടയിൽ, അവൻ ശുദ്ധജലം സംഭരിച്ചു സൂക്ഷിക്കുന്നു. പാപക്കടലിന്റെ ഇടയിൽ സ്നാനജലം നിങ്ങളെ സംരക്ഷിക്കുന്നു.

20. സമറിയാക്കാരി നമ്മുടെ കർത്താവിനോടു പറഞ്ഞു: "കിണർ ആഴമുള്ളതാണ്".[83] മാമോദീസാ ഉന്നതമാണെങ്കിലും തന്റെ കാരുണ്യത്താൽ അത് നമ്മുടെ പക്കലേക്കു താണിറങ്ങി; കാരണം, പാപികളുടെ പക്കലേക്കുവന്ന പാപമോചനം ഉന്നതത്തിൽ നിന്നാണ്.

21. "ഞാൻ കൊടുക്കുന്ന ജലം കുടിക്കുന്നവന് വീണ്ടും ഒരിക്കലും ദാഹിക്കയില്ല."[84] എന്റെ വത്സലരേ, ഈ വിശുദ്ധ സ്നാനത്തിനുവേണ്ടിയാണ് നിങ്ങൾ ദാഹിച്ചത്. മറ്റൊരു സ്നാനത്തിന് എത്തരക്കവിധം മേലിൽ ഒരിക്കലും നിങ്ങൾക്ക് ദാഹിക്കയില്ല!

22. അന്ധൻ ശീലോഹാകുളത്തിൽ കഴുകി കാഴ്ചയുള്ളവനായി. അവന്റെ കണ്ണുകൾക്ക് ജലത്തിൽ നിന്ന് പ്രകാശം ലഭിച്ചു. അവയിൽ ഉണ്ടാ

79. ഥുപ്സാ 80. റാസാ 81. ന്യായാ.6,37f
82. ഉല്പ.3,17 83. യോഹ.4,11 84. യോഹ.4,14

www.malankaralibrary.com



യിരുന്ന അന്ധകാരം അവ ഉരിഞ്ഞുകളഞ്ഞു. നിങ്ങൾ അദൃശ്യാന്ധകാരം ഉരിഞ്ഞുകളഞ്ഞു. ജലത്തിൽ നിന്ന് നിങ്ങൾക്ക് പ്രകാശവസ്ത്രം ലഭിച്ചു.

23. ഒരു കൊലപാതകി ആകാതിരിക്കാൻ പീലാത്തോസ് കൈകൾ കഴുകി.[85] അതിനുപകരം നിങ്ങൾ നിങ്ങളുടെ ശരീരങ്ങളും കരങ്ങളും വായും കഴുകി! നിങ്ങൾ കടന്നുവന്ന് എല്ലാവർക്കും ജീവൻ നൽകുന്ന ജീവൗഷധം ഭക്ഷിക്കുവിൻ.

24. "എന്റെ പിന്നാലെ വരുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം."[86] നശ്വരമായ മീൻപിടിത്തത്തിനുപകരം നിത്യമായ മീൻപിടിത്തം അവർ നടത്തി. മത്സ്യങ്ങളെ പിടിച്ചു കൊന്നവർ, മർത്യരെ സ്നാനപ്പെടുത്തി ജീവൻ നൽകി.

25. ശെമയോന്റെ വല കടലിൽനിന്ന് നൂറ്റമ്പത്[87] മത്സ്യങ്ങളെ പിടിച്ചു. എന്നാൽ അവന്റെ പ്രഘോഷണം സ്നാനത്തിന്റെ മടിത്തട്ടിൽ നിന്ന് പതിനായിരക്കണക്കിന് മനുഷ്യരെ, രാജ്യത്തിന്റെ പുത്രന്മാരായ മത്സ്യങ്ങളെ പിടിച്ചു.

26. ഇതാ, നമ്മുടെ പുരോഹിതൻ മീൻപിടിത്തക്കാരനെപ്പോലെയാണ്; അവൻ വളരെ കുറച്ചു ജലത്തിനു സമീപം നിൽക്കുന്നു. എങ്കിലും എല്ലാത്തരത്തിലും എല്ലാ രൂപത്തിലുമുള്ള വലിയ മത്സ്യബന്ധനം നടത്തിയിരിക്കുന്നു. സ്വർഗീയരാജാവിനു സമർപ്പിക്കാനായി അവൻ വല വലിച്ചുകയറ്റുന്നു.

27. ശെമയോൻ മീൻപിടിച്ച് കരയ്ക്കു കയറ്റി നമ്മുടെ കർത്താവിന്റെ മുമ്പിലെത്തിച്ചു. ശെമയോനിൽ നിന്ന് കിട്ടിയ കൈവയ്പ്പിന്റെ ശക്തിയാൽ, നമ്മുടെ പുരോഹിതൻ ജലത്തിൽ നിന്ന് കന്യകകളെയും സംശുദ്ധരെയും പിടിച്ച്, പെരുന്നാളുകളുടെ നാഥന് പെരുന്നാളിൽ സമർപ്പിച്ചു.

28. എന്റെ കർത്താവേ, നിന്റെ കാരുണ്യത്താൽ എന്നെ രക്ഷിക്കണമെ എന്ന് ഞാൻ നിന്നോടപേക്ഷിക്കുന്നു. കാരണം, മർത്യന്റെ മരണം നീ ആഗ്രഹിക്കുന്നില്ല. പിന്നെയോ, അവന്റെ ജീവനാണ് കാംക്ഷിക്കുന്നതെന്ന് നീയും ശപഥംചെയ്ത് പറഞ്ഞിട്ടുണ്ടല്ലോ. ശപഥംചെയ്തു പറഞ്ഞവനേ, പീഡിതനായ എന്നോട് കരുണ കാണിക്കണമെ.

# 8

1. തന്റെ കാരുണ്യം വെള്ളത്തിൽ കലർത്തുന്നതിനും തന്റെ മഹനീയ പ്രകൃതി മനുഷ്യരുടെ ബലഹീന ശരീരങ്ങളുമായി ബന്ധിക്കുന്നതി

85. മത്താ.27,24 86. മത്താ.4,19 87. യോഹ.21,11(153 മത്സ്യങ്ങൾ)

www.malankaralibrary.com



നും,ദൈവം തന്റെ കാരുണ്യത്താൽ താണിറങ്ങിവന്നു. അവൻ താണിറങ്ങി വന്ന് മാതൃഉദരത്തിൽ വസിച്ച രീതിക്കു സമമായി താണിറങ്ങി വന്ന് നമ്മിൽ വസിക്കുന്നതിന് ജലത്തിൽ ഒരു മാർഗമുണ്ടാക്കി. ഓ, നമ്മിൽ വസിക്കുന്ന തിന് എല്ലാ മാർഗങ്ങളും തേടിയ ദൈവകാരുണ്യം!

*പ്രതിസ്തോത്രം: നിങ്ങൾ ഭാഗ്യവാന്മാരാണ്, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ശരീരം പ്രകാശിക്കുന്നു.*

2. അവൻ ഹോറേബ് മലയിലെ ഗുഹയിൽ താണിറങ്ങിവരികയും തന്റെ മഹത്വം മോശയുടെമേൽ ആവസിപ്പിക്കുകയും ചെയ്തു. അവൻ തന്റെ മഹനീയശോഭ മർത്യരിൽ കലർത്തി. അത് സ്നാനത്തിന്റെ ഒരടയാളമായി രുന്നു.[88] ബലഹീന മനുഷ്യരിൽ വസിക്കാനായി താണിറങ്ങിവന്ന് അതിൽ വസിക്കുകയും ജലത്തിൽ കലർത്തുകയും തന്റെ ഔന്നത്യത്തിന്റെ ശക്തി മയപ്പെടുത്തുകയും ചെയ്തു. മോശയുടെമേൽ ഒരു ശ്വാസം മാത്രമേ വന്നു വസിച്ചുള്ളു. എന്നാൽ നിങ്ങളിൽ മിശിഹായുടെ പൂർണത മുഴുവനും വസി ക്കുന്നു.[89]

3. വിമോചകരിൽ പ്രധാനിയായ മോശയ്ക്കോ, തീക്ഷ്ണരിൽ പ്രധാ നിയായ ഏലിയായ്ക്കോ സഹിച്ചുകൂടാത്ത ശക്തി! എല്ലാറ്റിനെയും കീഴട ക്കുന്ന ശക്തി! അതിനു മുമ്പിൽ സ്രാപ്പേന്മാർ തങ്ങളുടെ മുഖം മൂടുന്നു. തന്റെ മുമ്പിൽ ബലഹീന മനുഷ്യർക്ക് ജലത്തിലും തൈലത്തിലും അത് ധരിച്ച് നിൽക്കാൻ കഴിയുന്നതിന്, തന്റെ കാരുണ്യം ജലത്തിലും തൈല ത്തിലും കലർത്തി.

4. മഹാപുരോഹിതൻ മാമോദീസാത്തൊട്ടിയിൽ കലർത്തുന്ന സ്തുത്യർഹാഗ്നിയുടെ പ്രതീകമായി, തടവുകാരായ പുരോഹിതർ ദേവാല യാഗ്നി ഒരു കിണറ്റിൽ ഒളിച്ചുവച്ചു.[90] പുരോഹിതർ കിണറ്റിലെ ചെളിയെ ടുത്ത് ബലിപീഠത്തിന്മേൽ തളിച്ചു. കാരണം, ആ കിണറ്റിലെ അഗ്നി ചെളി യുമായി കൂടിക്കലർന്നിരുന്നു. സ്നാനജലത്തിൽ അഗ്നിയോടും ആത്മാ വോടും കൂടിക്കലർന്ന നമ്മുടെ ശരീരത്തിന്റെ ഒരു പ്രതീകമാണത്.[91]

5. ജേതാക്കളായ മൂന്നു ബാലന്മാർ ബാബേലിൽ തീച്ചൂളയിൽ സ്നാന പ്പെടുകയും പുറത്തേക്കു വരികയും ചെയ്തു. അവർ അകത്തുകടന്ന് അഗ്നി ജ്വാലകളിൽ മുങ്ങുകയും അവയുടെ ഇടയിൽ സന്തുഷ്ടരായി വ്യാപരിക്കു കയും ചെയ്തു. സ്വർഗീയ പനിമഞ്ഞ് അവരുടെമേൽ തളിക്കപ്പെട്ടു.[92] അത്

88. ആസാ 89. എഫേ.1,23;4,13

90. 2മക്ക.1,19 91. റാസാ

92. ദാനി.3,50

www.malankaralibrary.com



അവരിൽനിന്ന് ഭൗമികചങ്ങല പൊട്ടിച്ചുകളഞ്ഞു. ഇതാ, ജേതാക്കളായ മൂന്നു യുവാക്കൾ അതിൽ പ്രവേശിക്കുകയും അതിൽ നാലാമതൊരാളെ കാണുകയും ചെയ്തു.[93]

6. സ്നാനജലത്തിൽ കലർത്തപ്പെടുകയും മറഞ്ഞിരിക്കുകയും ചെയ്യുന്ന അഗ്നിയെയും പരിശുദ്ധാത്മാവിനെയും ദൃശ്യമായി കത്തിജ്വലിച്ച ആ അഗ്നി സൂചിപ്പിച്ചു. ജ്വാലയിൽ സ്നാനം സുചിതമായിരുന്നു. എന്റെ സഹോദരരേ, തീച്ചൂളയിൽ നാലാമനായിരുന്ന ദൈവത്വത്തിലെ മൂന്നാമൻ[94] നിഗൂഢമായി വസിക്കുകയും ചങ്ങലകൾ തകർക്കുകയും ചെയ്യുന്ന ഈ തീച്ചൂളയിൽ കടന്ന് സ്നാനപ്പെടുവിൻ!

7. നമ്മുടെ കർത്താവ് രണ്ടു വാക്കുകൾ ഉച്ചരിച്ചു; അവ ഏകയോഗമായി പരസ്പരം ബന്ധിതമായിരുന്നു. അവിടുന്ന് പറഞ്ഞു: "തീയിടാൻ ഞാൻ വന്നിരിക്കുന്നു;" "എനിക്കൊരു മാമോദീസാ മുങ്ങാനുണ്ട്".[95] ദുഷ്ടൻ കത്തിച്ച അഗ്നിയെ അവന്റെ അഗ്നി കെടുത്തിക്കളഞ്ഞു; കലഹത്തിന്റെ ആ ജലത്തെ അവന്റെ ജലം കീഴടക്കി. അതുകൊണ്ടാണ് അവൻ ജോസഫിനെ പരീക്ഷിച്ചത്; അവൻ വിജയിയായി കിരീടധാരിയായി.

8. ഇതാ, നമ്മുടെ രക്ഷകൻ തന്റെ കാരുണ്യത്താൽ മനുഷ്യകുലത്തിൽ കത്തിച്ച സംശുദ്ധാഗ്നി! മലിനരിലും പാപികളിലും ആളിക്കത്തുന്നതും കളകളും മുൾച്ചെടികളും വളർത്തുന്നതുമായ ആ അഗ്നിയെ അവന്റെ അഗ്നി ശമിപ്പിക്കുന്നു. നിങ്ങളുടെ പാപപ്പടർപ്പ് കത്തിച്ചുകളയുകയും നിങ്ങളുടെ വിത്തുകൾ സ്വർഗോന്മുഖമായി വളർത്തുകയും ചെയ്യുന്ന അഗ്നിയിൽ സ്നാപിതമായ നിങ്ങളുടെ ശരീരങ്ങൾ ഭാഗ്യമുള്ളവ!

9. അവൻ ജറമിയായെ മാതാവിന്റെ ഉദരത്തിൽ വച്ചുതന്നെ പവിത്രീകരിക്കുകയും അതിലൂടെ ഇപ്രകാരം പഠിപ്പിക്കുകയും ചെയ്തു: ഗർഭധാരണത്തിനും പ്രസവത്തിനുംവേണ്ടി ബലഹീനമായ സ്ത്രൈണഗർഭപാത്രം പവിത്രീകൃതമായെങ്കിൽ, ആത്മീയരും വെടിപ്പുള്ളവരുമായവരുടെ ഗർഭധാരണവും ജനനവും എത്രയധികമായി മാമോദീസാ പവിത്രീകരിക്കയില്ല! മാതൃ ഉദരത്തിലാണ് എല്ലാ മനുഷ്യരുടെയും ഗർഭധാരണം! എന്നാൽ ഇവിടെ സ്നാനജലത്തിൽ നിന്നാണ് ആത്മീയർക്ക് സദൃശ്യരായവരുടെ ജനനം നടക്കുന്നത്!

10. മാതാവിന്റെ ഉദരത്തിൽ വച്ചുതന്നെ പവിത്രീകൃതനായ ജറമിയായെ അവരെടുത്ത് കിണറ്റിലേക്കെറിഞ്ഞു.[96] അവൻ ചെളിക്കുണ്ടിൽ പരിശുദ്ധ

93. ദാനി.3,92 94. ത്ലീതായാ ദാലാഹാ

95. ലൂ.12,49.50 96. ജറമി. 38,6

www.malankaralibrary.com



നായി നിലകൊണ്ടു. കാരണം, ചെളിയിലും അവന്റെ ഹൃദയം സംശുദ്ധമായിരുന്നു. എന്റെ സഹോദരരേ, നിങ്ങൾ കരുതലോടിരിക്കുവിൻ! കാരണം, ഇന്ന് നിങ്ങളുടെ അദൃശ്യമാലിന്യവും പാപങ്ങളുടെ കളങ്കവും കഴുകപ്പെട്ടിരിക്കുന്നു. വീണ്ടും മാലിന്യത്തിലേക്ക് തിരിയരുത്. കാരണം, നിങ്ങളുടെ ശരീരശുദ്ധീകരണത്തിന് ഒരേയൊരു കഴുകൽ മാത്രമേയുള്ളൂ.

11. സ്നാനപ്പെട്ടിട്ട് വീണ്ടും പാപം ചെയ്യുന്നവൻ, തന്റെ പുറംചട്ട ഉരിഞ്ഞുകളഞ്ഞ് വീണ്ടും ധരിക്കുന്ന പാമ്പിനെപ്പോലെയാണ്. അത് നവീകരിക്കപ്പെട്ട് ചെറുപ്പമായി തന്റെ പഴയ സ്വഭാവം ധരിക്കാൻ വീണ്ടും പൂർവസ്ഥിതിയിലാകുന്നു. കാരണം, പാമ്പ് അതിന്റെ പഴയ പ്രകൃതി മാറ്റുന്നില്ല. ആത്മാവിനെ മലിനമാക്കുന്ന പഴയചിന്തകൾ ഉരിഞ്ഞുകളയുക! നിങ്ങൾ ധരിച്ച നവീനത്വം വീണ്ടും മാറ്റാൻ പഴയമനുഷ്യൻ ഇടയാക്കാതിരിക്കട്ടെ.[97]

12. ഏലീശാ ഒരു തടിക്കഷണം വെള്ളത്തിലിട്ടു.[98] ഭാരമുള്ളത് പൊങ്ങിക്കിടക്കാനും ഭാരം കുറഞ്ഞത് താഴാനും അവൻ ഇടയാക്കി: ജലത്തിൽ അവയുടെ സ്വഭാവങ്ങൾ മാറി. പതിവായതിൽ നിന്നു വ്യത്യസ്തമായ ഒന്ന് അവിടെ സംഭവിച്ചു. ഗൗരവമേറിയ പാപങ്ങൾ ജലത്തിനുള്ളിലേക്കു പോയിട്ട്, ഭാരരഹിതമായ ആത്മാവ് പുറത്തേക്ക് വരികയും സ്വർഗീയോന്നതങ്ങളിലേക്ക് ഉയർത്തപ്പെടുകയും ചെയ്യുക എന്നത് എന്റെ കർത്താവേ, നിന്റെ കൃപയ്ക്ക് അതിലും എത്ര എളുപ്പമാണ്!

13. ഇതാ, ശാന്തവും വിശുദ്ധവും സന്തുഷ്ടവും സ്വച്ഛന്ദവുമായ ജലം നിങ്ങളുടെ മുമ്പിൽ! കാരണം, ജോസഫിനെ പൊട്ടക്കിണറ്റിലിട്ട തർക്കത്തിന്റെ ജലമല്ലിത്.[99] ജനങ്ങൾ കലഹിച്ച് ദൈവത്തെ പ്രകോപിപ്പിച്ച കലഹജലവുമല്ലിത്.[100] പിന്നെയോ, സ്വർഗവുമായി അനുരഞ്ജനപ്പെടുത്തുന്ന ജലമാണിത്.

14. ഹാഗാർ വെള്ളത്തിന്റെ ഉറവ കാണുകയും ദുശ്ശാഠ്യക്കാരനെ അതിൽ നിന്ന് കുടിപ്പിക്കുകയും ചെയ്തു. അവൻ മരുഭൂമിയിൽ ഒരു കാട്ടുകഴുത ആയിത്തീർന്നു.[101] ആ ഉറവയ്ക്കുപകരം സ്നാനജലത്തിൽ ഹാഗാറിന്റെ മക്കൾ സ്നാനപ്പെടുകയും ശാന്തരും സമാധാനപ്രിയരും ആയിത്തീരുകയും ചെയ്തു. കാളകളോടൊപ്പം നുകത്തിൽ കെട്ടപ്പെട്ട് ഒത്തൊരുമയോടെ ജോലിചെയ്യുകയും തങ്ങളുടെ അധ്വാനത്തിൽ നിന്ന് നൂറുമേനി വിളവുണ്ടാക്കുകയും ചെയ്ത കാട്ടുകഴുതകളെ ആര് കണ്ടിട്ടുണ്ട്!

97. കൊളോ.3,9;എഫേ.4,22;റോമ.6,5

98. 2രാജാ.6,6 99. ഉല്പ.37,24 100. സംഖ്യ 20,13

101. ഉല്പ.21,19;16,11

www.malankaralibrary.com



15. ആവസിക്കുന്ന റൂഹാ ആദിയിൽ ജലത്തിന്മീതേ ആവസിച്ചിരുന്നു.[102] അത് കടൽപാമ്പുകളെയും മത്സ്യങ്ങളെയും പറവകളെയും ഗർഭം ധരിച്ച് പ്രസവിച്ചു. പരിശുദ്ധാത്മാവ്[103] സ്നാനജലത്തിന്മീതേ ആവസിക്കുകയും കഴുകന്റെ സാദൃശ്യത്തിൽ കന്യകകളെയും നേതാക്കന്മാരെയും ജനിപ്പിക്കുകയും ചെയ്തു. മത്സ്യങ്ങളുടെ സാദൃശ്യത്തിൽ സംശുദ്ധരെയും നിഷ്ക്കളങ്കരെയും ജനിപ്പിച്ചു. കടൽപാമ്പുകളുടെ സാദൃശ്യത്തിലുള്ള സൂത്രശാലികൾ പ്രാവുകളെപ്പോലെ നിഷ്ക്കളങ്കരായിത്തീർന്നു.[104]

16. ഇതാ, സ്നാനജലത്താൽ പിതാക്കളെയും പുത്രരെയും വേർപെടുത്തുന്ന നമ്മുടെ കർത്താവിന്റെ വാൾ! കാരണം, ജീവനുള്ളവരുടെയും മരിച്ചവരുടെയും ഇടയിൽ വേർതിരിവുണ്ടാക്കുന്ന സജീവവാൾ ഇതാകുന്നു. ഇതാ, സ്നാനത്തിലൂടെ അവർ കന്യകകളും താപസ്സരും ആയിത്തീരുന്നു. എന്തുകൊണ്ടെന്നാൽ അവർ ജലത്തിലേക്കിറങ്ങി സ്നാനപ്പെട്ട് ഏകജാതനെ ധരിച്ചിരിക്കുന്നു. ഇതാ, അനേകർ തങ്ങളുടെ ചാർച്ചക്കാരും മക്കളും സമ്പത്തുമായി അവന്റെ പക്കലേക്ക് ഓടിയെത്തുന്നു.

17. സ്നാനപ്പെട്ട്, അനേകരുടെ കർത്താവായ ഏകജാതനെ ധരിച്ചവന്, അവനോടുകൂടെ അനേകരുടെ ഇടം ലഭിക്കുന്നു. കാരണം, മിശിഹാ അവന്റെ മഹാനിക്ഷേപം ആയിത്തീർന്നു. അവൻ മരുഭൂമിയിൽ സമൃദ്ധമായ മേശയും കല്യാണവിരുന്നിൽ മേൽത്തരം വീഞ്ഞിന്റെ ഉറവയും ആയിത്തീർന്നു. സഹായങ്ങൾ കൊണ്ടും സൗഖ്യമാക്കൽ കൊണ്ടും വാഗ്ദാനങ്ങൾ കൊണ്ടും അവൻ എല്ലാവർക്കും എല്ലാമായിത്തീർന്നു.

18. ഏലീശാ തന്റെ വെടിപ്പും വിശുദ്ധിയുമുള്ള ജീവിതചര്യകളാൽ ഈറയരുടെ സഖിയായിത്തീർന്നു. ഈറയരുടെ പാളയം അവനെ ചുറ്റുന്നു. അതുപോലെ മാമോദീസാ നിങ്ങൾക്ക് കാവൽക്കാരുടെ ഒരു പാളയമായിരിക്കട്ടെ. ഹൃദയത്തിൽ ഭൗമികരുടെ പ്രത്യാശയും സ്വർഗീയകർത്താവും വസിക്കുന്നതിനാൽ, അവനുവേണ്ടി നിങ്ങളുടെ ശരീരങ്ങൾ വിശുദ്ധീകരിക്കുവിൻ. എന്തുകൊണ്ടെന്നാൽ അവൻ വസിക്കുന്നിടത്തുനിന്ന് പാപം അകന്നുപോകുന്നു.

19. തന്റെ തിരമാലകളാൽ ജനത്തെ സംരക്ഷിക്കുകയും അതിനാൽ തന്നെ ജനതകളെ മുക്കിക്കളയുകയും ചെയ്ത കടൽജലം വീണ്ടും ഉണ്ടായില്ല. സ്നാനത്തിൽ ജലം മാറ്റത്തിനു വിധേയമായി. ഇതാ, അതിൽ ജനതകൾ ജീവൻ കണ്ടെത്തി; ജനം മരണവും! കാരണം, എല്ലാവരെയും ജീവിപ്പിക്കുന്നവന്റെ ജലത്തിൽ സ്നാനമേൽക്കാത്തവൻ, ദൃശ്യമാംവിധം ഫറവോ കടലിൽ മുങ്ങിച്ചത്തതുപോലെ, അദൃശ്യമാംവിധം മരിച്ചവനാണ്.

---

102. ഉല്പ.1,2    103. റൂഹ്ഖുദ്ശാ    104. മത്താ.10,16

www.malankaralibrary.com



20. മത്തായിയുടെ മകനായ യോനായ്ക്കെതിരെ ഇളകിമറിഞ്ഞ് അവനെ ആഴത്തിലേക്ക് താഴ്ത്തിയ ആ കടൽജലം വീണ്ടും ഉണ്ടായില്ല. ഒളിച്ചോടിയവൻ ഒരു കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. ഒരു ചുഴി അവനെ മറ്റൊന്നിലേക്ക് വലിച്ചെറിഞ്ഞ് അടച്ചുപൂട്ടി. കാരണം, ദൈവം അവനെ കടലിലും തിമിംഗലത്തിനുള്ളിലും അടച്ചുപൂട്ടി. ആ പ്രസംഗകനുവേണ്ടി കൃപ ഈടുനിൽക്കുകയും കാരാഗൃഹം തുറക്കുകയും അവനെ പുറത്തേക്ക് നയിക്കുകയും ചെയ്തു.

21. "ദഹിപ്പിക്കുന്ന അഗ്നി" എന്ന് പ്രവാചകന്മാർ അത്യുന്നതനെ വിളിച്ചു. "അവനോടൊപ്പം ആയിരിക്കാൻ ആർക്കു കഴിയും?" ജനത്തിന് അവന്റെകൂടെ പാർക്കാൻ കഴിയാഞ്ഞതിനാൽ, അവൻ ജനതകൾക്കുവേണ്ടി തന്റെ ശക്തി കുറയ്ക്കുകയും അവർ അതുമായി ചേരുകയും ചെയ്തു. തൈലത്തിൽ നിങ്ങൾക്ക് അത് പൂശലായും ജലത്തിൽ വസ്ത്രമായും അപ്പത്തിൽ ഭക്ഷണമായും വീഞ്ഞിൽ പാനീയമായും ബന്ധുവായിത്തീർന്നു. അവന്റെ സ്വരത്തിൽ നിങ്ങൾ അതിനെ ശ്രവിച്ചു. ആത്മീയ നയനത്താൽ നിങ്ങൾ അതിനെ കണ്ടു.

22. ഈശോബർനൂൻ ജറീക്കോയുടെ കോട്ടകളെ ശപിക്കുകയും അതിന്റെ ഉറവകൾ പൂർണമായി നശിപ്പിക്കുകയും ചെയ്തു.[105] അവൻ അതിനെ ശപിക്കുകയും അത് നശിച്ചുപോകുകയും ചെയ്തു. യേശുവിന്റെ പ്രതീകത്തിലൂടെ[106] അത് അനുഗ്രഹിക്കപ്പെട്ടു. അതിലേക്ക് ഉപ്പിടുകയും അത് മധുരതരവും ആരോഗ്യദായകവുമായി മാറുകയും ചെയ്തു.[107] മറിയത്തിൽ നിന്നുള്ള മധുരമുള്ള ആ ഉപ്പിന്റെ പ്രതീകം! അത് ജലവുമായി കൂടിക്കലർന്ന് നമ്മുടെ പഴുത്ത വ്രണം സുഖപ്പെടുത്തി.

23. വീണ്ടും, അവന്റെ മാതാവും അവന്റെ നാമത്തിൽ സ്നാനപ്പെടുകയും അവന്റെ അദൃശ്യതയുടെ വസ്ത്രം ജലത്തിൽ നിന്ന് ധരിക്കുകയും ചെയ്തു. അവനെ ഗർഭം ധരിച്ചു പ്രസവിച്ചവൾ സ്നാനത്തേയും പ്രസവിച്ചു. അവൾ പ്രസവിക്കുകയും അവൾ ജനിക്കുകയും ചെയ്തു. അവൻ അവളിൽ നിന്നെടുത്ത ശരീരം അപ്പത്തിലും അർപ്പണത്തിലും അവൾ വീണ്ടും എടുത്തു. അവൾ അവന്റെ ശരീരം പ്രസവിച്ചപ്പോൾ, അവന്റെ അപ്പത്തിലുള്ള ജീവൗഷധം അവൾക്ക് ജീവൻ നൽകി.

24. അതുകൊണ്ട്, അവനെ പ്രസവിച്ച മാതാവുപോലും അവന്റെ മാമോദീസാ, ജലത്തിന്റെ ഉയർത്തലിലൂടെയും അവന്റെ ശരീരം, ജീവദായകമായ അപ്പത്തിലൂടെയും അവന്റെ കാസാ, ലഹരിപിടിപ്പിക്കുന്ന വീഞ്ഞിലൂടെയും സ്വീകരിച്ചെങ്കിൽ, ജലസ്നാനം കൂടാതെ വിശുദ്ധീകരിക്കപ്പെടാൻ ആർക്കാണ് കഴിയുക? അവന്റെ വിശുദ്ധ കാസാ കൂടാതെ ആർക്കാണ് സുഖം പ്രാപിക്കാൻ കഴിയുക?

---

105. ജോഷ്വാ.6,26 106. ബ്റാസേ 107. 2രാജാ.2,20-22

www.malankaralibrary.com



# 9

1. ഓ, ഉന്നതങ്ങളുടെ തലവൻ ജലത്തിലേക്ക് താണിറങ്ങി സ്നാനം സ്വീകരിക്കുകയും ധരയുടെ തലവനായിത്തീരാൻ വീണ്ടും കരേറുകയും ചെയ്തെന്ന് സാക്ഷിപ്പെടുത്താൻ, ഉന്നതന്റെ തലയിൽ ആവസിച്ച ആത്മാവിനെ ദർശിച്ച യോഹന്നാൻ! ഇപ്രകാരം നിങ്ങൾ ആത്മാവിന്റെ മക്കളായിത്തീർന്നു; മിശിഹാ നിങ്ങൾക്ക് ശിരസ്സും നിങ്ങൾ അവന്റെ അവയവങ്ങളുമായി.

*പ്രതിസ്തോത്രം: ആദാമ്യസുതരുടെ പാപങ്ങൾ നീക്കാൻ താണിറങ്ങിവന്ന് വെള്ളം ശുദ്ധീകരിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. നിങ്ങൾ എത്രമാത്രം ബഹുമാനിതരായെന്ന് പരിഗണിക്കുകയും തിരിച്ചറിയുകയും ചെയ്യുക! കാരണം, യോർദാൻനദിക്ക് പകരമാണ് സ്തുത്യർഹമായ സ്നാനം. അതിന്റെ ചിറക് മനുഷ്യവാസമുള്ളിടത്ത് നിങ്ങളുടെ ശരീരങ്ങളുടെ മേൽ നിഴൽ വീഴ്ത്തുന്നു. യോഹന്നാൻ മരുഭൂമിയിൽ സ്നാനം നൽകി; സ്നാനത്തിന്റെ വെടിപ്പുള്ള ഉദരത്തിൽ നിങ്ങൾ വെടിപ്പിൽ സ്നാപിതരായി.

3. അതിന്റെ അലങ്കാരത്തിനനുസൃതം അതിന്റെ ശക്തിയും വളരുന്നെന്ന് അതിന്റെ മഹനീയത ദർശിച്ച വിഡ്ഢികൾ നിരൂപിക്കുന്നു. എന്നാൽ അത് സദാ ഒരുപോലെ ഇരിക്കുന്നു. അത് അതിൽ തന്നെ വിഭജിതവുമല്ല. കാരണം, വലുതാകുകയും ചെറുതാകുകയും ചെയ്യാത്തതാണ് ദൈവികശക്തി; മറിച്ച് അത് നമ്മിൽ ചെറുതും വലുതുമാകും. നല്ല കാര്യഗ്രഹണശക്തിയുള്ളവർക്ക് സ്നാനവും വലുതാണ്!

4. ഉന്നതജ്ഞാനമുള്ളവൻ തന്റെ സഹോദരന്മാരേക്കാൾ ഉന്നതനിരയിൽ ഉയർന്നവനാണ്. വലിയ വിശ്വാസമുള്ളവന്റെ വാഗ്ദാനവും വലുതാണ്; അവന്റെ ജ്ഞാനമനുസരിച്ച് അവന്റെ കിരീടവും. അത് പ്രകാശസമാനമാണ്: പൂർണമായി ശോഭയുള്ളതും അതിൽതന്നെ പൂർണമായി ഒരുപോലെയുമാണെങ്കിലും, ഒരു നയനം മറ്റൊന്നിനേക്കാൾ ശോഭയുള്ളതായിരിക്കും.

5. യേശു തന്റെ ദൈവികശക്തി ജലത്തിൽ കലർത്തി; വിവേകികളായി അത് ധരിക്കുവിൻ! കാരണം, സ്നാനത്തിൽ ജലംമാത്രമേ യഥാർഥമായിട്ടുള്ളെന്നു കരുതുന്നവരുണ്ട്. ശരീരത്തോടൊപ്പം നമ്മുടെ ആത്മാവും കഴുകപ്പെടുന്നു. ശരീരം ദൃശ്യജലം സ്വീകരിക്കുന്നു; ആത്മാവ് അദൃശ്യശക്തിയും. നിങ്ങൾ ദൃശ്യനും അദൃശ്യനുമായവന് തുല്യരാകാനാണിത്.

6. ഹൃദയനയനം കൊണ്ട് മാമോദീസാ കാണുക എത്ര മനോഹര

www.malankaralibrary.com



മാണ്! വന്ന് നമുക്ക് അതിനെ നിരീക്ഷിക്കാം. നാണയക്കമ്മട്ടം കൊണ്ടെന്ന പോലെ നിങ്ങൾ രൂപീകരിക്കപ്പെട്ടിരിക്കുന്നു. അതിന്റെ രൂപം സ്വീകരിക്കുവിൻ! മിശിഹായുടെ അജഗണം തങ്ങളുടെ ഹൃദയത്തിൽ മാതൃക വരയ്ക്കുമ്പോൾ, നമ്മുടെ രൂപത്തിനു പിറകിൽ നാം തങ്ങിനിൽക്കാൻ ഇടയാകാതിരിക്കട്ടെ. അതുകൊണ്ട്, സ്നാനജലത്തിലെ ശോഭ നിങ്ങൾ നിങ്ങളുടെ ആത്മാവിൽ പതിപ്പിക്കണം.

7. ജലം അതിൽ നോക്കുന്നവർക്ക് സ്വഭാവത്താലേ ഒരു കണ്ണാടിയാണ്. ഓ, വിവേകീ, നിന്നെത്തന്നെ ഉത്തേജിപ്പിക്കുകയും നിന്റെ രൂപം രൂപീകരിച്ച വെള്ളത്തിന് സമനാകുകയും ചെയ്യുക. അതിൽനിന്നും അതിന്മേലും ഒരു ദൃഷ്ടാന്തം കാണുക. സ്നാനത്തെ നോക്കി അതിൽ മറഞ്ഞിരിക്കുന്ന സൗന്ദര്യം ധരിക്കുക.

8. ഒരു സ്വരം കേട്ടിട്ട് അതിന്റെ അർഥം അറിയാൻ പാടില്ലെങ്കിൽ, അഥവാ ഒരു സ്വരം കേട്ടിട്ട് മനസ്സിലായില്ലെങ്കിൽ, എന്തു പ്രയോജനം! കാത് അതുകൊണ്ട് നിറഞ്ഞിരിക്കുമെങ്കിലും, ആത്മാവ് ശൂന്യമായിരിക്കും. സ്നാനത്തിന്റെ ദാനം സമൃദ്ധമായി ഉണ്ടായിരിക്കുന്നതിനാൽ, അതുവഴി അതും അത് സ്വീകരിക്കുന്നയാളിൽ സന്തോഷിക്കുന്നതിന് തിരിച്ചറിവോടുകൂടെ അത് സ്വീകരിക്കുവിൻ.

9. തിരിച്ചറിവോടുകൂടെ സ്വീകരിക്കുന്ന മാമോദീസാ രണ്ടു പ്രകാശങ്ങളുടെ കൂടിച്ചേരലാണ്. അതിന്റെ കിരണങ്ങളുടെ ഉറവ സമൃദ്ധമാണ്; അത് മനുഷ്യമനസ്സിന്മേലുള്ള അന്ധകാരം കീറിമുറിക്കുന്നു; ആത്മാവിന് അതിന്റെ ശോഭയാൽ പൂശപ്പെട്ട ആ അദൃശ്യനെ തെളിവായി കാണാൻ കഴിയുന്നു. താൻ എത്രമാത്രം അലസനായിരുന്നു എന്നതിൽ അത് ദുഃഖിക്കുകയും ചെയ്യുന്നു.

10. തിരിച്ചറിവില്ലാതെ സ്വീകരിക്കുന്ന സ്നാനം, നിറഞ്ഞതാണെങ്കിലും ശൂന്യമായ കലവറയാണ്. കാരണം, അത് സ്വീകരിക്കുന്നവൻ ദരിദ്രനായി കഴിയുന്നു. താൻ കടന്നു വാസമുറപ്പിച്ചിരിക്കുന്ന ഭണ്ഡാരം എത്ര വലുതാണെന്ന് അവനറിയില്ല. സ്നാനത്തിൽ ഒരു വലിയ ദാനം നിക്ഷിപ്തമാണ്. അതോടൊപ്പം താൻ അതിന്റെ മഹനീയത എത്രമാത്രം നേടി എന്നത് ദരിദ്രൻ ഗ്രഹിക്കുന്നില്ല.

11. എന്റെ സഹോദരരേ, യാക്കോബ് ദർശിച്ച ഗോവണിപോലെ,[108] സ്നാനജലത്തിൽ അടിസ്ഥാനമുറപ്പിച്ചതും സ്വർഗീയോന്നത കവാടം വരെ നീണ്ടുനിൽക്കുന്നതുമായി അന്തരീക്ഷത്തിലുള്ള അദൃശ്യസ്തംഭം, നിങ്ങളുടെ ആത്മാവിന്റെ നയനങ്ങൾ ഉയർത്തി ദർശിക്കുവിൻ. ഇതാ,

108. ഉല്പ.28,12ff.

www.malankaralibrary.com



ഏകസ്നേഹത്തിൽ നാം ചേരാൻ, സ്നാനത്തിലേക്കുള്ള പ്രകാശം താഴ്ന്നിറങ്ങി വന്നതും മനുഷ്യാത്മാവ് സ്വർഗത്തിലേക്ക് കയറുന്നതും അതിലൂടെയാണ്.

12. യോഹന്നാനിൽ നിന്ന് സ്നാനമേറ്റ നമ്മുടെ കർത്താവ് പന്ത്രണ്ട് ഉറവകൾ അയച്ചു. അവ പുറപ്പെട്ട് തങ്ങളുടെ തിരകളാൽ ജനതകളുടെ മാലിന്യം കഴുകിക്കളഞ്ഞു. മിശിഹായുടെ ആരാധകർ മിശിഹായുടെ വസ്ത്രംപോലെ വെണ്മയുള്ളവരായി: താബോർ മലയിലെ വസ്ത്രവും സ്നാനജലത്തിലെ ശരീരവും. വസ്ത്രത്തിനു പകരം ജനതകൾ വെണ്മയുള്ളവരാകുകയും അവന്റെ മഹത്വവസ്ത്രമാകുകയും ചെയ്തു.

13. എന്റെ സഹോദരരേ, നിങ്ങളുടെ അവയവങ്ങൾ എങ്ങനെ ശ്രദ്ധാപൂർവം സംരക്ഷിക്കണമെന്നുള്ളത് നിങ്ങളുടെ വസ്ത്രത്തിൽ നിന്നു പഠിക്കുവിൻ! കാരണം, വസ്ത്രം ശ്രദ്ധാപൂർവം കൂടെക്കൂടെ കഴുകി സൂക്ഷിച്ചാൽ, വെണ്മയുള്ളതായിരിക്കും. അങ്ങനെയെങ്കിൽ, നിരവധി അപകട സാധ്യതകൾ ഉള്ളതിനാൽ, ഒരേയൊരു സ്നാനം മാത്രമുള്ള ശരീരം സംശുദ്ധമായി സംരക്ഷിക്കാൻ എണ്ണമറ്റ പരിശ്രമം അപരിത്യാജ്യമാണ്.

14. സൂര്യൻ വലുതാണെങ്കിലും ചെറിയ വീട്ടിൽ ചെറുതായി അനുഭവപ്പെടും. എന്നാൽ വീതിയും വിസ്തൃതിയുമുള്ള ഭവനത്തിൽ അതിന്റെ കിരണങ്ങൾ വിസ്തൃതമാക്കുന്നതിനാൽ, വലുതായി അനുഭവപ്പെടും. സൂര്യന്റെ പ്രകൃതി ഏകമായിത്തന്നെ നിലനിൽക്കുന്നെങ്കിലും വിവിധ ഭവനങ്ങളിൽ വ്യത്യസ്തമായി അനുഭവവേദ്യമാകുന്നതുപോലെയാണ് നമ്മുടെ കർത്താവും മനുഷ്യരിൽ!

# 10

1. ആദം പാപം ചെയ്ത് എല്ലാ വേദനകളും സ്വന്തമാക്കി; അവനെപ്പോലെ ലോകം എല്ലാ കടങ്ങളും. വീണ്ടും എഴുന്നേൽക്കുന്നതിനെപ്പറ്റി പരിഗണിക്കുന്നതിനു പകരം, അത് വീഴ്ചയിൽ സന്തുഷ്ടി കണ്ടെത്തിയതുപോലെയായി. കടന്നുവന്ന് അതിനെ എഴുന്നേൽപ്പിച്ചവന് സ്തുതി!

*പ്രതിസ്തോത്രം: കടന്നുവന്ന് അതിനെ എഴുന്നേൽപ്പിച്ചവന് സ്തുതി.*

2. ആ വെടിപ്പുള്ളവൻ വരുന്നതിനും മലിനരോടൊത്ത് സ്നാനമേൽക്കുന്നതിനും ഇത് ഹേതുവായി. എല്ലാവരെയും വെടിപ്പാക്കുന്നവൻ എല്ലാവരോടുമൊപ്പം സ്നാനപ്പെട്ടപ്പോൾ, അവനെ ബഹുമാനിക്കാൻ സ്വർഗം തുറക്കപ്പെട്ടു.[109] നമ്മുടെ സ്നാനത്തിനായി അവൻ താഴ്ന്നിറങ്ങി വെള്ളത്തെ ശുദ്ധീകരിച്ചു.

109. മർക്കോ.1,10.

www.malankaralibrary.com



3. അവൻ തന്റെ അമ്മയുടെ ഉദരത്തിൽ പ്രവേശിച്ച അതേ കാരണത്താലാണ് അവൻ നദിയിലേക്കിറങ്ങിയത്. അവൻ കല്ലറയിൽ പ്രവേശിച്ച അതേ കാരണത്താലാണ് അവൻ നമ്മെ തന്റെ മണവറയിൽ പ്രവേശിപ്പിക്കുന്നത്. എല്ലാത്തരത്തിലും അവൻ മനുഷ്യകുലത്തെ പരിപൂർണമാക്കി.

4. അവന്റെ ഗർഭധാരണമാണ് നമ്മുടെ അനുഗ്രഹങ്ങളുടെ നിക്ഷേപം. അവന്റെ ജനനമാണ് നമ്മുടെ സന്തുഷ്ടിയുടെ കലവറ. അവന്റെ സ്നാനമാണ് നമ്മുടെ പാപമോചനത്തിന്റെ അടിസ്ഥാനം. അവന്റെ മരണമാണ് നമ്മുടെ ജീവന്റെ അടിസ്ഥാനം. അവൻ തന്റെ ഉത്ഥാനത്താൽ മരണത്തെ മാത്രം ദുഃഖിപ്പിച്ചു.

5. അവന്റെ ജനനത്തിൽ ഒരു പ്രകാശഗോളം ചക്രവാളത്തിൽ പ്രഭ വിതറി. അവൻ സ്നാനപ്പെട്ടപ്പോൾ വെളിച്ചം ജലത്തിൽ നിന്നു പ്രകാശിച്ചു. അവന്റെ മരണത്തിൽ സൂര്യൻ ചക്രവാളത്തിൽ ഇരുണ്ടുപോയി. അവന്റെ പീഡാനുഭവത്തിൽ നക്ഷത്രങ്ങൾ അസ്തമിച്ചു. അവന്റെ ഉദയത്തിൽ നക്ഷത്രങ്ങളും ഉദിച്ചുപൊങ്ങി.

6. അവൻ തന്റെ ഔന്നത്യം നിമിത്തം തന്റെ മഹത്വം വെളിപ്പെടുത്തി. അവൻ തന്റെ മനുഷ്യത്വം നിമിത്തം തന്റെ പീഡാനുഭവം വെളിപ്പെടുത്തി. അവൻ തന്റെ കൃപ നിമിത്തം തന്റെ സ്നേഹം വെളിപ്പെടുത്തി. അവൻ തന്റെ നീതി നിമിത്തം തന്റെ ന്യായവിധി വെളിപ്പെടുത്തി. അവൻ തന്റെ നല്ലവസ്തുക്കൾ തന്റെ സ്വന്തക്കാർക്ക് രുചിക്കാൻ നൽകി.

7. അവന്റെ പീഡാനുഭവം കണ്ട് അവനെ നിഷേധിച്ചവൻ വന്ന് അവന്റെ മഹത്വം കണ്ട് അവനെ ആരാധിക്കട്ടെ. അവന്റെ കൃപയ്ക്കെതിരെ കൃതഘ്നനായി അവനെ നിന്ദിച്ചവൻ, അവന്റെ നീതി ഗ്രഹിക്കേണ്ടിവരുമ്പോൾ ഭയക്കട്ടെ. അവൻ തന്റെ ആരാധകർക്ക് തന്റെ സഹായങ്ങൾ വർഷിച്ചു.

8. ഇതാ, പ്രഭാതത്തിൽ കിഴക്ക് പ്രകാശപൂരിതമായി; മധ്യാഹ്നത്തിൽ തെക്ക് ഇരുണ്ടുപോയി; സന്ധ്യയ്ക്ക് പടിഞ്ഞാറ് വീണ്ടും പ്രകാശമാനമായി. മൂന്നുദിശകളും ഏകജാതനെ ചിത്രീകരിച്ചു. അവ അവന്റെ മരണവും ജീവനും പ്രഘോഷിച്ചു.

9. അവന്റെ ജനനം ധൃതികൂട്ടി അവന്റെ സ്നാനത്തോടുചേർന്നു. അവന്റെ സ്നാനവും മരണത്തിൽ എത്തുന്നതുവരെ ധൃതികൂട്ടി. അവന്റെ മരണം തടസ്സംകൂടാതെ ഉത്ഥാനത്തിൽ എത്തിച്ചേരുന്നു. തന്റെ രാജ്യത്തിലേക്കുള്ള ചതുർഗുണപാലം! ഇതാ, അവന്റെ അജഗണം അതിലൂടെ അവന്റെ കാൽപ്പാടുകൾ പിൻതുടരുന്നു.

10. ജനന കവാടത്തിലൂടെയല്ലാതെ ആർക്കും സൃഷ്ടിയിലേക്കു കട

www.malankaralibrary.com



ന്നുവരാൻ കഴിയാത്തതുപോലെ, ഉത്ഥാന പാലത്തിലൂടെയല്ലാതെ ആർക്കും സ്വർഗരാജ്യത്തിലേക്ക് കടക്കാനാവില്ല. ഈ പാലം വെട്ടിമുറിക്കുന്നവന്റെ പ്രത്യാശ നശിച്ചതുതന്നെ.

11. അവൻ ആയുധധാരിയായി വിജയിച്ച്, കിരീടധാരിയായി. അവൻ പടച്ചട്ട ധരയിൽ ഉപേക്ഷിച്ചിട്ട് ആരോഹണം ചെയ്തു. ആരെങ്കിലും വിജയ കിരീടം കാംക്ഷിച്ചാൽ, താനാഗ്രഹിക്കുന്ന വിജയകിരീടം ലഭിക്കാൻ പടച്ചട്ടയെ സമീപിക്കട്ടെ.

12. അവൻ ധരയിൽ നീതി പൂർത്തീകരിച്ചിട്ട്, ആരോഹണം ചെയ്തു. എല്ലാവരെയും ശുദ്ധീകരിക്കുന്ന അവൻപോലും സ്നാനപ്പെട്ടെങ്കിൽ, ഏതു മനുഷ്യനാണ് സ്നാനപ്പെടാതിരിക്കുന്നത്! എന്തുകൊണ്ടെന്നാൽ നമ്മുടെ വ്രണത്തിലെ മാലിന്യം കഴുകിക്കളയാനാണ് ദൈവികകൃപ സ്നാനത്തിന ണഞ്ഞത്.

13. സർവശക്തമാണ് ദൈവത്തിന്റെ ബലപ്രയോഗം. എന്നാൽ വിവേക പൂർണമായ സ്വതന്ത്രേച്ഛ പോലെ അവിടുന്ന് ബലപ്രയോഗം ഇഷ്ടപ്പെടു ന്നില്ല. അതുകൊണ്ട് ബലപ്രയോഗംകൂടാതെ അവിടുന്ന് പല രീതികളിൽ പ്രേരണയിലൂടെ നമ്മെ ക്ഷണിക്കുന്നു.

14. നല്ലവനായ അവൻ ഇരുവശങ്ങളിലും അധ്വാനിക്കുന്നു: നമ്മുടെ സ്വാതന്ത്ര്യത്തിന്മേൽ ബലപ്രയോഗം നടത്താൻ ആഗ്രഹിക്കുന്നില്ല. എന്നാൽ നാമത് ദുരുപയോഗം ചെയ്യുന്നത് അനുവദിക്കുന്നുമില്ല. കാരണം, അവൻ ബലപ്രയോഗം നടത്തിയാൽ, അതിന്റെ സ്വതന്ത്രേച്ഛ നിഹനിക്കയാകും ചെയ്യുക. അതിനെ പരിഗണിക്കാതെ വിട്ടാൽ, അതിനുള്ള സഹായം നിഷേ ധിക്കയാകും ചെയ്യുക.

15. ബലപ്രയോഗം നമ്മുടെ സ്വാതന്ത്ര്യം കവരുകയാണെന്ന് അവന റിയാം. നമ്മെ അവഗണിച്ചാൽ നാശത്തിന് നമ്മെ പരിത്യജിക്കയാണെന്ന് അവനറിയാം. ഉപദേശത്തിലൂടെ നമ്മെ നേടാനാവുമെന്ന് അവനറിയാം. അവൻ നമ്മെ നിർബന്ധിക്കുന്നില്ല; ദുഷ്ടനെപ്പോലെ നമ്മെ അവഗണിക്കു ന്നുമില്ല. നല്ലവനായി നമ്മെ പഠിപ്പിക്കുകയും ശാസിക്കുകയും നേടുകയും ചെയ്യുന്നു.

16. തന്റെ ഭണ്ഡാരം സമൃദ്ധമാണെന്ന് അവനറിയാം. തന്റെ ഭണ്ഡാ രത്തിന്റെ താക്കോൽ അവൻ നമ്മുടെ കൈകളിൽ തന്നു. ആദം ഗേഹെന്നാ യുടെ കവാടം തുറന്നതുപോലെ, നമുക്ക് പറുദീസായുടെ വാതിൽ തുറക്കാ നായി അവൻ തന്റെ കുരിശിനെ നമ്മുടെ ഭണ്ഡാരസൂക്ഷിപ്പുകാരനാക്കി യിരിക്കുന്നു.

www.malankaralibrary.com



ചില കൈയെഴുത്തുപ്രതികളിൽ:

17. ആദ്യത്തെ ആദത്തിൽ അനന്തരഗാമികൾക്ക് ഭാഗഭാഗിത്വം ലഭിച്ചു. അവർ വീണ് പാപത്തിൽ മുങ്ങിത്താണു. അപ്പോൾ പിതാവ് തന്റെ പ്രിയ പുത്രനെ അയച്ചു; അവൻ സ്നാനമേൽക്കുകയും മനുഷ്യരെ രണ്ടാമത് ജനിപ്പിക്കുകയും ചെയ്തു. ഒരു രണ്ടാംജനനത്തിലൂടെ അവർ ജീവൻ കണ്ടെത്തി.

18. ഉന്നതലേഖകനെപ്പോലെ ഇതാ, പൂർത്തീകരിക്കുന്ന പാറക്ലീത്തായായ റൂഹാ, സ്നാനപ്പെട്ടവരുടെ പേരുകൾ രേഖപ്പെടുത്തുകയും അതുവഴി അനേകർക്ക് ഇടമുള്ള ഏദനിൽ അവർക്ക് അവകാശം ലഭിക്കാൻ പിതാവിന്റെ പക്കലെത്തിക്കുകയും ചെയ്യുന്നു.

19. എന്റെ സഹോദരരേ, നക്ഷത്രങ്ങളുടെ മാതാവായ കിഴക്കുനിന്ന് സൂര്യൻ ഉദിച്ചുയരുന്നത് ഞാൻ കണ്ടു. അത് എല്ലാ ദിവസവും അതിനെ ഗർഭം ധരിച്ച് പ്രസവിക്കുന്നതുകണ്ട് അതിന്റെ കാഴ്ചയിൽ ഞാൻ ആശ്ചര്യഭരിതനായി. അതിനെ പരിശോധിക്കാൻ പരിശോധകർ പരിശ്രമിക്കുന്നു.

## 11

1. ഓ, ഇരട്ടകിരീടത്താൽ അലങ്കരിക്കപ്പെട്ട മകളേ, നന്ദി പറയുക. നിന്റെ ആലയവും നിന്റെ മക്കളും സന്തോഷിക്കുന്നു. കാരണം, ഇതാ, ആഘോഷപൂർവമായ ആരാധനയിൽ നിന്റെ ദേവാലയകൂദാശയും തൈലാഭിഷേകത്തിൽ നിന്റെ മക്കളുടെ പവിത്രീകരണവും! നീ ഭാഗ്യവതിയാണ്. കാരണം, ദൈവസാന്നിധ്യത്തിന്റെ ദൃശ്യമഹത്വം[110] നിന്റെ ദേശവാസികളുടെ മേലും ആത്മാവ് നിന്റെ മക്കളുടെമേലും താഴ്ന്നിറങ്ങി ഒരേസമയം വസിക്കാൻ തുടങ്ങിയിരിക്കുന്നു.

*പ്രതിസ്തോത്രം: ദുഷ്ടൻ നഗ്നമാക്കുകയും ജലത്തിൽ വീണ്ടും മഹത്വം ധരിക്കുകയും ചെയ്ത ശരീരങ്ങൾ സന്തോഷിക്കട്ടെ.*

2. അനുഗൃഹീത യോർദാൻ നദിയിൽ നമ്മുടെ കർത്താവ് സ്നാനത്തിന്റെ ഉറവ തുറന്നു. ഉയരാഴങ്ങൾ അവനിലും ആത്മാവിന്റെ ചിറകുകളിലും സന്തോഷിച്ചു. അത് ജലത്തിൽനിന്ന്, സമാധാനത്തിന്റെ ആദ്യഫലം[111] പുറപ്പെടുവിച്ചു. അവൻ[111] നിന്റെ സ്നാനത്തിന്റെ ആദ്യഫലങ്ങൾ പുറപ്പെടുവിച്ചു. അവന്റെ സമാധാനം ധരയിൽ ആദ്യഫലങ്ങൾ എത്തിക്കാൻ, നല്ലവൻ തന്റെ കാരുണ്യത്താൽ ഇടയാക്കട്ടെ.

---

110. ഷെകീനാ, ശ്കിൻതാ    111. മിശിഹാ

www.malankaralibrary.com



3. മോശ താൽക്കാലിക കൂടാരം വിരിച്ചു.[112] പുരോഹിതർ ആദ്യം ജലത്താൽ ശുദ്ധീകൃതരായി. അവർ അകത്തു കടന്ന് ശുശ്രൂഷചെയ്തു. അവരുടെ ആന്തരികഹൃദയം കഴുകപ്പെടാഞ്ഞതിനാൽ, അവർ ശിക്ഷിക്കപ്പെട്ട് അഗ്നിക്കിരയായി.[113] പുത്രീ, നീ ഭാഗ്യവതിയാകുന്നു. കാരണം, പീഡാനുഭവത്തിന്റെ മഹാപെസഹായിൽ പുരോഹിതർ തങ്ങളുടെ അനുതാപവസ്ത്രങ്ങളുടെ സൗരഭ്യത്താൽ നിന്നിൽ ആത്മാക്കളെ ശുദ്ധീകരിക്കുന്നു.

4. പ്രവാചകൻ കണ്ട, വർധിച്ചുവന്ന ജലപ്രവാഹത്തിന്റെ പ്രതീകം മഹത്തരമാണ്.[114] അതിന്റെ ആഴത്തിൽ അവൻ നോക്കി നിന്റെ മനോഹാരിത കണ്ടു. തനിക്കു പകരം ഓ, പുത്രീ, അവൻ നിന്നെ കണ്ടു. നിന്റെ വിശ്വാസം കടന്നുപോകുന്നില്ല. നിന്റെ അദൃശ്യജലപ്രവാഹം വിവിധതരം വിഗ്രഹാരാധനയെ മുക്കിക്കളയട്ടെ.

5. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനാണ് ഏറ്റവും വലിയവൻ; എന്നാൽ രാജ്യത്തിലെ ഏറ്റവും ചെറിയവൻ അവനേക്കാൾ വലിയവനാണ്. അതുകൊണ്ട്, അവൻ സ്നാനപ്പെടുത്തിയവരെ ശ്ലീഹന്മാർ വീണ്ടും സ്നാനപ്പെടുത്തി.[115] നീ ഭാഗ്യവതിയാണ്. കാരണം, നിന്റെ പുരോഹിതരുടെ സ്നാനം എന്നേക്കും നിലനിൽക്കുന്നതിനാൽ, അവരോരോരുത്തരും അവനേക്കാൾ വലിയവരാണ്.

6. ശീലോഹായിലെ മുങ്ങൽ[116] തളർവാദരോഗിയോട് കാരുണ്യം കാട്ടിയില്ല. ലേവ്യപക്ഷം നിമിത്തം അവൻ മുപ്പത്തെട്ടുവർഷം നിഷ്ഫലമായി അതിനുവേണ്ടി കാത്തുകിടന്നു. നിന്റെ സൗഖ്യം ഏത് നാഴികയിലും നിന്നിലുള്ളതിനാൽ, നിനക്കു ഭാഗ്യം! നിന്റെ സഹായം ആവശ്യമുള്ളവർക്കെല്ലാം നിന്റെ പുരോഹിതന്മാർ അനുകൂലഭാവമുള്ളവരും ഒരുങ്ങി നിൽക്കുന്നവരുമാണ്.

7. പ്രവാചകൻ മലിനജലം ശുദ്ധീകരിക്കുകയും ഫലശൂന്യമായിരുന്ന ധരയുടെ ബാധ നീക്കുകയും ചെയ്തു.[117] അവിടെ മരണം നീങ്ങിപ്പോകുകയും അവരുടെ ഇടങ്ങൾ ആൾപാർപ്പുള്ളതാകുകയും ചെയ്തു. കാരണം, അവർക്കു കുട്ടികൾ വർധിച്ചു. അവർ അവരുടെ മടി നിറച്ചു. ഏലീശായുടേതിനേക്കാൾ വലുതാണ് നിന്റെ കാരുണ്യം. എന്റെ ഉറവയുടെ വലിയ ഒഴുക്കിൽ എന്റെ കുഞ്ഞാടുകളെയും എന്റെ അജഗണത്തെയും വർധിപ്പിച്ചാലും!

---

112. പുറ.29,4. 113. ലേവ്യ.10,2

114. എസ.47,5. 115. നട.19,4–7

116. യോഹ.5,2: ശീലോഹാക്കുളം (പ്ശീതാ); ബേതെസ്ഥാ.

117. 2രാജാ.2,19

www.malankaralibrary.com



8. നിന്റെ വാസസ്ഥലത്ത് മഹാത്ഭുതം! അദൃശ്യരായ ഈറയരോടൊപ്പം, ജീവിക്കുന്ന മർത്ത്യർ! നീരൊഴുക്കിൽ മൂന്ന് ഇടയന്മാർ; രണ്ട് അദൃശ്യരും സ്നാനം നൽകുന്ന ഒരു ദൃശ്യനും. അവരുടെ ഉറവയിൽ സ്നാനപ്പെടുന്നവർ ഭാഗ്യവാന്മാർ! കാരണം, മൂന്നു കരങ്ങൾ അവരെ താങ്ങുന്നു. മൂന്നു നാമങ്ങൾ അവരെ സംരക്ഷിക്കുന്നു.

# 12

1. ഉദ്യാനത്തിൽ ഉണ്ടായിരുന്ന ആ മഹത്വം മാമോദീസായിൽ ആദം വീണ്ടും കണ്ടെത്തി. മിശിഹാ താണിറങ്ങിവന്ന് അവനെ[118] വെള്ളത്തിൽ നിന്നെടുക്കുകയും ധരിക്കുകയും ആരോഹണം ചെയ്ത് അവനോടൊപ്പം പ്രകീർത്തിക്കപ്പെടുകയും ചെയ്തു. എല്ലാവരോടും കരുണയുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

*പ്രതിസ്തോത്രം: താണിറങ്ങി യോർദാനിൽ സ്നാനമേൽക്കുകയും ജനതകളെ തെറ്റിൽനിന്ന് തിരിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. മല്ലൻ പറുദീസായിൽ വഴുതിവീണു; കാരുണ്യവാൻ മാമോദീസായിൽ അവനെ താങ്ങിനിർത്തി. അസൂയാലു നിമിത്തം അവന് തന്റെ മനോഹാരിത നഷ്ടപ്പെട്ടിരുന്നു. കൃപയിൽ അവനത് വീണ്ടും കണ്ടെത്തി. എല്ലാവരോടും കരുണയുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. ഏദനിൽ ആ ദമ്പതികൾ അലംകൃതരായിരുന്നു. എന്നാൽ സർപ്പം അവരുടെ കിരീടങ്ങൾ മോഷ്ടിച്ചു. ദൈവിക കാരുണ്യം സർപ്പത്തിന്റെ തല തകർത്തു.[119] ആ ദമ്പതികൾ അവരുടെ വസ്ത്രങ്ങളിൽ പ്രശോഭിച്ചു. എല്ലാവരോടും കരുണയുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. അവർ ദരിദ്ര്യത്തിന്റെ പ്രതീകമായ ഇലകൾകൊണ്ട് വസ്ത്രം ധരിച്ചു; മുമ്പ് സുന്ദരരായിരുന്ന അവരോട് കാരുണ്യവാന് അനുകമ്പ തോന്നുകയും വൃക്ഷത്തിന്റെ ഇലകൾക്കു പകരം സ്നാനജലത്തിൽ മഹത്വവസ്ത്രം നൽകുകയും ചെയ്തു. എല്ലാവരോടും കരുണയുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

5. ദൈവപുത്രൻ തന്റെ ജീവൻ കൊണ്ടു തുറന്ന ജീവന്റെ ഉറവയാണ് മാമോദീസാ. തന്റെ പാർശ്വത്തിൽ നിന്ന് അത് അരുവികൾ പുറപ്പെ

118. ആദത്തെ, മനുഷ്യത്വത്തെ.

119. ഉൽപ.3,15

www.malankaralibrary.com



ടുവിച്ചു.[120] ദാഹാർത്തരേ, നിങ്ങളെല്ലാവരും വരുവിൻ, നിങ്ങൾ വന്ന് ഉന്മേഷഭരിതരാകുവിൻ.[121] എല്ലാവരോടും കരുണയുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. ഉന്നതയെ പിതാവ് മുദ്രവച്ചു. സ്തുത്യർഹയെ പുത്രൻ വേളികഴിച്ചു. ആത്മാവ് മൂന്നു റൂശ്മാകളാൽ അവളെ മുദ്രകുത്തുകയും അവൾ വിശുദ്ധിയിൽ പ്രശോഭിക്കുകയും ചെയ്തു. എല്ലാവരോടും കരുണയുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. പരിശോധനാതീത ത്രിത്വം സ്നാനത്തിൽ നിക്ഷേപങ്ങൾ വച്ചിരിക്കുന്നു. ദരിദ്രരേ, അതിലിറങ്ങി സമ്പന്നരാകുവിൻ....എല്ലാവരോടും കരുണയുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

## 13

1. മാമോദീസാ എല്ലാ ദിവസവും ആത്മീയരെ ജനിപ്പിക്കുന്ന അമ്മയായിത്തീർന്നു; സംശുദ്ധമായി ദൈവം നവജാതരെ എഴുന്നേൽപ്പിക്കുന്നു. നമ്മെ രണ്ടാമതൊരു പ്രാവശ്യം ജനിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

*പ്രതിസ്തോത്രം: സ്നാനജലത്തിലൂടെ നിങ്ങളുടെ സൗന്ദര്യം വർധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. സ്നാനത്തിന്റെ ഉദരത്തിൽ പൊതുവായ പാപങ്ങൾ മോചിക്കപ്പെടുന്നു. കാരുണ്യം ആദത്തിന്റെ വലിയ കടപ്പത്രം സ്നാനജലത്തിലും തൈലത്തിലും കീറിക്കളയുകയും നശിപ്പിക്കുകയും ചെയ്യുന്നു.

3. ഉദ്യാനത്തിൽ തങ്ങളുടെ വസ്ത്രം നഷ്ടപ്പെട്ട, പരാജിതരായ ദമ്പതികൾക്ക് പരിശുദ്ധാത്മാവ് ജലസ്നാനത്തിൽ മനോഹരവസ്ത്രങ്ങൾ നെയ്തു. നഷ്ടപ്പെട്ടുപോയവരെ തിരികെ വരുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. ഉദ്യാനത്തിൽ മനോഹരമായ മണവറ ഒരുക്കിയിരുന്നു. എന്നാൽ സർപ്പം അത് നശിപ്പിച്ചു. ഒരിക്കൽ സുന്ദരരായിരുന്നവർ സമാശ്വസിക്കാനായി, അതിന്റെ സ്ഥാനത്ത് മാമോദീസാ സൂര്യപുത്രിയെ[122] നൽകി.

5. വഴിതെറ്റിപ്പോയവർ, മനുഷ്യരെ സ്നേഹിക്കുന്ന ദൈവത്തിന് സുന്ദരരാകുന്നതിനും അവന്റെ പ്രകാശത്തിൽ പ്രവേശിച്ച് അവനോടു ചേരുന്നതിനും, ഇതാ, കാരുണ്യം അവരെ അനുദിനം സ്നാനജല കവാടത്തിലേക്ക് ക്ഷണിക്കുന്നു.

120. യോഹ.19,34 121. യോഹ.7,37 122. വിശ്വാസമാകുന്ന മുത്ത്

www.malankaralibrary.com



6. സ്നാനകവാടത്തിൽ നിന്ന് ക്രോബേയും വാളും അകന്നിരിക്കുന്നു. മനുഷ്യർ അസൂയ കൂടാതെ തന്നോടുകൂടെ അവകാശികളാകുന്നതിന്, തന്റെ പിതൃഭവനത്തിലേക്ക് അവരെ ആനയിക്കാൻ, ദൈവപുത്രൻ അവിടെ നിൽക്കുന്നു.

7. നിങ്ങൾ ദൈവമക്കളും മിശിഹായുടെ സഹോദരരും സ്നേഹിതരും സ്നാനത്തിലൂടെ ആത്മാവിന്റെ ബന്ധുക്കളും ജലത്തിൽ നിന്ന് പ്രകാശ സന്തതികളും ആയിത്തീർന്നിരിക്കുന്നു. നിങ്ങളുടെ അലങ്കാരങ്ങൾ വർധിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. സ്നാനം നമുക്ക് സ്വർഗരാജ്യത്തിലേക്കുള്ള ജീവന്റെ പാത തുറന്നുതന്നു. ഉന്നതത്തിൽ നല്ല വസ്തുക്കൾ അനുഭവിക്കാൻ അതിലൂടെ നടന്ന് ഭൗമികർ ദൈവത്തിന്റെ പക്കലേക്ക് ആരോഹണം ചെയ്യുന്നു.

9. പ്രകാശനക്ഷത്രമായ കുരിശ് സ്നാനജലത്തിൽ തന്റെ പ്രകാശം വസിക്കാൻ ഇടയാക്കുകയും അന്ധകാരമായ ജനതകളെ വിളിക്കുകയും ചെയ്യുന്നു. അവർ അതിലേക്കിറങ്ങുകയും അതിന്റെ പ്രകാശത്തിന്റെ ശോഭയിൽ ശോഭ പരത്തുകയും ചെയ്തു.

10. പരിപാവനൻ ഒരു സ്നാനമുണ്ടാക്കി, പാപമോചനത്തിനായി ജനതകളെ ക്ഷണിച്ചു. അവൻ മലിനരെ തന്റെ സ്നാനത്തിൽ കഴുകി വിശുദ്ധീകരിച്ചു. അവർ പാപമോചനം നിറഞ്ഞ ഈസോപ്പുകൊണ്ടുള്ള തളിക്കലാൽ വെണ്മയുള്ളവരായി.

11. അവൻ ജലത്തിൽ തന്റെ സമ്പത്ത് മറച്ചുവച്ചു. ആവശ്യക്കാർ അതിലേക്കിറങ്ങി, അവർക്കായി വച്ചിരിക്കുന്ന നിക്ഷേപം അതിൽ നിന്നെടുക്കുന്നതിനും അവന്റെ വലിയ സമ്പത്തിൽ സന്തോഷിക്കുന്നതിനുമായി അവൻ അവരെ തന്റെ പക്കലേക്ക് ക്ഷണിക്കുന്നു.

12. എല്ലാ കഠിനപാപങ്ങളും ഈ പാവനജലത്തിൽ മൃതമാകുന്നു. ആരംഭംമുതൽ പാപത്താൽ മൃതമായ ആത്മാവ് വീണ്ടും ജീവൻ പ്രാപിക്കുന്നു. അത് തന്റെ പഴയ സൗന്ദര്യം വീണ്ടും അതിൽ കണ്ടെത്തുന്നു.

13. നിലങ്ങളെ ഉത്തേജിപ്പിക്കുന്ന ജലസേചനത്തിലൂടെ സംസാരശക്തിയുള്ള ഫലങ്ങൾ നൽകാൻ, ക്ഷീണിച്ച ധര ദൈവപുത്രന്റെ പാർശ്വത്തിൽ നിന്നൊഴുകിയ ഈ ഉറവയിലൂടെ സന്തുഷ്ടമായ ശക്തി നേടി.

14. സ്നാനത്തിന്റെ മടിത്തട്ടിൽ രാജ്യം കണ്ടെത്തിയ സ്നാനം സ്വീകരിച്ചവരേ, അതിലേക്കിറങ്ങി ഏകജാതനെ ധരിക്കുവിൻ. കാരണം, അവനാണ് രാജ്യത്തിന്റെ നാഥൻ. നിങ്ങളെ കിരീടം ധരിപ്പിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.